# കത്തോലിക്ക കോൺഗ്രസ്

# ന്യൂനപക്ഷാവകാശ വർഷാചരണ സ്പെഷ്യൽ





ന്യൂനപക്ഷാവകാശ പോരാട്ടത്തിന് നേതൃത്വം നൽകിയ

## മാർ ജെയിംസ് കാളാശ്ശേരിയും
## ഷെവ. ഇലഞ്ഞിക്കൽ തരിയതു കുഞ്ഞിത്തൊമ്മനും

എകെസിസി ബുള്ളറ്റിൻ
അഖിലകേരള കത്തോലിക്ക കോൺഗ്രസിന്റെമുഖപത്രം
2003 ജൂലായ്

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# എ.കെ.സി.സി. ബുള്ളറ്റിൻ

(അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ മുഖപത്രം)

എ.കെ.സി.സി.
രജി.ഓഫീസ് : കോട്ടയം

10-8-2003

COMPLIMENTS from Archbishop Joseph Powathil




*ചങ്ങനാശ്ശേരി എസ്സ്. ബി. കോളേജിൽ മാർ ജെയിംസ് കാളാശ്ശേരി നഗറിൽ ചേർന്ന ചരിത്ര സമ്മേളനത്തിൽവെച്ച് 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശവർഷമായി ആർച്ചു ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ പ്രഖ്യാപിക്കുന്നു. ഫാ. ടോം കുന്നുംപുറം, ജോൺ കച്ചിറമറ്റം, മോൺസിഞ്ഞോർ ജോസ് പി. കൊട്ടാരം, സി. ജിയോ മരിയ, പ്രൊഫ. കെ. ടി. സെബാസ്റ്റ്യൻ എന്നിവർ സമീപം*

---

മാനേജിംഗ് എഡിറ്റർ
ജോൺ കച്ചിറമറ്റം

ചീഫ് എഡിറ്റർ
അലൻ വാണിയപ്പുരയ്ക്കൽ

പത്രാധിപ സമിതി :

ബേബിച്ചൻ ഏറത്തയിൽ, ഇ. ജെ. ലൂക്കോസ് Ex.MLA, ഫാ. ജോർജ്ജ് സ്രാമ്പിക്കൽ, കെ. വി. മാണി, കവിയിൻ കളപ്പുര, പ്രൊഫ. ജോർജ്ജ് പുതുശ്ശേരി, അഡ്വ. സി. ജോസ് ഫിലിപ്പ്, അഡ്വ. ബിജു സെബാസ്റ്റ്യൻ, ഡോ. ഇ. ജെ. മൈക്കിൾ, ടോമി തുരുത്തിക്കര, അഡ്വ. ജോസ് പി. ജോർജ്ജ്, മിസ്സിസ്സ് മാഗി ജോസ് മേനാംപറമ്പിൽ, അഡ്വ. തോമസ് ജെയിംസ്, ജോസ് വിതയത്തിൽ, പ്രൊഫ. വി. എ. വർഗ്ഗീസ്, മാത്യു മടുക്കക്കുഴി

വില Rs. 30/-

www.malankaralibrary.com

# ഉള്ളടക്കം

പേജ്

1. പ്രസാധകക്കുറിപ്പ്
മാനേജിംഗ് എഡിറ്റർ ........ 4

2. 2003–എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷം
മാർ ജോസഫ് പവ്വത്തിൽ ........ 7

3. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിലേക്ക് ഒരെത്തിനോട്ടം
ജോൺ കച്ചിറമറ്റം ........ 14

4. എ.കെ.സി.സി. ന്യൂനപക്ഷാവകാശവർഷം
വർക്കിംഗ് കമ്മറ്റി ........ 18

5. ചരിത്ര സെമിനാർ
ഒരു റിപ്പോർട്ട് ........ 19

6. സംയുക്ത ഇടയലേഖനം – ആദ്യസമരം
പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ ........ 20

7. 123–ാം നമ്പർ ഇടയ ലേഖനം
മാർ ജെയിംസ് കാളാശ്ശേരി ........ 26

8. രണ്ടര ലക്ഷത്തിന്റെ ഭീമഹർജി
കെ. വി. മാണി കവിയിൽ കളപ്പുര .... 35

9. ഷെവ. കുഞ്ഞിത്തൊമ്മന് വരവേൽപ്പ്
ഫാ. ജേക്കബ് ഏറത്തയിൽ ........ 38

10. 124–ാം നമ്പർ ഇടയലേഖനം
മാർ ജെയിംസ് കാളാശ്ശേരി ........ 41

11. മാർ കാളാശ്ശേരിയുടെ ധീരമായ മറുപടി
........ 44

12. കൊച്ചിയിലെ വിദ്യാഭ്യാസ പ്രക്ഷോഭണം
പ്രൊഫ. വി. എ. വർഗ്ഗീസ് ........ 48

13. പനമ്പിള്ളി പദ്ധതിക്കെതിരെ പ്രക്ഷോഭണം
ജോസ് വിതയത്തിൽ ........ 51

14. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ പാഠപുസ്തകങ്ങൾ
ടോമി തുരുത്തിക്കര ........ 54

www.malankaralibrary.com

15. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബിൽ

അഡ്വ. തോമസ് ജെയിംസ് ............. 63

16. വിമോചന സമരമായി മാറിയ വിദ്യാഭ്യാസ പ്രക്ഷോഭണം

മാത്യു മടുക്കക്കുഴി ................... 68

17. 1972 ലെ കോളേജ് പ്രക്ഷോഭണം

ഡോ. ജി. ജെ. മൈക്കിൾ ............. 73

18. എ.കെ.സി.സി.യും പാഠപുസ്തകങ്ങളും

എം. എം. ജേക്കബ്.................... 79

19. അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി പ്രശ്നം

ടോമി കണയംപ്ലാവൻ .................. 86

20. വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ

A മാർ കാളാശ്ശേരിയും ഷെവ. കുഞ്ഞിത്തൊമ്മനും

ഫാ. ജോർജ്ജ് ശ്രാമ്പിക്കൽ ........... 88

B വൈദീക മേലദ്ധ്യക്ഷൻമാർ

ഇ. ജെ. ലൂക്കോസ് Ex .MLA ............ 90

C മോൺസിഞ്ഞോർമാർ

അലൻമാത്യു വാണിയപ്പുരയ്ക്കൽ..... 96

D വൈദീകർ ബേബിച്ചൻ ഏറത്തയിൽ ............... 98

E ധീരവനിതകൾ മാഗി ജോസ് മേനാംപറമ്പിൽ .......... 102

F മുൻഗവർണ്ണർമാരും മന്ത്രിമാരും

അഡ്വ. സി. ജോസ് ഫിലിപ്പ് ........... 104

G ജനപ്രതിനിധികൾ

അഡ്വ. ബിജു സെബാസ്റ്റ്യൻ........... 109

H സമുദായ നേതാക്കൾ

എൻ. എം. ജോസ് നമ്പ്യാപറമ്പിൽ..... 116

21. ന്യൂനപക്ഷാവകാശങ്ങളും സമകാലീന പ്രശ്നങ്ങളും

റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ .. 127

22. ന്യൂനപക്ഷ സ്വാതന്ത്ര്യം ഭരണഘടനയിൽ

അഡ്വ. ജോസ് പി. ജോർജ്ജ് ......... 146

www.malankaralibrary.com



## പ്രസാധക കുറിപ്പ്

# ന്യൂനപക്ഷാവകാശവും കത്തോലിക്കാ കോൺഗ്രസ്സും

ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷാപരവും മതസാംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കാനും പരിപോഷിപ്പിക്കുവാനും ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവർക്ക് സംവരണമോ മറ്റ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥന ഭരണഘടനാ ശില്പികൾ അംഗീകരിക്കുകയുണ്ടായി. അതനുസരിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ ക്രൈസ്തവർ നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുവാനും പ്രവർത്തന സ്വാതന്ത്ര്യം ഇല്ലാതാക്കുവാനുമുള്ള നീക്കങ്ങളുമാണ് മാറിമാറി വരുന്ന സർക്കാരുകൾ നടത്തിയിട്ടുള്ളത്. ഇതിനെ എക്കാലവും ക്രൈസ്തവ സമുദായം എതിർക്കുകയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ഈ സംരംഭത്തിന് എന്നും എക്കാലവും നേതൃത്വം നൽകിയിട്ടുള്ളത് കത്തോലിക്കാ കോൺഗ്രസ്സാണ്. ഏതെങ്കിലും രാഷ്ട്രീയ കക്ഷികൾ ക്രൈസ്തവ സമുദായത്തിന്റെ വിദ്യാഭ്യാസ സ്വാതന്ത്ര്യ പോരാട്ടത്തിൽ പങ്കെടുത്തിട്ടുണ്ടെങ്കിൽ അന്നവർ പ്രതിപക്ഷത്തായിരുന്നതുകൊണ്ട് മാത്രമാണ്. അതിന് ഒരു ഉദാഹരണമാണ് മുണ്ടശ്ശേരി പദ്ധതിയെ എതിർക്കുവാൻ കോൺഗ്രസ്സ് പി. എസ്സ്. പി. ലീഗ് കക്ഷികൾ തയ്യാറായി മുന്നോട്ടു വന്നത്. 1972–ലെ സർവ്വകലാശാലാ നിയമത്തിനെതിരെ നടന്ന പോരാട്ടത്തിൽ കേരളാ കോൺഗ്രസ്സ് സഹകരിച്ചത് മറ്റൊരുദാഹരണവുമാണ്. ഈ രണ്ടുസമരത്തിനും പശ്ചാത്തലമൊരുക്കിയത് എ.കെ.സി.സി. യാണ്. പ്രതിപക്ഷത്തായിരുന്നിട്ടുപോലും വളരെ വൈകിയാണ് രാഷ്ട്രീയ പാർട്ടികൾ രംഗത്തെത്തിയത്. വൈകി എത്തിയതാണെങ്കിൽപോലും അവരെ സമരത്തിന്റെ മുൻനിരയിലേക്ക് എ.കെ.സി.സി. സ്വാഗതം ചെയ്തു.

www.malankaralibrary.com

കത്തോലിക്കാ കോൺഗ്രസ്സ് ഒരു സ്കൂളോ, കോളേജോ സ്ഥാപിച്ചു നടത്തുന്നില്ല. എന്തിന് ഒരു നഴ്സറി സ്കൂൾപോലും നടത്തുന്നില്ല. സമുദായം നടത്തുന്ന, ഹൈരാർക്കിയും സന്യാസസഭകളുമൊക്കെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ തങ്ങളുടേതാണെന്ന ഉറച്ച വിശ്വാസം കൊണ്ടാണ് ഈ നിലപാട് കത്തോലിക്കാ കോൺഗ്രസ്സ് എന്നും സ്വീകരിച്ചിട്ടുള്ളത്. ഈ വസ്തുത സമുദായം പൂർണ്ണമായി മനസ്സിലാക്കിയിട്ടുണ്ടോയെന്ന് ഞങ്ങൾ സംശയിക്കുന്നു.

ന്യൂനപക്ഷദ്രോഹം എന്നും നടത്തുന്ന രാഷ്ട്രീയക്കാർ അഡ്മിഷനും നിയമനത്തിനും വേണ്ടി മാനേജുമെന്റുകളെ സമീപിക്കുമ്പോൾ അവരുടെ താല്പര്യങ്ങൾക്ക് വഴങ്ങി പ്രവർത്തിക്കുന്നതും ന്യൂനപക്ഷ താല്പര്യങ്ങൾക്കുവേണ്ടി എന്നും നിലകൊണ്ടിട്ടുള്ളവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടത്ര വിലകല്പിക്കാത്തതും കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർക്ക് കാണേണ്ടി വന്നിട്ടുണ്ട്. അതൊന്നും ഒരു വിലപേശലിന് വേണ്ടി കോൺഗ്രസ്സ് വിനിയോഗിച്ചിട്ടില്ല.

ഇന്ന് സ്വാശ്രയ കോളേജ് പ്രശ്നം സജീവമായി നിൽക്കുകയാണല്ലോ. കഴിഞ്ഞ കാലത്തേതുപോലെ എ.കെ.സി.സി. ഈ പ്രശ്നത്തിലും സജീവരംഗത്തുണ്ട്. അതിന്റെ ഫലമായിട്ടാണ് 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണത്തിനുവേണ്ടി നടത്തിയ പോരാട്ടത്തിന്റെ ചരിത്രം ഇന്നത്തെ തലമുറയെ പഠിപ്പിക്കുന്നതിനുവേണ്ടിയാണ് ഈ സ്പെഷ്യൽ തന്നെ പ്രസിദ്ധീകരിക്കുന്നത്. അറിയുന്നതിനേ മാത്രമേ നാം സ്നേഹിക്കുയുള്ളൂ. അതുകൊണ്ട് നമ്മുടെ പോരാട്ടത്തിന്റെ ചരിത്രം നാം ഗ്രഹിക്കണം.

പരാതിയും പരിഭവും പറയേണ്ട സമയല്ലിത്. ക്രൈസ്തവ സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ഉറച്ചുനിന്ന് പോരാടേണ്ട സമയമാണിത്. മാർ കാളാശ്ശേരി തിരുമേനിയും ഷെവലിയർ ഇലഞ്ഞിക്കൽ തര്യതു കുഞ്ഞിത്തൊമ്മനും വെട്ടിത്തെളിച്ച മാർഗ്ഗത്തിലൂടെ നമുക്ക് മുന്നേറാം. വിജയം നമ്മുടേതാണ്. അതിനുവേണ്ടി കഠിനദ്ധ്വാനം ചെയ്യുവാനും നാം തയ്യാറാകുക തന്നെ വേണം.

കോട്ടയം — ജോൺ കച്ചിറമറ്റം


10-7-2003 — മാനേജിംഗ് എഡിറ്റർ

— — — — — —

www.malankaralibrary.com

*With best compliments from*

Phone : 04862-2200301
2200302
2200303



## Sacred Heart Hospital

Paynkulam, Mailacompu P. O.
Thodupuzha-685584

www.malankaralibrary.com

# 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷം

## ആർച്ചു ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിലിന്റെ പ്രഖ്യാപനം



സുപ്രീം കോടതിയുടെ തീരുമാനം അപ്രസക്തമാക്കാനും ഭരണ ഘടനാപരമായ ദൗത്യം മറക്കാനുമുള്ള കേരളഗവൺമെന്റിന്റെ തീരുമാനം പ്രതിഷേധാർഹം. ന്യൂനപക്ഷ സമൂഹങ്ങൾ ഒറ്റക്കെട്ടായി അവകാശ സംരക്ഷണത്തിനായി യത്നിക്കണം

ചങ്ങനാശ്ശേരി ജൂൺ 27

ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തിയെപ്പറ്റിയും ആ അവകാശം സംരക്ഷിക്കപ്പെടുന്നതിന് സമൂഹം ഒറ്റക്കെട്ടായി നിലനിൽക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റിയും ജനങ്ങളെ ബോദ്ധ്യപ്പെടുത്താനായി 2003 എ. കെ. സി. സി. ന്യൂനക്ഷാവകാശ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചത് സമുചിതമാണെന്നും 2003–എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി പ്രഖ്യാപിക്കുവാൻ തനിക്കതിയായ സന്തോഷവും അഭിമാനവുമുണ്ടെന്നും ഇന്റർ ചർച്ച് കൗൺസിൽഫോർ എഡ്യൂക്കേഷന്റെ ചെയർമാനും ചങ്ങനാശ്ശേരി അതിരൂപതാ അദ്ധ്യക്ഷനുമായ ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ഇന്നിവിടെ വച്ച് പ്രസ്താവിച്ചിരിക്കുന്നു.

അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിന്റെയും എസ്സ്. ബി. കോളേജ് സെന്റർ ഫോർ സോഷ്യൽ ആക്ഷന്റെയും ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി എസ്സ്. ബി. കോളേജിൽ മാർ കാളാശ്ശേരി നഗറിൽ നടന്ന ചരിത്ര സെമിനാറിൽവെച്ച് 2003 എ.കെ.സി.സി. ന്യൂനപക്ഷാവകാശ വർഷമായി പ്രഖ്യാപിച്ചുകൊണ്ട് സംസാരിക്കുകയായിരുന്നു തിരുമേനി. ഈയടുത്ത കാലത്ത് കേരളത്തിന്റെ ഭരണാധികാരികളും രാഷ്ട്രീയ നേതാക്കളും വിദ്യാഭ്യാസ രംഗത്തെപ്പററി നടത്തുന്ന പ്രസ്താവനകൾ ഖേദകരമാണെന്നും ന്യൂനപക്ഷങ്ങളിൽ ഏറെ ആശങ്ക സൃഷ്ടിക്കുന്നതാണ് പ്രസ്തുത പ്രസ്താവനകളെന്നും ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ അഭിപ്രായപ്പെട്ടു. അദ്ദേഹം തുടർന്നു; ഇവിടെ ഭരണത്തിൽ വരുന്ന സർക്കാരുകളെല്ലാം ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കും എന്നുപറയുന്നവരാണ്. പക്ഷെ ഫലത്തിൽ എല്ലാവരും വിദ്യാഭ്യാസ രംഗത്ത് ന്യൂനപക്ഷാവകാശങ്ങൾ അവഗണിച്ചും എപ്പോഴും നിയന്ത്രിക്കണമെന്ന താൽപര്യത്തോടെയുമാണ് പ്രവർത്തിച്ചിട്ടുള്ളത്. വൻപാർട്ടികൾ എല്ലാംതന്നെ ഇപ്പോഴും കാലാഹരണപ്പെട്ട സിദ്ധാന്തങ്ങളാണ് അവരുടെ നയരൂപീകരണത്തിന്

www.malankaralibrary.com

അടിസ്ഥാനമാക്കുന്നത്. മനോഭാവത്തിൽ മാറ്റം വരുത്തണമെന്ന് പറയുന്നവരും വിദ്യാഭ്യാസ മേഖലയിൽ പഴയ ആശയങ്ങൾ തന്നെയാണ് ഉറപ്പിച്ചിരിക്കുന്നത്. ഇത്തരമൊരു വിഷമവൃത്തത്തിൽനിന്നും രക്ഷപെടാൻ സാധിക്കാത്തത് ഖേദകരമാണ്. ഭാഷാ മത ന്യൂനപക്ഷങ്ങൾക്കാണ് ഭരണഘടന ഇവിടെ ന്യായമായ പരിരക്ഷ നൽകിയിരിക്കുന്നത്. പരിരക്ഷ എന്നുവച്ചാൽ മറ്റുള്ളവർക്ക് ഇല്ലാത്ത അവകാശങ്ങൾ എന്നല്ല, പ്രത്യുത ന്യൂനപക്ഷങ്ങൾ ഭൂരിപക്ഷാഭിപ്രായത്തിന്റെ ഗതിവിഘതികൾക്കടിപ്പെട്ട് ഞെരുക്കപ്പെടരുതെന്നാണ് അർത്ഥമാക്കുന്നത്. ഭൂരിപക്ഷത്തിന് സേഛപോലെ നിയമങ്ങളുണ്ടാക്കാം. സംവിധാനങ്ങൾ രൂപപ്പെടുത്താം. ന്യൂനപക്ഷങ്ങളുടെ നിലനിൽപ്പിനെ കണക്കിലെടുക്കാതെ അവർ പ്രവർത്തിച്ചുവെന്നുവരാം. അത് സംഭവിക്കാതിരിക്കുന്നതിനാണ് ന്യൂനപക്ഷാവകാശങ്ങളിൽ കൈകടത്തരുതെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നത്. ഇത് എല്ലാ വിഭാഗങ്ങൾക്കും തുല്യത നൽകുവാനും അവസരസമത്വം ഉണ്ടാക്കുവാനുമാണ്.

ഭാഷാന്യൂനപക്ഷങ്ങളുടെ കാര്യമെടുത്തുകാണിച്ചുകൊണ്ട് മാർ പൗവ്വത്തിൽ വിശദീകരിച്ചു. കേരളത്തിൽ ചില ഭാഗങ്ങളിൽ മാത്രമാണ് തമിഴ് ന്യൂനപക്ഷങ്ങളുള്ളത്. അവരുടെ കാര്യം പാടെ അവഗണിച്ചുകൊണ്ട് സർക്കാർ മുന്നോട്ടുപോയെന്നുവരാം. അത് സംഭവിക്കാതിരിക്കുന്നതിനാണ് അവരുടെ കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം അവർക്കുനൽകുന്നത്. അതില്ലെങ്കിൽ അവർ നിർബന്ധമായും തമിഴ് ഉപേക്ഷിച്ച് മലയാളം ഉപയോഗിക്കുന്നവർ മാത്രമാകും. അത് എല്ലാ വിഭാഗങ്ങൾക്കുമുള്ള തുല്യനീതിയാണ്. ഭൂരിപക്ഷത്തിനില്ലാത്ത ഒരവകാശം തമിഴർക്കു നൽകുന്നതല്ല. ഭാഷാധിഷ്ഠിത സംസ്ഥാനങ്ങളിൽ പോലും മറ്റുഭാഷാവിഭാഗങ്ങളിൽപ്പെട്ടവർ ചിതറികിടപ്പുണ്ട്. അവരെയെല്ലാം ഒരേ ഭാഷാ സംസ്ഥാനത്തിൽ ഒതുക്കി നിറുത്തുവാൻ സാധിക്കുകയില്ല. അതുകൊണ്ട് അവർ ജീവിക്കുന്ന സംസ്ഥാനങ്ങളിൽ അവർക്ക് സ്വാതന്ത്ര്യമുണ്ടാകണം. സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണം. അല്ലാതെയുള്ള ദേശീയത ഫാസിസമാണ്.

മതന്യൂനപക്ഷങ്ങൾക്ക് അവരുടേതായിട്ടുള്ള പ്രത്യേകതകളുണ്ടെന്നും അതു കൂടാതെ അവർക്ക് നിലനിൽപ്പില്ലെന്നും, വിശ്വാസം, ധാർമ്മികത തുടങ്ങിയ കാര്യങ്ങൾ ജീവിതത്തെ മുഴുവൻ ബാധിക്കുന്നവയാണെന്നും ഇത്തരം കാര്യങ്ങളിൽ താല്പര്യമില്ലാത്തവർക്ക് അവ അപ്രധാനമായിരിക്കാമെന്നും മാർ പൗവ്വത്തിൽ തുടർന്നു പ്രസ്താവിച്ചു. പക്ഷെ മതവിശ്വാസികളെ പ്രത്യേകിച്ചും മുസ്ലിംകളെയും ക്രിസ്ത്യാനികളെയും സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസ സംഹിതയും

www.malankaralibrary.com

ധാർമ്മിക നിയമങ്ങളും വളർന്നു വരുന്ന തലമുറയ്ക്ക് ഈ പ്രത്യേകതകൾക്ക് കെടുതി വരാത്തരീതിയിൽ വിദ്യാഭ്യാസം നൽകുവാനുള്ള കടമയും അതോടൊപ്പം അവകാശവും മതന്യൂനപക്ഷങ്ങളെ സംബന്ധിച്ച സുപ്രധാന മാണെന്ന കാര്യം തിരുമേനി ഓർമ്മിപ്പിച്ചു.

ശാസ്ത്ര സാങ്കേതിക പഠനങ്ങളിലും ഈ കാര്യങ്ങൾക്ക് പ്രാധാന്യമുണ്ടെന്ന സത്യം ഗുജറാത്തിൽ സെന്റ് സേവിയേഴ്സ് കോളേജ് കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയിട്ടുള്ളതാണ്. ഭൂരിപക്ഷത്തിന്റെ ജീവിത ദർശനവും ധാരണകളുമായിരിക്കും പൊതുവിൽ സമൂഹത്തിൽ നിലനിൽക്കുക. അതുകൊണ്ടാണ് ഉന്നതവിദ്യാഭ്യാസ രംഗത്തും ന്യൂനപക്ഷങ്ങൾക്കുള്ള പരിരക്ഷ നിലനിൽക്കേണ്ടതാണെന്ന് സുപ്രീം കോടതി പ്രഖ്യാപിച്ചത്. വിദ്യാലയനടത്തിപ്പിനുള്ള ന്യൂനപക്ഷാവകാശങ്ങളുടെ പരിരക്ഷ രണ്ടുമൂന്നു സുപ്രധാന കാര്യങ്ങൾ ഉൾക്കൊള്ളേണ്ടതാണ്. 1) വിദ്യാലയങ്ങൾ സ്ഥാപിക്കാനും നടത്താനുമുള്ള അവകാശം (2) കുട്ടികളുടെ പ്രവേശനം, (3) അദ്ധ്യാപക നിയമനം. ഇതിൽ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അവകാശം നിഷേധിക്കുക നഗ്നമായ ഭരണഘടനാലംഘനമാകുമെന്നുള്ളതുകൊണ്ടാണ് പല പാർട്ടികളും അതിനുമുതിരാത്തതെന്ന് തോന്നിപ്പോകുന്നു. പക്ഷെ പല ന്യായങ്ങൾ പറഞ്ഞ്, വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള അവകാശങ്ങൾ കടുത്ത വ്യവസ്ഥകൾക്ക് വിധേയമാക്കി നടത്തിപ്പുകൾക്ക് അസാധ്യമാക്കി തീർക്കുന്ന സമീപനമാണ് പല അധികാരികളും കൈക്കൊണ്ടിരിക്കുന്നത്. ഫീസിന്റെ കാര്യത്തിലും മറ്റും വക്കുന്ന നിബന്ധനകൾ ഈ മനോഭാവത്തിൽനിന്നു വരുന്നതാണ്. രണ്ടാമത് കുട്ടികളുടെ പ്രവേശനത്തിലുള്ള സ്വാതന്ത്ര്യമാണ് ന്യൂനപക്ഷ വിഭാഗത്തിലെ അർഹരായ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുവാൻ ന്യുനപക്ഷവിദ്യാലയങ്ങൾക്ക് കഴിയേണ്ടതാണ്. മെരിറ്റ് അടിസ്ഥാനം മാത്രമെടുത്താൽ ഇത് സാദ്ധ്യമായി എന്നുവരില്ല. ഒരു മിനിമം മാർക്ക് അടിസ്ഥാനമാക്കാവുന്നതാണ്. പക്ഷെ ന്യുനപക്ഷ വിഭാഗക്കാർക്ക് തങ്ങൾ സ്ഥാപിച്ചുനടത്തുന്ന വിദ്യാലയങ്ങളിൽ പ്രവേശനം നൽകാൻ കഴിയുന്നില്ലങ്കിൽ വിദ്യാലയ നടത്തിപ്പ് അർത്ഥമില്ലാത്തതായി തീരും.

കേവലം മാർക്കിന്റെ അടിസ്ഥാനം സാമൂഹ്യനീതി ഉറപ്പിക്കാൻ മതിയാവുകയില്ല. മററുമാനദണ്ഡങ്ങളും കണക്കിലെടുത്താലേ അതു സാധിക്കുകയുള്ളൂ. അതിനാൽ വ്യക്തമായ മാനദണ്ഡങ്ങൾ ന്യൂനപക്ഷ വിദ്യാലയങ്ങൾക്കുണ്ടാക്കാവുന്നതാണ് എന്ന കാര്യവും സുപ്രീംകോടതി അംഗീകരിച്ചുള്ളതാണ്. സാമൂഹ്യനീതി സാധ്യമാക്കാൻ ആവശ്യമായ

www.malankaralibrary.com

ഇത്തരം മാനദണ്ഡങ്ങൾ രൂപപ്പെടുത്താൻ തന്നെയാണ് ഇവിടെ ന്യൂനപക്ഷങ്ങൾ തീരുമാനിച്ചിട്ടുള്ളത്.

സർക്കാർ വിദ്യാലയങ്ങൾ പൊതുമുതൽമുടക്കി എല്ലാവർക്കുമായി നടത്തുന്ന വിദ്യാലയങ്ങളാണ്. അവയിൽ ഇപ്പറഞ്ഞ ശതമാനമൊക്കെ വക്കുന്നതിൽ ന്യായമുണ്ട്. പക്ഷെ അതിലേറെ അവിടെ സൗകര്യങ്ങൾ ഉണ്ടാക്കാനും പഠനനിലവാരവും കാര്യക്ഷമതയും ഉയർത്തുവാനും സർക്കാർ ശ്രമിക്കേണ്ടതാണ്. നിയന്ത്രണം മാത്രം ലക്ഷ്യമാക്കുമ്പോൾ നേരിടുന്ന പരാജയമാണ് ഇന്ന് സർക്കാർ നേരിടുന്നത്.

എയ്ഡഡ് വിദ്യാലയങ്ങളാണ് മൊത്തം സ്ഥാപനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം. അധ്യാപകർക്ക് ശമ്പളം കൊടുക്കുന്നതുകൊണ്ട് ഈ മേഖലയും തങ്ങളുടെ കൈയിൽ ഒതുങ്ങണമെന്ന വാശിയിലാണ്. പല പാർട്ടികളും. അധ്യാപകർക്കുണ്ടായിരിക്കേണ്ട യോഗ്യതകൾ നിശ്ചയിക്കുകയും സേവന വേതന വ്യവസ്ഥകൾ ക്രമീകരിക്കുകയും പാഠ്യപദ്ധതി രൂപപ്പെടുത്തുകയുമെല്ലാം ചെയ്യുന്നതിനു നീതികരണമുണ്ട്. എന്നാൽ ഭീമമായ മുതൽമുടക്കിയാണ് ഈ സ്ഥാപനങ്ങൾ ചില വിഭാഗങ്ങളും വ്യക്തികളും നടത്തുന്നത്. അതവർ ചെയ്യുന്നത് തങ്ങളുടെ വിഭാഗത്തിന്റെ പ്രത്യേകതകൾ സംരക്ഷിക്കുന്നതിനും നിലനിൽപ്പിനുമെല്ലാമായിട്ടാണ്. അതെല്ലാം പാടേ അവഗണിച്ചുകൊണ്ട് ഇത്തരം വിദ്യാലയങ്ങൾക്ക് ഭരണഘടന നൽകുന്ന പരിരക്ഷ മറികടക്കാനുള്ള ശ്രമം നിർഭാഗ്യകരമാണ്.

എയ്ഡഡ് സ്ഥാപനങ്ങളാകുന്നതുകൊണ്ട് ന്യൂനപക്ഷാവകാശം ഇല്ലാതാകുന്നില്ല. ന്യൂനപക്ഷവിഭാഗത്തിലെ കുട്ടികളെ പ്രവേശിപ്പിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നില്ല എന്ന് നാലാം ചോദ്യത്തിനുത്തരമായി കോടതി പ്രഖ്യാപിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശത്തിനു കേടില്ലാതെ മറ്റു മതവിഭാഗങ്ങളിൽനിന്നും വരുന്നവർക്ക് ന്യായമായ ഒരു പങ്കു നൽകണമെന്നു പറയുന്നുണ്ട്. പക്ഷേ അത് ഒരു നിശ്ചിത ശതമാനമല്ല. സ്ഥാപനത്തിന്റെ പ്രത്യേകതകൾ, കോഴ്സിന്റെ സ്വഭാവം, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവശ്യങ്ങൾ എന്നിവയെല്ലാം അനുസരിച്ച് ഈ ശതമാനം വ്യത്യസ്തമായിരിക്കുമെന്നതാണ് കോടതി പറഞ്ഞുവച്ചിട്ടുള്ളത്. അതുകൊണ്ട് സംസ്ഥാനത്തിനു മുഴുവൻ ഒരു വ്യവസ്ഥ ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങൾ അവഗണിച്ചുകൊണ്ട് പൊതുവായി നിശ്ചയിച്ചിരിക്കുന്നതു ശരിയല്ല, അനീതിയുമാണ്. പ്രവേശനപരീക്ഷയുടെ മാനദണ്ഡം പ്രവേശനത്തിനു ബാധകമായേക്കാമെങ്കിലും ന്യൂനപക്ഷവിദ്യാലയങ്ങൾക്ക് അവരുടേതായ പ്രവേശനക്രമം പാലിക്കാമെന്നുമാണ് കോടതിയുടെ തീരുമാനം.

www.malankaralibrary.com

*With best compliments from...*

**Sr. Provincial & Community**

**San Giovanni**

Adoration Provincialate

Kunnumbhagam

Kanjirappally

www.malankaralibrary.com

സ്വാശ്രയരീതിയിൽ നടത്തുന്ന വിദ്യാലയങ്ങളാണ് ഇന്ന് ഏറെ ചർച്ചയ്ക്ക് വിഷയമാകുന്നത്. ഇക്കാര്യത്തിൽ സുപ്രീംകോടതി വളരെ വ്യക്തമായ മാർഗനിർദ്ദേശം നൽകുന്നുണ്ട്. ഇങ്ങനെയുള്ള സ്ഥാപനങ്ങളിൽ നിയന്ത്രണം കഴിയുന്നത്ര കുറഞ്ഞിരിക്കണമെന്നുതന്നെയാണ് കോടതിയുടെ ഖണ്ഡിതമായ നിർദ്ദേശം. സ്വാശ്രയ സ്ഥാപനങ്ങളിലെ വിദ്യാലയപ്രവേശനത്തെ സംബന്ധിച്ച് സുപ്രീംകോടതിയടെ വളരെ വ്യക്തമായ തീരുമാനമുണ്ട്. ഈ വിഭാഗത്തിൽ കൈവയ്ക്കരുതെന്നാണ് നരിമാൻ, കേളുനായർ തുടങ്ങിയ അഭിഭാഷകർ അഭിപ്രായപ്പെട്ടിട്ടുള്ളത്.

ഈ അവകാശം ന്യൂനപക്ഷവിദ്യാലയങ്ങൾക്കുള്ളതുകൊണ്ട് മറ്റു സമുദായക്കാർക്ക് പ്രവേശനം നിഷേധിക്കുന്ന അനുഭവം കേരളത്തിലില്ല. നൂറുശതമാനവും ന്യൂനപക്ഷ വിദ്യാർത്ഥികൾ മാത്രം പഠിക്കുന്ന ഏതു വിദ്യാലയമാണ് നമ്മുടെ നാട്ടിൽ? അതുകൊണ്ട് അഡ്മിഷൻ... നൽകാനുള്ള അവകാശം എടുത്തുകളയണമെന്നു പറയുന്നതിനു പിന്നിൽ മറ്റുദുരുദ്ദേശങ്ങൾ ഉണ്ടാവാം. രാഷ്ട്രീയ സാമുദായിക താൽപര്യങ്ങളുമുണ്ടായിരിക്കാം. ഒരു ഗവൺമെന്റു വിദ്യാലയത്തിനു പകരം രണ്ടു സ്വാശ്രയ വിദ്യാലയങ്ങൾ ഉപകരിക്കണമെന്നും പറയുന്നത് വിവേകശൂന്യമാണ്, അടിച്ചേൽപ്പിക്കലാണ്. ന്യൂനപക്ഷവിദ്യാലയങ്ങൾ മറ്റുള്ളവരെയെല്ലാം പഠിപ്പിക്ക ണമെന്നു പറയുന്നതിൽ യുക്തിഭംഗവുമുണ്ട്.

വിദ്യാഭ്യാസ രംഗത്ത് എന്നും താല്പര്യമെടുക്കുകയും ഏറെ ത്യാഗം സഹിച്ച് വിദ്യാലയങ്ങൾ കെട്ടിപ്പെടുക്കാൻ ശ്രമിക്കുകയും ചെയ്ത ന്യൂനപക്ഷങ്ങൾ തീർച്ചയായും സർക്കാരിനു സഹായകമായിട്ടുണ്ട്. പക്ഷേ അതിനു മാത്രമാണ് ന്യൂനപക്ഷവിദ്യാലയങ്ങൾ സ്ഥാപിതമാകുന്നത് എന്നു പറയുന്നതു ശരിയല്ല. അങ്ങനെയൊരു നയം അടിച്ചേൽപ്പിക്കുന്നത് ന്യൂനപക്ഷ സംരക്ഷണവുമല്ല.

ഫ്രീ സീറ്റ്, കമ്മ്യൂണിറ്റി സീറ്റ് എന്നെല്ലാമുള്ള തരംതിരിവിന്റെ കാര്യമില്ല. ഫ്രീ സീറ്റിൽ നാമമാത്രമായ ഫീസ് വാങ്ങിയിട്ട് മറ്റുള്ള ന്യൂനപക്ഷ വിദ്യാർത്ഥികളിൽനിന്ന് ദുർവഹമായ ഫീസു വാങ്ങണമെന്നു നിശ്ചയിച്ചാൽ പല വിദ്യാലയങ്ങളും നിർത്തേണ്ടതായി വരും. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലോൺ, സബ്സിഡി മുതലായവ നൽകുവാൻ സർക്കാരിന് ചുമതലയുണ്ട് എന്ന കാര്യം വിസ്മരിക്കരുത്. സാമ്പത്തികവും സാമുദായികവുമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടത് പൊതുമുതലിൽ നിന്നാണ്. സർക്കാരിൽനിന്നാണ്. എല്ലാവർക്കും ഫീസ് കുറച്ചു നൽകാൻ

www.malankaralibrary.com

സർക്കാർ വിദ്യാലയങ്ങൾക്കേ കഴിയൂ. സ്വാശ്രയവിദ്യാലയങ്ങൾ നടത്തിക്കൊണ്ടു പോകുവാനുള്ള ഫീസുപോലും വയ്ക്കാതെ ഭാരമെല്ലാം മാനേജുമെന്റുകൾ വഹിക്കണമെന്നു പറയുന്നത് ദുരുപദിഷ്ടമാണെന്ന് പറയേണ്ടിയിരിക്കുന്നു. ഇതിനുവേണ്ടി ചില സംഘടനകൾ സമരരംഗത്തിറങ്ങിയിരിക്കുന്നത്. തീർത്തും നിർഭാഗ്യകരമാണ്.

അദ്ധ്യാപക നിയമനമാണ് മൂന്നാമത്തെ ഘടകം. ഇതേക്കുറിച്ച് ഏറെ ചർച്ച ചെയ്യപ്പെട്ടതായതുകൊണ്ട് വളരെ ഹ്രസ്വമായ ഒരു പരാമർശനമേ നടത്തുന്നുള്ളൂ. ന്യൂനപക്ഷ വിദ്യാലയങ്ങളുടെ ലക്ഷ്യപ്രാപ്തിക്ക് അദ്ധ്യാപകരെ തിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമില്ലെങ്കിൽ വിദ്യാലയങ്ങൾ നടത്തുന്നതിൽ അർത്ഥമില്ല. തമിഴ് ന്യൂനപക്ഷത്തെ പഠിപ്പിക്കുവാനുള്ള വിദ്യാലയങ്ങളിൽ തമിഴ് ഭാഷയേയും തമിഴിന്റെ സവിശേഷതകളെയും പറ്റി അറിവില്ലാത്തവരെ വച്ചാൽ ആ വിദ്യാലയങ്ങൾകൊണ്ട് തമിഴ് ഭാഷക്കാർക്ക് എന്ത് പ്രയോജനമാണുള്ളത്. ഇതിനു സമാന്തമായ സ്ഥിതിവിശേഷമാണ് മത ന്യൂനപക്ഷങ്ങളുടെ വിശ്വാസമറിയാത്തവരെയും അവരുടെ പ്രത്യേകമായ സംസ്ക്കാരത്തെയും കുറിച്ച് വിവേകമില്ലാത്തവരെയും വച്ചാൽ ഉണ്ടാകുന്നത്. അധ്യാപകരുടെ യോഗ്യതകളും മറ്റും നിശ്ചയിക്കാൻ സർക്കാരിനവകാശമുണ്ടായിരിക്കാം. പക്ഷെ നിയമനസ്വാതന്ത്ര്യത്തിൽ കൈകടത്തുന്നത് ഭരണഘടനാവിരുദ്ധമാണെന്നുമാത്രം ചുരുക്കത്തിൽ പറയട്ടേ.

ന്യൂനപക്ഷാവകാശങ്ങൾ പരിരക്ഷിക്കുകയെന്ന ഭരണഘടനാപരമായ ദൗത്യത്തിനു ചേരാത്ത രീതിയിൽ പല രാഷ്ട്രീയ നേതാക്കളും പാർട്ടികളും ചിന്തിക്കുന്നത് ന്യൂനപക്ഷങ്ങളിൽ സംഭീതി ഉളവാക്കുക തന്നെ ചെയ്യും. റിസർവേഷൻ തുടങ്ങിയ പ്രത്യേകവകാശങ്ങളൊന്നും ഉന്നയിക്കാതെ എല്ലാവർക്കുമുള്ള വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെന്നു ചിന്തിച്ച് ക്രൈസ്തവ സമൂഹത്തിന് ഇത് ഏറെ ബുദ്ധമുട്ടുളവാക്കുകയാണ്. ന്യൂനപക്ഷത്തിന്റെ ഭദ്രത രാജ്യത്തിന്റെ സുസ്ഥിതിക്ക് ആവശ്യമാണെന്ന കാര്യം എല്ലാവരും വിസ്മരിച്ചിരിക്കുകയാണോ.

വളരെ ഗാഢമായി ചിന്തിച്ചശേഷം സുപ്രീകോടതി നൽകിയ വിധി തീർപ്പും അപ്രസക്തമാക്കാനാണോ ഇവിടുത്തെ രാഷ്ട്രീയ പാർട്ടികളുടെ ശ്രമം. കേവലം താൽക്കാലിക രാഷ്ട്രീയനേട്ടങ്ങൾക്കതീതമായി കൂടുതൽ ജനായത്തപരമായ മനോഭാവം രാഷ്ട്രീയനേതാക്കന്മാർക്കുണ്ടാകുമെന്നു പ്രത്യാശിക്കട്ടെ.

www.malankaralibrary.com

# വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിലേക്ക് ഒരെത്തിനോട്ടം



**(ശ്രീ. ജോൺ കച്ചിറമറ്റം,** എ.കെ.സി.സി. പ്രസിഡന്റ്)

തിരുവിതാംകൂറിലും കൊച്ചിയിലും, തിരുകൊച്ചിയിലും കേരളത്തിലും വിദ്യാഭ്യാസരംഗത്തെ ക്രൈസ്തവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പല സമരങ്ങളും നടന്നിട്ടുണ്ട്. ആ സമരത്തിന് നേതൃത്വം നൽകിയവരെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. തിരുവിതാംകൂറിൽ ദിവാൻ സർ സി. പി. രാമസ്വാമി അയ്യരും, കൊച്ചിയിൽ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ഐ.എൻ. മേനോനും, തിരുകൊച്ചിയിൽ പനമ്പിള്ളി ഗോവിന്ദമേനോനും കേരളത്തിൽ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയുമാണ് സ്വകാര്യ വിദ്യാലയങ്ങളുടെ സ്വതന്ത്രപ്രവർത്തനത്തെ നിയന്ത്രിക്കാനുള്ള നടപടികളുമായി മുന്നോട്ടു വന്നത്. സർ. സി. പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരായി നടന്ന പ്രക്ഷോഭണം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറി. ആ പ്രക്ഷോഭണത്തിൽ പങ്കെടുത്ത നിരവധിയാളുകളെ സി. പി. കൽത്തുറങ്കിൽ അടക്കപ്പെടുകയും മർദ്ദിക്കുകയും അവരുടെ സ്വത്തുക്കൾ കണ്ടുകെട്ടുകയും ചെയ്തു. എന്തുത്യാഗം അനുഭവിക്കേണ്ടി വന്നാലും കഷ്ടതകൾ സഹിക്കേണ്ടിവന്നാലും വിദ്യാഭ്യാസ സ്വാതന്ത്ര്യം നിലനിറുത്തുമെന്ന ഉഗ്രപ്രതിജ്ഞ എടുത്തുകൊണ്ടാണ് അവർ സമരരംഗത്തെത്തിയത്. അവർ വിജയിച്ചു.

കൊച്ചിയിൽ വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന ഐ.എൻ. മേനോന്റെ വിദ്യാഭ്യാസ നയത്തിനെതിരായി നടന്ന പ്രക്ഷോഭണത്തിലും ജനങ്ങൾ സജീവമായി പങ്കുകൊണ്ടു. കേരളത്തിലേതുപോലെ മർദ്ദനങ്ങളോ ജയിൽവാസമോ അവർ അനുഭവിക്കേണ്ടി വന്നില്ല.

തിരുകൊച്ചിയിൽ പനമ്പിള്ളി ഗോവിന്ദമേനോൻ കൊണ്ടുവന്ന വിദ്യാഭ്യാസപദ്ധതിക്കെതിരെ ശക്തമായ പ്രതിഷേധം രാജ്യമാസകലം നടന്നു. എന്നാൽ കോൺഗ്രസ്സുകാരായ ക്രൈസ്തവ എം.എൽ.എ.മാർ എല്ലാവരും സഭയുടെ താല്പര്യങ്ങൾക്കെതിരായ നിലപാട് ആണ് സ്വീകരിച്ചത്. എങ്കിലും സമുദായം പനമ്പിള്ളി പദ്ധതിക്കെതിരായി അണിനിരന്നു. രാഷ്ട്രീയക്കാരായ ക്രൈസ്തവർ, ക്രൈസ്തവ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിലധികമായി തങ്ങളുടെ വ്യക്തിപരമായ രാഷ്ട്രീയ ഉന്നതി ലക്ഷ്യമാക്കി പ്രവർത്തിച്ചു. ആ മന്ത്രിസഭയുടെ പതനത്തോടെ പനമ്പിള്ളി പദ്ധതിയും തകർന്നു.

www.malankaralibrary.com

1957–ൽ മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിൽ ആദ്യം രാഷ്ട്രീയത്തിൽ ഇറങ്ങാൻ മടിച്ചുനിന്നവർപോലും പ്രക്ഷോഭണത്തിൽ പങ്കുചേർന്നു. പനമ്പിള്ളി പദ്ധതിയെ അന്ന് അനുകൂലിച്ച ക്രൈസ്തവ എം.എൽ.എ.മാർ സമരത്തിന്റെ മുൻപന്തിയിൽ ചാടിവീണു. അവർ അന്ന് പ്രതിപക്ഷത്തായിരുന്നുവല്ലോ.

സി. പി. യുടെ കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിനും 1957ലെ മുണ്ടശ്ശേരിയുടെ കാലത്തെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിനും ചില സാമ്യങ്ങൾ ഉണ്ട്. സി. പി.യുടെ കാലത്ത് ഇവിടുത്തെ രണ്ടു പ്രബല സമുദായ സംഘടനകളായ എൻ. എസ്സ്. എസ്സും, എസ്സ്. എൻ. ഡി. പി.യും സി. പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തെ അനുകൂലിക്കുകയും തങ്ങളുടെ വിദ്യാലയങ്ങൾ സർക്കാരിലേക്ക് സറണ്ടർ ചെയ്ത് കൊടുക്കുകയും ചെയ്തു. ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് ശക്തി പകരുന്നതിനാണ് അവർ അങ്ങനെ ചെയ്തത്. മന്നം സ്വാതന്ത്ര്യം കിട്ടുമെന്ന് ഉറപ്പായപ്പോൾ സ്റ്റേറ്റ് കോൺഗ്രസ്സിൽ ചേർന്ന് അറസ്റ്റ് വരിക്കുകയും വിദ്യാഭ്യാസ സമരത്തിന് പിന്തുണ നൽകുകയും ചെയ്തു.

**ഇന്ത്യയിൽ ഏതൊരു പ്രസിദ്ധീകരണത്തിനും പരസ്യം നൽകുവാൻ**

**Ad-HiT**
**COMMUNICATIONS**
Mareena Building, Opp. K.S.R.T.C. Kavala
CHANGANACHERRY - 1
Ph:0481-2424534, 2412131(O), 2424634 (R), Fax : 0481-2424534
Mobile : 04813101553, e-mail : adhitchry@yahoo.co.in

*Sister Concern :*
**അയ്യരുകുളങ്ങര ഹൗസ് ഹോൾഡ് സെന്റർ**
ചങ്ങനാശ്ശേരി, ഫോൺ : 0481-2400434

www.malankaralibrary.com

1957-ൽ ശ്രീ മന്നത്തുപത്മനാഭൻ ആദ്യം മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിക്കുകയാണ് ചെയ്തത്. ക്രൈസ്തവർ ഒറ്റയ്ക്കുനിന്ന് വിദ്യാഭ്യാസ ബില്ലിനെതിരെ സമരം ചെയ്തു. അവർ സംഘടിപ്പിച്ച യോഗങ്ങളും പ്രകടനങ്ങളും കേരളത്തെ പ്രകമ്പനം കൊള്ളിച്ചു. ആ സമയത്താണ് കെ. ആർ. ഗൗരി കാർഷികബന്ധബിൽ അവതരിപ്പിച്ചത്. ആ ബിൽ സാധാരണക്കാർക്ക് അനുകൂലമായിരുന്നു; ജന്മിത്വം അവസാനിപ്പിക്കുന്നതുമായിരുന്നു. എൻ.എസ്സ്.എസ്സിന് അത് സ്വീകാര്യമല്ലായിരുന്നു. കാർഷികബന്ധബില്ലിനെ തകർക്കാൻ മന്നത്തു പത്മനാഭൻ തീരുമാനിച്ചു. മുണ്ടശ്ശേരി പദ്ധതിക്ക് അനുകൂലമായി പ്രസ്താവനയിറക്കിയ മന്നം, മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ല് വായിക്കാതെയാണ് ഞാൻ പിന്താങ്ങിയതെന്നും ഇപ്പോൾ വായിച്ചപ്പോഴാണ് അതിന്റെ അപകടം മനസ്സിലാക്കിയതെന്നും അതിനാൽ ബില്ലിനെ എതിർക്കുകയാണെന്നും യാതൊരു മറയുമില്ലാതെ പ്രസ്താവിച്ചു. കാർഷികബന്ധ ബില്ലിന് എതിരായിട്ടുള്ള സമരത്തിന് ക്രൈസ്തവരുടെ പിന്തുണ ആർജ്ജിക്കുവാൻ വേണ്ടിയുള്ള മന്നത്തിന്റെ ഒരടവുനയമായിരുന്നു. മുണ്ടശ്ശേരി പദ്ധതിക്കെതിരായ പ്രക്ഷോഭണം വിമോചനസമരമായി മാറി. അവസാനം ആ മന്ത്രിസഭയുടെ പതനത്തിൽ കാര്യങ്ങൾ കൊണ്ടുപോയി എത്തിച്ചു. വിമോചനസമരം വിജയിച്ചു.

1972-ൽ അവതരിപ്പിച്ച സർവ്വകലാശാല ബില്ലിനെതിരെ നടന്ന പ്രക്ഷോഭണമാണ് പിന്നീടു നടന്ന വലിയ പ്രക്ഷോഭണം. സർ സി.പി.യുടെ പ്രൈമറി വിദ്യാഭ്യാസ ദേശസാൽക്കരണത്തെയും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ദേശസാൽക്കരണ സംരംഭത്തെയും എതിർത്ത കോൺഗ്രസ്സുകാരാണ് ഈ ബില്ലിന്റെ പിന്നിൽ പ്രവർത്തിച്ചത്. സമരത്തിന് നേതൃത്വം നൽകിയ അവർ ഷെഡുകൾ കെട്ടി കോളേജുകൾ നടത്താൻ തീരുമാനിച്ചു. സമരത്തിന് നേതൃത്വം നൽകിയ മെത്രാന്മാരെയും വൈദികരെയും ചാട്ടവാറുകൊണ്ടടിക്കണമെന്ന് ക്രൈസ്തവ എം.എൽ.എ.മാർ പ്രഖ്യാപിച്ചു. ഇന്നത്തെ മുഖ്യമന്ത്രി എ. കെ. ആന്റണിയും യൂത്ത് കോൺഗ്രസ്സുകാരുമാണ് രാജ്യമാസകലം സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കെതിരെ സംഘടിതമായി നീങ്ങിയത്.

അന്ന് കേരളാ കോൺഗ്രസ്സുകാർ പ്രതിപക്ഷത്തായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് ആരംഭിച്ച സമരത്തിന്റെ മുൻപന്തിയിൽ വരാൻ കേരളാ കോൺഗ്രസ്സ്കാരും എൻ.എസ്സ്.എസ്സുമെല്ലാം തയ്യാറായി. ആ സമരം വിജയിച്ചെങ്കിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് ജനങ്ങളുടെയിടയിൽ ഒരു അതൃപ്തി വർദ്ധിക്കുന്നതിനിടനൽകി. ശ്രീ. എ. കെ. ആന്റണിയും കുറേ പുരോഗമനവാദികളും കുടിയാണ് സാങ്കേതിക

www.malankaralibrary.com

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേരളത്തിൽ നടത്തുന്നതിന് വിഘാതമായി എന്നും നിലനിന്നത്. ഇടതുപക്ഷ കക്ഷികൾക്ക് ആ നിലപാട് സഹായ കരവുമായി. അങ്കമാലി ആശുപത്രിയിൽ സ്വകാര്യമേഖലയിൽ നേത്ര ചികിത്സാരംഗത്ത് ഉന്നത പഠനം നടത്താനുള്ള നീക്കത്തിനെതിരെ എല്ലാ രാഷ്ട്രീയ കക്ഷികളും ഒന്നിച്ചുനിന്ന് എതിർക്കുകയാണുണ്ടായത്.

മൂന്നു ദശാബ്ദങ്ങൾ ഇതേരീതിയിൽ കടന്നുപോയി. കർണ്ണാടകയിലും തമിഴ്നാട്ടിലുമൊക്കെ പോയി കേരള വിദ്യാർത്ഥികൾ വൻതുകകൾ കോഴകൊടുത്ത് സാങ്കേതിക വിദ്യാലയങ്ങളിൽ പഠിച്ചു. പ്രതിവർഷം അന്യസംസ്ഥാനങ്ങളിലേക്ക് 900 കോടി രൂപ ഒഴുകിയെന്നാണ് കണക്ക്. ഈ സാഹചര്യം സൃഷ്ടിച്ചതിൽ ഒരു പക്ഷെ ഇന്നത്തെ കേരള മുഖ്യമന്ത്രിക്ക് ദുഃഖമുണ്ടാകാം. അതുകൊണ്ടാണ് ചില സിദ്ധാന്തങ്ങളുടെ തടവറയിൽ നിന്നും മോചിതരായി സ്വാശ്രയ വിദ്യാലയങ്ങൾ സ്ഥാപിക്കാൻ ഞങ്ങൾ തീരുമാനിച്ചുവെന്ന് മുഖ്യമന്ത്രി വെട്ടിത്തുറന്ന് പ്രസ്താവിച്ചത്. അങ്ങനെ പ്രസ്താവിച്ചെങ്കിലും സ്വാശ്രയ മെഡിക്കൽ, എൻജിനീയറിംഗ് കോളേജുകളെ ദ്രോഹിക്കാനുള്ള നടപടികളാണ് ആന്റണി സർക്കാർ തുടരുന്നത്. കോടതിവിധികളെപോലും ധിക്കരിക്കുകയാണ് കേരള സർക്കാർ. എൻ.ഒ.സി. തിരിച്ചേൽപ്പിച്ചിട്ട് നാടുവിട്ടുകൊള്ളാൻ ഭീഷണിപ്പെടുത്തു കയാണ്. തുടർന്നുള്ള സംഭവങ്ങൾ വിശദീകരിക്കുന്നില്ല. 1972ലെ കോളേജ് സമരത്തിൽ സജീവമായി പങ്കെടുത്ത കേരളാ കോൺഗ്രസ്സുകൾ ഇന്ന് ഭരണത്തിൽ തുടരുകയാണ്. ശ്രീ. ആന്റണിയുടെ നിലപാടിനെതിരെ ചെറുവിരൽ പോലും അനക്കുവാൻ കേരള കോൺഗ്രസ്സ് മന്ത്രിമാർ തയ്യാറായില്ല. അധികാരമാണ് വലുത്. പ്രതിപക്ഷത്താണെങ്കിൽ മാത്രമേ വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുവാൻ ശ്രമിക്കുകയുള്ളു വെന്ന് അവർ നമ്മോട് മൗനമായി പറയുകയാണ്.

രാഷ്ട്രീയക്കാരുടെ ന്യൂനപക്ഷ പ്രേമവും സ്വകാര്യ വിദ്യാലയങ്ങളോടുള്ള സ്നേഹവും ഒക്കെ പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രമുള്ളതാണെന്ന തിരിച്ചറിവ് സമൂഹത്തിനുണ്ടാകണം. ഈ സത്യം മനസ്സിലാക്കി സമുദായത്തിന്റെ താല്പര്യം സംരക്ഷിക്കുവാൻ ദൃഢപ്രതിജ്ഞയെടുക്കുവാൻ തയ്യാറുള്ള ഒരു ശക്തിയെ നാം വളർത്തിക്കൊണ്ടുവരിക തന്നെ വേണം. ഒരു രാഷ്ട്രീയക്കാരനെയും ആശ്രയിച്ചതുകൊണ്ട് പ്രയോജനമില്ലെന്ന് കഴിഞ്ഞ കാലാനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞു. രാഷ്ട്രിയത്തിനതീതമായി സമുദായ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ തയ്യാറുള്ള ഒരു വിഭാഗം ഇവിടെയുണ്ടായിരുന്നു. അങ്ങനെയുള്ളവരെയാണ് നമുക്കാവശ്യം.

www.malankaralibrary.com

# എ.കെ.സി.സി.
# 2003 ന്യൂനപക്ഷാവകാശ വർഷം

കോട്ടയത്തു ചേർന്ന എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി 2003 ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കുവാൻ തീരുമാനിച്ചു. അതു സംബന്ധിച്ച് അംഗീകരിച്ച പ്രമേയത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു;

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ മതപരവും ഭാഷാപരവും മതസാംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും ഇന്ത്യൻ ഭരണഘടന 30-ാം വകുപ്പ് നൽകുന്ന പരിരക്ഷകളുമാണ് ന്യൂനപക്ഷാവകാശങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങൾക്ക് സംവരണമോ മറ്റ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ പ്രതിനിധികളുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് ഭരണഘടനാശില്പികൾ അവർക്കുവേണ്ടി ന്യൂനപക്ഷാവകാശങ്ങൾ എഴുതിച്ചേർത്തത്. ഈ അവകാശങ്ങൾ മാറിമാറിവരുന്ന ഭരണകൂടങ്ങളുടെ താല്പര്യാനുസൃതം എളുപ്പം മാറ്റിമറിക്കപ്പെടാതിരിക്കാൻ ഈ അവകാശങ്ങൾ ഇന്ത്യൻ ഭരണഘടനയുടെ മൗലീകാവകാശങ്ങളിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ന്യൂനപക്ഷവിഭാഗങ്ങളുടെ മക്കളെ അവരുടേതായ മതസാംസ്ക്കാരിക പശ്ചാത്തലത്തിൽ വളർത്താൻ വിദ്യാലയങ്ങൾ സ്ഥാപിക്കാനും അവ നടത്താനും അദ്ധ്യാപകനിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനുമുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുവാനും ഭരണഘടന നൽകുന്ന പരിരക്ഷയാണ് ഈ അവകാശങ്ങൾ. ഈ അവകാശങ്ങൾ കവർന്നെടുക്കാൻ പല സന്ദർഭങ്ങളിലും സർക്കാർ ശ്രമിച്ചിട്ടുണ്ട്. ന്യൂനപക്ഷാവകാശങ്ങളുടെ അന്തഃസത്ത മനുഷ്യാവകാശങ്ങളിലും സാമൂഹികനീതിയിലും മാനവസമത്വത്തിലുമാണ് അടങ്ങിയിരിക്കുന്നത് എന്ന സത്യം വിസ്മരിച്ചുകൊണ്ടാണ് ഭരണാധികാരികൾ പ്രവർത്തിക്കുന്നത്.

ഈ സാഹചര്യത്തിൽ ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാനും ന്യൂനപക്ഷാവകാശങ്ങളുടെ നേർക്കുള്ള വെല്ലുവിളിയെ ഫലപ്രദമായി നേരിടുന്നതിന് ജനങ്ങളെ വിശിഷ്യ ന്യൂനപക്ഷങ്ങളെ സജ്ജമാക്കുന്നതിനുമായി 2003 ന്യൂനപക്ഷാവകാശ വർഷമായി ആചരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് തീരുമാനിക്കുന്നു. ന്യൂനപക്ഷാവകാശ വർഷാചരണത്തിന്റെ രൂപരേഖ തയ്യാറാക്കുവാനും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുമായി എ.കെ.സി.സി.

www.malankaralibrary.com

# ന്യൂനപക്ഷ സമുദായങ്ങളുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള സർക്കാർ നയം അപലപനീയം - ചരിത്രസെമിനാർ

ഇന്ത്യൻഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങളെയും ഇന്ത്യയിലെ പരമോന്നത നീതിപീഠത്തിന്റെ കാലാകാലങ്ങളിലെ വിധിതീർപ്പുകളെയും ബോധപൂർവ്വം അവഗണിക്കുകയും ന്യൂനപക്ഷ സമുദായങ്ങളുടെ കലാലയങ്ങളുടെ പ്രവർത്തനത്തിൽ അനധികൃതമായി കൈകടത്തുവാൻ ശ്രമിക്കുകയും സ്വാതന്ത്ര്യനിഷേധങ്ങൾ നടത്തുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിന്റെ പുതിയ നയപരിപാടികളിലും എസ്സ്.ബി. കോളേജ് സെമിനാർ ഹാളിൽ (മാർ ജെയിംസ് കാളാശ്ശേരി നഗർ) എ.കെ.സി.സി.യും സെന്റർ ഫോർ സോഷ്യൽ ആക്ഷന്റെയും സംയുക്താഭിമുഖ്യത്തിൽ ചേർന്ന ചരിത്രസെമിനാർ ഉൽക്കണ്ഠ രേഖപ്പെടുത്തി. സർക്കാരിന്റെ ഇത്തരം ശ്രമങ്ങളെ ന്യൂനപക്ഷങ്ങളുടെ ഐക്യവേദിയുണ്ടാക്കി ശക്തമായി എതിർക്കുമെന്നും യോഗം മുന്നറിയിപ്പു നൽകി. രാജ്യത്താകമാനം ന്യുപക്ഷങ്ങൾക്കെതിരായി നടക്കുന്ന പീഢനങ്ങളിലും ഭരണഘടന വിരുദ്ധനീക്കങ്ങളിലും യോഗം പ്രതിഷേധിച്ചു.

ആർച്ചു ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ ഉദ്ഘാടനം ചെയ്ത ചരിത്രസെമിനാറിൽ പ്രിൻസിപ്പാൾ ഫാ. ടോം കുന്നുപുരം അദ്ധ്യക്ഷം വഹിച്ചു. "ക്രൈസ്തവ സമൂഹവും വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള സമരങ്ങളും" എന്ന വിഷയത്തെപ്പറ്റി എ.കെ.സി.സി. പ്രസിഡന്റ് ജോൺ കച്ചിറമറ്റം പ്രബന്ധം അവതരിപ്പിച്ചു. മോൺസിഞ്ഞോർ ജോസ് പി. കൊട്ടാരം, സി. ജിയോ മരിയ, അലൻ വാണിയപ്പുരയ്ക്കൽ, പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ, പ്രൊഫ. സെബാസ്റ്റ്യൻ വർഗ്ഗീസ്, ടോമി കണയംപ്ലാവൻ, അഡ്വ. തോമസ് ജെയിംസ്, പ്രൊഫ. ജോയി ജോസഫ് എന്നിവർ പ്രസംഗിച്ചു.

---

പ്രസിഡന്റ് ജോൺ കച്ചിറമറ്റം ചെയർമാനും അലൻവാണിയപ്പുരയ്ക്കൽ, അഡ്വ. സി ജോസ് ഫിലിപ്പ് എന്നിവർ കൺവീനറുമാരും അഡ്വ. തോമസ് ജെയിംസ്, അഡ്വ. ജോസ് വിതയത്തിൽ, ബേബിച്ചൻ ഏർത്തയിൽ, മാത്യു മുടുക്കകുഴി, പ്രൊഫ. വി. എ. വർഗ്ഗീസ് (തൃശ്ശൂർ) ഫാ. ജോർജ്ജ് സ്രാമ്പിക്കൽ, എൻ. എം. ജോസഫ് നമ്പ്യാപറമ്പിൽ, ടോമി തുരുത്തിക്കര, എന്നിവർ അംഗങ്ങളുമായി ഒരു കമ്മറ്റിയേയും തിരഞ്ഞെടുത്തു. പ്രസിഡന്റ് ജോൺ കച്ചിറമറ്റം യോഗത്തിൽ അദ്ധ്യക്ഷ്യം വഹിച്ചു.

www.malankaralibrary.com

# വിദ്യാഭ്യാസ സ്വാതന്ത്ര്യ സംരക്ഷണ ത്തിനുവേണ്ടിയുള്ള ആദ്യസമരം മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം

*പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ*



(മാർ കാളാശ്ശേരി തിരുമേനി അധികാരമേറ്റ യുടനെ തന്നെ കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെപ്പറ്റി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുവാൻ ശ്രമിക്കുകയുണ്ടായി. സർ സി. പി. രാമസ്വാമി അയ്യർ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനുള്ള ശ്രമത്തെ അദ്ദേഹം മുൻകൂട്ടി കണ്ടിരുന്നുവെന്നതാണ് സത്യം. സി. പി.യുടെ വിദ്യാഭ്യാസദേശ സാൽക്കരണ ശ്രമങ്ങൾ ആരംഭിച്ച പ്പോൾ തിരുവിതാംകൂറിലെയും കൊച്ചിയിലെയും കത്തോലിക്കാ മെത്രാന്മാർ ചേർന്ന് പുറപ്പെടുവിച്ച സംയുക്ത ഇടയലേഖനം സഭാചരിത്ര ത്തിലെ സുപ്രധാന നാഴികക്കല്ലാണ്. പ്രസ്തുത ഇടയ ലേഖനത്തെപ്പറ്റി പ്രമുഖ ദൈവശാസ്ത്ര ജ്ഞനും വിദ്യാ ഭ്യാസപ്രവർത്തകനുമായ പ്രൊഫ. കെ. റ്റി. സെബാസ്റ്റ്യൻ "മാർ ജെയിംസ് കാളാശ്ശേരിയുടെ ഇടയ ലേഖനങ്ങൾ- ഒരു പഠനം" എന്ന ഗ്രന്ഥത്തിൽ എഴുതിയ ലേഖനത്തിലെ പ്രസക്തഭാഗങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.)

കണ്ണിലെ കൃഷ്ണമണിപോലെ നമ്മുടെ പിതാമഹന്മാർ കാത്തുസൂക്ഷിച്ചുപോന്ന വിദ്യാഭ്യാസ സ്വാതന്ത്ര്യം എടുത്തു കളയുവാൻ തിരുവിതാംകൂർ ദിവാനായി വന്ന സർ സി. പി. രാമസ്വാമി അയ്യർ അന്നത്തെ സ്റ്റേറ്റ് കൗൺസിലിന്റെയും ഗവൺമെന്റിന്റെയും പേരിൽ തീരുമാന മെടുത്തപ്പോൾ ഇതിലടങ്ങിയിരിക്കുന്ന അപകടം അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുവാനും അർത്ഥശങ്ക കൂടാതെ അതിനെ എതിർക്കുവാനും കാളാശ്ശേരി പിതാവിനു സാധിച്ചു എന്നതിലാണ് അദ്ദേഹത്തിന്റെ മഹത്ത്വം നാം കാണേണ്ടത്. വിദ്യാഭ്യാസ സ്വാതന്ത്ര്യം നഷ്ടപ്പെടുമ്പോൾ നഷ്ടമാ കുന്നത് മതസ്വാതന്ത്ര്യം തന്നെയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു എന്നത് വരും തലമുറകൾക്ക് ഒരു പാഠമാകേണ്ടതാണ്. സർ സി. പി.യുമായി വിദ്യാഭ്യാസ പ്രശ്നത്തിലുണ്ടായ ഏറ്റുമുട്ടൽ പെട്ടെന്നുണ്ടായ വികാരക്ഷോ ഭത്തിന്റെ ഫലമായിരുന്നില്ല. മറിച്ച്. ക്രൈസ്തവ വിദ്യാഭ്യാസത്തെക്കു റിച്ചുള്ള അദ്ദേഹത്തിന്റെ ഉൾക്കാഴ്ചകളിൽനിന്ന് ഉരുത്തിരിഞ്ഞ ബോധ്യങ്ങ ളാണ് സർ സി. പി. രാമസ്വാമി അയ്യർ എന്ന ഉഗ്രപ്രതാപവാന്റെ വിദ്യാഭ്യാസ നയത്തെ എതിർക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. രൂപതാഭരണം ഏറ്റെ

www.malankaralibrary.com

ടുത്ത് ഒരു വർഷം പൂർത്തിയാക്കിയ 1928-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ 5-ാംനമ്പർ ഇടയലേഖനവും 1934ലെ 26-ാം നമ്പർ ഇടയലേഖനവും കത്തോലിക്കാ വിദ്യാഭ്യാസത്തെക്കുറിച്ചായിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസ പരിശീലനത്തിൽ കത്തോലിക്കാ വിദ്യാലയങ്ങൾക്കുള്ള പങ്കും പ്രാധാന്യവും രണ്ട് ഇടയലേഖനങ്ങളിലും എടുത്തുപറയുന്നുണ്ട്.

കാളാശ്ശേരി പിതാവിന്റെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഉൾക്കാഴ്ച ശരിക്കും മനസ്സിലാക്കണമെങ്കിൽ തിരുവിതാംകൂർ, കൊച്ചി സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രാന്മാരുടേതായി 1943 ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ച സംയുക്ത ഇടയലേഖനം നാം ശ്രദ്ധയോടുകൂടി പഠിക്കേണ്ടതുണ്ട്. എറണാകുളം മെത്രാപ്പോലീത്താ മാർ അഗസ്റ്റിൻ കണ്ടത്തിൽ, തിരുവനന്തപുരം മെത്രാപ്പോലീത്താ മാർ ഇവാനിയോസ്, വരാപ്പുഴ മെത്രാപ്പോലീത്താ മാർ ജോസഫ് അട്ടിപ്പേറ്റി, കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ, ചങ്ങനാശ്ശേരി മെത്രാൻ മാർ ജെയിംസ് കാളാശ്ശേരി, അന്ന് തിരുവിതാംകൂർ -കൊച്ചി ഭാഗത്തുണ്ടായിരുന്ന 11 മെത്രാന്മാർ സംയുക്തമായി പുറപ്പെടുവിച്ചതാണത്. അത് ഇങ്ങനെയൊരു സംയുക്ത ഇടയലേഖനമുണ്ടാകുന്നത് കേരള സഭയിൽ ആദ്യമായിട്ടായിരുന്നു എന്നതിൽനിന്നു തന്നെ കത്തോലിക്കാ വിദ്യാഭ്യാസത്തിന് നമ്മുടെ പിതാക്കന്മാർ നൽകിപ്പോന്ന പ്രാധാന്യം വ്യക്തമാണല്ലോ. പ്രസ്തുത ഇടയലേഖനം വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സഭയുടെ നയമെന്താണെന്ന് വ്യക്തമാക്കുകയും പിതാക്കന്മാർ അതിനെ ശരിവയ്ക്കുകയും ചെയ്തു. 13-ാം ലെയോ, പതിനൊന്നാം പിയൂസ്, പന്ത്രണ്ടാം പിയൂസ് എന്നീ മാർപാപ്പമാരുടെ പ്രബോധനങ്ങളുടെയും കത്തോലിക്കാ വിദ്യാഭ്യാസത്തെക്കുറിച്ച് അന്നു നിലവിലിരുന്ന കാനോൻ നിയമങ്ങളുടെയും അടിസ്ഥാനത്തിൽ എഴുതപ്പെട്ട ഈ സംയുക്ത ഇടയലേഖനത്തെ കത്തോലിക്കാ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരു പ്രഖ്യാപനമെന്നോ അവകാശ പത്രികയെന്നോ (Charter of Rights) വിശേഷിപ്പിക്കാവുന്നതാണ്. അപ്പോസ്തോലന്മാരുടെ പിൻഗാമി കളെന്ന നിലയിലുള്ള പ്രബോധനധികാരം ഉപയോഗിച്ച്

*With best compliments*

**SUPERIOR GENERAL**
**MARIA BHAVAN GENERALATE**
**KOLAZHY - TRICHUR DT.**
**KERALA**

www.malankaralibrary.com

പുറപ്പെടുവിച്ച ആധികാരികമായ ഒരു പ്രബോധന രേഖയായിരുന്നു ഇത്. കാളാശ്ശേരി പിതാവിന് വിദ്യാഭ്യാസ വിഷയത്തിൽ മാർഗ്ഗദർശനം നൽകിയത്. ഈ സമയത്തെ ഇടയലേഖനമായിരുന്നുവെന്ന് വേണം കരുതുവാൻ. മാത്രമല്ല ഇതിന്റെ പ്രയോക്താക്കളിൽ ഒരാളെന്ന നിലയിൽ പിതാവിന് ഇതിലെ ആശയങ്ങളോട് ഏറെ പ്രതിബദ്ധത ഉണ്ടായിരുന്നു. കാളാശ്ശേരി പിതാവിന്റെ വിദ്യാഭ്യാസ ദർശനത്തിന് അടിസ്ഥാനമായി തീർന്ന ഒരു രേഖയെന്ന നിലയിൽ ഇത് നമ്മുടെ പരിചിന്തിനത്തിന് വിഷയമാകേണ്ടതാണ്. സംയുക്ത ഇടയലേഖനം കാളാശ്ശേരി പിതാവ് പള്ളികളിലേക്ക് അയച്ചു കൊടുക്കുന്നത് താഴെ പറയുന്ന ഒരു ചെറുകുറിപ്പോടുകൂടിയാണ്. "വിദ്യാഭ്യാസത്തെപ്പറ്റിയുള്ള തിരുസഭയുടെ പ്രബോധനങ്ങളും മാതാപിതാക്കന്മാരും രക്ഷകർത്താക്കളും തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസ വിഷയത്തിലുള്ള അവകാശങ്ങളും കടമകളും ശരിയാംവണ്ണം മനസ്സിലാക്കി സർവ്വപ്രധാനമായ ഇക്കാര്യത്തിൽ പൂർവ്വാധികം ശ്രദ്ധപതിക്കണമെന്ന് ഏവരേയും നാം പ്രത്യേകം ഉദ്ബോധിപ്പിക്കുന്നു. " സംയുക്ത ഇടയലേഖനം പിതാവ് പ്രസിദ്ധീകരിച്ചിരിക്കുന്നത് അദ്ദേഹത്തിന്റെ തന്നെ 108-ാം നമ്പർ ഇടയ ലേഖനമായിട്ടാണ്. ഇടയ ലേഖനത്തിലെ മുഖ്യ ആശയങ്ങൾ താഴെ പറയുന്നവയാണ്.

കത്തോലിക്കാ വിദ്യാഭ്യാസത്തിന് സഭ എക്കാലത്തും ഏറെ പ്രാധാന്യം നൽകിപ്പോന്നിരുന്നു. വിദ്യാഭ്യാസ അവകാശം സഭയ്ക്ക് ദൈവ ദത്തമായി ലഭിച്ചിട്ടുള്ളതാണ്. കത്തോലിക്കാ സഭ ലോകചരിത്രത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസ ഏജൻസിയാണെന്ന് പറഞ്ഞുകൊണ്ട് ഈ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യവും സ്വഭാവവും പിതാക്കന്മാർ വ്യക്തമാക്കുന്നു. മനുഷ്യനെ അവന്റെ പൂർണ്ണതയിൽ കണ്ടുകൊണ്ട് നൽകുന്ന ഒരു സമഗ്ര വിദ്യാഭ്യാസ രീതിയാണ് കത്തോലിക്കാസഭ മുന്നോട്ട് വയ്ക്കുന്നത്. അതിന്റെ അന്തിമ ലക്ഷ്യം ജീവിതത്തിന്റെ തന്നെ അന്തിമലക്ഷ്യമായി ഈശ്വരനെ പ്രാപിക്കുക എന്നതായിരിക്കണം. കത്തോലിക്കാ വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശ്യം മതബോധനവും മതപരിശീലനവും ആയതുകൊണ്ട് സ്വന്തമായി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടുപോകുവാനുള്ള അവകാശം കത്തോലിക്കാ സഭയ്ക്കുണ്ട്. കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസ സ്വാതന്ത്ര്യം എന്നത് അവരുടെ മതസ്വാതന്ത്ര്യത്തിന്റെ തന്നെ ഭാഗമാണ്. കത്തോലിക്കാ കുട്ടികളെ കത്തോലിക്കാ വിദ്യാലയങ്ങളിൽ തന്നെ അയച്ച് കത്തോലിക്കാ വിദ്യാഭ്യാസം നൽകുവാൻ മാതാപിതാക്കൾക്ക് ചുമതലയുണ്ട്. മതത്തിനും രാഷ്ട്രത്തിനും പ്രത്യേകമായ പ്രവർത്തന മേഖലകളുണ്ട്. ഈ മേഖലകൾ വ്യത്യസ്തമാണെങ്കിലും അവയ്ക്കു തമ്മിൽ വൈരുദ്ധ്യമുണ്ടാകുവാൻ പാടില്ല. പരസ്പരം കൈ കടത്തുവാനും പാടുള്ളതല്ല. ദൈവത്തിനുള്ളത് ദൈവ

www.malankaralibrary.com

ത്തിനും സീസറിനുള്ളത് സീസറിനും എന്നുള്ള വേദവാക്യം ആയിരിക്കണം, ഇക്കാര്യത്തിൽ നമുക്ക് മാർഗ്ഗനിർദ്ദേശമായിരിക്കേണ്ടത്. വിദ്യാഭ്യാസ കാര്യത്തിൽ സഭയും രാഷ്ട്രവും തമ്മിൽ മല്ലടിക്കുകയല്ല, സഹകരിക്കുകയാണ് വേണ്ടത്. ക്രൈസ്തവ ഏജൻസികളുടെ ഉടമസ്ഥതയിലുള്ള വിദ്യാലയങ്ങളെ സഹായിക്കുവാൻ സർക്കാരിന് ചുമതലയുണ്ട് - എന്നിങ്ങനെ പോകുന്നു സംയുക്ത ഇടയലേഖനത്തിലെ ആശയങ്ങൾ. അവസാനമായി കേരളത്തിൽ നടക്കുവാൻ പോകുന്ന വിദ്യാലയ ദേശവത്ക്കരണ സംരംഭത്തെ മുൻകൂട്ടി കണ്ടുകൊണ്ടെന്നപോലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ രാഷ്ട്രത്തിന്റെ കുത്തകയാക്കുന്നതിന് എതിരായ ഒരു മുന്നറിയിപ്പു കൂടി പിതാക്കന്മാർ നൽകുന്നുണ്ട്. സർ സി. പി. ദേശവത്ക്കരിക്കാനുദ്ദേശിച്ചിരുന്ന പ്രാഥമിക വിദ്യാലയങ്ങളുടെ പ്രാധാന്യം ഇടയലേഖനത്തിൽ എടുത്തുപറയുന്നുണ്ട്. ആ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ. "പ്രാഥമിക വിദ്യാഭ്യാസപ്രവർത്തനത്തെ കുത്തകയാക്കി വെക്കാൻ ഗവൺമെന്റുകൾ ചെയ്യുന്ന ഏതുശ്രമവും കത്തോലിക്കർ ന്യായമായി അർഹിക്കുന്ന അവകാശങ്ങളോടുള്ള ഒരു വലിയ കയ്യേറ്റമായിരിക്കുന്നതാണ്. അതു കത്തോലിക്കർക്കു വരുത്തിവയ്ക്കുന്ന ഉപദ്രവത്തിനുപുറമെ, അകത്തോലിക്കരുടെ ഭാവി തലമുറകളിൽ തന്നെയും അതിന്റെ നാശകരമായ ഫലങ്ങൾ പുറപ്പെടുവിക്കും. അത് വിദ്യാഭ്യാസ പ്രവർത്തനത്തിൽ പ്രശസ്തമായ ജോലിചെയ്യുന്നതിന് കഴിവുള്ളവരായ - ഗവൺമെന്റുകളെക്കാൾ കൂടുതൽ കാര്യക്ഷമമായും അതേസമയം തന്നെ ചുരുങ്ങിയ ചെലവിലും ആ ജോലി നിർവ്വഹിക്കുവാൻ കഴിവുള്ളവരായ- പ്രൈവറ്റ് ഏജൻസികളെ രംഗത്തുനിന്ന് ബഹിഷ്ക്കരിച്ചുകൊണ്ട് വിദ്യാഭ്യാസത്തിന്റെ പുരോഗതിയെ നിരോധിക്കുകയും ചെയ്യും." സംയുക്ത ഇടയലേഖനത്തിന്റെ ആശയങ്ങൾ പ്രത്യേകിച്ച് പ്രാഥമിക വിദ്യാഭ്യാസത്തെ സർക്കാരിന്റെ കുത്തകയാക്കുന്നതിന് എതിരായ മുന്നറിയിപ്പ് കാളാശ്ശേരി പിതാവ് ഗൗരവമായി തന്നെ എടുത്തിട്ടുണ്ടാവണം.

ആയിരത്തിതൊള്ളായിരത്തി നാല്പത്തിമൂന്നാമാണ്ടിൽ ഈശോയുടെ എത്രയും പരിശുദ്ധഹൃദയത്തിന്റെ തിരുനാളായ ജൂലൈ രണ്ടാം തീയതി നൽകപ്പെട്ടതും തിരുവിതാംകൂറിലെയും കൊച്ചിയിലെയും വൈദീകദ്ധ്യക്ഷൻമാരെല്ലാവരും ഒപ്പുവെച്ചിരിക്കുന്നതുമായ ഈ ലിഖിതം കൈപ്പറ്റിയാൽ മൂന്നു ഞായറാഴ്ചകളിൽ തുടർച്ചയായി കുർബാന സമയത്ത് സുവിശേഷം കഴിഞ്ഞ് പരസ്യമായി വായിച്ചുകൊള്ളണം.

സംയുക്ത ഇടയ ലേഖനത്തിൽ ഒപ്പുവച്ചത് താഴെ പറയുന്ന പിതാക്കന്മാരാണ്.

* മാർ അഗസ്റ്റിൻ കണ്ടത്തിൽ - എറണാകുളം മെത്രാപ്പോലീത്താ
* മാർ ഇവാനിയോസ് - തിരുവനന്തപുരം മെത്രാപ്പോലീത്താ
* അലക്സാണ്ടർ ചൂളപ്പറമ്പിൽ - കോട്ടയം മെത്രാൻ

www.malankaralibrary.com

* ജോസഫ് അട്ടിപ്പേറ്റി - വരാപ്പുഴ മെത്രാപ്പോലീത്താ
* ജെയിംസ് കാളാശ്ശേരി - ചങ്ങനാശ്ശേരി മെത്രാൻ
* ഫാ. ബൊൻവൻതൂരാ അരാനാ - ഒ. സി. ഡി., വിജയപുരം മെത്രാൻ
* ഫാ. വിൻസെന്റ് ഡിറേയിരാ ഒ. സി. ഡി., തിരുവനന്തപുരം മെത്രാൻ
* ജെറോം ഫെർണ്ണാണ്ടസ് - കൊല്ലം മെത്രാൻ
* റോക്ക് അഗ്നിസ്വാമി എസ്. ജെ. - കോട്ടാർ മെത്രാൻ
* ജോസ് അൽവേർന്നസ് - കൊച്ചി മെത്രാൻ
* മാർ ജോസഫ് സെവേരിയൂസ് - തിരുവല്ല അഡ്മിനിസ്ട്രേറ്റർ
* മാത്യു എടക്കളത്തൂർ - തൃശ്ശൂർ അഡ്മിനിസ്ട്രേറ്റർ

സംയുക്ത ഇടയലേഖനം പ്രസിദ്ധപ്പെടുത്തി രണ്ടു വർഷങ്ങൾക്കു ശേഷം കാളാശ്ശേരി പിതാവ് കമ്മ്യൂണിസത്തെ വിമർശിച്ചുകൊണ്ടും അതിനെതിരായി ജനങ്ങൾക്ക് മുന്നറിയിപ്പു നൽകിക്കൊണ്ടും രണ്ടു ലേഖനങ്ങൾകൂടി പ്രസിദ്ധപ്പെടുത്തി. കമ്മ്യൂണിസത്തിനെതിരായ മുന്നറിയിപ്പ് 119-ാം നമ്പർ ആയി "കത്തോലിക്കരും കമ്മ്യൂണിസവും" എന്ന ലേഖനം 1945 മെയ്‌ലും 121-ാം നമ്പർ ആയി "കമ്മ്യൂണിസമെന്ന ശൂന്യദേവി" എന്ന പേരിലുള്ള രണ്ടാമത്തെ ലേഖനം 1945 ഓഗസ്ററിലും പ്രസിദ്ധീകരിച്ചു. ഈ രണ്ടു ലേഖനങ്ങളിലും പിതാവ് കമ്മ്യൂണിസത്തെ ശക്തമായി എതിർക്കുകയും അതിനെതിരായി മുന്നറിയിപ്പ് നൽകുകയും ചെയ്യുന്നു. ജനപ്രതിനിധികൾ കമ്മ്യൂണിസത്തിനെതിരായി സ്വരമുയർത്താത്തതിലുള്ള ദുഃഖവും പിതാവ് പ്രകടിപ്പിക്കുന്നുണ്ട്. നിരീശ്വര കമ്മ്യൂണിസം സർവ്വാധിപത്യത്തിലേക്ക് വഴിതുറക്കുമെന്നും അങ്ങനെ എന്തെങ്കിലും സംഭവിച്ചാൽ ആദ്യമായി നഷ്ടപ്പെടാൻ പോകുന്നതും മതസ്വാതന്ത്ര്യമാണെന്നും പിതാവിന് അറിയാമായിരുന്നു. മതസ്വാതന്ത്ര്യത്തിന്റെ ആവശ്യഘടകമായ വിദ്യാഭ്യാസ സ്വാതന്ത്ര്യവും യാതൊരു വിധത്തിലും നഷ്ടമാകാൻ പാടില്ലെന്ന് കാളാശ്ശേരി പിതാവ് നിശ്ചയിച്ചുറച്ചിരുന്നുവെന്നുവേണം അനന്തര സംഭവ വികാസങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ടത്. പിതാവ് ഭയപ്പെട്ടിരുന്നതുപോലെ അധികകാലം കഴിയുന്നതിനുമുമ്പുതന്നെ കമ്യൂണിസ്റ്റു പാർട്ടി ഇവിടെ അധികാരത്തിൽ വരുകയും സഭയുടെ ഉൾപ്പെടെയുള്ള സ്വകാര്യ സ്കൂളുകളുടെ നടത്തിപ്പിൽ അനാവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു. ഇതിനെതിരായ ജനകീയ പ്രക്ഷോഭണമാണ് ചരിത്രപ്രസിദ്ധമായ വിമോചന സമരമായി മാറിയത്.

## സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി മാറിയ ധർമ്മസമരം

ദിവാൻ സർ സി. പി. ക്രിസ്ത്യൻ വിദ്യാലയങ്ങൾക്കും കാളാശ്ശേരി ബിഷപ്പിനുമെതിരായി തുടങ്ങിവെച്ച പ്രകോപനപരമായ നടപടികൾ എങ്ങനെ അവസാനിച്ചുവെന്ന് നമുക്കറിയാം. ക്രിസ്ത്യൻ വിദ്യാലയങ്ങൾ

www.malankaralibrary.com

കൈവശപ്പെടുത്തുകയോ കാളാശ്ശേരി പിതാവിനെ അറസ്റ്റുചെയ്യുകയോ ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് ബോധവാനാകുവാൻ അദ്ദേഹത്തിനേറെ നാളുകൾ വേണ്ടിവന്നില്ല. അതിനകംതന്നെ കാളാശ്ശേരി പിതാവ് നേതൃത്വം നൽകിയ ചെറുത്തുനിൽപ് ഒരു കൊടുങ്കാറ്റായി മാറുകയായിരുന്നു. അതിവിടത്തെ സ്വാതന്ത്ര്യസമരത്തിന്റെ തന്നെ ഒരു ഭാഗമായി മാറുവാൻ അധികനാളുകൾ വേണ്ടിവന്നില്ല. അതിന്റെ പ്രതിഫലനങ്ങൾ ഭാരതമൊട്ടുക്കുമുണ്ടായി. ഭാരതസഭ ഒറ്റക്കെട്ടായി. കാളാശ്ശേരി പിതാവിന് പിന്തുണ നൽകി. വിദ്യാഭ്യാസ ദേശസാൽക്കരണത്തിനും സി. പി.യുടെ ക്രൈസ്തവ വിരുദ്ധ നടപടികൾക്കും എതിരായി സമരപരിപാടികൾക്ക് നേതൃത്വം നൽകുവാൻ അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് മുന്നോട്ടുവന്നത് സമര ചരിത്രത്തിലെ ഒരു വഴിത്തിരിവായി മാറി. ഏതാനും നാളുകൾക്കകം തന്നെ ക്രിസ്തീയ സഭയിലെ എല്ലാ വിഭാഗങ്ങളുടെയും പിന്തുണ കാളാശ്ശേരി പിതാവിന് നേടുവാൻ സാധിച്ചു. 1945 ഒക്ടോബർ 6-ാം തീയതി കോട്ടയത്ത് ആംഗ്ലിക്കൻ മെത്രാസന അരമനയിൽ ചേർന്ന വിവിധ സഭാ മേലദ്ധ്യക്ഷൻമാരുടെ സമ്മേളനം വിദ്യാഭ്യാസവിഷയത്തിൽ കാളാശ്ശേരി പിതാവ് സ്വീകരിച്ച നിലപാടിനെ അംഗീകരിക്കുകയും പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. കോട്ടയത്തു നടന്ന ഈ സമ്മേളനം കേരളത്തിലെ ആദ്യത്തെ സഭൈക്യസമ്മേളനം കൂടിയായിരുന്നുവെന്ന് പറയട്ടെ.

കാളാശ്ശേരി പിതാവിനെ അറസ്റ്റുചെയ്യുകയോ ക്രിസ്തീയ വിദ്യാലയങ്ങൾ പിടിച്ചെടുക്കുകയോ ചെയ്താൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ ഗുരുതരമായിരിക്കുമെന്ന് മനസ്സിലാക്കിയ സർ. സി. പി. തനിക്കെതിരായി ഉരുണ്ടുകൂടിയ ജനകീയ പ്രക്ഷോഭണത്തെ മർദ്ദനമുറകൾകൊണ്ട് അടിച്ചമർത്താൻ നോക്കിയെങ്കിലും അധികനാൾ പിടിച്ചുനിൽക്കുവാൻ സാധിച്ചില്ല. 1945 ഒക്ടോബറിൽതന്നെ വിവാദപരമായ വിദ്യാഭ്യാസ ആക്ടിൽ മഹാരാജാവിനെക്കൊണ്ട് ഒപ്പുവെപ്പിച്ചെങ്കിലും അതിലെ വ്യവസ്ഥകൾ നടപ്പിലാക്കുവാൻ സി. പി.യുടെ ഗവൺമെന്റിന് സാധിച്ചില്ല. 1947-ൽ തിരുവിതാംകൂറിലെ രാഷ്ട്രീയാന്തരീക്ഷം കൂടുതൽ പ്രക്ഷുബ്ധമാവുകയായിരുന്നു. ഈ അവസരത്തിൽ മെത്രാന്മാരുമായി ഒത്തുതീർപ്പുണ്ടാകുവാൻ ദിവാൻജി ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയുടെ സഹായം തേടുകയുണ്ടായി. ഇതേ തുടർന്ന് മെത്രാന്മാരുടെ മൂന്ന് പ്രതിനിധികളും അന്നത്തെ വിദ്യാഭ്യാസ ഡയറക്ടറായിരുന്ന ശ്രീ. എ. എൻ. തമ്പിയുമായി നടന്ന ചർച്ചകളുടെ അവസാനം ഒരു ഒത്തുതീർപ്പു ഫോർമുലയുണ്ടായി. ആരുടെയും സമ്മതം കൂടാതെ ഒരു വിദ്യാലയവും ഏറ്റെടുക്കുന്നതല്ലെന്നുള്ളതായിരുന്നു. ഒത്തുതീർപ്പു ഫോർമുലായിലെ ഏറ്റവും പ്രധാന വ്യവസ്ഥ. അങ്ങനെ ആ പ്രതിസന്ധി അവസാനിച്ചു.

www.malankaralibrary.com

# മാർ ജെയിംസ് കാളാശ്ശേരി തിരുമേനിയുടെ ചരിത്രപ്രസിദ്ധമായ 123-ാം നമ്പർ ഇടയ ലേഖനം



സർ സി. പി. രാമസ്വാമി അയ്യരുടെ പ്രൈമറി വിദ്യാലയ ദേശവത്ക്കരണത്തിനെതിരെ കാളാശ്ശേരി പിതാവ് 1945 ആഗസ്റ്റ് 15ന് പുറപ്പെടുവിച്ച 123-ാം നമ്പർ ഇടയലേഖനം ഭാരതസഭാചരിത്രത്തിൽ ഒരു സുവർണ്ണ ദ്ധ്യായമായി തീർന്നിരിക്കുന്നു. ഇത്ര ശക്തമായ ഒരിടയ ലേഖനം മറ്റാരും ഇതിനു മുൻപോ പിൻപോ എഴുതിയിട്ടില്ല. സുപ്രസിദ്ധമായ ഈ ഇടയലേഖനം വളരെയധികം കോളിളക്കം സൃഷ്ടിച്ചു. ഈ ലേഖനം പിൻവലിച്ച് ക്ഷമാപണം ചെയ്യണമെന്ന് സർക്കാർ ആവശ്യപ്പെട്ടു. കോളിളക്കം സൃഷ്ടിച്ച ഇടയ ലേഖനം താഴെ ചേർക്കുന്നു.

നമ്പർ 123

## സ്ക്കൂളുകളുടെ സർക്കാർ സമിതീകരണം

ദൈവകൃപയാലും
പരിശുദ്ധ സിംഹാസനത്തിന്റെ മനോഗുണത്താലും
ചങ്ങനാശ്ശേരി രൂപതയുടെ മെത്രാനായ നാം
കാളാശ്ശേരി ജെയിംസ് മെത്രാൻ

നമ്മുടെ അധികാരത്തിൻ കീഴുള്ള പള്ളികളിലെ ബഹു. വികാരിമാർക്കും അസിസ്റ്റന്റുമാർക്കും ഇടവക പട്ടക്കാർക്കും സന്യാസിനിമാർക്കും കന്യാസ്ത്രീകൾക്കും വിശ്വാസികൾ ഏവർക്കും നമ്മുടെ കർത്താവീശോ മിശിഹായിൽ സമാധാനവും വാഴ്വും.

അവൻ അവരോട് അരുൾചെയ്യുന്നു; "ഇപ്പോൾ മുതൽ മടിശീലയുള്ളവൻ അതെടുക്കട്ടെ, വാളില്ലാത്തവൻ അവന്റെ കുപ്പായം വിറ്റ് തനിക്കായി വാൾ വാങ്ങിക്കട്ടെ. അവരോ അവനോട്; ഞങ്ങളുടെ കർത്താവേ, ഇതാ ഇവിടെ രണ്ടു വാളുകൾ ഉണ്ട് എന്ന് പറയുന്നു. അവൻ അവരോട് മതി..മതി.. എന്നരുൾചെയ്യുന്നു." (വി. ലൂക്ക. 22:36-38)

വന്ദ്യ സഹോദരരേ, വാത്സല്യ മക്കളേ,

മേലുദ്ധരിച്ച വേദവാക്യങ്ങളുടെ വിധിപ്രകാരം ക്രിസ്തുവിന്റെ ഒരു വിനീത അപ്പസ്തോലനായ നാം നമ്മുടെ കൈവശം സൂക്ഷിച്ചു വച്ചിരുന്ന രണ്ടുവാളുകളിൽ ഒന്നിനെ നിരീശ്വര പ്രസ്ഥാനത്തിനെതിരായി

www.malankaralibrary.com

നമ്മുടെ മുൻലേഖനത്തിൽ ഊരിവീശിക്കഴിഞ്ഞു. ഇനി നമുക്ക് ശേഷിച്ചിരിക്കുന്ന രണ്ടാമത്തെ ആദ്ധ്യാത്മിക ഖഡ്ഗത്തെ ആദ്ധ്യാത്മിക അണുബോംബിനെ പ്രയോഗിക്കേണ്ടതായ ആവശ്യമിതാ കൈവന്നിരിക്കുന്നു. മടിശീലയുള്ളവർ അതെടുത്തുകൊള്ളുന്നതിനുള്ള അവസരവും സമീപിച്ചിരിക്കുന്നു.

എങ്കിലും നാം ഉടനെ ആ വാളൂരുന്നില്ല. ആ ആദ്ധ്യാത്മിക അണുബോംബ് തൽക്ഷണം പൊട്ടിക്കുന്നുമില്ല. എന്തെന്നാൽ ശാന്തശീലമുള്ളവർ ഭാഗ്യവാന്മാർ എന്നാണല്ലോ. ആകയാൽ നിയന്ത്രിക്കുന്നതിനു ഇത്തരണത്തിൽ വളരെ വൈഷമ്യമുള്ള നമ്മുടെ ക്ഷമ കൈവിടാതെ നമുക്ക് നമ്മുടെ നിർമ്മല സഭയ്ക്കും മഹനീയ സമുദായത്തിനും താമസംവിനാ ഭവിക്കാനിരിക്കുന്ന വിപത്തുകളെ നിങ്ങളെയും സുബുദ്ധിയും ഈശ്വരവിശ്വാസവുമുള്ള സകല മഹാജനങ്ങളെയും വിശദമായി മനസ്സിലാക്കണമെന്നു മാത്രമെ നമ്മുടെ ഈ ലേഖനത്താൽ നാം ഉദ്ദേശിക്കുന്നുള്ളൂ.

നമ്മുടെ മുൻലേഖനത്തിൽ കമ്മ്യൂണിസത്തിൻ സമുദായത്തിനെന്തെങ്കിലും നന്മ ചെയ്യുന്നതിനുള്ള വൈഭവം വെറും 'പൂജ്യ'മാണെന്നു നാം പ്രസ്താവിച്ചിരുന്നുവല്ലോ. എന്നാൽ കണക്കു ശാസ്ത്രത്തിലെ '0' പൂജ്യത്തിനു അതിരറ്റ ശക്തിയുണ്ടെന്നു അണുബോംബും മറ്റും കണ്ടുപിടിക്കുന്നതിനു വളരെ മുമ്പുതന്നെ ഗണിതശാസ്ത്രജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ടെന്നുള്ളത് നാം വിസ്മരിക്കുന്നില്ല. തത്തുല്യമായ ഒരു ശക്തി 'പൂജ്യ'ത്തിനുണ്ടാകുന്നതു പ്രബലന്മാരായ 1, 2, 3...9 എന്ന അക്കങ്ങൾ പൂജ്യങ്ങളുടെ വലംകൈയ്യായി, പ്രശാന്തഗംഭീരമായി (100000 പോലെ) നിലകൊള്ളുമ്പോഴാണ് എന്ന് ഏവർക്കും അറിവുള്ളതാണല്ലോ. എന്നാൽ പ്രസ്തുത അക്കങ്ങൾക്കു പൂർണ്ണവിരാമമിട്ടു പൂജ്യങ്ങളിൽനിന്നു (100000പോലെ) അകന്നുനിന്നാൽ പൂജ്യങ്ങൾക്കു യാതൊരു വിലയുമില്ലാതാകുമെന്നുള്ളത് അവിതർക്കിതമാണ്. കമ്മ്യൂണിസത്തിനു റഷ്യയിലും, നാസിസത്തിനു ജർമ്മനിയിലും, ഫാസിസത്തിന് ഇററലിയിലും അനന്യസാധാരണമായ കൈയൂക്ക് ഉണ്ടായത് ലനിൻ, ഹിറ്റ്ലർ മുസോളനി മുതലായ രാഷ്ട്രിപതികൾ ആ 'പൂജ്യ' പ്രസ്ഥാനങ്ങൾക്കു വലംകൈയ്യായി നിലകൊണ്ടതിനാലത്രേ.

നമ്മുടെ രാജ്യത്തു കമ്മ്യൂണിസം അഥവാ സമത്വകാരണമെന്ന പ്രസ്ഥാനത്തിനു അതുദ്ദേശിക്കുന്ന വിധമുള്ള ശക്തിയുണ്ടാകാത്തത് അതിന്റെ 'തലതൊട്ടപ്പനായി' രാഷ്ട്രം നിലകൊള്ളാത്തതുകൊണ്ടുമാത്രമാണ്. എന്നാൽ ആ പ്രസ്ഥാനത്തോടു വളരെ സാമ്യമുള്ളതും എന്നാൽ യഥാർത്ഥത്തിൽ വളരെ വിഭിന്നവുമായിരിക്കുന്ന (Socialism) സമിതീകരണം എന്ന കാരണത്തിനു രാഷ്ട്രം കൈബലം കൊടുക്കുന്നില്ലയോ എന്നു സംശയിക്കുവാൻ നമുക്കു ന്യായങ്ങളില്ലാതില്ല.

www.malankaralibrary.com


സമത്വീകരണ പ്രസ്ഥാനം സമിതീകരണമെന്നതിൽ നിന്നും വിഭിന്നമായിട്ടുള്ളതാണെന്നു നാം പറഞ്ഞുവല്ലോ. അതിന്റെ കാരണം സമത്വീകരണമെന്നതു മുതലാളികളുടെ സ്വത്തെല്ലാം നിർബന്ധമായി പിടിച്ചെടുത്തു ഒരു രാഷ്ട്രത്തിൻ കീഴിലുള്ള സകല വ്യക്തികൾക്കും സമമായി ഭാഗിച്ച് എല്ലാവരും ഒരുപോലെ ഭുജിച്ചു സുഖിച്ചു ജീവിക്കണെന്നും, അന്യന്റെ വസ്തുക്കൾ അപഹരിക്കരുതെന്നു നിർബന്ധമുള്ള ഈശ്വരനെ ഒരു നിഷ്ഠൂര മുതലാളി മാത്രമായി കണക്കാക്കി, ഈശ്വരന്റെ അഥവാ ദേവസ്വം സ്വത്തുക്കളും സമമായി ഭാഗിച്ചെടുത്തു നിരീശ്വര വാദത്തെ മുറിക്കിപ്പിടിക്കണമെന്നും സിദ്ധാന്തിക്കുന്നു. സമിതീകരണക്കാരാകട്ടെ, **(Socialists).** സമിതീകരണം എന്ന പ്രസ്ഥാനം കേവലം അന്യായം തന്നെയാണെന്നും, എന്നാൽ പ്രത്യേക കാരണങ്ങളുള്ളപ്പോൾ മുതലാളികളുടേയും മറ്റും സ്വത്തുക്കൾ സുശക്തവും സംഘടിതവുമായ ഒരു മഹനീയ സമിതി, ന്യായമായ പ്രതിഫലം കൊടുത്തു കൈവശപ്പെടുത്തി ബഹുലങ്ങളായ ലൗകീക നന്മകൾ ആ സമിതിയുടെ കൊടിക്കീഴിൽ നാടൊട്ടുക്കു വ്യാപിപ്പിക്കണമെന്നു ശഠിക്കുന്നു.

ഇവരുടെ ഈ ശാഠ്യം ഏതാനും പ്രത്യേകസന്ദർഭങ്ങളിലും, സംഗതികളിലും വെറും ദുശ്ശാഠ്യമായി പരിഗണിക്കാവുന്നതല്ല. "പഞ്ഞം, പട, വസന്ത" മൂലം ഒരു രാജ്യത്തിലെ ജനതയൊന്നാകെ തീർച്ചയായ മരണാപകടത്തിലാകുമ്പോൾ, രാജ്യത്തിലുള്ള സ്വകാര്യ ഉടമസ്ഥന്മാരുടെ വയലുകളും തോട്ടങ്ങളും വ്യവസായങ്ങളും കെട്ടിടങ്ങളും മറ്റും സർക്കാർ വലംകൈയ്യായിനിന്ന് അത്യാവശ്യപ്പെട്ട കാലയളവിൽ സമിതീകരിക്കാവുന്നതും, അങ്ങനെയുള്ള സർക്കാർ സമിതീകരണം ചിലപ്പോഴൊക്കെ ആവശ്യവും അഭിനന്ദനീയവുമാണ്. എന്നാലപ്പോഴൊക്കെയും വ്യക്തികളുടെ ന്യായമായ മൗലീകാവകാശങ്ങൾ അഭേദ്യമായി പരിപാലിക്കുന്നതിനു സർക്കാർ സമിതീകരണം സന്നദ്ധമായിരിക്കണമെന്നുള്ളതു സമിതീകരണപ്രസ്ഥാനക്കാർക്കു സമ്മതമായ കാര്യം തന്നെയാണ് എന്നുള്ള വസ്തുത ആ പ്രസ്ഥാനത്തിന്റെ മികച്ചുനിൽക്കുന്ന ഗുണവശമാകുന്നു.

എന്നാൽ സർക്കാർ സമിതീകരണം അത്യന്താപേക്ഷിതമല്ലാത്ത സമയങ്ങളിലും കാര്യങ്ങളിലും രംഗപ്രവേശം ചെയ്തുവെന്നു വന്നാൽ അതു രാജ്യവാസികൾക്കു സഹിക്കാവുന്നതല്ല. വ്യക്തികൾക്കു തങ്ങളുടെ സമ്പാദ്യങ്ങളിന്മേലുള്ള പൂർണ്ണാവകാശം പ്രകൃതിദത്തമായിട്ടുള്ളതാണ്. പ്രകൃതി തന്നെ ആവശ്യപ്പെടുമ്പോഴല്ലാതെ ആ അവകാശം യാതൊരു ഭുജങ്ങൾക്കും ഭംഞ്ജിക്കുന്നതിന് അർഹതയില്ലാത്തതാകുന്നു. മാത്രമല്ല, സർക്കാർ സമിതീകരണം നിർബന്ധമായി വരുമ്പോൾ വ്യക്തികളുടെ മൗലീകവകാശങ്ങൾക്കു എത്ര നിസ്സാരമായ തോതിൽപ്പോലും ഭംഗം

www.malankaralibrary.com

## ഒന്നാം ചരമ വാർഷികം



# പി. ഡി. മത്തായി പുളിയംമാക്കൽ

## 25-7-2003

*പാവങ്ങളുമായി സമ്പാദ്യം പങ്കുവച്ച് തന്റെ നിക്ഷേപം വർദ്ധിപ്പിച്ച മത്തായിചേട്ടന്റെ ജീവിത മാതൃക സമൂഹത്തിന് പ്രേരണയാകണം.*

*(മാർ എമ്മാനുവൽ പോത്തനാംമുഴി)*

*ജീവിതമാണ് സന്ദേശമെന്ന ഗാന്ധിജിയുടെ വാക്യം പ്രാവർത്തികമാക്കാൻ ശ്രമിച്ച വ്യക്തിയാണ് പുളിയംമാക്കൽ മത്തായിച്ചേട്ടൻ.*

*(ജോൺ കച്ചിറമറ്റം, എ.കെ.സി.സി. പ്രസിഡന്റ്)*

*മനുഷ്യജീവിതം നന്മപ്രവർത്തിക്കാനുള്ളതാണ് എന്നതിന്റെ സാക്ഷ്യമാണ് മത്തായിച്ചേട്ടന്റെ ജീവിതം.*

*(ഡോ. യൂഹന്നാൻ മാർ പീലിക്സ്നോസ്- മലബാർ ഭദ്രാസനാധിപൻ)*

*(സ്മാരക ഫൗണ്ടേഷൻ ഉദ്ഘാടന സമ്മേളനത്തിലെ പ്രസംഗങ്ങളിൽനിന്ന്)*

**പി. ഡി. മത്തായി സ്മാരക ഫൗണ്ടേഷൻ**

**പാഴൂർ**

www.malankaralibrary.com

വരുത്തുന്നതായാൽ, പ്രകൃതി സർക്കാരിനോടു കോപിക്കുകയും സൂര്യന്റെ കീഴിലുള്ള സകലമാന ശക്തികളെയും ഇളക്കിവിട്ട അക്രമമായ സർക്കാർ സമിതീകരണ നാഥന്മാരെ ഭൂമുഖത്തുനിന്ന് നിഷ്ക്കാസനം ചെയ്യുവാൻ പ്രകൃതി തന്നെ രംഗപ്രവേശം ചെയ്യുന്നതുമാണ്. ഹിറ്റ്ലറിസം, ഫാസിസം പോലുള്ള അന്യായസർക്കാർ സമിതീകരണ ദുർഗ്ഗങ്ങളെ നിലംപരിശാക്കി ക്കളയുമെന്നുള്ള വസ്തുത ലോകത്തനിപ്പോൾ നല്ല പാഠമായിട്ടുണ്ട്. ഹിറ്റ്ലർ, മുസോളനി, മിക്കാഡോ എന്നിവർ ഒരു അക്രമമായ സർവരാജ്യ സമിതീകരണ പ്രസ്ഥാനത്തിലേക്കാണ് കാലുവച്ചത്. എന്നാൽ പ്രകൃതി തന്നിമിത്തം അതികുപിതയായി അവളുടെ ഏറ്റം വലിയ രഹസ്യശക്തി കളായ അണുബോംബംബുകളെപ്പോലും അവളുടെ ഭക്തർക്കുമാത്രം വെളിപ്പെടുത്തിക്കൊണ്ടു വിജയകരമായി അവരെ എതിർത്ത് അവളുടെ പാദത്തിൻകീഴ് ചവിട്ടി പൊടിയാക്കി വരുന്ന കാഴ്ച മർമ്മഭേദകമെങ്കിലും അക്രമമായി ഭൂമുഖത്തു കിളിർത്തുവരുന്ന മറ്റു ചില സമിതീകരണ പ്രസ്ഥാ നക്കാർക്കു ഗുണപാഠമായി ഭവിക്കട്ടെ എന്നു നാം പ്രാർത്ഥിച്ചുകൊള്ളുന്നു.

ഇത്രയുമൊക്കെ പറയുവാനിടയായതു നമ്മുടെ ജനപ്രതിനിധികൾ, നമ്മുടെ രാജ്യത്തിലെ സ്വകാര്യസമിതികളാൽ നടത്തപ്പെടുന്ന പ്രാഥമിക വിദ്യാഭ്യാസങ്ങളെല്ലാം സർക്കാർ സമിതി ഏറ്റുവാങ്ങിക്കൊള്ളണമെന്നു ഭൂരിപക്ഷാഭിപ്രായപ്രകാരം പ്രമേയം പാസാക്കിയിരിക്കുന്നതായി പത്രങ്ങ ളിൽ കണ്ടതുകൊണ്ടാണ്. ഇതു നാം വായിച്ചപ്പോഴുണ്ടായ നമ്മുടെ മനോ വ്യഥയുടെ ആഴം ദൈവം മാത്രമെ സ്പർശിച്ചു അറിഞ്ഞിട്ടുള്ളു. എങ്കിലും നാം ഭഗ്നാശനായിട്ടില്ല. നമ്മുടെ സ്ക്കൂളുകളുടെ സർക്കാർ സമിതീകരണം ഇപ്പോൾ യാതൊരു കാരണത്താലുമാവശ്യമില്ലാത്തതിനാൽ നമ്മുടെ സമ്മതം കൂടാതെ ഒരിക്കലും സംഭവ്യമാകുകയില്ലെന്നു തന്നെയാണു നമ്മുടെ ദൃഢമായ അഭിപ്രായം.

അതെന്തന്നാൽ, നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീ കരണം നമ്മുടെ സഭയുടെ സമ്മതികുടാതെ നടപ്പിൽ വരുത്തുന്ന പക്ഷം സർക്കാർ സമിതീകരണ പ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്ന നാലുതരം പാതകങ്ങൾക്കു ഉത്തരവാദികളായിത്തീർന്നേക്കും.

1. 'ദൈവദ്രോഹം' നേരിടുന്നതെങ്ങനെയെന്നു ആദ്യം തന്നെ ചിന്തിക്കാം. നമ്മുടെ സഭയുടെ പള്ളിക്കൂടങ്ങൾ നമ്മുടെ ദൈവാലയ ങ്ങളുടെ അംശങ്ങളായി നാം പരിഗണിക്കുന്നു. അവകൾ നമ്മുടെ കുട്ടികളെ ഉത്തമന്മാരായ ദൈവാരാധകന്മാരാക്കിത്തീർക്കണമെന്നുള്ള പരിശുദ്ധ ഉദ്ദേശത്തോടുകൂടി ദൈവത്തിനു പൂജ, നേർച്ചകൾ വഴിയായി വരുന്ന പണംകൊണ്ടു പണിയിക്കപ്പെട്ടിട്ടുള്ളതും നമ്മുടെ ദിവ്യകുടാര ത്തിലേയ്ക്കുള്ള പ്രവേശനഗോപുരങ്ങളായി സകലരാലും പരിഗണി

www.malankaralibrary.com

ക്കപ്പെട്ടു പോരുന്നതുമാകുന്നു. കത്തോലിക്കർക്കു മെത്രാന്റെ കല്പന കൂടാതെ യാതൊരു പള്ളിക്കൂടവും തുറന്നു കൂടാത്തതാകുന്നുവെന്ന വസ്തുതയിൽ നിന്നുതന്നെ മെത്രാൻ ഏതൊരുവന്റെ പ്രതിനിധിയാകുന്നുവോ ആ ദൈവത്തിന്റെ പ്രതിഷ്ഠകളാകുന്നു നമ്മുടെ പള്ളിക്കൂടങ്ങൾ എന്നു വിശദമാകുന്നുണ്ടല്ലോ. ആകയാൽ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സംപൂജ്യവസ്തുക്കളാകുന്ന നമ്മുടെ പള്ളിക്കൂടങ്ങളും അവകളിലെ ആരാധകന്മാരാകുന്ന കുട്ടികളും, ദൈവാലയാധികാരത്തിൽനിന്നും നിർബന്ധമായി വിഛേദിക്കപ്പെടുമെന്ന ദിവസങ്ങൾ സമാഗതമാകാതിരിക്കട്ടെ, എന്നു ദൈവകോപത്തെ ഭയന്നു നാം പ്രാർത്ഥിച്ചുകൊള്ളുന്നു. ദൈവാരധനയ്ക്ക് ഉപയോഗിച്ച പൂജാപാത്രങ്ങൾ വെറും ലൗകീക കാര്യങ്ങൾക്കായി വിനിയോഗിച്ച 'ബൽത്താസർ ' വേദപുസ്തകത്തിൽ പറയും പ്രകാരം ഏതൊരു വാക്യങ്ങൾ തന്റെ വിരുന്നശാലയുടെ ഭിത്തികളിൽ എഴുതപ്പെട്ടിരുന്നതായി കണ്ടുവോ അതേ വാക്യങ്ങൾ **'Mane, Takel, Phares'**, 'എണ്ണി, തൂക്കി, തിട്ടമാക്കപ്പെട്ടിരിക്കുന്നു' എന്ന ശാപവചനങ്ങൾ നമ്മുടെ രാജ്യത്തിലെ സമിതീകരണ ഭിത്തികളിൽ എഴുതപ്പെടുമെന്നു 'കണ്ണുള്ളവൻ കണ്ടുകൊള്ളണം' 'ചെവിയുള്ളവൻ കേട്ടുകൊള്ളണം.'

2. ഇനി മാതൃദ്രോഹവും ശിശുദ്രോഹവും എപ്രകാരമാണ് സ്കൂളുകളുടെ സമിതീകരണത്തിൽ ഭവിക്കുവാൻ പോകുന്നതെന്നു നമുക്കു പരിശോധിക്കാം. നമ്മുടെ കുട്ടികൾ ഇന്നേവരെ നമ്മുടെ സഭാമാതാവിന്റെ മാർവ്വിൽനിന്നുള്ള അദ്ധ്യാത്മികക്ഷീരം പാനംചെയ്തു വളർന്നു വരുവാൻ സ്വാഭാവികമായ താല്പര്യമുള്ളവരും, സഭാമാതാവിനു സ്വസന്താനങ്ങൾക്കു സ്വന്തം ക്ഷീരം കൊടുത്തു വളർത്തണമെന്നു നിർബന്ധമുള്ളതുമാകുന്നു. ആ താല്പര്യവും നിർബന്ധവും പ്രകൃതിയിൽനിന്നുളവായിട്ടുള്ളതാകുന്നു. അങ്ങനെയിരിക്കെ സമിതീകരണ പ്രസ്ഥാനക്കാർ തള്ളയുടെ മാർവിൽ നിന്നും, ലജ്ജാവഹമായും ക്രൂരമായും സ്വശിശുക്കളെ വലിച്ചുപറിച്ചു കൊണ്ടുപോകുന്നപക്ഷം തള്ളയും കുഞ്ഞും ഒരുപോലെ ദുഃഖിച്ചു നിര്യാതരായിത്തീരുമെന്നു പറയേണ്ടിയിരിക്കുന്നു. അപ്രകാരം നിര്യാത രാകുന്നതിനുമുമ്പ് ബഹുവിധ മരണഗോഷ്ടികൾ തള്ളയും കുഞ്ഞുങ്ങളും കാണിച്ചുപോകുവാനും പാടുള്ളതാണ്. ആകയാലത്രെ ഇത്തരം ഗോഷ്ടി കൾക്കും മാതൃദ്രോഹം, ശിശുദ്രോഹം എന്നീ പാതകങ്ങൾക്കും സർക്കാർ സമിതീകരണപ്രസ്ഥാനക്കാരായ ജനപ്രതിനിധികൾ ഉത്തരവാദി കളാകുമെന്നു നാം അനുമാനിച്ചിരിക്കുന്നു.

3. കടശിയായി 'ഗുരുഹത്യ' എങ്ങനെ സംഭവിക്കുമെന്നാണ് പരിശോധിപ്പാൻ ശേഷിച്ചിരിക്കുന്നത്. കത്തോലിക്കാ ശിശുക്കളെ കത്തോലിക്കാഗുരുക്കന്മാർതന്നെ നമ്മുടെ സ്ക്കൂളുകളുടെ സർക്കാർ

www.malankaralibrary.com

സമിതീകരണത്തിനുശേഷം പഠിപ്പിക്കുമെന്നുള്ളതിനു എന്തുറപ്പാണുള്ളത്.? ഇപ്പോൾ പഠിപ്പിക്കുന്ന വാദ്ധ്യാന്മാർക്കു മാറ്റമുണ്ടാകയില്ലെന്നുറപ്പു കിട്ടിയാലും ഇവരുടെ മക്കൾക്കു സ്വാതാതന്മാർ പെൻഷൻ പറ്റിപിരിയുമ്പോൾ ഗുരുവുദ്യോഗമെങ്കിലും ലഭിക്കുമോ ഇല്ലയോ എന്നു ആർക്കറിയാം. മാത്രമല്ല, സമിതീകരണ പ്രസ്ഥാനത്തിൽ ആഹ്ളാദിച്ചിരിക്കുന്ന ഏതാനും ഗുരുക്കന്മാർക്ക് കൊഴുത്ത ശമ്പളം ആരംഭകാലത്തു ലഭിക്കുമെന്നിരുന്നാൽ തന്നെയും, ആ ശമ്പളമെത്രമാത്രം എത്രനാളത്തേക്കു, കൈക്കൂലി മുതലായ അപമര്യാദകൾ നീതി കോടതികളിൽപോലും കയറിപറ്റിയിട്ടുണ്ടെന്ന് ജനപ്രതിനിധികൾ ഉച്ചത്തിൽ പ്രതിഷേധസ്വരം ഉയർത്തിക്കൊണ്ടിരിക്കുന്ന ഈ രാജ്യത്തു, ലഭിക്കുമെന്നു കണ്ടറിയണം. അവരുടെ ക്ഷണികമായിരുന്ന ആഹ്ലാദം ഇതുകൊണ്ട് അവസാനിക്കുന്നില്ലെങ്കിൽ 'അവരുടെ ദൈവം അവരുടെ ഉദരമാണെന്ന്' വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ നാം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

ഹാ! നിർഭാഗ്യമേ! സർക്കാർ സമിതീകരണമെന്ന പ്രസ്ഥാനം പ്രയോഗത്തിൽ വരുന്നപക്ഷം തൽഫലമായി ഭവിക്കാവുന്ന ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം ഗുരുഹത്യ എന്നീ പാതകങ്ങളുടെ ഉത്തരവാദിത്വത്തിന്റെ ഒരു വലിയ പങ്കു നമ്മുടെ ജനപ്രതിനിധികളുടെ ഭൂരിപക്ഷത്തിന്മേൽ കെട്ടിവെയ്ക്കേണ്ടിവന്നതിൽ പൊതുജനങ്ങളുടെ ഉറ്റസ്നേഹിതനായ നാം അത്യന്തം വ്യസനിക്കുന്നു. ശേഷമുള്ള ചെറിയപങ്കു നമ്മുടെ ബ.സർക്കാർ സഹിക്കേണ്ടി വരുകയില്ലയോ എന്നു നാം ഭയപ്പെടുന്നു. വാസ്തവം തുറന്നുപറഞ്ഞാൽ ജനപ്രതിനിധികൾ ബ. സർക്കാരിനെ ഒരു ദുർഘടസന്ധിയിൽ ചാടിച്ചിരിക്കയാണെന്നാണു നമുക്കു തോന്നുന്നത്.

സ്ക്കൂളുകളുടെ സർക്കാർ സമിതീകരണം പ്രയോഗത്തിൽ വരുത്താതിരുന്നാൽ ബ. സർക്കാരിനെ ജനപ്രതിനിധികൾ ജനഹിതത്തെ അവഗണിക്കുന്ന ഒരു സ്വേച്ഛാധിപതി എന്നുപഴിക്കും. എന്നാൽ അതു നടപ്പിൽ വരുത്തുന്ന പക്ഷം ജനതതിയുടെ മൂകലക്ഷങ്ങളും ബ. സർക്കാരിന്റെ മേൽ കുറ്റമാരോപിക്കും. അതുമാത്രമല്ല വഞ്ചി ഭൂമിയെ ക്രിസ്തുമതാരംഭം മുതൽ മതസഹിഷ്ണതയോടെ ഭരിച്ചുപോന്ന ഏറ്റവും പുരാതനവും മഹനീയവുമായ ഒരു രാജകുടുംബത്തിന്റെ അനന്തരാവകാശിയായി പ്രഭയോടെ വാണരുളുന്ന കരുണാനിധിയായ യുവമഹാരാജാവിന്റെ പൊൻമുടിയിൽ കളങ്കം പറ്റിക്കാൻ മുതിരുന്ന ജനപ്രതിനിധികളുടെ ഈ സംരംഭം എത്രയോ ശോചനീയമാകുന്നു. അതിനാൽ നമ്മുടെ മഹാരാജാവിന്റെ സൽപേരിനു കളങ്കം വരുത്തിയേക്കാവുന്ന ദുഷിച്ച ഈ പ്രസ്ഥാനത്തിന്റെ ഉന്മൂലനത്തിനായി വ്യവസ്ഥാപിതമായ പ്രക്ഷോഭണങ്ങൾക്കു നിങ്ങൾ യാതൊരു കുറവും വരുത്തുകയില്ലെന്നു ദൈവത്തിൽ നാം

www.malankaralibrary.com

വിശ്വസിക്കുന്നു. തന്നെയുമല്ല, ലോകത്തിലുള്ള അന്യായമായ സകലമാന സർക്കാർ സമിതീകരണക്കാരെ വിറപ്പിച്ചു പറപ്പിച്ചുകൊണ്ടിരിക്കുന്നതും, മതസ്വാതന്ത്ര്യത്തെ പ്രസിദ്ധിയേറിയ വിക്ടോറിയാ വിളംബരംമൂലം അക്ഷരംപ്രതി ഭാരതത്തിൽ എവിടേയും അദ്യാപി കാത്തുപരിപാലിച്ചു കൊണ്ടുവരുന്നതുമായ നമ്മുടെ അതിപ്രബല ബ്രിട്ടീഷ് മേൽക്കോയ്മയുടെ എത്രയും സ്തുത്യർഹമായ നയത്തിനു വിപരീതമായി നമ്മുടെ പള്ളിക്കുടങ്ങളുടെ സമിതീകരണ പ്രസ്ഥാനക്കാർ പ്രവർത്തിച്ച് ദുഷ്കീർത്തി നേടുവാൻ ഇടയായേക്കുമെന്ന് നമുക്ക് വലിയ ആശങ്കയുണ്ട്. സർവ്വോപരി പ്രകൃതിയുടെ കർത്താവും നമ്മുടെ എല്ലാം സ്വർഗ്ഗസ്ഥപിതാവുമായ ദൈവം നമ്മുടെ സ്ക്കുളുകളുടെ സമിതീകരണപ്രസ്ഥാനത്തിൽ ഒളിഞ്ഞിരിക്കുന്ന ദൈവദ്രോഹം, മാതൃദ്രോഹം, ശിശുദ്രോഹം, ഗുരുഹത്യ എന്ന ഈ അധർമ്മങ്ങൾ അധികകാലം കണ്ടുനിന്നു ക്ഷമിക്കുമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ല. അപ്രകാരമുള്ള പ്രസ്ഥാനക്കാർ വേദപുസ്തകത്തിൽ പറയുന്ന ശാപവർഷങ്ങൾ അനുഭവിച്ചറിയുമെന്ന കാലം അകന്നകന്നു പോകട്ടെ.

ഒരു പക്ഷെ, ബ. സർക്കാർ നമ്മുടെ സ്ക്കുളുകളുടെ സമിതീകരണ പ്രസ്ഥാനമുപേക്ഷിച്ചുകൊണ്ട് ക്രിസ്തീയ സമിതികളാൽ നടത്തപ്പെടുന്ന സ്ക്കൂളുകളെ സ്വതന്ത്രമാക്കുകയും, എന്നാൽ ഗ്രാന്റ് അവകൾക്ക് കൊടുക്കാതിരിക്കുകയും, സർക്കാർ വിദ്യാലയങ്ങളിലെ ഗുരുക്കന്മാർക്ക് ലഭിക്കുന്ന ശമ്പളം നമ്മുടെ സ്ക്കൂളദ്ധ്യാപകന്മാർക്കും നമ്മൾ കൊടുത്തുകൊള്ളണമെന്ന് നിഷ്ക്കർഷിക്കുകയും ചെയ്തേക്കാം. അങ്ങനെ വരുന്ന പക്ഷം, നമ്മുടെ സ്ക്കുളുകൾ പട്ടിണികൊണ്ട് താനേ നശിച്ചുകൊള്ളുമെന്നതിനാൽ മുൻപറഞ്ഞ നാലുദ്രോഹങ്ങൾക്ക് ഉത്തരവാദിത്വം, സ്ക്കുളുകൾ സ്വമനസ്സാലെ നിറുത്തിക്കളയാമെന്നു നിശ്ചയിക്കുന്നവരായ നമ്മളിൽ തന്നെ കെട്ടിവയ്ക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുവെങ്കിൽ അതിൽപരം അബദ്ധം മറ്റൊന്നുമില്ല. ഈ നയം സ്ക്കുളുകളെ പട്ടിണിയിട്ടു കൊല്ലുമെന്നുള്ളതിനാൽ മുകളിൽ പ്രസ്താവിച്ച നാലുവിധ ദ്രോഹങ്ങളുടെ മാറ്റ് ആയിരം മടങ്ങ് കൂട്ടുന്നതിനും പുറമെ പട്ടിണി കിടത്തി കൊല്ലുക എന്ന വേറൊരു ദ്രോഹവും സ്വയനാശത്തനു പ്രേരണ നൽകുക എന്ന മറ്റൊരു പാതകവും കുടെ വരുത്തിക്കുട്ടുമെന്നോ പറയേണ്ടതുള്ളു.

കാര്യങ്ങളുടെ വാസ്തവാവസ്ഥ ഇപ്രകാരമിരിക്കെ, ഇസ്രായേലിന്റെ ഒരു കാവൽക്കാരനായ നാം ഇപ്രകാരമൊക്കെയും പ്രസ്താവിക്കുന്നതു നമ്മുടെ നാഥനായ ക്രിസ്തുരാജനോടുള്ള വിശ്വസ്തതകൊണ്ടു മാത്രമല്ല, പിന്നെയോ നമ്മുടെ ഇടയൻ എന്തുകൊണ്ടു ഇപ്പോൾ ഒന്നും

www.malankaralibrary.com

മിണ്ടുന്നില്ല എന്നു പ്രലപിച്ചുകൊണ്ടു നമ്മുടെ നേരെ പാഞ്ഞുവന്നേക്കുമെന്ന ചങ്ങനാശ്ശേരി, മീനച്ചൽ, അമ്പലപ്പുഴ, കോട്ടയം മുതലായ 10-ൽപരം മദ്ധ്യതിരുവിതാംകൂറിലെ താലൂക്കുകളിലുള്ള നമ്മുടെ 4 ലക്ഷം അജഗണ ങ്ങളെ സ്മരിച്ചിട്ടുമാണ്.

അതുകൊണ്ട് ബ. സർക്കാർ ദൈവത്തെ പ്രതിയും ദൈവികാധികാരധിഷ്ഠാപിതമായിരിക്കുന്ന നമ്മുടെ പൊന്നുതമ്പുരാന്റെ മഹിമാവിനെ പ്രതിയും സമിതീകരണ പ്രസ്ഥാനക്കാരായ ജനപ്രതിനിധികളുടെ പ്രമേയം തിരസ്ക്കരിക്കുമെന്നു നാം പ്രത്യാശിക്കുന്നു.

ആകയാൽ വന്ദ്യ സഹോദരരേ, വാത്സല്യ മക്കളേ,

നിങ്ങളാരും **'Noil timere'** ഭയപ്പെടേണ്ട, നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീകരണം നമ്മുടെ സമ്മതംകൂടാതെ നടപ്പിലാകുകയില്ലെന്ന് തന്നെ വിശ്വസിച്ചുകൊള്ളുവിൻ. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളായ സെപ്റ്റംബർ 8ന് സഭാമാതാവിന്റെ മാർവ്വിടത്തിൽ നിന്നൊഴുകി വരുന്ന പരിശുദ്ധ കുദാശകൾ കൈക്കൊണ്ടു കന്യാകാമാതാവിന്റെ വിമല ഹൃദയത്തോട് നമ്മുടെ രാജ്യത്തിനും, സഭയ്ക്കുംവേണ്ടി മുട്ടിപ്പായി പ്രാർത്ഥിപ്പിൻ. അപ്പോൾ ഉഷർകാല നക്ഷത്രം ഉദിച്ചുപൊങ്ങി നമ്മുടെ അന്തരീക്ഷത്തിലെ അന്ധകാരമൊക്കെയും നീക്കികളയും. ഉഷർകാല നക്ഷത്രത്തിന്റെ പിറകേ വരുന്ന ക്രിസ്തുരാജന്റെ സൂര്യപ്രഭ ക്രൈസ്തവസംസ്ക്കാരത്തിന്റെ തിളക്കത്തെ ലോകസമക്ഷം പ്രത്യക്ഷമാക്കും, നിശ്ചയം. അതുകൊണ്ടു **Gaudate in Domini** 'കർത്താവിൽ നിങ്ങളേവരും സന്തോഷിപ്പിൻ.' ഈ ദിവ്യസന്തോഷം പ്രതിദിനം നിങ്ങളിൽ വർദ്ധമാനമാക്കുന്നതിനു ദൈവം നിങ്ങളെ സഹായിക്കട്ടെയെന്നുള്ള പ്രാർത്ഥനയോടുകൂടി നമ്മുടെ പള്ളിക്കൂടങ്ങളുടെ സർക്കാർ സമിതീകരണ പ്രസ്ഥാനം നമ്മുടെ സമ്മതം കൂടാതെ നടപ്പിൽ വരുത്താതിരിപ്പാൻ ശക്തിയുള്ള സർവലോകനിയന്താവായ അനന്തത്രിത്വസമിതിയാകുന്ന ബാവാ ✠ പുത്രൻ ✠ റുഹാക്കുദിശായുടെ നാമത്തിൽ നിങ്ങൾക്കും, നിങ്ങളോട് ഈശ്വരവിശ്വാസത്താലൈക്യപ്പെട്ടിരിക്കുന്നവരും സമിതീകരണ പ്രസ്ഥാനങ്ങളിൽ നിന്നകന്നു നിൽക്കുന്നവരുമായ സകലമാനകൈരളി സന്താനങ്ങൾക്കും, നാമിപ്പോൾ നൽകുന്ന അപ്പസ്തോലികാശ്ശിസ്സുകളാലേവരും അനുഗ്രഹീതരായി ഭവിക്കുമാറാകട്ടെ.

എന്ന്,

ന. അരമനയിൽ നിന്നും<br>1945 ആഗസ്റ്റ് 15-ാം തീയതി<br>പ.ക.മറിയത്തിന്റെ<br>സ്വർഗ്ഗാരോഹണത്തിരുനാൾ.


ജെയിംസ് കാളാശ്ശേരി

ഒപ്പ്<br>ച. രൂ. മെത്രാൻ

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ്സ് സമർപ്പിച്ച രണ്ടരലക്ഷത്തിന്റെ ഭീമഹർജി

*— കെ. വി. മാണി കവിയിൽ കളപ്പുര*
*വൈസ് പ്രസിഡന്റ്, എ.കെ.സി.സി. —*



സർ സി. പി. രാമസ്വാമി അയ്യരുടെ പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിനെതിരെ നടന്ന ബഹുജന പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത് അഖില കേരള കത്തോലിക്ക കോൺഗ്രസ്സാണ്. തിരുവിതാംകൂർ മഹാരാജാവിന് വിദ്യാഭ്യാസ പ്രശ്നം സംബന്ധിച്ച് ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. ആ മെമ്മോറാണ്ടത്തിൽ രണ്ടരലക്ഷംപേർ ഒപ്പിട്ടു. പ്രസ്തുത മെമ്മോറാണ്ടം മഹാരാജാവിന്റെ കൈയിൽ നേരിട്ടു കൊടുക്കുവാൻ അനുവാദം ലഭിച്ചില്ല. പ്രസ്തുത മെമ്മോറാണ്ടം പോസ്റ്റുവഴി അയച്ചുകൊടുത്തു. ഈ മെമ്മോറിയലിന്റെ ഒരു കോപ്പി കോട്ടയത്ത് കത്തോലിക്കാ കോൺഗ്രസ്സ് ഓഫീസിലും ഒരു കോപ്പി വത്തിക്കാൻ ഗ്രന്ഥാലയത്തിലും സൂക്ഷിച്ചുവച്ചിട്ടുണ്ട്

ഇന്നത്തേതുപോലെയാത്രാസൗകര്യങ്ങളൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ രണ്ടരലക്ഷം ആളുകളുടെ ഒപ്പു ശേഖരിക്കാൻ കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തകർ വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. ആ സമുദായ സ്നേഹികളുടെ പാവന സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ആ ഭീമഹർജിയിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ഹർജിയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

## രണ്ടര ലക്ഷത്തിന്റെ ഭീമഹർജി

ശ്രീ. പത്മനാഭദാസ, വഞ്ചിപാല, കുലശേഖര, കിരീടപതി മന്നേസുൽത്താൻ, മഹാരാജ രാജെ, രാമരാജ ബഹദൂർ, ഷംഷർ ജംഗ്, നൈറ്റ് ഗ്രാൻഡ് കമാൻഡർ ആഫ് ദി മോസ്റ്റ് എമിനെന്റ് ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ, ലഫ്റ്റനന്റ് കർണൽ, സർ ശ്രീ. ചിത്തിര തിരുനാൾ ബാലരാമ വർമ്മ മഹാരാജാവ് തിരുമനസ്സിലെ സന്നിധിയിൽ തിരുമനസ്സിലെ കത്തോലിക്ക പ്രജകളായ താഴെകൈഒപ്പിട്ടിരിക്കുന്ന അടിയങ്ങൾ സമർപ്പിക്കുന്ന

### മെമ്മോറിയൽ

ദയാനിധിയായ തിരുമേനി,

തിരുമനസ്സിലെ നേർക്ക്, അടിയങ്ങൾക്കുള്ള ഭക്ത്യാദരങ്ങളെ തിരുമനസ്സുണർത്തിക്കുകയും, താഴെ വിവരിക്കുന്ന അടിയങ്ങളുടെ

www.malankaralibrary.com

സങ്കടങ്ങളെ കരുണാനിധിയായ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

1. വിദ്യാഭ്യാസത്തെ അധികരിച്ച് കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ള സിദ്ധാന്തങ്ങളെയും, നിയമങ്ങളെയും ഇതോടനുബന്ധമായി ചേർത്തിരുക്കുന്ന മെമ്മോറാണ്ടത്തിൽ വിശദമാക്കിയിട്ടുണ്ട്. ഒരു കത്തോലിക്കനും ഇവയിൽ നിന്ന് വ്യതിചലിക്കാവുന്നതല്ല.

2. ഈ സിദ്ധാന്തങ്ങൾക്കും നിയമങ്ങൾക്കും വിപരീതമായി എന്തെങ്കിലും ചെയ്യുവാൻ അടിയങ്ങൾ നിർബന്ധരായാൽ അതു അടിയങ്ങളുടെ മതസ്വാതന്ത്ര്യത്തെ സാരമായി ബാധിക്കുന്നതും, അടിയങ്ങൾക്കു വളരെ സങ്കടമുണ്ടാകുന്നതുമാകുന്നു.

3. മതാഭ്യാസനം വിദ്യാഭ്യാസത്തിന്റെ പ്രധാനവും അഭേദ്യവുമായ ഒരു ഭാഗമാണെന്നും, ശരിയായി രൂപവൽക്കരിച്ചിട്ടുള്ള മതബോധനം ഓരോരുത്തരുടെയും വിദ്യാഭ്യാസത്തിന്റെ അംശമായിരിക്കണമെന്നും വിദഗ്ദ്ധൻമാർ കൂടി ഉൾപ്പെട്ടിരുന്ന വിദ്യാഭ്യാസ പുനസംയോജന കമ്മിറ്റി ഏകകണ്ഠമായി അഭിപ്രായപ്പെടുകയും ഗ്രാന്റ്സ്കൂളുകൾക്ക് കൂടുതൽ പ്രോത്സാഹനം നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കമ്മറ്റിയെക്കാൾ നിയമപ്രകാരം ഉയർന്ന പദവി ഉള്ളവയെങ്കിലും വിദ്യാഭ്യാസകാര്യത്തിൽ വിദഗ്ദ്ധസംഘങ്ങളല്ലാത്ത നിയമസഭയുടെ ഇരുമണ്ഡലങ്ങളും കമ്മിറ്റിയുടെ ഈ ശുപാർശകൾക്ക് വിപരീതമായി തീരുമാനങ്ങൾ ചെയ്തു.

4. ദിവാൻജിയുടെ പ്രസ്താവനകളിൽനിന്നും 1945 ഓഗസ്റ്റ് 31-ാം തീയതിയിലെ പ്രസ് കമ്മ്യൂണിക്കേഷനിൽനിന്നും, ക്രിസ്ത്യാനികളുടെ പ്രതിഷേധങ്ങള അവഗണിച്ച് നിയമസമിതികളുടെ തീരുമാനങ്ങൾ നടപ്പിൽ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി അടിയങ്ങൾക്കു ഭയം തോന്നി. അതിനാൽ അടിയങ്ങളുടെ സങ്കടങ്ങൾ വിവരിച്ചും പരിഹാരങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചും ഒരു പൊതുജനമെമ്മോറിയൽ തിരുമനസ്സിലെ സന്നിധിയിൽ സമർപ്പിക്കുവാൻ, 1945 സെപ്റ്റംബർ 9-ാം തീയതി അഖില കേരള കത്തോലിക്ക കോൺഗ്രസ്സിന്റെ വിദ്യാഭ്യാസക്കമ്മിററി തീരുമാനിച്ചു.

5. ഈ വാർത്ത പത്രങ്ങളിൽ കണ്ട ഉടനെതന്നെ മെമ്മോറിയൽ തയ്യാറാക്കി തിരുമനസ്സുണർത്തിക്കുന്നതിന് അടിയങ്ങൾക്ക് സമയം കിട്ടുന്നതിനു മുമ്പായി നിയമസമിതികളുടെ നിശ്ചയങ്ങൾ സ്വീകരിച്ചുകൊണ്ട് ഗവൺമെന്റിൽനിന്ന് R.Dis.1324/45/Edn., നമ്പരായി 1945-സെപ്റ്റംബർ 12-ാം തീയതി പ്രൊസീഡിംഗ്സ് പാസാക്കുകയും ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിലേക്കായി വിശദമായ പരിപാടികൾ രൂപ വൽക്കരിക്കുന്നതിന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

www.malankaralibrary.com

6. എല്ലാ വിപത്തുകളിൽനിന്നും അടിയങ്ങളെ രക്ഷിക്കുന്നതിന് തിരുമനസ്സിലെ സന്നിധാനത്തിൽ സങ്കടങ്ങൾ ഉണർത്തിക്കുന്നതിന് സമയം കിട്ടുന്നതിനുമുമ്പായി ഗവൺമെന്റിൽനിന്നും ഗൗരവാവഹമായ ഈ നടപടി കൈക്കൊണ്ടത് അടിയങ്ങൾക്ക് കൂടുതൽ സങ്കടത്തിന് കാരണമായിട്ടുണ്ട്.

7. ഇപ്രകാരംതന്നെ അടിയങ്ങളെ വേദനിപ്പിക്കുന്ന മറ്റുപല സങ്കടങ്ങളും അടിയങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും ഈ കാര്യത്തിന്റെ ഗൗരവത്തെ പരിഗണിച്ച് ഇതിനെപ്പറ്റിമാത്രമ ഉടനെ തിരുമനസ്സുണർത്തിക്കുവാൻ ഇടയായിട്ടുള്ളതാകുന്നു.

അതിനാൽ താഴെ വിവരിക്കുന്ന അപേക്ഷകൾ ഏറ്റവും വിനയത്തോടും ഭക്തിയോടുംകൂടി തിരുമനസ്സുണർത്തിച്ചുകൊള്ളുന്നു.

എ. അടിയങ്ങളുടെ സങ്കടങ്ങൾക്കു പരിഹാരം വരത്തക്കവണ്ണം മേൽവിവരിച്ചിട്ടുള്ള ഗവൺമെന്റ് പ്രൊസീഡിംഗ്സ് കല്പിച്ചു ഭേദപ്പെടുത്തുമാറാകണം.

ബി. അടിയങ്ങളുടെ വിദ്യാലയങ്ങളിൽ അടിയങ്ങളുടെ കുട്ടികൾക്കു മതബോധനം നൽകുന്നതിനുള്ള അവകാശം അടിയങ്ങൾ തുടർന്ന് അനുഭവിക്കുന്നതിന് കല്പിച്ചനുവദിക്കുമാറാകണം.

സി. അടിയങ്ങളുടെ വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അവരുടെ അവരുടെ മുഴുവൻ ശമ്പളവും സഹായധനമായി നൽകുന്നതിന് കല്പിച്ചനുവദിക്കുമാറാകണം.

25.സെപ്റ്റംബർ 1945

എന്ന്,

തിരുമനസ്സിലെ ഭക്തരും വിനീതരുമായ
കത്തോലിക്കാ പ്രജകൾ.


## വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി

**(WSS) മാനന്തവാടി**


(Regd. No. 94/1974), Post Box No. 16, Mananthavady, Wayanad, Kerala, India - 670 645

Phone : 0493 - 540314, Tele/Fax : 542388

ഡയറക്ടർ : **റവ. ഫാ. കുര്യാക്കോസ് കുന്നത്ത്**

കാൽ നൂറ്റാണ്ടിലേറെയായി സാമൂഹ്യവികസന രംഗത്ത് ശ്രദ്ധേയമായ പല വികസന പ്രവർത്തനങ്ങളും ആസൂത്രണം ചെയ്ത് നടപ്പാക്കികൊണ്ടിരിക്കുന്ന വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി മാനന്തവാടി രൂപതയുടെ സാമൂഹ്യസേവന കേന്ദ്രമാണ്. 1974ൽ റജിസ്റ്റർ ചെയ്ത് പ്രവർത്തനമാരംഭിച്ച ഈ സംഘടന, വയനാട്ടിലും ഗുഡല്ലൂർ, നിലമ്പൂർ, കൊട്ടിയൂർ റീജിയനുകളിലുമായി പ്രവർത്തിച്ചുവരുന്നു. ജാതിമതഭേദമെന്യേ പാവപ്പെട്ടവരുടെയും ചെറുകിട കർഷകരുടെയും ഉന്നമനത്തിനായി വിവിധങ്ങളായ പല പദ്ധതികളും സംഘടന നടപ്പാക്കിക്കൊണ്ടിരിക്കുന്നു.


www.malankaralibrary.com



# ഷെവലിയർ തര്യത് കുഞ്ഞിത്തൊമ്മന് ഗംഭീര വരവേൽപ്പ്

**ഫാ. ജേക്കബ് ഏറത്തയിൽ രചിച്ച കാഞ്ഞിരപ്പള്ളി നൂറ്റാണ്ടുകളുടെ എന്ന ഗ്രന്ഥത്തിൽനിന്ന്**

തന്ത്രശാലിയായ സർ സി. പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ഗവൺമെന്റിന്റെ 1945 സെപ്റ്റംബർ 12-ാം തീയതിയിലെ വിദ്യാഭ്യാസനയ പ്രൊസീഡിംഗ്സ് നിയമസഭയിൽ അവതരിപ്പിച്ചു. പല കെണികളും ഇണക്കിയാണ് പ്രൊസീഡിംഗ്സ് തയ്യാറാക്കി നിയമസഭയിൽ അവതരിപ്പിച്ചത്. തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതവും സൗജന്യവുമാക്കിത്തീർക്കുന്നതിലേക്കായി പ്രാഥമിക വിദ്യാഭ്യാസം ദേശസാൽക്കരിക്കുണമെന്നതായിരുന്നു പ്രൊസീഡിംഗ്സിലെ നിർദ്ദേശം.

ഫലത്തിൽ അത് പ്രാഥമിക വിദ്യാഭ്യാസം ഗവൺമെന്റ് കുത്തകയിലാക്കുന്നതും പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ ഭൂരിപക്ഷം പ്രൈവറ്റ് ഏജൻസികളെ ദോഷകരമായി ബാധിക്കുന്നതുമായിരുന്നു. ക്രാന്തദർശിയായ ചങ്ങനാശ്ശേരി മെത്രാൻ കാളാശ്ശേരിൽ തിരുമേനി പ്രസ്തുത സംരംഭത്തെ പ്രതിഷേധിച്ചുകൊണ്ട് ഒരു ചെറിയ ഇടയലേഖനം രൂപതയുടെ ഔദ്യോഗിക നാവായ മദ്ധ്യസ്ഥനിൽ പ്രസിദ്ധം ചെയ്തത് അസംബ്ളിയിൽ കോളിളക്കവും സി. പി. പക്ഷക്കാരുടെയിടയിൽ കലിതുള്ളലും സൃഷ്ടിച്ചു. (മദ്ധ്യസ്ഥൻ - ഇടയലേഖനം 121/10-8-1945) ഗവൺമെന്റ് നീക്കങ്ങളുടെ ഗൗരവം ശരിക്കും മനസ്സിലാക്കിയ കാളാശ്ശേരി തിരുമേനി സുചിന്തിതവും യുക്തിയുക്തവുമായ ഭാഷയിലും പുതിയ നീക്കത്തിന്റെ ദുഷ്ഫലങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടും സുദീർഘമായ മറ്റൊരു ഇടയലേഖനം പ്രസിദ്ധപ്പെടുത്തി (മദ്ധ്യസ്ഥൻ-സെപ്റ്റ-ഒക്ടോ. 1945-ഇടയലേഖനം 123/15-8-1945).

ഇത് രാജ്യത്തൊട്ടാകെ ഒരു കൊടുങ്കാറ്റ് സൃഷ്ടിച്ചു. വിദ്യാഭ്യാസം ദേശസാൽക്കരിക്കുകയെന്നാൽ അതിന്റെ ഫലം വിദ്യാഭ്യാസ രംഗമാകെ ഗവൺമെന്റ് കയ്യടക്കി അവിടെ കുത്തക ഉറപ്പിക്കലാണെന്നും അത് രാജ്യശ്രേയസ്സിനു വിരുദ്ധവും ന്യൂനപക്ഷ താല്പര്യങ്ങളെ ധ്വംസിക്കുന്നതുമാണെന്നും ജനങ്ങൾക്കു ബോധ്യമായി. അത് ഗവൺമെന്റിനു ഭീമമായ ചെലവിനിടയാക്കി. രാജ്യത്തിന്റെ സാമ്പത്തികനിലവാരം ഇടിച്ചു തകർക്കുമെന്നു ഗ്രഹിച്ച ജനങ്ങൾ ഒന്നാകെ ഇളകിവശായി. അനേകം തലങ്ങളിലും സ്ഥലങ്ങളിലും പൗരജനങ്ങൾ സമ്മേളിച്ച് ശക്തമായ എതിർപ്പ് പ്രകടിപ്പിക്കുകയും ഗവൺമെന്റിനു മെമ്മോറാണ്ടങ്ങൾ സമർപ്പിക്കുകയും ചെയ്തു. എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചു പ്രതിഷേധസ്വരമുയർത്തി. പത്രങ്ങൾ കാര്യകാരണസഹിതം മുഖപ്രസംഗങ്ങളിലൂടെ ഗവൺമെന്റിനെ കാര്യങ്ങളുടെ ഗൗരവം ഉദ്ബോധിപ്പിച്ചു.

www.malankaralibrary.com

ഉന്നത ശീർഷരായ വ്യക്തികൾ – ഷെവ. സി. ജെ. വർക്കി, റിട്ട. ചീഫ് ജസ്റ്റിസ് ജോസഫ് തളിയത്ത്, ഷെവ. ഐ. സി. ചാക്കോ മുതലായവർ ഗവൺമെന്റ് നയത്തെ യുക്തിയുക്തം പ്രതിഷേധിച്ച് ലഘുലേഖകളിറക്കി. ധർമ്മധീരനായ പി. റ്റി. ചാക്കോ സർ സി.പി.ക്ക് 'ഒരു തുറന്ന കത്ത്' എന്ന ശീർഷകത്തിൽ പ്രസ്തുത പ്രശ്നത്തെക്കുറിച്ചു ഒരു ലഘുഗ്രന്ഥം അച്ചടിപ്പിച്ചു പ്രചരിപ്പിക്കുകയും ഒരു കോപ്പി സർ സി. പി.ക്ക് അയച്ചു കൊടുക്കുകയും ചെയ്തു.

പ്രക്ഷോഭണത്തിന്റെ നേതൃത്വം കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുത്തു. സർ സി. പി. അടിയേറ്റ സർപ്പത്തെപ്പോലെ ഫണമുയർത്തി. ഉദ്യോഗസ്ഥവൃന്ദം മുഴുവൻ സി. പി.യെ ഭയപ്പെട്ട് ആജ്ഞാനുവർത്തികളായി. ഗവൺമെന്റിന്റെ സി. ഐ. ഡി.കൾ നാടുനീളെ പരക്കംപാഞ്ഞു നടന്നു. കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് തര്യത് കുഞ്ഞുത്തൊമ്മനും, പി. റ്റി. ചാക്കോയും അറസ്റ്റു ചെയ്യപ്പെട്ടു കൽത്തുറുങ്കുകളിലായി.

കാളാശ്ശേരി പിതാവിന്റെ പേരിൽ രാജ്യദ്രോഹക്കുറ്റം ആരോപിച്ചു ഇടയലേഖനം നിരുപാധികം പിൻവലിച്ച് ക്ഷമാപണം ചെയ്യത്തപക്ഷം അറസ്റ്റുചെയ്തു ശിക്ഷിക്കുമെന്നു ഭീഷണിപ്പെടുത്തിയും സി. പി. നോട്ടീസയച്ചു. പിതാവിനെ ആരുമറിയാതെ അറസ്റ്റു ചെയ്യാനുള്ള ആലോചനകൾ അണിയറയിൽ നടന്നു. പക്ഷേ സർക്കാർ ജനരോഷത്തെ ഭയപ്പെട്ടു.


*ദൈവം നിങ്ങളെ വിളിക്കുന്നെങ്കിൽ ഞങ്ങളെ വിളിക്കുക...*

**സൊസൈറ്റി ഓഫ് ഡിവൈൻ വൊക്കേഷൻസ് SDV**



വൊക്കേഷനിസ്റ്റ് ഫാദേഴ്സ്, സിസ്റ്റേഴ്സ് എന്നിവരടങ്ങിയ ദിവ്യാഹ്വാന സഭ ഇറ്റലിയിലെ പിയന്നൂരയിൽ ധന്യനായ ഫാ. ജസ്റ്റിൻ സമാരംഭിച്ചു.

തിരുക്കുടുംബത്തോടൊത്ത് പരിശുദ്ധ ത്രിത്വത്തിൽ ജീവിതം കേന്ദ്രീകരിച്ച് പ്രവൃത്തിയിൽ പ്രണിധാനവും, പ്രണിധാനത്തിനായ് പ്രവൃത്തിയും എന്ന സഭാസ്ഥാപകന്റെ ജീവിതനിയമം സ്വായത്തമാക്കി യേശുവിന്റെ സ്നേഹത്തിനു സാക്ഷ്യം നൽകാൻ ആഗ്രഹിക്കുന്ന യുവാക്കൾക്ക് സ്വാഗതം!

ഇടവകകൾ, മിഷൻ പ്രവർത്തനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ അമേരിക്ക, ബ്രസീൽ, അർജന്റീന, ഫിലപൈൻസ്, മെഡഗാസ്കർ എന്നീ രാജ്യങ്ങളിൽ ഞങ്ങൾ യേശുവിനു സാക്ഷ്യം നൽകുന്നു. ദൈവവിളികളുടെ കളിത്തൊട്ടിലായ കേരളത്തിൽ തൃശ്ശൂരിൽ 1996 ജൂൺ 16 – ന് സ്ഥാപിതമായ ഈ സഭയിൽ ചേർന്ന് ദൈവത്തിനുവേണ്ടി സേവനമനുഷ്ഠിക്കാൻ സന്നദ്ധരായ എസ്.എസ്.എൽ.സി.യോ, +2വോ പാസ്സായവർ എഴുതുക

**Fr. Antony Pittappilly SDV, Vocation Promoter**
**Vocationist Fathers Seminary, Thalore - 680 306**
**Phone : 0487-2355915**


www.malankaralibrary.com

ചങ്ങനാശ്ശേരി അരമന വളപ്പ് ഉണർന്നുവശായ ജനങ്ങളെക്കൊണ്ടു രാപ കൽ നിറഞ്ഞുനിന്നു. ഉന്നതരായ അഭിഭാഷകർ ഉപദേശ സഹായത്തി നെത്തി. ഇടയലേഖനം പിൻവലിക്കയില്ലെന്നും ക്ഷമാപണം ആവശ്യമി ല്ലെന്നും സർക്കാർ നടപടി തീർത്തും നിയമസാധുത്വമില്ലാത്ത താണെന്നും കാണിച്ച് ശക്തിയുക്തം തയ്യാറാക്കിയ മറുപടി സർക്കാരിനയച്ചു കൊടുത്തു. സർ സി. പി.യും ഗവൺമെന്റും കുഴങ്ങി.

കാഞ്ഞിരപ്പള്ളിയിലെയും അയൽപ്രദേശങ്ങളിലെയും പതിനായിര ക്കണക്കിനു ജനങ്ങൾ പങ്കെടുത്ത ഒരു പ്രതിഷേധ മഹായോഗം പള്ളി മൈതാനിയിൽ ബാംഗ്ളൂർ ബിഷപ്പ് പി. തോമസ് പോത്തക്കാമുറിയുടെ അധ്യക്ഷതയിൽ ചേർന്നു. പല ഉന്നത വ്യക്തികളും പ്രസംഗിക്കുകയും പ്രതിഷേധപ്രമേയങ്ങൾ പാസാക്കി ഗവൺമെന്റിന് അയച്ചു കൊടുക്കു കയും ചെയ്തു. പാലായിൽ നടന്ന പ്രതിഷേധമഹായോഗം ചരിത്രം സൃഷ്ടിച്ച ഒന്നുതന്നെയാണ്.

രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നു ജനലക്ഷങ്ങൾ പാലായിലേക്ക് ഒഴുകി. പാലാ വലിയപള്ളി മൈതാനം മനുഷ്യമഹാസമുദ്ര മായി മാറി. മദ്രാസിൽനിന്നെത്തിയ മേയർ ചെങ്കൽവരായന്റെ അദ്ധ്യക്ഷത യിൽ നടന്ന മഹാസമ്മേളനത്തിൽ പല ഉജ്വലവാഗ്മികളും പ്രസംഗിച്ചു. പ്രതിഷേധ പ്രമേയങ്ങൾ പാസാക്കി. ജനരോഷം ശമിപ്പിക്കാനെന്നവണ്ണം ജയിൽ വിമുക്തനാക്കപ്പെട്ട തര്യത് കുഞ്ഞിത്തൊമ്മൻ പാലാ സമ്മേളന ത്തിലെത്തിച്ചേർന്നു.

കുഞ്ഞിത്തൊമ്മനെക്കണ്ടു മനുഷ്യമഹാസമുദ്രം അന്തരീക്ഷം ഭേദിക്കുമാറ് ജയഭേരി മുഴക്കി അദ്ദേഹത്തെ സ്വീകരിച്ച രംഗം രോമാഞ്ച ജനകമായിരുന്നു. താൻ വ്യവസ്ഥകൾക്കൊന്നും വഴങ്ങാതെ നിരുപാധി കമായിട്ടാണു ജയിൽ വിമുക്തനായതെന്ന് ആ സമുദായനേതാവ് അർത്ഥ ശങ്കക്കിടം നൽകാതെ പ്രഖ്യാപിച്ചു. താമസിയാതെ പി. റ്റി. ചാക്കോയും ജയിൽ വിമുക്തനായി. സർ. സി.പി.യുടെ വിദ്യാഭ്യാസ ദേശസാൽക്കര ശ്രമങ്ങൾ പരാജയപ്പെട്ടു.

കാളാശ്ശേരി തിരുമേനി തന്റെ ഇടയലേഖനത്തിൽ ഒരു മുന്നറിയിപ്പു നൽകിയിരുന്നു. ജനങ്ങളുടെ ജന്മാവകാശത്തിൻമേൽ കൈവച്ചു വിദ്യാ ഭ്യാസം രാഷ്ട്രസാൽക്കരിക്കുന്നത് ദൈവദ്രോഹമാണെന്നും അങ്ങനെ പ്രവർത്തിക്കുന്ന ഏത് വൻശക്തിയും നിലനിൽക്കാതെ തകരുമെന്നും ഈ പ്രവചനം അന്വർത്ഥമാകുമാറ് 1947 ജൂലൈ 25നു കാളാശ്ശേരി തിരുമേനിയുടെ നാമഹേതുകത്തിരുനാൾദിനം രാത്രി സർ സി. പി. മൂക്കിനു വെട്ടേറ്റ് ആശുപത്രിയെ അഭയം പ്രാപിച്ചു. ഭാഗ്യവശാൽ രക്ഷപ്പെട്ട അദ്ദേഹം താമസിയാതെ ഇങ്ങിനി വരാത്തവിധം മദ്രാസിലേക്കു കെട്ടുകെട്ടിപ്പോയി.

www.malankaralibrary.com

# 124-ാം നമ്പർ ഇടയലേഖനം

*(സഭയുടെ താല്പര്യങ്ങൾക്കുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതിന് താൻ തയ്യാറാണെന്നും താൻ എഴുതിയ 123-ാം നമ്പർ പരസ്യ കൽപ്പന പിൻവലിച്ച് ക്ഷമായാചനം ചെയ്യുന്ന പ്രശ്നമില്ലെന്ന് വ്യക്തമാക്കികൊണ്ടും മാർ ജെയിംസ് കാളാശ്ശേരി പുറപ്പെടുവിച്ച 124-ാം നമ്പർ ഇടയലേഖനമാണ് ചുവടെ ചേർക്കുന്നത്.)*

"*ആകാശവും ഭൂമിയും കടന്നുപോകും*" **(Mt. 24:35)**

വന്ദ്യ സഹോദരരേ, വാത്സല്യമക്കളേ,

നമ്മുടെ 123-ാം നമ്പർ പരസ്യക്കൽപ്പനയിൽ നമ്മുടെ സഭയ്ക്കും സമുദായത്തിനും ഭവിക്കാവുന്ന വിപത്തുകളെക്കുറിച്ച് സവിസ്തരം പ്രതിപാദിച്ചിരുന്നുവല്ലോ. ആ ലേഖനം പിൻവലിച്ച് ക്ഷമായാചനം ചെയ്യണമെന്ന് നമ്മോട് ഒരാഴ്ചയ്ക്കുമുമ്പ് ബ. സർക്കാർ ആവശ്യപ്പെട്ടിട്ടുള്ള വിവരം ഇതിനോടകം നിങ്ങളേവരും അറിഞ്ഞുകാണുമെന്നു നാം വിചാരിക്കുന്നു. ആ 'നോട്ടീസ്' നമുക്കു ലഭിച്ചപ്പോൾ "നിങ്ങൾ എന്നിൽനിന്നു പഠിപ്പിൻ, എന്തെന്നാൽ ഞാൻ എളിമയും ഹൃദയശാന്തതയുള്ളവനാകുന്നു." എന്നുള്ള നമ്മുടെ ദിവ്യരക്ഷകന്റെ ദിവ്യോപദേശമാണ് നമ്മുടെ മനസ്സിൽ പ്രതിധ്വനിച്ചത്. വിധികർത്താക്കളുടെ മുമ്പിൽ നമ്മുടെ കർത്താവീശോ മിശിഹാ എപ്രകാരം അധികമൊന്നുമുച്ചരിക്കാതിരുന്നുവോ അപ്രകാരം തന്നെ ആ സ്നേഹനാഥന്റെ അയോഗ്യദാസനായ നാം, ബ. സർക്കാരിന്റെ മുമ്പിൽ ഒന്നുരണ്ടു വാക്കുകൾ മാത്രം മറുപടിയായി ബോധിപ്പിക്കണമെന്നത്രെ തീരുമാനിച്ചിരിക്കുന്നത്.

ഏതായാലും, വന്ദ്യസഹോദരരേ, വാത്സല്യമക്കളേ! നിങ്ങളൊട്ടും തന്നെ വ്യസനിക്കേണ്ട. നിങ്ങളാരും **'Noli flere'** കരയുകയും വേണ്ട. എന്തെന്നാൽ "ആകാശവും ഭുമിയും കടന്നുപോകും. എന്റെ വചനങ്ങളോ കടന്നുപോകുകയില്ല. "എന്നരുൾചെയ്ത ദൈവപുത്രന്റെ ഒരു വിനീത അപ്പസ്തോലനല്ലയോ നാം.? പീലാത്തോസുപോലും താൻ മരണത്തിനു വിധിച്ച 'കുറ്റപ്പുള്ളി' കുരിശിൽ തറയ്ക്കപ്പെട്ടു കൊല്ലപ്പെട്ടശേഷം, അതിന്റെ മുകളിൽ എഴുതപ്പെട്ടിരുന്ന വാക്യങ്ങൾക്കു ഭേദഗതി വരുത്തണമെന്നു യൂദന്മാർ ആവശ്യപ്പെട്ടപ്പോൾ "ഞാനെഴുതിയത് എഴുതി." **(quod seripsi, seripsi.St. John 19:22)** എന്നു ധൈര്യസമേതം ഉത്തരം പറഞ്ഞുവെങ്കിൽ, നാമെത്ര ന്യായത്തിൽ നമ്മുടെ സഭയുടെ ജീവനെപ്രതി ധീരത യോടെ പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

നിങ്ങളൊ എന്നാൽ ക്രമം കടന്ന യാതൊരു പ്രക്ഷോഭണവും നടത്തിപ്പോകരുതെന്നു നാം ആജ്ഞാപിക്കുന്നു. ബ. സർക്കാർ ദൈവ

www.malankaralibrary.com

ത്തിന്റെ നാമത്തിലാണ് നമ്മെ ഭരിക്കുന്നത്. അതുകൊണ്ടു സർക്കാരിനോടു നാം ബഹുആദരവോടെ വർത്തിക്കണം. മാന്യമായും സൗഹാർദ്ദമായും മാത്രം നമ്മുടെ തീരാദുഃഖങ്ങളെ ബഹ. സർക്കാരിനോടു നാം അറിയിച്ചാൽ മതി. നമ്മുടെ സങ്കടത്തെപ്പറ്റി ബഹു. സർക്കാർ അനുഭാവപൂർവ്വം ചിന്തിക്കാതിരിക്കുകയില്ല. **"Fear god, honour the King"** "ദൈവത്തെ ഭയപ്പെടുക, രാജാവിനെ ബഹുമാനിക്കുക" എന്ന വി. പത്രോസിന്റെ വാക്യങ്ങൾക്കു നിങ്ങളുടെ എല്ലാ പ്രക്ഷോഭണങ്ങളിലും, നിങ്ങൾ മുൻഗണന കൊടുത്തു കൊള്ളണമെന്ന് നാം നിങ്ങളെ വീണ്ടും വീണ്ടും ഉദ്ബോധിപ്പിച്ചുകൊള്ളുന്നു.

സഭയുടെ താല്പര്യങ്ങൾക്കുവേണ്ടി എന്തുത്യാഗവും സഹിക്കുന്നതിന് നാം തയ്യാറാണ്. എത്ര എത്ര മെത്രാന്മാരും ഗുരുക്കന്മാരും കന്യാസ്ത്രീകളും വിശ്വാസികളും സഭയ്ക്കുവേണ്ടി ത്യാഗങ്ങൾ സഹിച്ചിട്ടുണ്ട്. അവർക്കു ധൈര്യവും വിശ്വാസവും നൽകിയ ദൈവത്തെ നമുക്ക പൂർണ്ണമായി ആശ്രയിക്കാം.

നമ്മുടെ സ്ക്കൂളുകളേയും മതത്തേയും സംരക്ഷിക്കുകയാണ് നമ്മുടെ ഏറ്റം പ്രധാന ഉദ്ദേശ്യമെന്നു നിങ്ങൾ വിസ്മരിക്കയില്ലെന്ന് നാം വിശ്വസിക്കുന്നു. അതിനുപ്രക്ഷോഭണത്തെക്കാൾ കുടുതൽ സഹായകമായിരിക്കുന്നത്, ദൈവത്തോടുള്ള ആത്മാർത്ഥമായ പ്രാർത്ഥനയാണെന്ന് ഒരിക്കൽകൂടി നാം നിങ്ങളെ ഓർപ്പിച്ചുകൊള്ളുന്നു. നാം നിർദ്ദേശിക്കുന്ന ക്രുശിതരൂപത്തോടുള്ള പ്രാർത്ഥന നിങ്ങൾ ദിവസേന കൂട്ടമായി ചൊല്ലിക്കൊള്ളണം.


എന്നാൽ പ്രാർത്ഥനയും പോരാ, ഉപവാസവുമാവശ്യമാണ്. എന്തുകൊണ്ടെന്നാൽ പ്രാർത്ഥനയും ഉപവാസവും കൊണ്ടല്ലാതെ വൻകാര്യങ്ങളൊന്നും സാധിക്കുകയില്ലെന്നു നിങ്ങൾ ഓർത്തിരിക്കണം. ആശ്രമവാസികൾ മാത്രം ഉപവസിച്ചാൽ പോരാ, ലോകത്തിൽ ജീവിക്കുന്ന ജനങ്ങളും ഉപവസിക്കണം. അപ്പോൾ പ്രക്ഷോഭണങ്ങളിൽ അക്രമം കടന്നുകുടുകയില്ല.; ദൈവം പ്രസാദിക്കും; കുടുംബങ്ങൾ സന്തോഷിക്കും; സമുദായം അഭിവൃദ്ധിപ്പെടും; നമ്മുടെ സഭ വിജയിക്കുകയും ചെയ്യും എന്നുള്ള ശ്രരണത്തോടുകൂടി ബാവായുടെയും ✠ പുത്രന്റെയും ✠ റൂഹാദക്കുദ്ശായുടെയും നാമത്തിൽ നാം നിങ്ങളേവരേയും സ്നേഹപൂർവ്വം ആശീർവ്വദിക്കുന്നു.

എന്ന്,

ച. നമ്മുടെ അരമനയിൽനിന്നും ജെയിംസ് കാളാശ്ശേരി
വി. കുരിശിന്റെ പുകഴ്ചയുടെ
തിരുനാൾ
1915 സെപ്റ്റംബർ 14-ാംനു ച. രൂ. മെത്രാൻ

www.malankaralibrary.com

*With best compliments from*



**Mother General, S. I. C.**

Bethany Sisters' Generalate
Vadavathur P. O.
Kottayam - 686010

www.malankaralibrary.com

# സർക്കാരിന്റെ താക്കീതും മാർ ജെയിംസ് കാളാശ്ശേരിയുടെ ധീരമായ മറുപടിയും

*(അഭിവന്ദ്യപിതാവിന്റെ 123-ാം നമ്പർ ഇടയലേഖനത്തെ പരാമർശിച്ചുകൊണ്ട് ഗവൺമെന്റുസെക്രട്ടറി അയച്ച കത്തും പിതാവിന്റെ മറുപടിയും, പ്രസ്തുത ഇടയലേഖനം പിൻവലിച്ച് ക്ഷമാപണം ചെയ്യണമെന്നുള്ള സർക്കാർ ആവശ്യവും കാര്യകാരണസഹിതം അഭിവന്ദ്യപിതാവ് തള്ളിക്കളഞ്ഞു. കൂർമ്മ ബുദ്ധിയും ഉറച്ച ദൈവവിശ്വാസവും സഭാസ്നേഹവും ധീരതയും വ്യക്തമാക്കുന്നതാണ് അഭിവന്ദ്യ പിതാവിന്റെ മറുപടി കത്ത്. 1945 ആഗസ്റ്റ് 15ന് താൻ പ്രസിദ്ധപ്പെടുത്തിയ 123-ാം നമ്പർ ഇടയലേഖനം അപ്പസ്തോലന്മാരുടെ മാതൃകയെ അനുകരിച്ചാണെന്നും, ഇടയലേഖനത്തിൽ വിവരിക്കുന്ന വാളും അണുബോംബും ആദ്ധ്യാത്മിക വാളിനേയും ആദ്ധ്യാത്മിക ബോംബിനേയുമാണ് സൂചിപ്പിക്കുന്നതെന്നും ഇടയലേഖനം തന്നെ ആദ്ധ്യാത്മികമായ ഒരുൽബോധനവും പ്രാർത്ഥനയ്ക്കുള്ള ഒരാഹ്വാനമാണെന്നും അതിൽ ഗവൺമെന്റിന്റെ നേരെ പ്രത്യക്ഷമൊ പരോക്ഷമോ ആയ എതിർപ്പില്ലെന്നും വ്യവസ്ഥാപിതമായ അധികാരത്തോടുള്ള ആദരവാണ് എല്ലാ ഇടയലേഖനങ്ങൾവഴി ഉദ്ബോധിപ്പിച്ചിട്ടുള്ളതെന്നും രാജ്യത്ത് ശാന്തിക്കൊ സമാധാനത്തിനൊ കോട്ടം വരുത്തുവാൻ ഇടയുള്ള എതിർ പ്രസ്ഥാനങ്ങൾക്കെല്ലാം എതിരായി എപ്പോഴും നില കൊണ്ടിട്ടുണ്ടെന്നും ആയതിനാൽ മേൽ സൂചിപ്പിച്ച ഇടയലേഖനം പിൻവലിക്കാനും അതു പ്രസിദ്ധീകരിച്ചതിൽ ഖേദം പ്രകടിപ്പിക്കാനും കാരണം കാണുന്നില്ല എന്നും അഭിവന്ദ്യ പിതാവ് ഈ മറുപടി കത്തിൽ ശക്തമായി സമർത്ഥിക്കുന്നു.)*

## Notice and Reply

R.O.C. No. 3824/45Edn.

Government of Travancore
Huzur Cutcherry
Trivandrum
6th Sept. 1945

From
The Secretary to Government
To
The Rt. Rev. Mar James Kalacherry Ph.D., D.D.,
Bishop of Changanacherry.

Rt. Reverend Sir,

In the September and October issue of the Vedapracharamadhyastan Book 18, Leks. 3-4, a pastoral letter No. 123 is published as having been issued on August by the 15, 1945,

www.malankaralibrary.com

under your signature. The letter is Published at pages 25 to 33 of the above magazine. You have also issued a command in that letter that it should be read in every Church after service on the next two Sundays.

This letter is prefaced with a quotation from the Holy Scriptures (St. Luke XXII, 36-38). It is stated that you have yourself unsheathed one sword and that the necessity to use the remaining spiritual sword-atomic bomb - in your possession has arisen as also the occasion for those who have purses to take them out. The letter goes on to state that if the primary rights of the individual are affected even to the slightest extent as a result of the socialistic policy of Government, nature will grow angry with the Government, rouse up all the forces under the sun, and enter the arena to wipe out from the face of the earth the unjust authors of nationalisation, You attack the Government both explicitly and implicity and compare the Government's alleged policy of nationalising the schools of the State with Hitlerism, Nazism and Fazism.

The Policy of the Government has been made absolutely clear more than once both on the floor of the Legislature and elsewhere. That policy has been deliberately misinterpreted in letter under reference. There is a bitter attack on the members of the Legislature and imprecations on their heads for doing their duty. The name of the Soverign has been needlessly brought into the discussion in a most improper manner.

Government are advised that the whole of this objectionable letter is subversive and seditious, is calculated to bring into hatred the duly constituted Government of this State and to cause communal bitterness and strife leading to violence. Government therefore are constrained to ask you to withdraw this publiction and to express open regret for having published it. If you do not do so within a fortnight after the receipt of this communication Government will have no alternative but to take such as they may be advised to adopt in the circumstances.

Yours faithfully,

(Sd.)

Secretary to Government.

www.malankaralibrary.com

Reply

Bishop's Palace,
Changancherry,
17th sept. 1945.

From

The Rt. Rev. Mar James Kalacherry Ph.D., D.D.,
Bishop of Changanacherry.

To

The Secretary to Government

Ref:- R.O.C.No. 3824/45/Edn. dated Trivandrum
Huzur Cutcherry, 6-9-'45

Sir,

I have the honour to acknowledg receipt of your letter quoted above, referring to my pastoral, No. 123.

Following the Apostles example, Bishops send letters called pastorals to their flock, and those pastorals are always read to the faithful in all the churches of their respective Dioceses. I have issued on several occasions pastoral letters to my people, and I am bound to do so when necessity arises. The pastoral letter No. 123, of August 15, 1945, which is referred to in your letter cited above, is one of such pastorals issued by me as Bishop of Changancherry to the faithfull of my diocese.

I am amazed at the interpretation given to the words in my pastoral, and I reject such interpretation as wrong and fallacious. An unbiassed reading of my pastoral letter will show that I speak of Spiritual armoury, spirtual sword, spiritual atomic bomb, and that the letter is a spiritual exhortation to prayer so that the dangers threatened may be warded off.

A perusal of the letter will show that there is absolutely no attack either explicitly or implicitly on the Government. If my observations are suggested by the resolutions passed by the people's representatives in the Legislatur, that does not mean that they are suggested by the Government. It is the right of every individual to express his own opinion about the actions of popular representatives, and the reference to them in my letter is nothing but an honest evaluation, of those actions.

www.malankaralibrary.com

The name of His Highness the Maharaja had to be mentioned as I sincerely believe that the suggestions of the people will be a stain on His Highness's good name glorious reign and traditional policy of religious tolerance. Your obsevation that the name of the Sovereign has been needlessly brought into the discussion in an improper manner indicates that Government have failed to understand the spirit of the pastoral or the significance of the points discussed therein. I vehemently protest against your bringing in the name of the sovereign as a handle for the unwarranted stand you have taken.

I take this opportunity to state that the advisors of Government are entirely mistaken if they have thought that the pastoral is objectionable, subversive or seditious. It is neither calculated to bring into hatred the duly constituted Government of the State nor to cause commmunal bitterness or strife leading to violence. I repudiate the charges mentioned in your letter. I may also point out that in pursuance of the principles of the Catholic Church. I have always inculcated in my pastorals respect for constituted authority and have always stood against all movements tending towards disturbance of peace or tranquility of the State.

I do not find any reason either for withdrawing my pastoral under reference or for expressing any regret for having issued the same.

Yours faithfully,

(Sd.)

Bishop of Changanacherry.

ആശംസകൾ...

ഒരു അഭ്യുദയകാംക്ഷി



www.malankaralibrary.com

# കൊച്ചിയിൽ നടന്ന വിദ്യാഭ്യാസ പ്രക്ഷോഭണം



പ്രൊഫ. വി. എ. വർഗ്ഗീസ് വലപ്പാട്ടുകാരൻ
(സ്റ്റേറ്റ് സെക്രട്ടറി, എ.ഐ.സി.യു)

വിദ്യാഭ്യാസരംഗത്ത് എവിടെയും മഹത്തായ സേവനം അനുഷ്ഠിച്ചിട്ടുള്ള ഒരു വിഭാഗമാണ് ക്രൈസ്തവർ. പള്ളികളോടനുബന്ധിച്ച് പള്ളിക്കൂടങ്ങൾ സ്ഥാപിക്കുന്നതിൽ ക്രൈസ്തവർ പ്രത്യേകം താല്പര്യം എടുത്തിരുന്നു. ഇടവക ജനങ്ങളിൽ നിന്നും പിരിവെടുത്തും പൊന്നും കുരിശും പൊന്നരുളിക്കയും വിറ്റുമാണ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി പണമുണ്ടാക്കിയത്. ഗവൺമെന്റ് യാതൊരു സഹായവും വിദ്യാഭ്യാസത്തിനുവേണ്ടി ചെയ്യാതിരുന്ന കാലത്താണ് ക്രൈസ്തവർ ഭീമമായ തുക ഇക്കാര്യത്തിനുവേണ്ടി ചിലവാക്കിയത്.

കൊച്ചിയിൽ അക്കാലത്തു വിദ്യാഭ്യാസ രംഗത്ത് പ്രൈവറ്റ് ഏജൻസികളെ പ്രോത്സാഹിപ്പിക്കുവാൻ സർക്കാർ ആവുന്നതു ശ്രമിച്ചു. ഷെവ. ജോസഫ് പെട്ട ദീപികയുടെ 80-ാം വാർഷിക സ്മരണയിൽ എഴുതിയ ഏതാനും ഭാഗം ഉദ്ധരിക്കട്ടെ.

## സഹായധനപദ്ധതി

അങ്ങനെയിരിക്കുമ്പോഴാണ് സർ അൽബിയൻ ബാനർജി കൊച്ചിയിൽ ദിവാനായി വന്നത്. കുശാഗ്രബുദ്ധിയും വിശാലമനസ്ക്കനുമായ അദ്ദേഹം ഇവിടത്തെ വിദ്യാഭ്യാസ പുരോഗതി ഒന്നുകൂടി ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു എളുപ്പമാർഗ്ഗം കണ്ടെത്തി. സർക്കാർ സ്ക്കൂളുകളുടെ എണ്ണം കഴിയുന്നത്ര ചുരുക്കി അവയ്ക്കുപകരം ഉദാരമായ ധനസഹായവും മററുപ്രോത്സാഹനങ്ങളും നൽകി, പ്രൈവറ്റ് സ്ക്കൂളുകളുടെ സംഖ്യ വർദ്ധിപ്പിക്കുക എന്നതായിരുന്ന ബാനർജിയുടെ പദ്ധതി. അതിന്റെ ഫലമായി കൊച്ചിയിൽ വിദ്യാലയങ്ങൾ അചിരേണ എണ്ണത്തിലും വണ്ണത്തിലും വർദ്ധിക്കുവാൻ തുടങ്ങി. തിരുവിതാംകൂറിലെ ധനസഹായ പദ്ധതി അത്ര തന്നെ ഉദാരമായിരുന്നില്ല. എങ്കിലും അവിടെയും ജനങ്ങൾ പ്രത്യേകിച്ചു ക്രൈസ്തവ ജനതതി, അപാരമായ ക്ലേശങ്ങൾ സഹിച്ച് വിദ്യാലയങ്ങളുടെ സംഖ്യ കുറേയൊക്കെ വർദ്ധിപ്പിച്ചു.

അക്കാലത്തുതന്നെയാണ് ഇരുസംസ്ഥാനങ്ങളിലെയും ക്രൈസ്തവസന്യാസിനിസംഘങ്ങൾ വിദ്യാഭ്യാസരംഗത്തു പ്രശസ്തമായ സേവനമാരംഭിച്ചത്. മഠങ്ങളുടെ സുരക്ഷിതമായ പരിസരങ്ങളിൽ ഉയർന്നു വന്ന നിരവധി സ്ക്കൂളുകൾ ഇന്നാട്ടിലെ സ്ത്രീവിദ്യാഭ്യാസത്തിനു വലുതായ

www.malankaralibrary.com

ഒരുണർവു വരുത്തി. മററു വിദ്യാലയങ്ങളിൽ പെൺകുട്ടികളെ അയക്കുന്നതിനു ശങ്കിച്ചിരുന്ന മാതാപിതാക്കന്മാർ കന്യാമഠങ്ങളോടനുബന്ധിച്ചുള്ള വിദ്യാലയങ്ങളിൽ തങ്ങളുടെ ഓമനസന്താനങ്ങളെ അയക്കുന്നതിനു അതീവ തല്പരത പ്രത്യക്ഷപ്പെടുത്തി. അങ്ങനെയാണ് കൊച്ചി, തിരുവിതാംകൂർ, സംസ്ഥാനങ്ങൾക്കു ഭാരതത്തിലെ വിദ്യാഭ്യാസ മണ്ഡലത്തിൽ അസൂയവഹമായ മഹോന്നതസ്ഥാനം കരസ്ഥമാക്കുവാൻ സാധിച്ചത്. ചരിത്രപരമായ ഈ വസ്തുത പിൽക്കാലങ്ങളിലെ വിദ്യാഭ്യാസമന്ത്രിമാർ ശരിയായി ഗ്രഹിച്ചിരിക്കാൻ ഇടയില്ല.

ബാനർജിയുടെ പദ്ധതി ഗവൺമെന്റിനും ജനങ്ങൾക്കും ഒരുപോലെ ഉപകാരപ്രദമായിരുന്നു. ഏറ്റവും കുറഞ്ഞ ചെലവുകൊണ്ട് ഏറ്റവുമധികം ഫലം നേടുന്നതിന് അതു പര്യാപ്തവുമായിരുന്നു. അന്നത്തെ നിരക്കനു സരിച്ച് സർക്കാർ സെക്കൻണ്ടറി സ്ക്കൂളുകളിലെ ഓരോ കുട്ടിക്കും ശരാശരി 18 ക.വീതം ഗവൺമെന്റ് ചിലവിടേണ്ടി വന്നപ്പോൾ പ്രൈവറ്റ് വിദ്യാലയങ്ങ ളിലെ അതേ ഗ്രേയ്ഡിലുള്ള ഓരോ കുട്ടിക്കും 5 ക. മാത്രമെ ഗവൺമെന്റ് വഹിക്കേണ്ടതായി വന്നൊള്ളു. അതേസമയം തന്നെ, പരീക്ഷാഫലങ്ങൾ, കായികാഭ്യാസനേട്ടങ്ങൾ, സന്മാർഗ്ഗനിഷ്ഠ, സാമാന്യസംസ്ക്കാരം എന്നിവ യിൽ സ്വകാര്യവിദ്യാലയങ്ങളാണ് മുൻപന്തി കരസ്ഥമാക്കിയിരുന്നതും.

## ആധുനിക സംഭവ വികാസങ്ങൾ

ബാനർജിയുടെ പദ്ധതി നാട്ടിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഏറ്റവും ഉപകാരപ്രദമായിരുന്നു. പ്രൈവറ്റ് സ്കൂളുകളുടെ സ്വാതന്ത്ര്യത്തെ ക്ഷതപ്പെടുത്താതെ അവയ്ക്കു വേണ്ടത്ര സഹായധനംനൽകി പ്രോത്സാഹിപ്പിക്കുക എന്നതായിരുന്നു ആ മഹാമനസ്സന്റെ നയം. ഗവൺമെന്റ് പിരിക്കുന്ന നികുതിയിൽനിന്നും വിദ്യാഭ്യാസാർത്ഥം ജനങ്ങൾക്കു ന്യായമായി ചെല്ലേണ്ട ഒരു വീതമായിട്ടാണ് സ്ക്കൂൾ ഗ്രാന്റിനെ അദ്ദേഹം വീക്ഷിച്ചത്. പക്ഷേ, കാലാന്തരത്തിൽ നീതിയുക്തവും വിശാലവുമായ ഈ നയത്തിന് കോട്ടംഭവിച്ചു. ഗവൺമെന്റിൽനിന്നു സഹായധനം നൽകുന്നു എന്നകാരണത്തിന്മേൽ സ്വേഛാപ്രഭുക്കളായ ഭരണാധികാരികൾ ജനങ്ങളുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിൽ അന്യായമായി കൈകടത്തിത്തുടങ്ങി. പരിതാപകരമായ ഈ നയവൈകല്യം തിരുവിതാംകൂറിൽ സർ സി. പി.യുടെ കാലത്തും കൊച്ചിയിൽ മി. ഐ.ൻ.മേനോന്റെ ഡയറക്ടർ ഉദ്യോഗദശയിലും ആണ് മൂർദ്ധന്യത്തിൽ എത്തിച്ചേർന്നത്. രണ്ടുദിക്കിലും പ്രൈവറ്റ് സ്ക്കൂളുകളെ അടിച്ചമർത്തുന്നതിനുള്ള വലിയൊരു ശ്രമം നടന്നു. സംഹാരമൂർത്തിയായ സി. പി. യുടെ വജ്രായുങ്ങൾ നാലുപാടും വീശി ജനങ്ങളെ ഭയവിഹ്വലരാക്കിത്തീർത്തു. മേനോനും ഒട്ടും കുറച്ചില്ല. പഠിച്ചപണിയും പതിനെട്ടടവും പയറ്റിനോക്കി.

www.malankaralibrary.com

എങ്കിലും ദൈവാധീനം കൊണ്ടും ഇരുസംസ്ഥാനങ്ങളിലെയും രാജ ഭക്തരായ ജനസഞ്ചയങ്ങളുടെ ധർമ്മധീരമായ പൗരുഷ പ്രകടനംകൊണ്ടും ആ വിഷമസന്ധി വിജയപൂർവ്വം തരണം ചെയ്യുന്നതിന് സാധിച്ചു.

'കൊച്ചിയിലെ ഐ. എൻ. മേനോന്റെ വിദ്യാഭ്യാസ സഹായത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത് ക്രൈസ്തവ സമൂഹം തന്നെയായിരുന്നു. ആ സമരവും വിജയമകുടം ചാർത്തി. തിരുവിതാംകൂറിലെപോലെ ഭീകരപ്രവർത്തനങ്ങൾ കൊച്ചിയിൽ നടന്നില്ല. എങ്കിലും ജനങ്ങളിൽ ഭയാശങ്കകൾ സൃഷ്ടിക്കുവാൻ സാധിച്ചു.'


# ഡോൺ ബോസ്കോ

**Near KSRTC Depot, Sulthan Bathery - 673592**
**Phone : 04936 - 222107, 224489**
**Fax : 223017, E-mail : dbsby@eth.net**

## Course Details

### Mahatma Gandhi University Courses

| Course | Duration | Eligibility |
|---|---|---|
| BCA | 3 Years | Plus Two or Equivalent with Maths as one subject |
| MCA | 3 Years | Degree with Mahtematics at +2 Level |
| M SC IT | 2Years | Degree with Mathematics / Statistics / Computer Science /Physics / Electronics / BCA |
| MBA | 2 Years | Degree in any subject |
| BBA | 3 Years | Plus Two or Equivalent |
| B Li Sc | 1 Year | A University Degree in any Subject |
| LLM | 3 Years | LLB Degree with 45% marks or 3 years practice in law after LLB |

### DOEACC (Govt. of India) Courses

| | | |
|---|---|---|
| 'O' Level | 1 Year | Plus Two or Equivalent |
| C C C | 5 Months | SSLC and above |

### സാങ്കേതിക കോഴ്സുകൾ

| | | |
|---|---|---|
| ഓട്ടോമൊബൈൽ എഞ്ചി. | ഒരു വർഷം | ഹൈസ്ക്കൂൾ |
| ഇലക്ട്രിക്കൽ | ഒരു വർഷം | ഹൈസ്കൂൾ |
| വർക്ഷോപ്പ് ടെക്നീഷൻ | ഒരു വർഷം | ഹൈസ്ക്കൂൾ |
| ഐ. ടി. & ഇലക്ട്രോണിക്സ് | ഒരു വർഷം | പ്ലസ് ടു |

ഡയറക്ടർ


www.malankaralibrary.com

# പനമ്പിള്ളിപദ്ധതിക്കെതിരായ പ്രക്ഷോഭണം

*ജോസ് വിതയത്തിൽ, സെക്രട്ടറി, ഐ.ഐ.സി.യു.*



തിരുവിതാംകൂറിൽ സർ സി. പി. രാമസ്വാമി അയ്യരും കൊച്ചിയിൽ ഐ. എൻ. മേനോനും കൊണ്ടുവന്ന വിദ്യാലയ ദേശസാൽക്കരണ സംരംഭത്തെ എതിർത്തു പരാജയപ്പെടുത്തുവാൻ അതതു പ്രദേശത്തെ ജനങ്ങൾക്കു സാധിച്ചു. സ്വാതന്ത്ര്യ പ്രാപ്തിക്കുവേണ്ടി സ്വകാര്യവിദ്യാലയങ്ങളുടെ മേൽ കടുത്ത നിയന്ത്രണം ഏർപ്പെടുത്തുവാനാണ് പട്ടംതാണു പിള്ളയും പനമ്പിള്ളി ഗോവിന്ദ മേനോനും ശ്രമിച്ചത്.

സർ സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണശ്രമങ്ങളോട് യാഥാർത്ഥത്തിൽ പട്ടത്തിന് അനുകുലമായിരുന്നു. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ മനസ്സില്ലാമനസ്സോടെയാണ് സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തനങ്ങളോട് പട്ടംതാണുപിള്ള സഹകരിച്ചത്. സ്വകാര്യ സ്ക്കൂൾ അദ്ധ്യാപകർ, തുല്യജോലിക്ക് തുല്യവേതനമെന്ന ആവശ്യവുമായി പട്ടത്തെ സമീപിച്ചപ്പോൾ സർ സി.പി.യുടെ കാലംമുതൽ പട്ടം സ്വീകരിച്ച "ദേശസാൽക്കരണ" നയം വീണ്ടും ഒന്നുകുടി ആവർത്തിച്ചു. ഇതിനെതിരെ ഒരു വിഭാഗം കോൺഗ്രസ്സുകാരും ക്രൈസ്തവരും സ്വരമുയർത്തി. പട്ടം ആ ലക്ഷ്യത്തിൽനിന്നും പിന്മാറി.

ഷെവലിയർ ജോസഫ് പെട്ട ഇപ്രകാരം എഴുതിയിരിക്കുന്നു; "പക്ഷെ അന്ധകാര ശക്തികളുടെ ആക്രമണം അവിടംകൊണ്ടും അവസാനിച്ചില്ല. തിരുകൊച്ചി സംയോജനത്തിനുശേഷം പ്രതീക്ഷകൾക്കൊക്കെ വിപരീതമായി 'ജനകീയ മന്ത്രിമാർ' തന്നെ ജനതതിയുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിന്മേൽ കയ്യേറ്റം ആരംഭിച്ചു. അങ്ങനെ ഒരു പുതിയ വിദ്യാഭ്യാസ പദ്ധതി ഉടലെടുത്തു. പനമ്പിള്ളി ഗോവിന്ദമേനോനായിരുന്നു അതിന്റെ സുത്രധാരകൻ. ഗവൺമെന്റ് തയ്യാറാക്കുന്ന ഒരു ലിസ്റ്റിൽ നിന്നു മാത്രമേ അദ്ധ്യാപകരെ നിയമിക്കാവു. ഹെഡ്മാസ്റ്ററെ സീനിയോററ്റി അടിസ്ഥാനത്തിൽ നിയമിച്ചുകൊള്ളണം. ഫീസ് പിരിവിന്റെ ൭൦ ശതമാനം ഖജനാവിൽ അടയ്ക്കണം. എന്നാൽ അതേസമയം തന്നെ സ്ക്കുൾ കെട്ടിടങ്ങൾ, അദ്ധ്യയനത്തിന് ആവശ്യമായ ഗ്രന്ഥശേഖരങ്ങൾ, ശാസ്ത്രീയോപകരണങ്ങൾ, കായികാഭ്യാസക്കളരികൾ, കളിസ്ഥലങ്ങൾ ആദിയായവയ്ക്കുവേണ്ടി വരുന്ന ഭാരിച്ച ചിലവുകൾ മാനേജർമാർ തന്നെ വഹിക്കുകയും വേണം. അങ്ങനെയൊക്കെ സമ്മതിച്ചാൽ അദ്ധ്യാപകരുടെ ശമ്പളം

www.malankaralibrary.com

മുഴുവൻ ഗവൺമെന്റിൽനിന്നും കൊടുത്തുകൊള്ളും, ഇതായിരുന്നു പുതിയ പദ്ധതിയുടെ സാരം. അദ്ധ്യാപകരെ മുഴുവൻ കൈയിലെടുത്ത് മാനേജുമെന്റിന്റെ അവകാശങ്ങൾ കവർന്നെടുക്കുയെന്നതായിരുന്ന പനമ്പിള്ളി പദ്ധതിയുടെ ലക്ഷ്യം.


ഈ പദ്ധതിക്കെതിരെ ജനങ്ങൾ സ്വരമുയർത്തി. അദ്ധ്യാപക സംഘടനകൾ പനമ്പിള്ളി പദ്ധതിയെ അനുകൂലിച്ചു. എന്നാൽ അന്നത്തെ ക്രൈസ്തവ എം.എൽ.എ.മാർമുഴുവൻ സഭയുടെ നിലപാടിനെതിരെ നിലകൊള്ളുകയും പനമ്പിള്ളിയുടെ വിദ്യാഭ്യാസ നയത്തെ അനുകൂലിക്കുകയും ചെയ്തു. അവരിൽ പലരും 1957-ലെ മുണ്ടശ്ശേരി പദ്ധതിയെ എതിർക്കുകയുണ്ടായിയെന്നതു മറ്റൊരു കാര്യം.

ഈ സന്ദർഭത്തിൽ 1950 ഡിസംബർ 30-ാം തീയതി ചേർന്ന എ.കെ.സി.സി. പ്രതിനിധി സമ്മേളനം പാസ്സാക്കിയ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു.

"തിരു-കൊച്ചി ഗവൺമെന്റിന്റെ ആപൽക്കരമായ പുതിയ സെക്കണ്ടറി സ്ക്കൂൾ വിദ്യാഭ്യാസ പദ്ധതിയെ ശക്തമായി എതിർക്കേണ്ടത് നിയമസഭയിലെ ക്രിസ്ത്യൻ എം.എൽ.എ.മാരുടെ ചുമതലയായിരുന്നു. അവർ അങ്ങനെ ചെയ്തുകൊള്ളുമെന്ന പ്രതീക്ഷയിലുമായിരുന്നു. രാഷ്ട്രീയ പരിപാടികൾ ഉപേക്ഷിച്ച കത്തോലിക്ക കോൺഗ്രസ്സ് അതിന്റെ അതിരമ്പുഴ സമ്മേളനത്തിൽ കോൺഗ്രസ്സിനെ ഉദാരമായി സഹായിക്കുവാൻ തങ്ങളെ ഉദ്ബോധിപ്പിച്ചത്. എന്നാൽ കത്തോലിക്കാ സമുദായത്തെ സർവ്വപ്രധാനമായി സ്പർശിക്കുന്ന ഈ വിദ്യാഭ്യാസ കാര്യത്തിൽ നിയമസഭയിലെ കത്തോലിക്കാ മെമ്പർമാർ കത്തോലിക്കാ താല്പര്യങ്ങൾക്കെതിരായ നിലപാടായിരുന്നു സ്വീകരിച്ചതെന്ന് വ്യസനപൂർവ്വം രേഖപ്പെടുത്തേണ്ടി വന്നിരിക്കുന്നു. മേലിലും ഇത്തരം അനുഭവങ്ങൾ ഉണ്ടായേക്കാവുന്നതാണ്. എന്നാൽ ക്രൈസ്തവ വിദ്യാഭ്യാസ ദർശനങ്ങളെ അഭംഗമായി സംരക്ഷിക്കേണ്ട അനുപേക്ഷണിയമായ ചുമതല കത്തോലിക്കാ കോൺഗ്രസ്സിനുണ്ട്. ആകയാൽ കത്തോലിക്കാ തത്വങ്ങളുടെയും അവകാശങ്ങളുടെയും ഫലപ്രദമായ സംരക്ഷണത്തിന് യുക്തമാണെന്ന് തോന്നുന്ന പ്രവർത്തനങ്ങൾ ആവശ്യമെന്ന് തോന്നുന്ന ഘട്ടങ്ങളിൽ സ്വീകരിക്കുന്നതിന് ഈ സമ്മേളനം എ.കെ.സി.സി. വർക്കിംഗ് കമ്മറ്റിയെ ചുമതലപ്പെടുത്തുന്നു." പനമ്പിള്ളി പദ്ധതിക്കെതിരായി എ.കെ.സി.സി. സ്വീകരിച്ച നടപടികൾ വളരെയേറെ ശ്രദ്ധയാകർഷിച്ചു.

ഈ സമരം നടന്നുകൊണ്ടിരിക്കവേ പനമ്പിള്ളിയുടെ മന്ത്രിസഭയും തകർന്നു. അതോടെ പനമ്പിള്ളി പദ്ധതിയും തകർന്നു.

www.malankaralibrary.com





പുളിമൂട്ടിൽ സിൽക്ക് ഹൗസ്

കോട്ടയം - തൊടുപുഴ

www.malankaralibrary.com

# കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തയ്യാറാക്കിയ പാഠപുസ്തകങ്ങൾ

*(ടോമി തുരുത്തിക്കര, വർക്കിംഗ് കമ്മറ്റി മെമ്പർ, എ.കെ.സി.സി.)*



കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് 1957–ൽ അധികാരമേറ്റയുടനെ രൂപീകരിച്ച പാഠപുസ്തക കമ്മറ്റികളുടെയും സിലബസ് കമ്മറ്റികളുടെയും രൂപീകരണം പല സംശയങ്ങൾക്കും ഇടനൽകുന്നതായിരുന്നു. അവർ തയ്യാറാക്കിയ പാഠപുസ്തകങ്ങളെപ്പറ്റി വിശദമായ പഠനം നടത്തുവാൻ കത്തോലിക്കാ കോൺഗ്രസ്സും ഒരു കമ്മറ്റിയെ രൂപീകരിച്ചു. പബ്ലിസിറ്റി ബ്യൂറോ എന്നായിരുന്നു ആ കമ്മറ്റിയുടെ പേര്. ആ കമ്മറ്റി നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് ഞെട്ടി പ്പിക്കുന്ന വിവരങ്ങളാണ് നൽകിയത്. പാഠപുസ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയും ചെയ്യുന്നതായിരിക്കുമെന്നുള്ള എ.കെ.സി.സി.യുടെ നിഗമനം നൂറുശതമാനം ശരിയായിരുന്നുവെന്ന് ആ റിപ്പോർട്ട് വ്യക്ത മാക്കി. പബ്ലിസിറ്റി റിപ്പോർട്ട് തയ്യാറാക്കിയ റിപ്പോർട്ട് 'പാഠപുസ്തകങ്ങളുടെ തനിനിറം' എന്ന പേരിൽ ഒരു പുസ്തകമായി എ.കെ.സി.സി. പ്രസിദ്ധീ കരിച്ചു. ആ റിപ്പോർട്ടിനെപ്പറ്റി 'ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും' എന്ന ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നത് താഴെ ചേർക്കുന്നു.

"ബാലറ്റ് പെട്ടിയിലൂടെ ലോകത്ത് ആദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീകരിച്ച പാഠപുസ്തക കമ്മറ്റികളുടെയും സിലബസ് കമ്മിറ്റിയുടെയും ഘടനയിൽനിന്നും അതിന്റെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ്സ് മുൻകൂട്ടിത്തന്നെ പ്രവചിച്ചു. പാഠപുസ്തക കമ്മിറ്റികളിൽനിന്നും കത്തോലിക്കരെ ബോധപൂർവ്വം അകറ്റിനിർത്തിക്കൊണ്ട് രൂപീകരിച്ച കമ്മിറ്റി തയ്യാറാക്കുന്ന പാഠപുസ്തകങ്ങൾ നിരീശ്വരപരവും ക്രൈസ്തവ ധാർമ്മിക സിദ്ധാന്തങ്ങളെ അവഹേളിക്കുകയോ തെറ്റായി ചിത്രീകരിക്കുകയോ ചെയ്യുന്ന തരത്തിലുള്ള തായിരിക്കുമെന്നും എ.കെ.സി.സി. അഭിപ്രായപ്പെട്ടു. അതെല്ലാം യാഥാർത്ഥ്യമായിത്തീർന്നു.

കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് നിലവിലിരുന്ന പാഠപുസ്തകങ്ങൾ എല്ലാം ഒന്നടങ്കം മാറ്റി പുതിയ പ്രസിദ്ധീകരണങ്ങൾ പ്രതിഷ്ഠിക്കപ്പെടുകയുണ്ടായി. എല്ലാ പുസ്തകങ്ങളും ഒന്നായി മാറ്റിക്കളയുന്ന ചരിത്രം നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ ആദ്യമായിട്ടായിരുന്നു. എ.കെ.സി.സി. ജനറൽ സെക്രട്ടറി പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന പുസ്തകത്തിൽ

www.malankaralibrary.com

ആമുഖമായി ഇപ്രകാരം എഴുതിയിരിക്കുന്നു. "അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് അതിന്റെ പബ്ലിസിറ്റി ബ്യൂറോയെ, പുതിയ പാഠ്യ പുസ്തകങ്ങളെപ്പറ്റി പഠനം നടത്തുവാൻ നിയോഗിച്ചിരുന്നു. പ്രസ്തുത ബ്യൂറോ, സാമൂഹ്യപാഠങ്ങൾ, ഉപപാഠപുസ്തകങ്ങൾ, പദ്യപാഠാവലികൾ, കേരള മലയാള പാഠാവലികൾ, ജനറൽ സയൻസ് എന്നീ വിഭാഗങ്ങൾ പ്രത്യേകം പ്രത്യേകം പരിശോധിച്ച് നിരൂപണങ്ങൾ തയ്യാറാക്കുവാൻ ഉപസമിതികൾ രൂപീകരിക്കുയുണ്ടായി. അവഗാഢമായ പഠനത്തിന്റെയും സമഗ്ര ചർച്ച കളുടെയും ഫലമായി പ്രസ്തുത ഉപസമിതികൾ ബ്യൂറോയ്ക്ക് സമർപ്പിച്ച പുസ്തക വിമർശനങ്ങളുടെ സമാഹാരമാണ് ഈ പുസ്തകങ്ങളുടെ തനിനിറം എന്ന പ്രസിദ്ധീകരണം.

ഗവൺമെന്റിന്റെ പുതിയ പാഠപുസ്തകനയം കരുതിക്കൂട്ടിയുള്ള ഒരടവാണെന്നും ബാലമനസ്സുകളെ പാർട്ടിയന്ത്രത്തിന് കീഴടക്കാനുള്ള കമ്മ്യൂണിസത്തിന്റെ തന്ത്രപരമായ പ്രവണതകൾ മുഴുവൻ അവയിലുടനീളം വ്യാപരിച്ചിട്ടുണ്ടെന്നും വ്യക്തമാണ്. ആ യാഥാർത്ഥ്യതകളുടെ ഉള്ളറകളി ലേക്ക് അനുവാചകർക്ക് ആഞ്ഞിറങ്ങുവാൻ ഈ നിരൂപണങ്ങൾ വേണ്ടുവോളം വെളിച്ചം വിശുന്നുണ്ട്."


കേരളത്തിൽ ആദ്യമായി കുട്ടികൾക്ക് ഒരു ജ്വല്ലറി




തൊടുപുഴ, കോതമംഗലം, പി. ഒ ജംഗ്ഷൻ കോതമംഗലം
മൂവാറ്റുപുഴ, പെരുമ്പാവൂർ, അടിമാലി.

പബ്ലിസിറ്റി ബ്യൂറോ എങ്ങനെയാണ് പാഠ്യപുസ്തകങ്ങളുടെ തനിനിറം കണ്ടെത്തിയതെന്ന് ഉള്ളതിന് ഏതാനും ഉദാഹരണങ്ങൾ കൊണ്ടുതന്നെ നമുക്ക് മനസ്സിലാക്കുവാൻ സാധിക്കും. പുസ്തകം രണ്ട് സാമൂഹ്യപാഠം, ആറാം സ്റ്റാൻഡേർഡിലേക്കുള്ളതാണ്. ആറാം സ്റ്റാൻഡേർഡിലെ പുസ്തകത്തെപ്പറ്റി പാഠ്യപുസ്തകങ്ങളുടെ തനിനിറ ത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. "ഈ പുസ്തകത്തിൽ 45 മുതൽ 47 വരെ വശങ്ങളിൽ കാറൽ മാർക്സിന്റെ ഒരു ലഘു ജീവചരിത്രം ഉണ്ട്. അതിന്റെ അവസാനത്തെ ഖണ്ഡികയിൽ "മാർക്സിന്റെ സമത്വവാദ സിദ്ധാന്തത്തിന്റെ ആദ്യവിജയമാണ് റഷ്യൻ വിപ്ളവം." എന്നൊരു വാചകമുണ്ട്. ഇതുകൊണ്ട് റഷ്യയിൽ പരിപൂർണ്ണ സമത്വം സ്ഥാപിതമായി ക്കഴിഞ്ഞുവെന്ന് വ്യഞ്ജിപ്പിക്കുന്നു. ഇത് അടിസ്ഥാനരഹിതമാണെന്നു മാത്രമല്ല, കൊച്ചുകുട്ടികളെ തെറ്റിദ്ധരിപ്പിക്കുന്നതിന് കരുതിക്കൂട്ടി പ്രയോഗിച്ചിട്ടുള്ളതുമാണ്. റഷ്യൻ വിപ്ളവം എന്തെങ്കിലുമാണെങ്കിൽ മാർക്സിന്റെ സമത്വവാദസിദ്ധാന്തത്തിന്റെ ആദ്യത്തെ മഹാപരാജയമാണ്. റഷ്യൻ വിപ്ളവത്തിനു ശേഷം വത്സരങ്ങൾ 40 കടന്നുപോയിട്ടും, എല്ലാ തൊഴിലാളികളുടെയും എന്നു പറയാവുന്ന ഒരു ഏകാധിപത്യ ഭരണം പോലും അവിടെ ഉണ്ടായിട്ടില്ല. നേരെമറിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഏകാധിപത്യം മാത്രമാണ് നാം അവിടെ കാണുന്നത്. അതിനെയാണ് സമത്വവാദ സിദ്ധാന്തത്തിന്റെ വിജയമായി ഉദ്ഘോഷിച്ചിരിക്കുന്നത്. ഈ കമ്മ്യൂണിസ്റ്റ് ഏകാധിപത്യം മാർക്സ് ഉദ്ദേശിച്ച വർഗ്ഗരഹിതമായ ഒരു സമു ദായത്തിന്റെ ഉദയത്തിന് വഴിതെളിക്കുന്നതായി ഒട്ടും അനുഭവപ്പെടുന്നില്ല."

വസ്തുതകൾക്കെതിരായ ഈ പ്രസ്താവന പാഠപുസ്തകത്തിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.

എട്ടാം സ്റ്റാൻഡേർഡിലേക്കുള്ള സാമൂഹ്യപാഠത്തിലെ പ്രതിപാദ്യത്തെപ്പറ്റി പബ്ലിസിറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്നത് താഴെ ചേർക്കുന്നു. "ഈ പുസ്തകത്തിലെ 6 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങൾ ലോകചരിത്രത്തിലുണ്ടായിട്ടുള്ള പ്രധാന വിപ്ളവങ്ങളുടെ ഒരു വിവരണമാണ്. അവ പാഠ്യപദ്ധതിയുടെ അഞ്ചാം വകുപ്പനുസരിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. പാഠ്യപദ്ധതി നാലാം വകുപ്പു ബ്രിട്ടനിലെ പാർലമെന്ററി ഭരണക്രമത്തിന്റെ പുരോഗതിയാണ്. വിപുലങ്ങളായ ലോകചരിത്രഗ്രന്ഥങ്ങളിലെല്ലാം അതിനെത്തുടർന്ന് പ്രതിപാദിക്കുന്നത് ആ കാലഘട്ടത്തിൽ ഇതരയൂറോപ്യൻ രാജ്യങ്ങളിൽ സേച്ഛാധിപത്യത്തിനുണ്ടായ വികാസത്തെയും, തന്മൂലം പരിണാമ മാർഗ്ഗത്തിൽകൂടി ജനാധിപത്യത്തിലെ ത്താൻ ആ രാജ്യങ്ങൾക്ക് സാധിക്കാതെ വന്ന പരിതസ്ഥിതിയെയും പറ്റിയാണ്. അതിനെ തുടർന്നാണ് വിപ്ളവങ്ങളെ പറ്റിയുള്ള അദ്ധ്യായം. ആ വിപ്ളവ

www.malankaralibrary.com

ങ്ങളുടെ ഫലമായി ജനകീയ ഭരണസമ്പ്രദായങ്ങൾ നടപ്പിൽ വന്നത് വിശദീകരിക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആ സ്ഥിതിക്ക് റഷ്യൻ വിപ്ളവം പാഠ്യപദ്ധതിയിലൂടെ ആ ഭാഗത്ത് ചേർക്കേണ്ടതേ അല്ല. റഷ്യൻ വിപ്ളവത്തിന്റെ ഫലമായി പാർലമെന്ററി ഭരണക്രമം അവിടെ ഒരിക്കലും നടപ്പിൽ വന്നിട്ടില്ല. അതിനാൽ സിലബസ്സുതന്നെ ഉദ്ദേശ്യപൂർവ്വം തയ്യാറാക്കിയതല്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പുസ്തകത്തിലെ വിഷയ വിശദീകരണം ആ സന്ദേഹത്തെ ദൃഢീകരിക്കുകയത്രേ ചെയ്യുന്നത്. ”

അദ്ധ്യായം 8-ൽ റഷ്യൻ വിപ്ളവത്തെപ്പറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്നത് താഴെ ചേർക്കുന്നു.

ഒന്നാം ഖണ്ഡികയിൽ “അവിടെ അവർ ഒരു ജനകീയ റിപ്പബ്ലിക്കു സ്ഥാപിച്ചു” എന്നു കാണുന്നു. ഇതുകൊണ്ട് റഷ്യയിലെ ഭരണം ഇംഗ്ലണ്ടിലെയോ ഇൻഡ്യയിലെയോ പോലെയുള്ള ജനപ്രതിനിധികളുടെ ഒരു ഭരണമാണെന്ന് വിദ്യാർത്ഥികളെ തെറ്റിദ്ധരിപ്പിക്കുയാണ് ചെയ്യുന്നത്. വീണ്ടും അതേ ഖണ്ഡികയിൽ “തൊഴിലാളികളുടെയും കർഷകരുടെയും പട്ടാളക്കാരുടെയും പ്രതിനിധികൾ കൂടിച്ചേർന്ന സോവിയറ്റുകളാണ് ഭരണം നടത്തിയിരുന്നത് എന്ന് ചേർത്തിരിക്കുന്നു. ഈ പ്രാതിനിദ്ധ്യം സ്വതന്ത്രമായ ഒരു തെരഞ്ഞെടുപ്പുപോലും ലഭിച്ചതായിരുന്നില്ലെന്നുള്ള വസ്തുത മറച്ചുവച്ചുകൊണ്ട് റഷ്യയ്ക്ക് പൂച്ചുകൊടുത്ത് മിനുക്കിയിരിക്കുകയാണ്.

119-ാം വശത്ത് “അയൽ രാജ്യങ്ങളിലെ മുതലാളി ഗവൺമെന്റുകൾ ഈ പിന്തിരിപ്പൻ ശക്തികളെ സഹായിച്ചു” എന്നൊരു വാചകമുണ്ട്. ഇതിലെ “മുതലാളി” എന്നും “പിൻതിരിപ്പൻ” എന്നുമുള്ള പദങ്ങൾ വ്യംഗ്യപ്രധാനമായ ഭാഷാശൈലിയുടെ മകുടോദാഹരണങ്ങളാണ്. സ്വകാര്യസ്വത്തുമുഴുവൻ കണ്ടുകെട്ടി ഏറ്റവും വലിയ മുതലാളി ഗവൺമെന്റായിത്തീർന്നിരുന്ന റഷ്യയാണെന്നുള്ള വസ്തുതഗോപനം ചെയ്തിട്ട്, മറ്റു ഗവൺമെന്റുകളെയെല്ലാം മുതലാളികളായി ചിത്രീകരിച്ച അവജ്ഞയ്ക്ക് വിഷയീഭവിപ്പിക്കുകയാണ് ചെയ്യുന്നത്. അതുപോലെ തന്നെ തങ്ങളുടെ സ്വാതന്ത്ര്യത്തിനും സമ്പത്തിനുംവേണ്ടി പടപൊരുതിയ ജനങ്ങളെല്ലാം പിൻതിരിപ്പൻമാരാണു പോലും. ചുരുക്കത്തിൽ, കമ്മ്യൂണിസ്റ്റല്ലാത്തതെല്ലാം പിൻതിരിപ്പനാണെന്ന് കുട്ടികൾ മനസ്സിലാക്കിക്കൊള്ളണമെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. പക്ഷെ ഇവിടെയയല്ല ഇതു പറയേണ്ടത്, റഷ്യയിലോ ചൈനയിലോ ആണ്.

120-ാം വശത്ത്, സ്റ്റാലിൻ – ട്രോട്സ്കി സമരത്തെപ്പറ്റി ടോസ്കിയും സ്റ്റാലിനും തമ്മിൽ മത്സരമുണ്ടായി. “സ്റ്റാലിൻ വിജയിച്ചു” എന്നു പറഞ്ഞിരിക്കുന്നു. കമ്മ്യൂണിസ്റ്റ് ഏകാധിപത്യത്തിന്റെ ഏറ്റം വിലിയ ദോഷം നേതൃത്വത്തിനു വേണ്ടിയുള്ള വടംവലിയും അതിന്റെ ഫലമായി നടന്നു

www.malankaralibrary.com

കൊണ്ടിരിക്കുന്ന വധങ്ങളുമാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പക്ഷെ അത് റഷ്യയ്ക്ക് ഭൂഷണമല്ല. അതുകൊണ്ട് ആ ഭാഗം ഒറ്റ വാക്കിൽ സംഗ്രഹിച്ചിരിക്കുകയാണ്. 118-ാം പേജിൽ ലെനിന്റെ പരിഷ്ക്കാരങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതിനിടയ്ക്ക് അദ്ദേഹത്തിന്റെ "നവീന സാമ്പത്തിക നയത്തെപ്പറ്റി ഒറ്റ വാക്കുപോലും പറയാനില്ല. അത് പറഞ്ഞാൽ മാർക്സിസത്തിന്റെ അപ്രായോഗികത ലെനിൻതന്നെ അംഗീകരിച്ചതായി വരും. അതുകൊണ്ട് അതു പറയാതെ വിട്ടിരിക്കുകയാണ്.

120-ാം പേജിന്റെ അവസാനത്തിലും 121-ാം പേജിന്റെ ആരംഭത്തിലും റഷ്യയെ വാനോളം പുകഴ്ത്തിയിരിക്കുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ ആരംഭഘട്ടത്തിൽ റഷ്യയ്ക്കുണ്ടായ അപജയങ്ങളെ പ്പറ്റിയോ അവസാനം വിജയം വരിക്കുന്നതിന് പ്രാപ്തയാകത്തക്കവിധം ബ്രിട്ടനും അമേരിക്കയും റഷ്യയ്ക്കു നൽകിയ ആയുധ വിഭവ സംഭരണങ്ങളെ പ്പറ്റിയോ ഒരക്ഷരംപോലും പറഞ്ഞിട്ടില്ല. വസ്തുതകളുടെ ഭാഗികമായ പ്രതിപാദനരീതി ഏറ്റം സമർത്ഥമായി ഇവിടെ പ്രതിപാദിച്ചിരിക്കുന്നു. 121-ാം വശം മുതലുള്ള "പ്രാധാന്യം" എന്ന ഉപവിഭാഗത്തിലെ പല വാചകങ്ങളും ഈ തരത്തിലുള്ളവയാണ്.

(a) "ഒരു പുതിയ സാമ്പത്തികനീതിയും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു നൂതനസാമൂഹ്യ വ്യവസ്ഥിതിയും ഈ വിപ്ളവംമൂലം സംജാതമായി." ഇതു കേട്ടാൽ വ്യക്തിയെ രാഷ്ട്രത്തിന്റെ അടിമയാക്കുന്ന ഒരു വ്യവസ്ഥിതിയാണിതെന്ന് ആർക്കെങ്കിലും തോന്നുമോ?

(b) "സമ്പത്തെല്ലാം സമുദായത്തിന്റേതാണെന്നും സമുദായത്തിലെ എല്ലാ അംഗങ്ങളുടെ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും അത് ഉപയോഗിക്കേണ്ടതാണെന്നുള്ള ഒരു നവീനാശയമാണ് റഷ്യൻ വിപ്ളവം പ്രദാനം ചെയ്തത്." യഥാർത്ഥത്തിൽ സമ്പത്തെല്ലാം ഗവൺമെന്റിന്റേതാണെന്നും ഗവൺമെന്റിൽ ഉന്നതാധികാരം വഹിക്കുന്നവരുടെ ഇഷ്ടാനുസാരം വിനിയോഗിക്കാവുന്നതാണെന്നുമുള്ള ആശയമല്ലേ റഷ്യൻ വിപ്ളവം പ്രദാനം ചെയ്തത്. പ്രസ്തുത വാചകത്തിൽനിന്നും ഏതെങ്കിലും ഒരു വിദ്യാർത്ഥി അങ്ങനെ ഊഹിക്കുമോ? ചുരുക്കത്തിൽ, എങ്ങനെയും വിദ്യാർത്ഥികൾ മനസ്സിലാക്കണം റഷ്യ ഭൂഗോളത്തിലെ സ്വർഗ്ഗമാണെന്ന്. ഒരു പാഠപുസ്തകത്തിൽ വേണ്ടത് വസ്തുതകളാണ്. അഭിപ്രായങ്ങളോ അനുമാനങ്ങളോ പ്രകീർത്തനങ്ങളോ ചേർക്കുന്നുവെങ്കിൽ അത് അഭിപ്രായാന്തരത്തിന് വകയുള്ളവയായിരിക്കരുത്. റഷ്യയെപ്പറ്റിയുള്ള ഈ എട്ടാം അദ്ധ്യായം ഇതിനെല്ലാം കടകവിരുദ്ധമാണ്. ഈ അദ്ധ്യായം വസ്തുനിഷ്ഠമായ രീതിയിൽ മാറ്റി എഴുതാതെ നമ്മുടെ വിദ്യാലയങ്ങളിലോ, വിദ്യാർത്ഥികളെയോ ഒരിക്കലും പഠിപ്പിക്കാവുന്നതല്ല.

www.malankaralibrary.com

## ചൈനയിലെ വിപ്ളവം

ഒൻപതാം അദ്ധ്യായത്തിൽ ചൈനയിലെ വിപ്ളവം ആണ് പ്രതിപാദിച്ചിരിക്കുന്നത്. അതേപ്പറ്റി പബ്ലിസിറ്റി ബ്യൂറോ തയ്യാറാക്കിയിരിക്കുന്ന റിപ്പോർട്ട് വായിക്കുക. "വിപ്ളവങ്ങൾക്കെല്ലാം ഓരോ പ്രത്യേക അദ്ധ്യായമാണ് നൽകിയിരിക്കുന്നത്. കാരണം ഇങ്കിലാബ് സിന്ദാബാദ് എന്നുള്ള ആശയഗതിയാണ് ഗ്രന്ഥനിർമ്മാതാവിനുള്ളത് പാഠ്യപദ്ധതിയിൽ അമേരിക്കൻ, ഫ്രഞ്ച്, റഷ്യൻ, ചീന വിപ്ളവങ്ങൾക്കെല്ലാംകൂടി ഒരു തലക്കെട്ടാണ്. അതുപോലെ അടുത്ത തലക്കെട്ടാണ് ഏഷ്യയുടേയും ആഫ്രിക്കയുടേയും നവോത്ഥാനമെന്നത്. അതിൽ രണ്ടോ, മൂന്നോ വാചകങ്ങളിൽ കൂടാത്ത ഒരു ഖണ്ഡിക മാത്രമാണ് ഭാരതത്തെയും അതിന്റെ യുദ്ധാനന്തര ചരിത്രത്തെയും പറ്റി പ്രതിപാദിക്കാൻ ഉപയോഗിച്ചിരിക്കുന്നത്. വിപ്ളവങ്ങളെല്ലാംകൂടി ആ നിലയ്ക്ക് ഒരദ്ധ്യായത്തിലെ രണ്ടോ നാലോ ഖണ്ഡികകളായി എന്തുകൊണ്ട് എഴുതിയില്ല എന്നുള്ളത് പ്രത്യേകം ചിന്തിക്കേണ്ടതാണ്. യഥാർത്ഥത്തിൽ ചൈനയിലെ വിപ്ളവം ഏഷ്യയുടെ നവോത്ഥാനത്തിന്റെ ഒരു ഭാഗം മാത്രമാണ്. അതെത്ര വലുതായിരുന്നാലും ഭാരതത്തിന്റെ സ്വാതന്ത്ര്യപുരോഗതിയെക്കാൾ, ഒരു ഭാരതീയനും പ്രാധാന്യമുണ്ടെന്നു തോന്നുന്നില്ല.


പല മുഖങ്ങൾ... ഒരേ ഹൃദയം...

**ദൈവ വചന സഭ - (68 രാജ്യങ്ങളിൽ)**

വൈവിദ്ധ്യമാർന്ന സംസ്ക്കാരങ്ങളിലും
സമൂഹങ്ങളിലും കാലത്തിനിണങ്ങുന്ന രീതിയിൽ
സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന
6000-ത്തിലധികം മിഷനറിമാർ. ഈ സഭയിൽ ചേർന്ന്
മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ
ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക

**The Vocation Director**
**St. John's Mission Semminary**
**Changanacherry, Pin - 686104**

**Phone : 0481-2421751**


www.malankaralibrary.com

127-ാം പേജിൽ 'സോവിയറ്റു റഷ്യ ചൈനയെ ആത്മാർത്ഥമായി സഹായിച്ചു' എന്നുണ്ട്. യാതൊരു സ്വാർത്ഥോദ്ദേശവും കൂടാതെ റഷ്യ ചൈനയെ സഹായിച്ചുവെന്ന് പ്രത്യക്ഷമായും, അമേരിക്ക ചിയാങ്ങിനെ സഹായിച്ചത് ഏതോ സ്വാർത്ഥോദ്ദേശത്തോടുകൂടിയായിരുന്നുവെന്ന് ധ്വനി മൂലവും പ്രകാശിപ്പിക്കുയാണ് ഇവിടെ ചെയ്യുന്നത്. 128-ാം പേജിൽ കമ്യൂണിസ്റ്റുകാരെ വേട്ടയാടി നശിപ്പിക്കുവാൻ ശ്രമിച്ചു എന്നൊരു പ്രയോഗമുണ്ട്. യുദ്ധത്തിൽ പരസ്പരം കൊല്ലുകയല്ലാതെ താലോലിക്കാറില്ലല്ലോ. "വേട്ടയാടി" എന്ന പദംകൊണ്ട് ചിയാങ്ങിന്റെ പ്രവൃത്തി ക്രൂരവും നിർദ്ദയവുമായിരുന്നുവെന്ന് സുചിപ്പിക്കുന്നു. മറുവശത്തെപ്പറ്റി യാതൊരു കുറ്റവും പറയാനുമില്ല.

അതേവശത്തുതന്നെ "കമ്മ്യൂണിസ്റ്റുകാർ ചൈനയുടെ സ്വാതന്ത്ര്യം പരിരക്ഷിക്കുന്നതിനുവേണ്ടി ചിയാങ്ങുമായി സഹകരിക്കുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ ചിയാങ്ങ് അതുകൂട്ടാക്കിയില്ല" എന്നു എഴുതിക്കാണുന്നു. ഇതുകേട്ടാൽ മാതൃരാജ്യസ്നേഹത്താൽ മാത്രം പ്രചോദിതമായ ഒരാഗ്രഹം എത്ര നിഷ്ക്കരുണമായി ചിയാങ്ങ് അവഗണിച്ചുവെന്ന് തോന്നും. പക്ഷെ, സഹകരണത്തിന് പ്രതിഫലമായി കമ്മ്യുണിസ്റ്റുകാർ ആവശ്യപ്പെട്ടത് സൈന്യങ്ങളുടെ നേതൃത്വമായിരുന്നവെന്നുള്ളത് മറ്റു പുസ്തക ങ്ങൾ വായിച്ചിട്ടുള്ളവർക്കല്ലാതെ, ഈ പുസ്തകം മാത്രം പഠിക്കുന്ന കുട്ടികൾക്ക് അറിയാൻ കഴിയുമോ?

130-ാം പേജിൽ "അഴിമതിയും സ്വജനപക്ഷപാതവും നിറഞ്ഞ നാഷണലിസ്റ്റ് ഗവൺമെന്റിന് തുടരെത്തുടരെ പരാജയങ്ങളുണ്ടായി" എന്ന് ചേർത്തിരിക്കുന്നു. അവരുടെ പരാജയം ഒരു ധാർമ്മിക ശിക്ഷയാണെന്നാണ് ധ്വനി. യാഥാർത്ഥ്യം എന്താണ്? മഞ്ചൂറിയായിലും മംഗോളിയായിലും കീഴടങ്ങിയ ജപ്പാൻകാരുടെ നവീനയുദ്ധോപകരണങ്ങൾ റഷ്യ, കമ്മ്യൂണിസ്റ്റുകാർക്കു നൽകിയതുകൊണ്ടാണ് ചിയാങ്ങ് പരാജയപ്പെടാനിടയായത്. ഇത് പുസ്തകത്തിലില്ല. ഈ അദ്ധ്യായത്തിന്റെ അവസാനഭാഗം കമ്മ്യൂണിസ്റ്റ് ചൈനയെപ്പറ്റിയുള്ള ഒരു കീർത്തനമാലയാണ്. അതനുസരിച്ച് ചൈന ഭുമിയിലെ സ്വർഗ്ഗമാണ്. പക്ഷെ, ഇതെല്ലാം ഭാവനയല്ലാതെ യാഥാർത്ഥ്യമല്ല. ഈ അദ്ധ്യായം പാടെ നിഷിദ്ധമാണ്. അത് മാറി എഴുതാതെ കുട്ടികളെ പഠിപ്പിക്കുന്നതായാൽ തെറ്റായ ധാരണകൾ അവർക്കുണ്ടാകും."

അദ്ധ്യായം പത്തിൽ ഏഷ്യൻ രാജ്യങ്ങളിൽ ഉണ്ടായ ഉയർച്ചയെപ്പററിയും പുരോഗതിയെപ്പറ്റിയും പ്രസ്താവിച്ചിട്ടുണ്ട്. ഇതിൽ ജപ്പാനെപ്പറ്റി കാര്യമായി പ്രതിപാദിക്കാത്തതും, ഫോർമോസായിലെ ചീന ഗവൺമെന്റിനെ യു.എൻ.ഒയയിൽ വാഴിച്ചിരിക്കുന്നതിനെ ഒരു മഹാപരാധമായി ചിത്രീകരിച്ചുകൊണ്ടും എഴുതിയിരിക്കുന്ന പാഠഭാഗവും അത്യന്തം പ്രതിഷേധാർഹമാണെന്ന് പബ്ലിസിറ്റി ബ്യുറോ രേഖപ്പെടുത്തിയിട്ടുണ്ട്.

www.malankaralibrary.com

തുടർന്ന് ബ്യൂറോ എഴുതിയിരിക്കുന്നു. ഈ അദ്ധ്യായത്തിൽ ഇന്ത്യയെപ്പറ്റി പ്രതിപാദിക്കുന്ന ഭാഗം പ്രത്യേകം ശ്രദ്ധേയമാണ്. ഏകീകരണം, വികസന പദ്ധതികൾ മുതലായി 1947-നു ശേഷം ഇന്ത്യയ്ക്കുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി ഈ പുസ്തകത്തിൽ യാതൊന്നുമില്ല. എല്ലാ പുസ്തകങ്ങളിലും തന്നെ ഭാരതത്തിന്റെ ആഭ്യന്തരചരിത്രം ഇരുമ്പു യവനികകൊണ്ട് മൂടിയിരിക്കുകയാണ്. ഗ്രന്ഥകർത്താവിന്റെയും കേരള ഗവൺമെന്റിന്റെയും ദൃഷ്ടിയിൽ ഇന്ത്യയുടെ വിദേശനയമല്ലാതെ ഗണ്യമായി യാതൊന്നും ഉള്ളതായി തോന്നുന്നില്ല. ഈ അദ്ധ്യായവും മാറി എഴുതിയേ മതിയാവൂ."

പതിനൊന്നാം സ്റ്റാൻഡാർഡിലെ സാമൂഹ്യ പാഠപുസ്തകത്തിൽ 5-ാം അദ്ധ്യായത്തിൽ പൗരാണിക ചൈനയെപ്പറ്റിയുള്ള പ്രതിപാദനത്തിൽ ചീനസംസ്ക്കാരത്തിന്റെ ആദിപിതാക്കളായ "ലയോസെ"യെപ്പറ്റിയോ കൺഫ്യൂഷസിനെപ്പറ്റിയോ യാതൊന്നും പറയാതെയിരുന്നതും ഏഷ്യയുടെ നവോത്ഥാനത്തിൽ ഇന്ത്യയെപ്പറ്റി ഒന്നും പറയാത്തതിനെപ്പറ്റിയും പബ്ലി സിറ്റി ബ്യൂറോ വിമർശിച്ചിട്ടുണ്ട്. ഒൻപതാമദ്ധ്യായത്തിൽ റഷ്യയെ മാതൃക യാക്കി ചിത്രീകരിക്കുന്നതിന് നടത്തിയിട്ടുള്ള ഭഗീരഥ ശ്രമങ്ങളെപ്പറ്റിയും സ്ഥിതിസമത്വത്തിൽ അധിഷ്ഠിതമായ ഒരു നവലോകം റഷ്യയിൽ അവതീർണ്ണമായി എന്നുരേഖപ്പെടുത്തിയതിനെപ്പറ്റിയും ശക്തമായി എതിർത്തിട്ടുണ്ട്. അദ്ധ്യായം 13-ൽ ഏഷ്യൻ രാജ്യങ്ങളുടെ ചരിത്രത്തിൽ ഇന്ത്യയ്ക്ക് ഒരു ഖണ്ഡികയും ചൈനയ്ക്ക് മൂന്നു ഖണ്ഡികകളുമാണ് നൽകിയിരിക്കുന്നത്.

ഇതുപോലെ ഉപപാഠപുസ്തകങ്ങളിലെയും പദ്യപാഠാവലികളെപ്പറ്റിയും, മലയാള പാഠാവലികളെപ്പറ്റിയും, ജനറൽ സയൻസിനെപ്പറ്റിയും എല്ലാം സമഗ്രമായ പഠനം നടത്തി ഒരു റിപ്പോർട്ട് തയ്യാറാക്കിയതാണ് പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന 82 പേജുള്ള പുസ്തകം. അന്ന് മോൺ. എൽ. ജെ. ചിറ്റൂർ, ജെയിംസ് കെ. സി. മണിമല, പ്രൊഫ. മാത്യു ഉലകംതറ തുടങ്ങിയവരായിരുന്നു ഈ പബ്ലിസിറ്റി ബ്യൂറോയിലെ അംഗങ്ങൾ. എം. ഒ. ജോസഫ് നെടുംകുന്നം കൺവീനറും.

*With best compliments from*

**Adoration Provincial House**
**Nirmala Bhavan**
**Thodupuzha**

www.malankaralibrary.com

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് പ്രസിദ്ധീകരിച്ച പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന ഗ്രന്ഥത്തെപ്പറ്റി ഇത്രയും ദീർഘമായി പ്രതിപാദിച്ചത് എന്തുകൊണ്ടാണെന്ന് ചിലപ്പോൾ സംശയമുണ്ടാകാം. ഇതിന് രണ്ടു കാരണങ്ങളുണ്ട്.

(1) കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരമേറ്റെടുത്ത അന്നുമുതൽ അവരുടെ പ്രവർത്തനം എങ്ങനെയായിരിക്കുമെന്ന് എ.കെ.സി.സി. കണക്കാക്കിയിരുന്നു. പാഠപുസ്തക കമ്മിറ്റി രൂപീകരണം, സിലബസ് കമ്മിറ്റി രൂപീകരണം മുതലായ വിഷയങ്ങളിൽ ഗവൺമെന്റ് സ്വീകരിച്ച നയം, കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കമ്മ്യൂണിസ്റ്റാശയങ്ങൾ കുട്ടികളിൽ കുത്തിവയ്ക്കുവാൻ ശ്രമിക്കുമെന്ന് എ.കെ.സി.സി. മുൻകൂട്ടി കണ്ടു. ഈ ലക്ഷ്യത്തിൽ നിന്നുകൊണ്ട് സർക്കാർ സ്വീകരിച്ച മാർഗ്ഗങ്ങൾ കേരള ജനതയെ ബോധ്യപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. അത് ഫലിച്ചു. പിന്നീട് മുണ്ടശ്ശേരി കൊണ്ടുവന്ന വിദ്യാഭ്യാസപദ്ധതിയെ എതിർക്കുവാൻ കത്തോലിക്കാ സമുദായത്തിന് ആവേശം പകർന്നു നൽകിയത് എ.കെ.സി.സി.യുടെ ഈവിധ പ്രവർത്തനങ്ങളായിരുന്നുവെന്ന് തറപ്പിച്ചു പറയാൻ സാധിക്കും. കത്തോലിക്കാ കോൺഗ്രസ്സ് എന്നും എക്കാലവും ഈ ദൗത്യം വിജയകരമായി നിർവ്വഹിച്ചിട്ടുണ്ട്. അത് സമുദായം വേണ്ടവിധ ത്തിൽ ധരിച്ചിട്ടുണ്ടോ എന്ന് ഒന്ന് ചിന്തിക്കുവാൻ ഇത് സഹായകമാകട്ടെ.


(2) കത്തോലിക്കാ കോൺഗ്രസ്സ് ഒരു കോളേജോ സ്ക്കൂളോ എന്തിന് ഒരു നേഴ്സറി സ്കൂൾ പോലുമോ സ്ഥാപിച്ചു നടത്തിയിട്ടില്ല. സമുദായത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ വിദ്യാലയങ്ങളും തങ്ങളുടേതാണെന്ന ബോധ്യത്തിൽ ആണ് അവർ പ്രവർത്തിക്കുന്നത്. ഒരു നഴ്സറി സ്ക്കൂളുപോലും നടത്താത്ത എ.കെ.സി.സി.യാണ് സ്വകാര്യ വിദ്യാലയങ്ങളുടെ അവകാശസംരക്ഷണത്തിനും ന്യൂനപക്ഷാവകാശ സംരക്ഷണ ത്തിനുമായി എന്നും എക്കാലവും നിന്നിട്ടുള്ളത്. പാഠ്യപുസ്തകങ്ങളിലെ തെറ്റുകളും ആക്ഷേപാർഹങ്ങളായ ഭാഗങ്ങളും നീക്കം ചെയ്യണമെന്ന് എന്നും എക്കാലവും ആവശ്യപ്പെട്ടിട്ടുള്ളതും എ.കെ.സി.സി. യാണ്. ഈ സത്യം ജനങ്ങൾ ഗ്രഹിക്കുക തന്നെ വേണം. ആ ലക്ഷ്യം കൂടി കണക്കിലെടുത്താണ് ഈ ഭാഗം ഇത്രയും ദീർഘമായി എഴുതിയത്.

പാഠ്യപുസ്തകങ്ങളുടെ തനിനിറം എന്ന പ്രസിദ്ധീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിഷേധാർഹങ്ങളായ പാഠഭാഗങ്ങൾ നീക്കംചെയ്യണമെന്ന് കത്തോലിക്കാ മതമേലദ്ധ്യക്ഷന്മാർ സംയുക്ത പ്രസ്താവന പുറപ്പെടുവിക്കുകയും ചെയ്തു.

www.malankaralibrary.com

# മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബിൽ

*അഡ്വ. തോമസ് ജെയിംസ്, വർക്കിംഗ് കമ്മറ്റി മെമ്പർ, എ.കെ.സി.സി.*



ഏകാധിപതിയായ സർ സി.പി.രാമസ്വാമി അയ്യരും ജനകീയ മന്ത്രിയായ പനമ്പിള്ളി ഗോവിന്ദ മേനോനും സ്വകാര്യവിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനും അവയുടെമേൽ കടുത്ത നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാനും ശ്രമിച്ചു. അതിനെതിരായി ബഹുജനരോഷം ആളിക്കത്തി. ആ രണ്ടുഭരണാധികാരികളുടെയും ശ്രമങ്ങൾ ജനങ്ങൾ പരാജയപ്പെടുത്തി.

1957-ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിൽ അംഗമായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബിൽ അവതരിപ്പിക്കുകയുണ്ടായി. അതിനെതിരായ ആർത്തിരമ്പിയ ജനകീയശക്തിയെ നേരിടുവാൻ സർക്കാരിന് സാധിച്ചില്ല. ഒരു പ്രൈമറി സ്ക്കൂളോ നഴ്സറി സ്ക്കൂളോ പോലും സ്ഥാപിച്ചുനടത്താൻ ശ്രമിക്കാതിരുന്ന കത്തോലിക്കാ കോൺഗ്രസ്സ് ക്രൈസ്തവവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി അണിനിരന്നു. ധീരോത്തമായ ഈ നടപടിയെപ്പറ്റി ജോൺകച്ചിറമറ്റം രചിച്ച ക്രൈസ്തവരും ദേശീയപ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ ഇത്രയും എഴുതിയിരിക്കുന്നു.

'കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലേറിയിട്ടുള്ളിടത്തെല്ലാം വിദ്യാഭ്യാസരംഗം കൈയടക്കാനുള്ള പരിപാടികളാണ് ആദ്യമേ തയ്യാറാക്കുക. അതിനു സഹായകരമായ വിധത്തിൽ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രിയായിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ഒരു വിദ്യാഭ്യാസ ബില്ലിന് രൂപം കൊടുത്തു. ക്രൈസ്തവരുടെ വിദ്യാഭ്യാസ കാര്യത്തിലുള്ള പ്രത്യേക താല്പര്യം എടുത്തു കാട്ടിക്കൊണ്ടും ധൃതഗതിയിലുള്ള നിയമനിർമ്മാണത്തിനുള്ള നീക്കം അപകടകരമാണെന്നും, ഗവൺമെന്റ് നിയമസഭയിൽ ഹാജരാക്കാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസ ബിൽ പ്രസിദ്ധപ്പെടുത്തി പൊതുജനാഭിപ്രായം പ്രകടിപ്പിക്കുന്നതിന് ആവശ്യമായ സാവകാശം നൽകിയതിനു ശേഷം മാത്രമേ ബിൽ നിയമസഭയിൽ അവതരിപ്പിക്കാവൂ എന്നും കത്തോലിക്കാ കോൺഗ്രസ്സ് ഗവൺമെന്റിനോടഭ്യർത്ഥിച്ചു. പക്ഷെ ആ അഭ്യർത്ഥന സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറായില്ല. ഈ സന്ദർഭത്തിൽ 1957 സെപ്റ്റംബർ 15ന് എ.കെ.സി.സി. വർക്കിംഗ് കമ്മറ്റികൂടി താഴെ കാണുന്ന പ്രമേയം അംഗീകരിച്ചു.

"ഈ രാജ്യത്ത് ഒരറ്റം മുതൽ മറ്റേ അറ്റം വരെ തുടർച്ചയായ ബഹുജന പ്രതിഷേധം ഉയരുകയും ലക്ഷക്കണക്കിനാളുകൾ ഒപ്പിട്ട

www.malankaralibrary.com

മെമ്മോറാണ്ടം വഴി ബിൽ പിൻവലിക്കണമെന്ന് നിവേദനം നടത്തുകയും ചെയ്തിട്ടും അവയൊന്നും വകവയ്ക്കാതെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരള വിദ്യാഭ്യാസബിൽ കേവലം രണ്ട് വോട്ടിന്റെ ഭൂരിപക്ഷത്തെ ആശ്രയിച്ച് നിയമസഭയിൽ പാസ്സാക്കിയിരുന്നു. ആദ്യം ബില്ലിലെ വ്യവസ്ഥകളിൽ സിലക്റ്റ് കമ്മിറ്റി ചില ഭേദഗതികൾ വരുത്തിയിട്ടുണ്ടെങ്കിലും അതുകൊണ്ട് ഈ ബില്ലിന്റെ അപകട സ്വഭാവത്തിന് യാതൊരു മാറ്റവും വന്നിട്ടില്ലെന്നും ഭേദപ്പെടുത്തപ്പെട്ട രൂപത്തിലും ഈ ബിൽ തീർത്തും അസ്വീകാര്യമായി രുന്നുവെന്നും ചൂണ്ടിക്കാണിക്കുവാൻ ഈ കമ്മിറ്റി ആഗ്രഹിക്കുന്നു. ബില്ലിൽ പുതിയതായി വരുത്തിയ ഒരു ഭേദഗതി പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള അദ്ധ്യാപകനിയമനം - പ്രൈവറ്റ് വിദ്യാലയങ്ങളുടെ ലക്ഷ്യത്തെ പാടെ നശിപ്പിക്കുന്നതിന് പര്യാപ്തമാണെന്നും ആ വിദ്യാലയങ്ങളുടെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യത്തക്ക സാമൂഹ്യ വിരുദ്ധ ശക്തികളുടെ നുഴഞ്ഞുകയറ്റത്തിന് അതുവഴിതെളിക്കുമെന്നും ഈ കമ്മിറ്റി പൂർണ്ണമായി വിശ്വസിക്കുന്നു.

ഈ ചുറ്റുപാടിൽ നിയമസഭ പാസ്സാക്കിയ രുപത്തിലുള്ള ബില്ലിനെ ഈ കമ്മിറ്റി അതിശക്തമായി പ്രതിഷേധിക്കുകയും ഇതിന് അംഗീകാരം നൽകരുതെന്ന് കേരള ഗവർണ്ണറോടും ഇന്ത്യൻ പ്രസിഡന്റിനോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. മൗലീകാവകാശ ധ്വംസനവും കുട്ടികളുടെ വിദ്യാഭ്യാസം കമ്മ്യുണിസ്ററുമയമാക്കി തീർക്കുന്നതുമായ ഈ ബില്ലിനെ പ്രതിഷേധിച്ചും ഇതിന് അംഗീകാരം നൽകരുതെന്ന് ഇന്ത്യൻ പ്രസിഡന്റിനോടും കേരള ഗവർണ്ണറോടും അഭ്യർത്ഥിച്ചുകൊണ്ടുള്ള പ്രതിഷേധ നിശ്ചയങ്ങൾ പാസ്സാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചു കൊടുക്കുവാൻ ശാഖകളെയും ഈ കമ്മിറ്റി ഉദ്ബോധിപ്പിക്കുന്നു.

രക്ഷകർത്താക്കളുടെ അവകാശത്തെ അവഗണിച്ചും കുഞ്ഞുങ്ങൾ രാഷ്ട്രത്തിന്റെ വകയാണെന്ന കമ്മ്യുണിസ്റ്റ് സിദ്ധാന്തത്തിന് അനുയോജ്യമാം വിധം കരുപിടിപ്പിച്ചിരിക്കുന്നതുമായ വിദ്യാഭ്യാസബിൽ നിയമമായി നടപ്പിൽ വരാതിരിക്കുന്നതിന് ആവശ്യമായ അനന്തരനടപടികൾ സ്വീകരിക്കുവാനും അതിലേക്ക് വേണ്ടിവരുന്ന എല്ലാവിധ ത്യാഗങ്ങളും സഹിപ്പാനും തയ്യാറായിരിക്കണമെന്ന് രക്ഷാകർത്താക്കളെയും ഈ കമ്മിറ്റി അനുസ്മരിപ്പിച്ചു കൊള്ളുന്നു.''

വിദ്യാഭ്യാസബില്ലിനെതിരായ പ്രതിഷേധം കേരളമാകെ പടർന്നു പിടിച്ചു. വിദ്യാഭ്യാസബിൽ മുണ്ടശ്ശേരി പദ്ധതിയെന്നാണ് അറിയപ്പെട്ടത്. ബിഷപ്പ്സ് കോൺഫറൻസ് നിയമിച്ച വിദ്യാഭ്യാസ കമ്മിറ്റി, ചങ്ങനാശ്ശേരി അതിമെത്രാസന മന്ദിരത്തിൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ വിളിച്ചുകൂട്ടുകയും അവരുമായി ആലോചിച്ച് എ.കെ.സി.സി. പ്രസിഡന്റ്

www.malankaralibrary.com

ശ്രീ. പി. ജെ. സെബാസ്റ്റ്യൻ അദ്ധ്യക്ഷനായി പ്രൈവറ്റ് സ്ക്കൂൾ ഡിഫൻസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് സ്വീകരിച്ച അനാശാസ്യവും അനീതിപരവും ഭരണഘടനാ വിരുദ്ധവുമായ നടപടികളെപ്പറ്റി കേന്ദ്രഗവൺമെന്റിന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു.

കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് സ്ക്കൂൾ മാനേജർമാരുടെയും ഹെഡ്മാസ്റ്റർമാരുടെയും ഒരു സമ്മേളനം കോട്ടയം ബി.സി.എം. കോളേജിൽ വിളിച്ചുകൂട്ടി. താഴെ പറയുന്ന വിഷയങ്ങളെപ്പറ്റി യോഗം ചർച്ച ചെയ്തു. (1) മതനിഷേധവും കമ്മ്യൂണിസ്റ്റാദർശങ്ങൾ അടിച്ചേൽപ്പിക്കുന്ന തരത്തിലുള്ളതുമായ ഇന്നത്തെ പാഠപുസ്തകങ്ങൾ (2) ഫീസ് പിരിവ് ഹെഡ്മാസ്റ്റർ, ട്രഷറിയിൽ അടയ്ക്കണമെന്നും അദ്ധ്യാപക ശമ്പളം ഹെഡ്മാസ്റ്റർ വാങ്ങി നൽകണമെന്നും അനുശാസിക്കുന്ന ഗവൺമെന്റിന്റെ പുതിയ ഉത്തരവ് (3) അവകാശങ്ങൾ സുരക്ഷിതമല്ലെങ്കിൽ വിദ്യാലയങ്ങൾ തുടർന്ന് നടത്തണമോ അടച്ചുപൂട്ടണമോ എന്ന പ്രശ്നം (4) മാനേജർമാരു ടെയും അദ്ധ്യാപകരുടെയും പ്രതിനിധികൾ അടങ്ങിയ കത്തോലിക്കാ എഡ്യുക്കേഷൻ കൗൺസിലുകളുടെ രൂപവൽക്കരണം.

*With best compliments from*



CATHOLIC
BISHOP'S HOUSE

**Manathavady**
**Wynad, Keral - 670645**

www.malankaralibrary.com

വിദ്യാഭ്യാസ ബില്ലിനെതിരെ ചർച്ച ചെയ്യുവാൻ എ.കെ.സിയസി. കോട്ടയത്ത് ബി.സി.എം. കോളേജിൽ വിളിച്ചുകൂട്ടിയ യോഗമാണ് 1959ലെ വിമോചന സമരത്തിനടിസ്ഥാനം, കോട്ടയം സമ്മേളന തീരുമാനമനുസരിച്ച് വിദ്യാഭ്യാസബില്ലിനെതിരായ നീക്കങ്ങൾ ശക്തമാക്കി. രാജ്യത്തെമ്പാടും പ്രതിഷേധ യോഗങ്ങൾ നടന്നു.

ഈ രാജ്യത്തെ പ്രതിപക്ഷ കക്ഷികളൊ എൻ.എസ്സ്.എസ്സ്., എസ്.എൻ.ഡി.പി. തുടങ്ങിയ സമുദായ സംഘടനകളോ മുണ്ടശ്ശേരി പദ്ധതിക്കെതിരായി ഗർജ്ജിച്ചില്ല. എ.കെ.സി.സി.യുടെ നേതൃത്വത്തിലുള്ള ബഹുജന പ്രക്ഷോഭണം ശക്തമായപ്പോൾ രാഷ്ട്രീയ കക്ഷികൾക്ക് മൗന മായിരിക്കുവാൻ സാധിച്ചില്ല. എൻ.എസ്സ്.എസ്സും. മന്ദത്തു പത്മനാഭനും യഥാർത്ഥത്തിൽ വിദ്യാഭ്യാസബില്ലിനെ അനുകൂലിക്കുകയായിരുന്നു. ഈ സന്ദർഭത്തിലാണ് കാർഷികബന്ധബിൽ കമ്മ്യൂണിസ്റ്റ് സർക്കാർ അവ തരിപ്പിച്ചത്. ഇത് നായർ സമുദായത്തെ അതൃപ്തരാക്കി. ഗവൺമെന്റി നെതിരായി നായർ സമുദായവും അണിനിരന്നു.

കോട്ടയം സമ്മേളനം മുണ്ടശ്ശേരി പദ്ധതിക്കെതിരായി ഒരു വലിയ പ്രതിഷേധ പ്രകടനം തിരുവനന്തപുരത്തു നടത്തുവാൻ തീരുമാനിച്ചു. പ്രതിപക്ഷകക്ഷികളുമായി ഈ കാര്യത്തെപ്പറ്റി ആലോചിച്ചു. ആ പ്രകടനം അക്ഷരാർത്ഥത്തിൽ കേരളത്തെ പ്രകമ്പനം കൊള്ളിച്ചു. പാലാ കേന്ദ്ര മാക്കി രൂപീകരിച്ച ക്രിസ്റ്റഫർ സേനയുടെ ഒരു ലക്ഷം അംഗങ്ങൾ തിരുവനന്തപുരം പ്രകടനത്തിൽ പങ്കെടുത്തു. ആ പ്രകടനത്തിന് നേതൃത്വം നൽകുവാൻ മൂന്ന് വോളന്റിയർ ക്യാപ്റ്റന്മാരെയും തെരഞ്ഞെടുത്തു. ചന്ദ്രോത്ത് കുഞ്ഞിരാമൻനായർ, ചെറിയാൻ കാപ്പൻ, ബി. വെല്ലിംഗ്ടൺ എന്നിവ രായിരുന്നു. ക്യാപ്റ്റന്മാർ. ജാഥയെ പല സ്ഥലത്തുംവെച്ച് കമ്മ്യൂണിസ്റ്റുകാർ ആക്രമിക്കുകയുണ്ടായി. പോലീസ് നിഷ്ക്രിയരായി വർത്തിച്ചു. ഗുണ്ടകളുടെ തള്ളിക്കയറ്റവും അക്രമപ്രവർത്തനങ്ങളും മുഖാന്തിരം പഴവങ്ങാടിയിൽ ചേരാൻ നിശ്ചയിച്ച യോഗം പെട്ടെന്ന് പിരിച്ചു വിട്ടു. യോഗാനന്തരം സെന്റ് ജോസഫ് സ്ക്കൂളിലേക്ക് പോവുകയായിരുന്ന ശ്രീ. ബി. വെല്ലിംഗ്ടണെ നടുറോഡിൽവെച്ച് കമ്മ്യൂണിസ്റ്റുകാർ വെട്ടിപ്പരി ക്കേൽപ്പിച്ചു. ജനറൽ ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട വെല്ലിംഗ്ടണ് വേണ്ട പരിചരണം ലഭിക്കായ്കയാൽ കൊട്ടിയം ആശുപത്രയിലേക്ക് മാറ്റുകയുണ്ടായി. ആ പ്രകടനത്തിൽ പങ്കെടുത്ത നിരവധി ആളുകൾ കമ്മ്യൂണിസ്റ്റുകളുടെ ആക്രമണത്തിന് വിധേയരായി.

കമ്മ്യൂണിസ്റ്റ് നേതാക്കളുടെ നിർദ്ദേശമനുസരിച്ചാണെങ്കിലും അല്ലെങ്കിലും കമ്മ്യൂണിസ്റ്റ് അനുഭാവികളും കമ്മ്യൂണിസ്റ്റ് പ്രവർത്തകരും തിരുവനന്തപുരത്ത് ആ പ്രകടന ദിവസം അഴിച്ചുവിട്ട അരാജകത്വം

www.malankaralibrary.com

ആരെയും ഇരുത്തിച്ചിന്തിപ്പിക്കത്തക്കതായിരുന്നു. കേരളത്തിലെ ക്രമസമാധാന നില കൂടുതൽ വഷളാവുകയും ചെയ്തു.

## വിമോചനസമരത്തെപ്പറ്റി - കർദ്ദിനാൾ പാറേക്കാട്ടിൽ

വിദ്യാഭ്യാസപ്രശ്നം ഗവൺമെന്റിന് എതിരായുള്ള വിമോചന സമരത്തിന് വഴിതെളിച്ചു. 1959-ലെ ജൂൺ-ജൂലൈ മാസങ്ങൾ കേരളജനതയെ വിശിഷ്യാ, ഈ നാട്ടിലെ ജനാധിപത്യ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഉദ്വേഗവും ഉത്സാഹവും ഉത്കണ്ഠയും മുറ്റിനിന്ന അവസരമാണ്. വിമോചനസമരം എവിടെച്ചെന്ന് അവസാനിക്കുമെന്ന ചോദ്യചിഹ്നം ഏവരുടെയും മനസ്സിൽ സ്ഥലം പിടിച്ചി രിക്കുന്നു. പ്രസ്തുത ധാർമ്മികയോധനത്തിന്റെ മുൻപന്തിയിൽ നിന്നിരുന്ന കത്തോലിക്ക സമുദായവും അതിന്റെ നേതൃത്വവുമാണ് അനിശ്ചിതത്വം നിറഞ്ഞ ഈ രാഷ്ട്രീയ കല്ലോലങ്ങളിൽ മുങ്ങിയും പൊങ്ങിയും ഏറ്റവുമധികം ക്ലേശവും സഹിച്ച് സഹയാത്രികർക്ക് ആവേശം പകർന്നുകൊടുത്തുവന്നത്... ഈ ജനകീയ മുന്നേറ്റം നെഹ്റുവിന്റെ ഭാഷയിൽ പറഞ്ഞാൽ പൗരന്മാരുടെ ഈ ഉയിർത്തെഴുന്നേൽക്കൽ അതിന്റെ മൂർദ്ധന്യത്തിലെത്തിലെത്തിയത് അങ്കമാലിയിലെയും വലിയതുറയിലെയും വെടിവയ്പ്പോടെയാണ്.

With best compliments from

Appollo
JEWELLERS

Y.M.C.A. Junction, Kottayam
Phone : 2562262, 2584462

Central Junction, Kottayam
Phone : 2563546, 2585846

Website : www.appollojewellers.com
E-mail : mail@appollojewellers.com

www.malankaralibrary.com

# വിമോചനസമരമായി മാറിയ വിദ്യാഭ്യാസപ്രക്ഷോഭണം

*മാത്യു മടുക്കക്കുഴി, എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി മെമ്പർ*



മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതികൾക്കെതിരായി നടന്ന പ്രക്ഷോഭണത്തെ സർക്കാർ അടിച്ചമർത്താനാണ് ശ്രമിച്ചത്. പക്ഷെ വിദ്യാഭ്യാസ പ്രക്ഷോഭണം ഒരു വിമോചനസമരമായി. ആ പ്രക്ഷോഭണം കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ ഡിസ്മിസിലാണ് ചെന്നെത്തിയത്. ആ വിമോചനസമരത്തെപ്പറ്റി ക്രൈസ്തവരും ദേശീയ പ്രസ്ഥാനങ്ങളും എന്ന ഗ്രന്ഥത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു.

"സർ സി.പി.യുടെ പ്രൈമറിവിദ്യാലയ ദേശസാൽക്കരണത്തെ സ്വാഗതം ചെയ്യുകയും എൻ.എസ്.എസിന്റെ വിദ്യാലയങ്ങൾ സ്വമനസ്സാലെ സർക്കാരിലേക്ക് വിട്ടുകൊടുക്കുകയും ചെയ്ത മന്നത്ത് പത്മനാഭൻ മുണ്ടശ്ശേരി പദ്ധതിയെ ആദ്യം അനുകൂലിച്ചതിൽ അതിശയിക്കേണ്ട കാര്യമില്ല. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് കെ.ആർ.ഗൗരി കാർഷിക ബന്ധബിൽ നിയമസഭയിൽ അവതരിപ്പിച്ചു. മണ്ണിൽ പണിയെടുക്കുന്ന കർഷകർക്കും കർഷകതൊഴിലാളികൾക്കും കുടികിടപ്പുകാർക്കും ആശ്വാസം നൽകുന്ന ഒരു നിയമമായിരുന്നു കാർഷിക ബന്ധബിൽ. ഈ ബിൽ പാസായാൽ നായർ സമുദായത്തിലെ സമ്പന്നന്മാരുടെ ശക്തിയ്ക്ക് കോട്ടം തട്ടുമെന്ന് മന്നം മനസ്സിലാക്കി. എങ്ങനെയെങ്കിലും ഈ ബില്ലിനെ പരാജയപ്പെടുത്തണമെന്നുതന്നെ മന്നം തീരുമാനിച്ചു. മന്നം നായർ എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടി സമരകാഹളം മുഴക്കി. കേരളം അനങ്ങിയില്ല. കാർഷികബന്ധബില്ലിലെ പല വകുപ്പുകളോടും കത്തോലിക്കർക്ക് അനുകൂലമനോഭാവമായിരുന്നു. കാർഷികബന്ധ ബില്ലിനെ തച്ചുടക്കാൻ കേരളത്തിലെ ക്രൈസ്തവരുടെ സഹായം ആവശ്യമാണെന്ന് മന്നം മനസ്സിലാക്കി. മുണ്ടശ്ശേരി പദ്ധതിയെ അനുകൂലിച്ച മന്നം എങ്ങിനെ ക്രൈസ്തവരുടെ സഹായം തേടും? 1946വരെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രവർത്തകരെ തല്ലിച്ചതയ്ക്കാൻ സർ. സി.പി.യോട് ഒത്തു ചേർന്ന് പ്രവർത്തിച്ച് ക്രൈസ്തവരുടെ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് പശ്ചാത്തല മൊരുക്കുവാൻ എൻ.എസ്.എസിന്റെ വിദ്യാലയങ്ങൾ സർക്കാരിലേക്ക് സറണ്ടർ ചെയ്ത മന്നം ഒരു സുപ്രഭാതത്തിൽ സ്വാതന്ത്ര്യസമര യോദ്ധാവായി മാറി. സ്വാതന്ത്ര്യസമര സേനാനി പട്ടം കരസ്ഥമാക്കിയ അനുഭവം വച്ചുകൊണ്ട് കരുക്കൾ നീക്കി.

www.malankaralibrary.com

താൻ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെ അനുകൂലിച്ചത് ആ ബിൽ വായിച്ചുനോക്കാതെയായിരുന്നുവെന്നും ഇപ്പോഴാണ് ആ ബിൽ താൻ വായിക്കുന്നതെന്നും ഇപ്പോഴാണ് ബില്ലിലെ അപകടവശങ്ങൾ കാണുവാൻ സാധിച്ചതെന്നും മന്നം പ്രസ്താവന പുറപ്പെടുവിച്ചു. മന്നം വിദ്യാഭ്യാസ ബില്ലിനെ എതിർക്കുവാൻ തയ്യാറായി മുന്നോട്ടുവന്നു. ക്രൈസ്തവ മേലദ്ധ്യക്ഷന്മാരും ക്രൈസ്തവ നേതാക്കളും മന്നം ഉൾപ്പെടെയുള്ള നായർ നേതാക്കളും സമരരംഗത്തേക്ക് ഇറങ്ങി. ജനശക്തിയ്ക്ക് നേതൃത്വം നൽകിയപ്പോൾ കേരളത്തിലെ പ്രതിപക്ഷകക്ഷികൾ ഒന്നടങ്കം സമരരംഗത്തേക്ക് വന്നു. അല്ലാതെ നിവത്തിയല്ലാതെയായി. എ.കെ.സി.സി. ഒരു നേതൃസമ്മേളനം വീണ്ടും വിളിച്ചുകൂട്ടി.

കേരളത്തിൽ ക്രമസമാധനനില അനുദിനം തകർന്നു കൊണ്ടിരുന്നു. സെൽഭരണം കമ്മ്യൂണിസ്റ്റ് പാർട്ടി നടപ്പിലാക്കി. കേരളത്തിലെ ക്രമസമാധന നിലയെപ്പറ്റി പഠിച്ച് വിശദമായ ഒരു മെമ്മോറാണ്ടം കേരളാ ഗവർണ്ണർക്കും ഇന്ത്യൻ പ്രധാനമന്ത്രിക്കും ആഭ്യന്തര മന്ത്രിയ്ക്കും രാഷ്ട്രപതിയ്ക്കും സമർപ്പിച്ചു.

രാജ്യമെമ്പാടും പ്രതിഷേധയോഗങ്ങളും പ്രകടനങ്ങളും കേരള ഭരണത്തിനെതിരായി നടന്നുകൊണ്ടിരുന്നു. പാലാ കേന്ദ്രമായി രൂപീകരിച്ച് പ്രവർത്തിച്ച് ക്രിസ്റ്റഫർ സേനയുടെ ധീരോത്തമായ പ്രവർത്തികൾ കേരള ജനതയ്ക്ക് ആവേശം നൽകി. ഒരു ലക്ഷം യൂണിഫോം ധരിച്ച ക്രിസ്റ്റഫർ സേനാംഗങ്ങളുടെ തിരുവനന്തപുരം മാർച്ച് കേരളത്തിന്റെ ചരിത്രത്തിലെ ഒരു വലിയ സംഭവമായിരുന്നു. ക്രിസ്റ്റഫർ സേനയുടെ രൂപീകരണത്തിന്റെ മുഖ്യ പ്രേരകശക്തി ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ തിരുമേനിയായിരുന്നു.

നാടാകെ ഉയർന്നുവന്ന ഈ ജനരോഷത്തിന് നേതൃത്വം നൽകാൻ കോൺഗ്രസ്സ്, പി.എസ്.പി., ലീഗ്, ആർ.എസ്.പി., കെ.എസ്.പി. കക്ഷികളും മന്നം ഉൾപ്പെടെയുള്ള നേതാക്കളും മന്നം–പട്ടം–ശങ്കർ–ചാക്കോ കൂട്ടു കെട്ടിൽ ഒന്നിച്ചണിനിരന്നു. ആ സമരം ആണ് വിമോചനസമരമായി മാറിയത്.

ഫാ. വടക്കൻ തന്റെ ആത്മകഥയിൽ എഴുതിയിരിക്കുന്നു; "വിദ്യാഭ്യാസ ബില്ലിനെ പിന്താങ്ങുകയാണ് ആദ്യം മന്നം ചെയ്തത്. കാർഷിക ബന്ധബിൽ പുറത്തുവന്നപ്പോഴാണ് ജന്മിതാല്പര്യങ്ങൾ ഇളികിവശായതും മന്നത്ത് പത്മനാഭൻ രംഗത്ത് വന്നതും. വിദ്യാഭ്യാസ പ്രക്ഷോഭണത്തെ ക്രിസ്ത്യാനികളുടെ പ്രക്ഷോഭണമായി ചിത്രികരിക്കാനുള്ള കരുനീക്കങ്ങൾ നടന്നിരുന്നു. കോൺഗ്രസ്സിന് ഔദ്യോഗികമായി വിദ്യാഭ്യാസ പ്രക്ഷോഭണം ഏറ്റെടുക്കുവാൻ വിഷമം തോന്നിയിരുന്നു."


www.malankaralibrary.com

കാർഷികബന്ധബില്ലിനെതിരായി പ്രതിഷേധിക്കാൻ മന്നവുംകൂടി രംഗത്തുവന്നപ്പോൾ വിമോചനസമരം സജീവമായി. രാഷ്ട്രീയകക്ഷികൾ സമരത്തിന്റെ മുൻപന്തിയിൽ തന്നെ സ്ഥാനം പിടിച്ചു. പ്രക്ഷോഭണത്തെ അടിച്ചമർത്തുവാൻ നടത്തിയ എല്ലാനീക്കങ്ങളെയും സമരനേതാക്കൾ നേരിട്ടു. പതിനായിരങ്ങൾ ജയിലിൽ അടയ്ക്കപ്പെട്ടു. വരന്തരപള്ളിയിൽ സർക്കാർ കൂട്ടക്കൊല നടത്തി. അങ്കമാലിയിലും ചെറിയ തുറയിലും വെട്ടുകാട്ടിലും മനുഷ്യജീവിതങ്ങൾ വെടിയേറ്റ് വീണു. കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൽഭരണം അവസാനിപ്പിക്കുവാൻ, കമ്മ്യൂണിസ്റ്റ് ഏകാധിപത്യ ഭരണം അവസാനിപ്പിക്കുവാൻ നടത്തിയ ശ്രമങ്ങൾ ചരിത്രം കുറിക്കുന്നവയായിരുന്നു. ജനാധിപത്യമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് വേണ്ടി നടത്തപ്പെട്ട ഈ സമരത്തിൽ ജീവൻ ബലിയർപ്പിക്കപ്പെട്ടവരെല്ലാം ക്രൈസ്തവർതന്നെയായിരുന്നു.1967 ജനുവരി 26-ാം തീയതി ഈ ലേഖകൻ ദീപികയിൽ എഴുതിയ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. "കോൺഗ്രസ്സിനോടുള്ള ജനങ്ങളുടെ കടുത്ത അമർഷം കോൺഗ്രസ്സിനെ തെരഞ്ഞെടുപ്പിൽ തറപ്പറ്റിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടിയെ അധികാരത്തിലേറ്റുന്നതിനാണ് സഹായിച്ചത്. ലോകചരിത്രത്തിൽ ആദ്യമായിട്ടാണ് കമ്മ്യുണിസ്റ്റ് പാർട്ടി തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ കയറുന്നത്. കമ്മ്യുണിസ്റ്റ് പാർട്ടിയുടെ തത്വങ്ങളോടുള്ള സ്നേഹമല്ലായിരുന്നു, കേരളത്തിലെ വോട്ടർമാരെ അതിന് പ്രേരിപ്പിച്ചത് പ്രസ്തുത കോൺഗ്രസ്സിന്റെ അഴിമതികളും സ്വാർത്ഥതാല്പര്യത്തോടുകൂടിയതുമായ പ്രവർത്തനം മാത്രമായിരുന്നു. പാവങ്ങൾക്കും നിർദ്ധനർക്കുംവേണ്ടി പണി പ്പെടുന്ന ഒരു സർക്കാരായിരിക്കും കമ്മ്യുണിസ്റ്റ് സർക്കാർ എന്നവർ പ്രതീക്ഷിച്ചു.

ഇരുപത്തിയെട്ട് മാസക്കാലത്തെ കമ്മ്യണിസ്റ്റ് ഭരണം പ്രതീക്ഷകൾക്കെതിരായിരുന്നു. വെയിലത്തുനിന്ന് തീയിലേക്ക് എന്നമട്ടയായി കേരളീയർ. കമ്മ്യൂണിസ്റ്റ് സർക്കാരിന്റെ കാർഷികബന്ധബില്ല് നീക്കി മറ്റെല്ലാനടപടികളും കർഷകതാല്പര്യങ്ങൾക്കും ജനാധിപത്യത്തിന്റെ നിലനിൽപ്പിനും ഹാനികരമായിരുന്നു. കേരളത്തിലങ്ങോളമിങ്ങോളം നടന്ന തൊഴിലാളി മർദ്ദനങ്ങളും വെടിവയ്പ്പ്, കൊലപാതകങ്ങൾ, കുംഭകോണങ്ങൾ, കുടിയിറക്ക് മുതലായ നടപടികളും കേരളീയരെ ഞെട്ടിപ്പിക്കുകയുണ്ടായി. കേരളീയരുടെ സാമ്പത്തികപ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ ഗവൺമെന്റിനെക്കൊണ്ട് കഴിഞ്ഞില്ല. മനുഷ്യത്വം യാതൊരു കരുണയുമില്ലാതെ മർദ്ദിക്കപ്പെടുകയും വേദനയുടെയും യാതനയുടെയും രോദനങ്ങൾ അന്തരീക്ഷത്തിൽ അലയടിച്ചുയരുകയും ചെയ്തു. മനുഷ്യർ പരസ്പരം ഹിംസിക്കപ്പെടുകയും ഹിംസിക്കുകയും ചെയ്യുന്ന ഒരു വ്യവസ്ഥിതിയാണ്

www.malankaralibrary.com

ആശംസകൾ....




ജൂവലേഴ്സ്

ബസ് സ്റ്റാൻഡ് ജംഗ്ഷൻ, കെ. കെ. റോഡ്

കാഞ്ഞിരപ്പള്ളി

ഫോൺ : 2202112



www.malankaralibrary.com

ഈ രാജ്യത്ത് സംജാതമായത്. നീതിക്കുവേണ്ടി ദാഹിക്കുന്ന മനുഷ്യരെ തച്ചുടച്ച് കൊല്ലുകയും കുലി ചോദിക്കുന്ന തൊഴിലാളിയെ വെടിയുണ്ട യ്ക്കിരയാക്കുകയും ചെയ്യുന്ന ഒരു പരിപാടിയാണ് കമ്മ്യൂണിസ്റ്റ് സർക്കാർ നടപ്പാക്കിയത്. നമ്മളുകൊയ്യും വയലെല്ലാം നമ്മുടേതാകും കൺമണിയേ, എന്ന് പാടിയ ഒറ്റ പെൺകിടാവിനും ആ വ്യവസ്ഥിതിയെപ്പറ്റി ചിന്തിക്കു വാൻ പോലും കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് സാധിച്ചില്ല. കമ്മ്യൂണിസ്റ്റു കാർക്ക് സകലവിധ സഹായങ്ങളും ചെയ്തുകൊടുക്കുവാൻ തയ്യാറായ സർക്കാർ കമ്മ്യൂണിസ്റ്റിതരർ ചോരചിന്തി മരിച്ചാൽപോലും നോക്കുകയി ല്ലെന്നമട്ടായി. എന്തിനധികം പറയുന്നു. വെടിവയ്ക്കുകയില്ലെന്നും തൊഴിൽ പ്രശ്നം പരിഹരിക്കുമെന്നും കർഷകരെ രക്ഷിക്കുമെന്നും പറഞ്ഞ് അധികാരത്തിലെ ത്തിയ സർക്കാരിന്റെ ചുരുങ്ങിയ കാലഘട്ടത്തിലെ അതിനിഷ്ഠൂരമായ പ്രവർത്തനങ്ങളിലേയ്ക്ക് ഒന്ന് തിരിഞ്ഞുനോക്കാം.


28 മാസത്തെ ഭരണത്തിനിടയിൽ ഏഴ് വെടിവയ്പ്പ് നടത്തുകയും 19 പേർ കൊല്ലപ്പെടുകയും ചെയ്തു. കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് 757 തൊഴിൽസമരങ്ങൾ ഉണ്ടാവുകയും 87 വ്യവസായ ശാലകൾ പൂട്ടിയിടു കയും 16735 ആളുകൾ തൊഴിൽ രഹിതരായിത്തീരുകയും ചെയ്തു. നാലായിരം കുടുംബങ്ങളിലായി അധിവസിക്കുന്ന ഏതാണ്ട് ഇരുപതിനാ യിരത്തിൽ പരം കർഷകരെ കുടിയിറക്ക് നടപടികൾക്ക് വിധേയരാക്കി. കമ്മ്യൂണിസ്റ്റു കാരുടെ ഭൂമികൈയേറ്റങ്ങൾ ആയിരത്തിലധികമാണ്. കമ്മ്യൂണിസ്റ്റുകാരുടെ പേരിലുണ്ടായിരുന്ന 2050-ൽ പരം ക്രിമിനൽ കേസുകൾ പിൻവലിക്കപ്പെ ടുകയും രാജ്യത്ത് അസമാധമഴിച്ചുവിടുകയും ചെയ്തു. 523 കൊലപാതകങ്ങളും 3913 ഭവനഭേദങ്ങളും നടന്നു. ഇത് മുൻവർഷത്തേതിന് 50%വരെ കൂടുതലാണ്. രാഷ്ട്രീയപകമൂലം 912 സ്ഥലമാറ്റങ്ങൾ നടത്തി. രാഷ്ട്രീയ പകമൂലം 196പേരെ കൊലപ്പെടുത്തി. രാഷ്ട്രീയവധശ്രമങ്ങളും കയ്യേറ്റങ്ങളും 193 ആണ്. 326 പ്രാവശ്യം ലാത്തിച്ചാർജ്ജ് നടത്തുകയും 149847 പേരെ അറസ്റ്റ്ചെയ്ത് ഇരുമ്പഴികൾ ക്കുള്ളിലാക്കുകയും അടയ്ക്കുകയും ചെയ്തു. 60000-ൽപരം സ്ത്രികളെ അറസ്റ്റുചെയ്തു. സ്വത്തുക്കൾക്കായി 300 രൂപക്കുമേൽ ശമ്പളമുള്ള 255 ഉദ്യോഗങ്ങൾ സൃഷ്ടിച്ചു. സർക്കാർ നിയമിച്ച കമ്മറ്റികളിലെ മൊത്തം എണ്ണം 9000 ആയിരുന്നു. അതിൽ 7013പേർ കമ്മ്യൂണിസ്റ്റികാരനായിരുന്നു.

രണ്ടുമാസക്കാലം നീണ്ടുനിന്ന ചരിത്രപ്രസിദ്ധമായ വിമോചന സമരത്തിന്റെ ഫലമായി 1959 ജൂലൈ 31-ന് കമ്മ്യൂണിസ്റ്റ് മന്ത്രിസഭയെ കേന്ദ്രം ഡിസ്മിസ് ചെയ്തു. പിന്നീട് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തി. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ല് അങ്ങനെ തകർന്നു.

www.malankaralibrary.com

# 1972-ലെ കോളേജ് പ്രക്ഷോഭണം

*(ഡോ. ഇ. ജെ. മൈക്കിൾ, എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി മെമ്പർ)*



1967-ൽ അധികാരമേറ്റെടുത്ത ഇ. എം.എസ്സ്. മന്ത്രിസഭയുടെ അവസാന കാലത്ത് ഒരു സർവ്വ കലാശാല നിയമത്തിന് രൂപം കൊടുത്തി രുന്നു. ആ മന്ത്രിസഭയുടെ പതനം ആ സർവ്വകലാശാല നിയമം നടപ്പാക്കാനുള്ള ശ്രമത്തിന് ഒരു തിരിച്ചടിയായി. പിന്നീട് സി. പി. ഐ. നേതാവ് സി. അച്യുതമേനോന്റെ നേതൃത്വത്തിൽ ഒരു മന്ത്രിസഭ രുപംകൊണ്ടു. കെ. കരുണാകരനായിരുന്ന ആഭ്യന്തരമന്ത്രി. ഭരണകക്ഷിയിലെ ഏറ്റം ശക്തമായ കക്ഷി കോൺഗ്രസ്സായിരുന്നു. കോൺഗ്രസ്സിന്റെ സംസ്ഥാന പ്രസിഡന്റ് ശ്രി. കെ. കെ. വിശ്വനാഥനും സെക്രട്ടറി ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഏ. കെ. ആന്റണിയുമായിരുന്നു. 1972 - ലെ സർവ്വകാലാശാല നിയമത്തിന് രൂപംകൊടുക്കുന്നതിൽ കോൺഗ്രസ്സാണ് മുഖ്യപങ്കുവഹിച്ചത്. ഘടക കക്ഷികൾ എല്ലാംതന്നെ സോഷ്യലിസ്റ്റ് ചിന്താഗതിയോടെ നീങ്ങുകയാ യിരുന്നു. സ്വകാര്യവിദ്യാലയങ്ങളോടും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപന ങ്ങളോടും കടുത്ത എതിർപ്പാണ് ഭരണ കക്ഷികൾക്കെല്ലാമുണ്ടായിരുന്നത്.

കേരള സർക്കാർ കൊണ്ടുവന്ന സർവ്വകലാശാല നിയമത്തിന്റെ രൂപരേഖ പുറത്തുവന്നതോടെ ഇതിനെതിരെയുള്ള പ്രചരണവും സംഘടിതമായി മുന്നോട്ടുനീങ്ങി. ആ നീക്കത്തിന് ആദ്യംതന്നെ നേതൃത്വം നൽകിയത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. ശ്രീ. ജോൺ കച്ചിറമറ്റം സർവ്വകലാശാല നിയമത്തിന്റെ അപകടവശങ്ങൾ ചൂണ്ടികാണിച്ചുകൊണ്ട് ഒരു ലേഖനം പത്രത്തിൽ എഴുതി. അന്നത്തെ എ.കെ.സി.സി. പ്രസിഡന്റ് അഡ്വ. ഇ.എം. ജോസഫ് സർവ്വകലാശാലാ നിയമത്തിന്റെ ഉള്ളടക്കങ്ങൾ വിലയിരുത്തിക്കൊണ്ടും പ്രസ്തുത നിയമത്തെ എതിർത്തുപരാജയപ്പെടുത്തേണ്ടതിന്റെ ആവശ്യകത യെപ്പറ്റിയും ഒരു ലേഖനം പത്രങ്ങളിൽ പ്രസിദ്ധീകരിച്ചു. എ. കെ. സി. സി. വർക്കിംഗ് കമ്മറ്റി, എൻ.എസ്സ്.എസ്സ്. തുടങ്ങിയ സാമുദായിക സംഘടന യുമായി ബന്ധപ്പെട്ട് കൂടിയാലോചനകൾ നടത്തി. എസ്സ്.എൻ.ഡി.പി. മുൻകാലങ്ങളിലേതുപോലെ സർക്കാർ പക്ഷത്ത് അടിയുറച്ചുനിന്ന് ക്രൈസ്തവസഭകളുടെ നിലപാടിനെ എതിർത്തു. പക്ഷെ രാഷ്ട്രീയ കക്ഷികൾ എല്ലാം സർക്കാരിന്റെ പക്ഷത്ത് ഉറച്ചുനിന്നു. ഈ സന്ദർഭത്തിൽ ക്രൈസ്തവരുടെ സംഘടിത ശക്തിയെ തട്ടിയുണർത്തുകയെന്ന ലക്ഷ്യ ത്തോടെ ഒരു കത്തോലിക്കാ നേതൃ സമ്മേളനം എറണാകുളത്ത് മാസ്

www.malankaralibrary.com

ഓഡിറ്റോറിയത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് വിളിച്ചുകൂട്ടി. എ. കെ. സി. സി. പ്രസിഡന്റ് അഡ്വ. ഇ. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പ്രസ്തുത നേതൃസമ്മേളനം മോൺ. മാത്യു വെള്ളാങ്കൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ എല്ലാ രൂപതകളിൽനിന്നുമുള്ള 500-ൽ പരം പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയും കത്തോലിക്കരുടെ വിദ്യാഭ്യാസരംഗത്തെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി ധീരമായി പോരാടുവാൻ ഒരു കമ്മറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ആ കമ്മറ്റി എൻ. എസ്സ്. എസ്സു.മായി സഹകരിച്ച് നീങ്ങുവാനുള്ള ശ്രമം നടത്തി. അത് പൂർണ്ണമായി വിജയിക്കുകയും ചെയ്തു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിഷേധങ്ങൾ നടന്നു. ആ ജനമുന്നേറ്റം കണ്ട് സർക്കാർ കുലുങ്ങിയില്ല. സ്വകാര്യ കോളേജുകളിൾ പിടിച്ചടക്കാൻ തന്നെ തീരുമാനിച്ചു.

ഇതിനിടയിൽ കേരള യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ചില സന്ധിസംഭാഷണങ്ങളുമായി രംഗത്തുവന്നു. മാനേജ്മെന്റിന്റെ അവകാശങ്ങളെ മുഴുവൻ ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടി സർക്കാരിന്റെ പാവയായി പ്രവർത്തിച്ച വൈസ്ചാൻസലറുടെ നിർദ്ദേശങ്ങളെപെരുന്നയിൽ എൻ.എസ്സ്.എസ്സ്. ആ സ്ഥാനത്തു ചേർത്ത നായർ ക്രിസ്ത്യൻ നേതാക്കൾ തള്ളിക്കളയുകയുണ്ടായി. വലിയ ഒരു ജനരോഷം രൂപംകൊള്ളുന്നതായി സർക്കാരിന് ബോദ്ധ്യപ്പെട്ടു.

മാസങ്ങളുടെ തയ്യാറെടുപ്പാണ് ഈ ബില്ല് പാസ്സാക്കിയെടുക്കുവാൻ കോൺഗ്രസ്സ് നടത്തിയത്. അടിയന്തിരമായി എറണാകുളത്തു വിളിച്ചുകൂട്ടിയ കെ.പി.സി.സി. സംസ്ഥാനസമ്മേളനം ഐക്യകണ്ഠേന ഒരു പ്രമേയം പാസ്സാക്കി. അത് സ്വകാര്യ മാനേജ്മെന്റുകളോടുള്ള ഒരു യുദ്ധ പ്രഖ്യാപന മായിരുന്നു. കെ. പി. സി. സി.യുടെ പ്രമേയത്തിലെ ഏതാനും ഭാഗം താഴെ ചേർക്കുന്നു. "സോഷ്യലിസ്റ്റ് സമുദായം കെട്ടിപ്പടുക്കുന്നതിന് പ്രധാന പങ്കുവഹിക്കേണ്ട വിദ്യാഭ്യാസരംഗത്ത് സ്വകാര്യ ഏജൻസികൾ ഇനിയും തുടരാൻ അനുവദിക്കണമോയെന്ന പ്രശ്നം കോൺഗ്രസ്സിന്റെ മുമ്പിൽ സജീവമായി വന്നിരിക്കുകയാണ്.. സോഷ്യലിസ്റ്റ് ക്രമത്തിലേക്ക് സമൂഹത്തെ നയിക്കാൻ വിദ്യാഭ്യാസം പൂർണ്ണമായും ദേശസാൽക്കരിക്കണം... വിദ്യാഭ്യാസം പൂർണ്ണമായും പൊതുമേഖലയിൽ ആയിരിക്കേണ്ടതാണ്... ന്യൂനപക്ഷങ്ങൾക്ക് നൽകിയിരിക്കുന്ന പ്രത്യേക അവകാശങ്ങൾ നിയന്ത്രിക്കുക തന്നെ വേണം."

തുടർന്ന് കെ.പി.സി.സി. പ്രസിഡന്റ് ശ്രീവിശ്വനാഥനും സെക്രട്ടറി എ.കെ.ആന്റണിയും ആഭ്യന്തര മന്ത്രി കരുണാകരനും യൂത്ത് കോൺഗ്രസ്സ്

www.malankaralibrary.com

കെ.എസ്.യു. നേതാക്കന്മാരും നടത്തിയ പ്രസ്സ് കോൺഫറൻസുകളും പരസ്യപ്രസ്താവനകളും പ്രശ്നത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്നവയായിരുന്നു. മാനേജുമെന്റുകൾക്ക് എതിരായി യുദ്ധം പ്രഖ്യാപിക്കുവാനും ആധുനികവും അത്യാധുനികവുമായ എല്ലാ ആയുധങ്ങളും എടുത്തുപ്രയോഗിക്കുവാനും ഗവൺമെന്റിന് കരുത്തു നൽകിയ നയപ്രഖ്യാപനങ്ങളെന്ന നിലയിൽ അവയിൽ ചിലതുകൂടി ഉദ്ധരിക്കുകയാണ്. “കോളേജുകൾ ഏറ്റെടുക്കാൻ ഓർഡിനൻസ് പുറപ്പെടുവിക്കും (കെ. കെ. വിശ്വനാഥൻ 1972 ജൂൺ 25, കോഴിക്കോട്) ന്യൂനപക്ഷാവകാശങ്ങൾ മാത്രമല്ല മറ്റുപല അവകാശങ്ങളും മാറേണ്ടിവരും. (കെ. കെ. വിശ്വനാഥൻ, കണ്ണൂർ ജൂൺ 27) അടുത്ത വിദ്യാലയ വർഷം ആരംഭിക്കുന്നതിന് മുൻപുതന്നെ സ്വകാര്യ കോളേജുകളത്രയും പിടിച്ചടുക്കും... സ്വകാര്യ ഏജൻസികളെ തുടച്ചുമാറ്റും (കെ.പി.സി.സി. സെക്രട്ടറി, ഏ. കെ. ആന്റണി, കോട്ടയം) ന്യൂനപക്ഷാവകാശങ്ങൾ എടുത്തുകളയാനുള്ള കോൺഗ്രസ്സിന്റെ തീരുമാനം അചഞ്ചലമാണ്. എതിർക്കുന്നവരെ കുരുക്ഷേത്രത്തിൽ വെച്ച് കണ്ടുകൊള്ളാം.” (ഏ. കെ. ആന്റണി) ന്യൂനപക്ഷാവകാശങ്ങൾ നിയന്ത്രിക്കാൻ ഭരണഘടന ഭേദഗതി ചെയ്യും. (ആഭ്യന്തര മന്ത്രി കരുണാകരൻ) കോളേജുകൾ നിയമനിർമ്മാണം വഴി ഏറ്റെടുക്കും (മന്ത്രി കരുണാകരൻ, കൊച്ചി)

*Something Special in Gold*

Francis

THE CROWN JEWELLERS

CENTRAL JUNCTION, KOTTAYAM

PHONE : 2561785, 2561786

www.malankaralibrary.com

കത്തോലിക്കാസമുദായവും നായർ സർവ്വീസ് സൊസൈറ്റിയും കേരള രാഷ്ട്രീയത്തിലെ ശക്തി ദുർഗ്ഗങ്ങളാണ്. ഞങ്ങൾ അവയെ തകർത്തു തരിപ്പണമാക്കും. (കെ. കെ. വിശ്വനാഥൻ, പാലക്കാട് ജൂൺ 25) പ്രൈവറ്റ് കോളേജുകൾ തുറപ്പിക്കുവാനുള്ള സമരത്തിന് പിമ്പിൽ കേന്ദ്രനേതൃത്വമുണ്ട്. അവരുടെ ആശീർവ്വാദത്തോടുകുടിയാണ് ഞങ്ങൾ സമരത്തിനിറങ്ങിയിരിക്കുന്നത്.(വയലാർ രവി, ജുലൈ 4 തൃശ്ശൂർ) ശ്രീ. ഗോഖലെ തുടങ്ങിയ കേന്ദ്രനേതാക്കളും ഇതുപോലെയുള്ള പ്രസ്താവനകൾ പരസ്യമായി പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാം പുറമെ കേരള സർവ്വകലാശാല സിൻഡിക്കേറ്റും സെനറ്റും കോളേജുകൾ ദേശസാൽക്കരിക്കണമെന്ന് പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്.

സ്വകാര്യ കോളേജുകൾക്കെതിരായി സമര പ്രഖ്യാപനങ്ങൾ നടത്തിയത് കോൺഗ്രസ്സ് നേതാക്കളായിരുന്നു. മറ്റുഘടകകക്ഷികൾ ആരും ഇതുപോലുള്ള പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ല. ഘടകകക്ഷികൾ വിദ്യാലയങ്ങൾ ദേശസാൽക്കരിക്കുന്നതിന് അനുകുലികളായിരുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ കോൺഗ്രസ്സാണ് സമുദായനേതാക്കൾക്കും ന്യുനപക്ഷങ്ങൾക്കുമെതിരായി പരസ്യയുദ്ധപ്രഖ്യാപനങ്ങൾ നടത്തിയത്.

അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കാനെന്ന വ്യാജേന മാനേജുമെന്റുകൾക്ക് മൂക്കുകയറിടുവാൻ വേണ്ടി ഏകപക്ഷീയമായി പാസ്സാക്കിയെടുത്ത സർവ്വകലാശാല നിയമം ഭരണാഘടനാ വിരുദ്ധവും മൗലികാവകാശധ്വംസനവുമാണെന്ന കാര്യത്താൽ അതിനെ മാനേജുമെന്റ് കോടതിയിൽ ചോദ്യംചെയ്തു. ആ മാനേജുമെന്റിനെ തകർക്കുവാൻ ഭരണകക്ഷി വിദ്യാർത്ഥികളെ ക്കൊണ്ട് ഫീസ് ഏകീകരണം എന്ന ആശയം ഉന്നയിപ്പിക്കുകയാണ് ചെയ്തത്. ഭരണകക്ഷി തന്നെയാണ് ഫീസ് ഏകീകരണമെന്ന ആയുധം ഇഷ്ടം പോലെ പ്രയോഗിക്കുവാനുള്ള സ്വാതന്ത്രത്തോടുകുടി വിദ്യാർത്ഥി കളുടെ കയ്യിൽ വച്ചുകൊടുത്തത്. പ്രൈവറ്റുകോളേജുകളിലെ ഫീസ് നിരക്ക് കുറവ് ചെയ്ത് ഗവൺമെന്റ് കോളേജുകളിലേതിനോട് തുല്യമാക്കുക എന്ന ഡിമാന്റ് ആണ് വിദ്യാർത്ഥികൾ മുന്നോട്ടുവച്ചത്. തങ്ങളുടെ ശമ്പളം ഗവൺ മെന്റിൽനിന്നും നേരിട്ടുകിട്ടണമെന്ന ആവശ്യത്തിനുവേണ്ടി സമരംചെയ്യു വാൻ അദ്ധ്യാപകരെയും സർക്കാർ പ്രേരിപ്പിച്ചു ഫീസ് ഏകീകരണം അദ്ധ്യാപകർക്ക് നേരിട്ടുള്ള ശമ്പള വിതരണവും എന്ന ആശയവുമായി വിദ്യാർത്ഥികളും അദ്ധ്യാപകരും രംഗത്തുവന്നപ്പോൾ കേരളത്തിലെ സ്വകാര്യ കോളേജുകൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ മാനേജുമെന്റ് തയ്യാറായില്ല. കോളേജുകൾ അടച്ചിടുവാൻ തന്നെ തീരുമാനിച്ചു.

www.malankaralibrary.com

അടച്ചിടുന്ന കോളേജുകൾ പിടിച്ചെടുക്കുമെന്ന് കെ.പി.സി.സി. സെക്രട്ടറി ഏ. കെ. ആന്റണി പ്രഖ്യാപിച്ചു. പിടിച്ചെടുക്കുന്ന തീയതി മാറിമാറി പ്രഖ്യാപിച്ചതല്ലാതെ കോളേജുകൾ പിടിച്ചെടുക്കുവാൻ സർക്കാരിനോ ആന്റണിക്കോ സാധിച്ചില്ല.

മുണ്ടശ്ശേരി പദ്ധതിക്കെതിരായി അന്ന്പ്രതിപക്ഷകക്ഷികൾ വളരെ വൈകിയാണെങ്കിലും രംഗത്തുവന്നു. ഈ കാലഘട്ടത്തിൽ കേരളാ കോൺഗ്രസ്സായിരുന്നു പ്രതിപക്ഷത്തുണ്ടായിരുന്ന ഏകകക്ഷി. ഈ സമരത്തിന് ബഹുജന പിന്തുണ വർദ്ധിക്കുന്നുവെന്ന് മനസ്സിലാക്കിയ കേരളാ കോൺഗ്രസ്സ് സമരനേതൃത്വത്തിലേക്കു കടന്നുവന്നു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ വൻ സമരങ്ങൾ നടന്നു. തൃശ്ശൂർ മാർ ജോസഫ് കുണ്ടുകുളവും പാലായിൽ മാർ സെബാസ്റ്റ്യൻ വയലിലും ചങ്ങനാശ്ശേരി യിൽ മാർ ജോസഫ് പൗവ്വത്തിലുമെല്ലാം ശക്തമായ നേതൃത്വം നൽകിയ പ്പോൾ കേരളാ കോൺഗ്രസ്സിന് മാറി നിൽക്കുവാൻ സാധിച്ചില്ല. കോൺഗ്രസ്സ് എം.എൽ.എ.മാർ വൈദീക മേലദ്ധ്യക്ഷന്മാരെ ചാട്ടവാറുകൊണ്ടടിക്കണ മെന്ന് പരസ്യപ്രസ്താവന ചെയ്തു.

സ്വകാര്യകോളേജുകൾ പിടിച്ചെടുക്കുമെന്ന് പ്രഖ്യാപിച്ചത് നടപ്പിലാക്കുവാൻ കോൺഗ്രസ്സ് നേതാക്കൾക്ക് സാധിച്ചില്ല. രാജ്യത്ത് എമ്പാടും ഷെഡുകൾ കെട്ടി കോളേജുകൾ നടത്തുമെന്നായി ആന്റണി. കോട്ടയത്ത് ഒരു ഷെഡ് കെട്ടിയതല്ലാതെ മറ്റൊരിടത്തും ഒരു ഷെഡ് കെട്ടുവാൻ ആന്റണിക്ക് സാധിച്ചില്ല.

ഫീസ് നിരക്ക് ഏകീകരിക്കുകയും അദ്ധ്യാപകശമ്പളം സർക്കാർ കൊടുക്കുകയും ചെയ്യേണ്ടിവന്നാൽ സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുമെന്നുള്ള തിരിച്ചറിവ് അവസാനമാണ് സർക്കാരിന് ഉണ്ടായത്. അദ്ധ്യാപകരെ പ്രക്ഷോഭണത്തിനിറക്കിയ സർക്കാർ തന്നെ അദ്ധ്യാപകരുടെ ഡിമാന്റുകൾക്കെതിരായി പ്രവർത്തിക്കേണ്ടി വന്നു. ഏറ്റം വലിയ വിദ്യാർത്ഥി സംഘടനയായ കെ.എസ്.യു. വിനൊപ്പം ഫീസ് ഏകീകരണ ആശയവുമായി കെ.എസ്സ്.സി.യും നിൽക്കാൻ ബാദ്ധ്യസ്ഥമായി.

രണ്ടുമാസം നീണ്ടുനിന്ന സമരം ഒത്തുതീർപ്പിലെത്തി. എന്താണ് സംഭവിച്ചത്? കോളേജുകൾ പിടിച്ചെടുക്കുവാൻ സാധിച്ചില്ല. പ്രൈവറ്റ് കോളേജുകളുടെമേൽ സമ്പൂർണ്ണ നിയന്ത്രണം എന്ന ആശയവും കോൺഗ്രസ്സ് പാർട്ടിക്ക് ഉപേക്ഷിക്കേണ്ടിവന്നു. അദ്ധ്യാപക നിയമനത്തിന് ഒരു കമ്മറ്റിയെ വയ്ക്കാൻ മാനേജുമെന്റ് സമ്മതിച്ചു. ആ കമ്മറ്റിയുടെ ഘടന, അദ്ധ്യാപക നിയമനം നടക്കുമ്പോൾ കണ്ടിരിപ്പാണ് അവരുടെ തൊഴിലെന്ന് ബോദ്ധ്യമായി. നിശ്ചിത പരീക്ഷായോഗ്യതയുള്ള അപേക്ഷ

www.malankaralibrary.com

വിശുദ്ധനാട് തീർത്ഥാടനം

പുനരാരംഭിച്ചിരിക്കുന്നു

കണ്ടിരിക്കൽ ട്രാവൽ ലിങ്ക്സ്

സിറ്റി ടവ്വർ, തൊടുപുഴ

Phone: 0486-2225614, 2222314. Fax: 0486-2225614


കരിൽനിന്ന് മാനേജുമെന്റുകൾ തങ്ങൾക്കിഷ്ടമുള്ളവരെ തെരഞ്ഞെടുത്ത് അദ്ധ്യാപകരായി നിയമിക്കുന്നത് നോക്കിയിരിക്കുവാൻ വേണ്ടി മാത്രം ഉള്ള ഒരു കമ്മറ്റിയായിരുന്നു അത്. ആ സത്യം ആന്റണിക്ക് മനസ്സിലായിരുന്നു. എങ്ങനെയെങ്കിലും തലയൂരാനുള്ള ശ്രമത്തിൽ താൻ പറഞ്ഞ വാക്കുകൾ മുഴുവൻ ആന്റണി വിഴുങ്ങേണ്ടി വന്നു.

കോളേജു പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിച്ചിരിക്കുന്ന ആനുകൂല്യം മുഴുവൻ നഷ്ടപ്പെടുത്തി. മെറിറ്റിനുള്ള പ്രാധാന്യം ഇല്ലാതാക്കി. സമർത്ഥരായ കുട്ടികൾക്ക് ലഭിച്ചിരുന്ന അവകാശം 50 ശതമാനമായി കുറവുചെയ്യുകയും ചെയ്തു.

കളത്തിൽ വേലായുധൻ നായർ, അഡ്വ. ഇ. എം. ജോസഫ്, ഇ. പി. ആന്റണി മുതൽ പേരായിരുന്നു പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയത്. സമരത്തിന്റെ അന്ത്യഘട്ടത്തിൽ കേരളാ കോൺഗ്രസ്സുകൂടി സമരരംഗത്തുവന്നതുകൊണ്ട് വിജയം എളുപ്പമായി. 1972-ലെ സർവ്വകലാശാല നിയമത്തിനെതിരെ പോരാടിയ കേരളാ കോൺഗ്രസ്സിലെ നാലുനേതാക്കൾ ഇന്ന് മന്ത്രിസഭയിലുണ്ട്. സ്വാശ്രയ കോളേജ് പ്രശ്നത്തിൽ മുഖ്യമന്ത്രി ആന്റണി നടത്തിയ വികലമായ പ്രസ്താവനകളെ എതിർക്കുവാൻ ആ നാലുമന്ത്രിമാരും തയ്യാറായിട്ടില്ല. പ്രതിപക്ഷത്തിരുന്നാൽ മാത്രമേ ന്യൂനപക്ഷാവകാശങ്ങൾക്കുവേണ്ടി വാദിക്കുകയുള്ളുവെന്ന നിലപാടായിരിക്കും അവർക്കുള്ളത്. എ,കെ.സി.സി. ജനറൽ സെക്രട്ടറി അഡ്വ. ഇ. എം. ജോസഫായിരുന്നു സമുദായത്തിനുവേണ്ടി ഒത്തുതീർപ്പുരേഖയിൽ ഒപ്പുവച്ചത്.

www.malankaralibrary.com

# കത്തോലിക്കാ കോൺഗ്രസ്സും പാഠപുസ്തകങ്ങളും

*എം.എം. ജേക്കബ്, മുണ്ടയ്ക്കൽ, എ.കെ.സി.സി. പാലാ രൂപതാ സെക്രട്ടറി*



കേരള കത്തോലിക്കരുടെ ഒരു പൊതുസംഘടനയാണ് കത്തോലിക്കാ കോൺഗ്രസ്സ്. സമുദായത്തിന്റെ പൊതുതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ കോൺഗ്രസ്സ് അനുഷ്ഠിച്ച സേവനങ്ങൾ പ്രശംസനീയമാണ്. ജനസംഖ്യാനുപാതികമായ പ്രാതിനിധ്യവും കത്തോലിക്കർക്കും അവരേപ്പോലെ അവഗണിക്കപ്പെട്ട ഇതരസമുദായങ്ങൾക്കും ലഭിക്കുന്നതിനുവേണ്ടി കോൺഗ്രസ്സ് മുൻനിന്ന് നടത്തിയ സമരങ്ങൾ ഇന്ന് ചരിത്രത്തിന്റെ ഭാഗമാണ്.

ക്രൈസ്തവരുടെ വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടി, തിരുവിതാംകൂറിലും, കൊച്ചിയിലും, കേരളത്തിലും നടന്ന എല്ലാ പ്രക്ഷോഭണങ്ങൾക്കും ആരംഭം കുറിച്ചത് എ.കെ.സി.സി.യാണ്. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങളിൽ ചേരാൻ മടിച്ചുനിന്ന രാഷ്ട്രീയസംഘടനകളെ പ്രക്ഷോഭണത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിന് കോൺഗ്രസ്സ് നിർണ്ണായകമായി പങ്കുവഹിച്ചു. വിദ്യാഭ്യാസ രംഗത്തെ ക്രൈസ്തവരുടെ അവകാശസംരക്ഷണത്തിനുവേണ്ടി പോരാടിയ കത്തോലിക്കാ കോൺഗ്രസ്സ് ഒരു വിദ്യാഭ്യാസ സ്ഥാപനംപോലും നടത്തുന്നില്ലന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും സമുദായം നടത്തുന്ന എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും തങ്ങളുടേതാണെന്ന ബോധ്യത്തോടുകൂടിയാണ് കോൺഗ്രസ്സ് സമരം നടത്തിയിട്ടുള്ളത്.

വിദ്യാഭ്യാസ മേഖലയിൽ മാനേജ്മെന്റിന്റെ അധികാരം ഉറപ്പിക്കുന്നതിനുവേണ്ടി മാത്രമല്ല കോൺഗ്രസ്സ് ശ്രമിച്ചിട്ടുള്ളത്. നമ്മുടെ വിദ്യാലയങ്ങളിൽ പഠിക്കുവാനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള പാഠഭാഗങ്ങളെപ്പറ്റി പഠിക്കുകയും തെറ്റായതും ക്രൈസ്തവർക്ക് അസ്വീകാര്യവുമായ പാഠഭാഗങ്ങൾ പാഠപദ്ധതിയിൽനിന്ന് നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ്. വിദ്യാഭ്യാസ രംഗത്തുപ്രവർത്തിക്കുന്ന മറ്റൊരു ഏജൻസിയും ശ്രദ്ധിക്കാത്ത ഈ രംഗം കഴിഞ്ഞ കാലങ്ങളിൽ എ.കെ.സി.സി. വിദഗ്ദ്ധമായി കൈകാര്യം ചെയ്തിട്ടുണ്ടെന്നുള്ളത് അഭിമാനത്തോടെ ഓർമ്മിക്കുന്നു. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ഭരണകാലത്ത് പാഠപുസ്തകങ്ങളിൽ വന്ന ഗുരുതരമായ പ്രശ്നങ്ങളെപ്പറ്റി ഒരു പ്രത്യേക കമ്മറ്റിയെവെച്ച് പഠിച്ചതും ആ കമ്മറ്റി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളുടെ തനിനിറം എന്ന ഗ്രന്ഥത്തെപ്പറ്റിയും അന്യത്ര പ്രസിദ്ധീകരിച്ചിട്ടുണ്ട്.

www.malankaralibrary.com

1986-ൽ പുതിയതായി പ്രസിദ്ധീകരിച്ച പാഠപുസ്തകങ്ങളിൽ ഗുരുതരമായ പലതെറ്റുകളും കടന്നുകൂടിയത് ചൂണ്ടികാണിച്ചത് കത്തോലിക്കാ കോൺഗ്രസ്സ് ആണ്. കത്തോലിക്കാ കോൺഗ്രസ്സ് ഈ വിഷയത്തിൽ എന്നും എക്കാലവും പ്രകടിപ്പിച്ചിട്ടുള്ള താല്പര്യം അഭിനന്ദനീയമാണ്. കത്തോലിക്കാ സ്ക്കൂളുകളിൽ പഠിപ്പിക്കുന്ന ക്രൈസ്തവ നേതാക്കൾ പോലും ശ്രദ്ധിക്കാത്ത കാര്യങ്ങൾ എ.കെ.സി.സി.യാണ് സമുദായത്തിന്റെ മുൻപിൽ അവതരിപ്പിച്ചതെന്ന് നമുക്ക് മനസ്സിലാക്കാം. 1986 ഒക്ടോബർ 10-ാം തീയതി എ.കെ.സി.സി. പ്രസിഡന്റ് എം. ഡി. ജോസഫ് മണ്ണിപ്പറമ്പിൽ, ജനറൽ സെക്രട്ടറി ജോൺ കച്ചിറമറ്റം, ട്രഷറർ ആന്റണി വള്ളമറ്റം, ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറി ബാബു ചാഴി കാടൻ, ജോൺ പെല്ലിശ്ശേരി എന്നിവർ തിരുവനന്തപുരത്ത് മുഖ്യമന്ത്രിയുടെ ഔദ്യോഗിക വസതിയിൽ എത്തി സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ പൂർണ്ണരൂപം താഴെ ചേർക്കുന്നു.

1) കത്തോലിക്കാ സഭയുടെ ആരംഭം : പത്താം ക്ലാസ്സിലെ സാമുഹ്യപാഠപുസ്തകത്തിൽ 5-ാം പേജിൽ ഇപ്രകാരം അച്ചടിച്ചിരിക്കുന്നു. 'കത്തോലിക്കാ സഭയ്ക്ക് ഇന്ത്യയിലെ ക്രിസ്ത്യാനികളെ അവരുടെ സഭയിലേക്ക് മാറ്റുവാൻ കഴിഞ്ഞു. അവർ 1599-ൽ ഉദയം പേരൂർ (ഡയംപർ) സുനഹദോസ് നടത്തി മലബാറിലെ അനേകം ക്രിസ്ത്യാനികളെ (ഇന്ത്യയിലെ ഏറ്റം പഴക്കമുള്ള ക്രിസ്ത്യൻ വിഭാഗം) കത്തോലിക്കാ സഭയുടെ കീഴിൽ കൊണ്ടുവന്നു.' ഈ പാഠഭാഗം വായിക്കുന്ന ഏതൊരു വ്യക്തിയും ആദിമനൂറ്റാണ്ടു മുതൽ ഇവിടെയുണ്ടായിരുന്ന ക്രിസ്ത്യാനികൾ കത്തോലിക്കർ അല്ലായിരുന്നുവെന്നും പോർട്ടുഗീസുകാരുടെ വരവിനുശേഷമാണ് ഇവിടെ കത്തോലിക്കാ സഭ സ്ഥാപിതമായതെന്നും ധരിക്കാം.

ഇന്ത്യയിൽ വിശിഷ്യ കേരളത്തിൽ ക്രിസ്തുശിഷ്യനായ മാർത്തോമ്മാശ്ലീഹാ എ. ഡി. 52-ൽ എത്തുകയും ക്രൈസ്തവസഭ സ്ഥാപിക്കുകയും ചെയ്തു. ഇവിടുത്തെ ക്രിസ്ത്യാനികൾ മാർത്തോമ്മാ ക്രിസ്ത്യാനികൾ എന്നാണ് അറിയപ്പെടുന്നത്. ക്രിസ്തുമതത്തിന്റെ ആരംഭത്തിൽതന്നെ ഭാരതത്തിലും ക്രിസ്തുമതം ആരംഭിച്ചു. ആദിമനൂറ്റാണ്ടിലെ ക്രൈസ്തവ സമുഹം കത്തോലിക്കാസഭയുടെ ഒരു അവിഭാജ്യഘടകം തന്നെയായിരുന്നു. കേരളസഭയും പേർഷ്യൻസഭയും തമ്മിലുള്ള ബന്ധം അതാണ് വിളിച്ചറിയിക്കുന്നത്. ഭാരതത്തിൽ കത്തോലിക്കാ സഭ ആദിമനൂറ്റാണ്ടിൽ ത്തന്നെ സ്ഥാപിതമായി എന്നതിനെപ്പറ്റി ഇതുവരെ യാതൊരു തർക്കവും ഉണ്ടായിട്ടില്ല. സത്യം ഇതായിരിക്കേ 10-ാം സ്ററാൻഡേർഡിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന മേലുദ്ധരിച്ച പാഠഭാഗം സത്യവിരുദ്ധമാണ്. ചരിത്രത്തിനോടുള്ള ഒരു വെല്ലുവിളിയുമാണ്. കത്തോലിക്കാസഭ യുടെ ചരിത്രത്തെയും പാരമ്പര്യത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള

www.malankaralibrary.com

പാഠഭാഗമാണിത് എന്ന് ചൂണ്ടിക്കാട്ടുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

2) തച്ചിൽ മാത്തുത്തരകൻ : ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യപാഠ പുസ്തകത്തിൽ 126-ാം പേജിൽ ചേർത്തിരിക്കുന്ന ഭാഗം താഴെ ചേർക്കുന്നു. 'ആയിരക്കണക്കിനു അനുയായികളെയും കൂട്ടി ജയന്തൻ ശങ്കരൻ നമ്പൂതിരി, ശങ്കരനാരായണൻ ചെട്ടി, മാത്തുത്തരകൻ എന്നീ മന്ത്രിമാർ നടത്തിയിരുന്ന ദുർഭരണത്തിനെതിരെ വേലുത്തമ്പി ശബ്ദമുയർത്തി.'

തച്ചിൽ മാത്തുത്തരകൻ മന്ത്രിയായിരുന്നിട്ടില്ല. അദ്ദേഹം സർക്കാരിൽനിന്നും ശമ്പളം പറ്റിയ ഒരു ഉദ്യോഗസ്ഥനുമായിരുന്നില്ല. സമുദായാഭിമാനിയും, രാജ്യസേവകനുമായിരുന്നു തച്ചിൽ മാത്തുത്തരകൻ. 943 മുതൽ 973 വരെ 30 വർഷക്കാലം തിരുവിതാംകൂർ മഹാരാജാവിനെയും രാജ്യത്തെയും വിശ്വസ്തതയോടെ സേവിച്ച മഹാപുരുഷനായിരുന്ന അദ്ദേഹം. രാജ്യം ദുർവഹമായ ഋണഭാരത്തിലായിരുന്ന അക്കാലത്ത് 15 ലക്ഷംരൂപ കയ്യിൽ നിന്നെടുത്ത് സർക്കാരിനെ സഹായിച്ചത് മാത്തുതരകനാണ്. കൊടുങ്ങല്ലൂർ, കോട്ടയം, മുനമ്പത്തു അതിനോടു ചേർന്ന ഉല്പത്തിപ്പറമ്പുകളും കമ്പനിക്കാരിൽനിന്നും തിരുവിതാംകൂറിന് കൈമാറുന്നതിന് കാരണക്കാരൻ തരകൻ ആയിരുന്നു. തിരുവിതാംകൂറിലെ കച്ചവടാഭിവൃദ്ധിക്ക് മുൻകൈയെടുത്തു പ്രവർത്തിച്ച മാത്തുത്തരകൻ ആല

BEST COMPLIMENTS FROM



Provincial & Community
C.M.I. St. Joseph's Province
Thiruvanathapuram

www.malankaralibrary.com

പ്പുഴയെ കൊച്ചിക്കു സമാനമായ തുറമുഖമാക്കി വളർത്തിയെടുത്തു. കാഞ്ഞൂരിന് കിഴക്കുഭാഗത്ത് അന്നത്തെ കൊച്ചി സംസ്ഥാനത്തിൽ 40 കാതം നീളത്തിൽ ഭൂമി തരകന്റെ കുടുംബത്തിലേക്ക് കിട്ടിയത് തിരുവിതാംകൂറിന് മാത്തൂതരകൻ ദാനംചെയ്തു. തിരുവനന്തപുരത്തു ചെല്ലുമ്പോൾ തരകന്റെ ഉപയോഗത്തിനായി മഹാരാജാവ് പേട്ടയിൽ ഒരു ദേവാലയം നിർമ്മിച്ചുകൊടുത്തു. ക്രൈസ്തവ സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയും മാത്തുത്തരകൻ വളരെ ശ്രമി ച്ചിട്ടുണ്ട്. ഇങ്ങനെ രാജ്യത്തെയും സമുദായത്തെയും വിശ്വസ്തതാപൂർവ്വം സേവിച്ച മാത്തുത്തരകന്റെ യഥാർത്ഥചിത്രം ചരിത്രപുസ്തകങ്ങളിൽ ചേർക്കപ്പെടേണ്ടതാണ്. എന്നാൽ തച്ചിൽ മാത്തൂത്തരകനെപ്പറ്റിയുള്ള യഥാർത്ഥ ചരിത്രം രേഖപ്പെടുത്തേണ്ടതിനു പകരം അദ്ദേഹത്തെ ആക്ഷേപിക്കുന്ന വിധത്തിലുള്ള ഭാഗം പാഠപുസ്തകത്തിൽ ചേർത്തത് അങ്ങേയറ്റം ഉൽകണ്ഠയോടെ ഞങ്ങൾ വീക്ഷിക്കുന്നു.

**നിവർത്തനപ്രക്ഷോഭണം :** ഏഴാം സ്റ്റാൻഡേർഡിലെ സാമൂഹ്യപാഠപുസ്തകത്തിൽ 127-ാം പേജിൽ നിവർത്തന പ്രക്ഷോഭണത്തെപ്പറ്റി ഇപ്രകാരം ചേർത്തിരിക്കുന്നു. ജനസംഖ്യാനുപാതികമായി നിയമസഭയിൽ തങ്ങൾക്കും പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈഴവരും മുസ്ലീകളും ചില ക്രിസ്ത്യാനികളും ചേർന്നു സംഘടിപ്പിച്ചതായിരുന്നു ഈ പ്രക്ഷോഭണം.

നിവർത്തനപ്രക്ഷോഭണത്തിന് നേതൃത്വം നൽകുകയും അതിന്റെ സർവ്വഭാരവും വഹിക്കുകയും ചെയ്തത് ക്രിസ്ത്യാനികളായിരുന്നുവെന്നത് അഭിമാനപൂർവ്വം ഞങ്ങൾ സ്മരിക്കുന്നു. പക്ഷേ ഏഴാം ക്ലാസ്സിലെ പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന ഭാഗം വായിച്ചാൽ ഈ പ്രക്ഷോഭണത്തിൽ ക്രിസ്ത്യനികളുടെ പങ്കാളിത്തം വളരെ ലഘുവായിരുന്നുവെന്നു തോന്നിപ്പോകും.

ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ജനപ്രതിനിധി സഭകളിൽ ലഭിക്കുന്നതിനുവേണ്ടി കേരളത്തിലെ ക്രൈസ്തവ-ഈഴവ-മുസ്ലിം സമുദായങ്ങൾ ഒന്നിച്ചുനിന്ന് നടത്തിയ സമരമാണ് നിവർത്തനപ്രക്ഷോഭണം. 1933-ലാണ് നിവർത്തനപ്രക്ഷോഭണം ആരംഭിക്കുന്നത്. 1921-ലെ നിയമസഭാ പരിഷ്ക്കാരവും വോട്ടവകാശ വ്യവസ്ഥകളും നിയോജക മണ്ഡല വിഭജനവും മുഖാന്തിരം ജനപ്രതിനിധി സഭകളിൽ മേൽപറഞ്ഞ സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 1932 ഒക്ടോബർ 15-ാം തീയതി അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകൂർ മഹാരാജാവിന് ഒരു നിവേദനം നൽകി. ഈ നിവേദനത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. അന്നേവരെ നിയമസഭാ

www.malankaralibrary.com

പ്രാതിനിധ്യത്തിനായി തിരുവിതാംകൂറിലെ പല സമുദായങ്ങളും നിവേദനങ്ങളും മെമ്മോറിയലുകളും സമർപ്പിക്കുകയുണ്ടായി. എങ്കിലും അവയെല്ലാം അവരവരുടെ സമുദായപ്രാതിനിധ്യം മാത്രമാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ കത്തോലിക്കാ കോൺഗ്രസ്സാണ് ഗണനീയ സമുദായങ്ങൾക്ക് എല്ലാംതന്നെ സംഖ്യാനുപാതികമായ പ്രാതിനിധ്യം നൽകണമെന്നവാദം ആദ്യമായി ഉന്നയിച്ചത്. ഇതുവഴി യാതൊരു സമുദായത്തിനും അമിതവും അനർഹവുമായ വലിയ പ്രാതിനിധ്യം ലഭിക്കുന്നതിന് ഇടയാകാതെ സമുദായനീതി പാലിക്കുന്നതിന് സാധിക്കുമെന്നതാണ് ഈ വാദത്തിന്റെ രാഷ്ട്രീയപ്രാധാന്യം. 1922-25-28-31 വർഷങ്ങളിൽ നടന്ന തെരഞ്ഞെടുപ്പിൽ ഓരോ സമുദായക്കാർക്കും ലഭിച്ച സീറ്റുകളുടെ എണ്ണവും ഓരോ സമുദായ ത്തിന്റെ ജനസംഖ്യയും പ്രത്യേകം എടുത്തു കാണിച്ചിരുന്നു. തിരുവിതാംകുർ ചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു ഈ നിവേദനം. ആ നിവേദനത്തിന് ഫലമുണ്ടായില്ല. ആ പ്രത്യേക സാഹചര്യത്തിൽ അവഗണിക്കപ്പെട്ട സമുദായങ്ങളുടെ ഒരു പ്രത്യേക യോഗം കത്തോലിക്കാ കോൺഗ്രസ്സ് മുൻനിന്ന് തിരുവനന്തുപുരത്ത് എൽ.എം.എസ്. ഹാളിൽ വിളിച്ചുകുട്ടി. ആ യോഗം നിവർത്തന പ്രക്ഷോഭണം അംഗീകരിക്കുകയും സംയുക്ത രാഷ്ട്രിയ കോൺഗ്രസ്സ് രൂപീകരിക്കുകയും ചെയ്തു. അഖില കേരള കത്തോലിക്കാ കോൺഗ്രസ്സ് തിരുവിതാംകുർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ രുപീകരിച്ച തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കാ കോൺഗ്രസ്സാണ് നിവർത്തന പ്രക്ഷോഭണത്തിന്റെ പ്രധാന നേതൃത്വം വഹിച്ചത്. ശ്രീ. എൻ. വി. ജോസഫായിരുന്നു നിവർത്തനപ്രക്ഷോഭണത്തിന്റെ പ്രമുഖനേതാവ്. ഈ വസ്തുതകളെല്ലാം വിസ്മരിച്ചുകൊണ്ട് ക്രിസ്ത്യാനികളുടെ പങ്കാളിത്തം വളരെ ലഘുവായി ചിത്രീകരിച്ചുകൊണ്ട് തയ്യാറാക്കിയ പാഠഭാഗം അങ്ങേയറ്റം ചരിത്രവസ്തുതകൾക്ക് നിരക്കാത്ത താണെന്ന് ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു.

**ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം :**

കോഴിക്കോട് സർവ്വകലാശാല പ്രീഡിഗ്രിക്ക് മലയാളം ഉപപാഠപുസ്തകമായി തെരഞ്ഞെടുത്തിരിക്കുന്ന ശ്രീ. പി. ഏ. വാരിയരുടെ ‘അനുഭവങ്ങൾ’ എന്ന പുസ്തകത്തിലെ ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായത്തിലെ ചില പരാമർശനങ്ങൾ യേശുക്രിസ്തുവിനെ അവഹേളിക്കുന്ന തരത്തിലാണ്. കസാന്റ്സി കിസ്സിന്റെ ദി ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന നോവലിനെക്കുറിച്ചുള്ള പഠനമാണ് പ്രസ്തുത ലേഖനം.

പ്രസ്തുത ലേഖനത്തിലെ ഒരു ഭാഗം താഴെ ചേർക്കുന്നു. ‘ശൈശവ ബാല്യനാളിലെ കുട്ടുകാരിയും, പിന്നീടു കാമുകിയുമായ മഗ്ദലനമറിയ

www.malankaralibrary.com

ത്തിനെ താൻ ഭാര്യയായി കൈക്കൊള്ളുന്നു. പുണ്യമാർഗ്ഗക്കാർ അവളെ പാപത്തിന്റെ പേരിൽ കല്ലെറിഞ്ഞ് കൊന്നതിനുശേഷം രക്ഷക മാലാഖയുടെ നേതൃത്വത്തിൽത്തന്നെ താൻ മേരി, മാർത്ത സഹോദരിമാരെ വേൾക്കുന്നു. അവർ ഇരുവരും മത്സരിച്ച് പ്രസവിക്കുകയും തന്നെ ശുശ്രൂഷിക്കുകയുമാണ്. സമ്പന്നവും സമ്പുഷ്ടവും സമഗ്രവുമായ കുടുംബജീവിതം, മക്കളും പേരക്കുട്ടികളുമായി പടർന്ന് പന്തലിച്ച ജീവിതത്തിന്റെ ഹറാൻ വള്ളിക്കുടിൽ അതാവരുന്നു., പഴയ ശിഷ്യന്മാർ - പീറ്ററും മാത്യുവും ജൂഡാസും എല്ലാവരുമുണ്ട്. ശാശ്വതാനന്ദത്തിന്റെ മാർഗ്ഗമെന്ന് പറഞ്ഞ് തങ്ങളെ ദുർഘട മാർഗ്ഗത്തിലേക്കു തള്ളിവിട്ട് സ്വയം ലളിതസുഖ ജീവിതം കൈവരിച്ച റാബിയെ അവരെല്ലാവരും അധിക്ഷേപിക്കുന്നു. റാബിയും (ക്രിസ്തു) പ്രലോഭന ങ്ങൾക്ക് വിധേയനായതിനെപ്പറ്റി പശ്ചാത്തപിക്കാൻ തുടങ്ങുന്നു.'

ക്രിസ്തുവിന്റെ കാമുകിയായി മഗ്ദലനമറിയത്തെ ചിത്രീകരിച്ചു കൊണ്ടുള്ള ലേഖനത്തിലെ പരാമർശനങ്ങൾ കുട്ടികളിൽ തെറ്റിദ്ധാരണയും ചിന്താക്കുഴപ്പവും സൃഷ്ടിക്കുന്നതിന് ഇടനൽകുന്നതാണ്. കസാന്റ്സാകിസ്സിന്റെ ലാസ്റ്റ് ടെംപ്റ്റേഷൻ ഓഫ് ക്രൈസ്റ്റ് എന്ന ഗ്രന്ഥത്തെപ്പറ്റി ശ്രീ വാരിയർ തന്നെ ഇപ്രകാരം എഴുതിയിരിക്കുന്നു. "വെറുതെയല്ല ഈ കൃതിക്ക് പലരാജ്യങ്ങളിലും പ്രവേശനാനുമതി നിഷേധിക്കപ്പെട്ടിരിക്കുന്നത്, പലരാലും ശക്തിയായി അധിക്ഷേപിക്കപ്പെട്ടത്."

ക്രൈസ്തവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്ന വിധത്തിലുള്ള ലേഖനങ്ങൾ പാഠപുസ്തകങ്ങളിൽ ചേർക്കുന്നതിന് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സിനുള്ള ശക്തിയായ പ്രതിഷേധം അറിയിക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ക്രൈസ്തവരുടെ ചരിത്രത്തെയും പാരമ്പര്യത്തെയും വിശ്വാസത്തെയും ആക്ഷേപിക്കുന്ന വിധത്തിലുള്ള മേൽചൂണ്ടികാണിച്ച പാഠഭാഗങ്ങളും ക്രിസ്തുവിന്റെ അവസാനത്തെ പ്രലോഭനം എന്ന അദ്ധ്യായവും നീക്കം ചെയ്ത് ക്രൈസ്തവരുടെ വികാരങ്ങളെ മാനിക്കുവാൻ ബഹു. കേരളാ ഗവൺമെന്റ് അടിയന്തിരവും ഫലപ്രദവുമായ നടപടികൾ സ്വീകരിക്കണമെന്ന് ഞങ്ങൾ വിനീതമായി അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ കാലങ്ങളിൽ ഒരു വിജിലൻസ് ഗ്രൂപ്പുപോലെ കത്തോലിക്കാ കോൺഗ്രസ്സ് ഈ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ടെന്നുള്ളത് ഈ നിവേദന സമർപ്പണത്തിൽ നിന്നും വ്യക്തമാകും പാഠപുസ്തകങ്ങളെപ്പറ്റി പഠിക്കുവാൻ, നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ മറ്റൊരു വേദിയും നമ്മുടെ സമൂഹത്തിലില്ലായെന്ന കാര്യവും ഇവിടെ പ്രസക്തമാണ്. കത്തോലിക്കാ കോൺഗ്രസ്സ് മാത്രമാണ് ഈ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളത്.

www.malankaralibrary.com

Prayerful greetings from,

**St. Thomas Capuchin Provincialate**

P.B. No. 66, Aluva - 683 101

Tel : 0484-2624081

ധന്യയായ

**എവുപ്രാസ്യമ്മ**



## നാമകരണത്തിനുള്ള ജപം

സ്നേഹസ്വരൂപനായ ദൈവമേ, അങ്ങേ സ്തുതിക്കും തിരുസഭയുടെ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമെങ്കിൽ അങ്ങേ വിശ്വസ്ത ദാസിയായ എവുപ്രാസ്യമ്മയെ വിശുദ്ധരുടെ പട്ടികയിൽ ചേർക്കണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. പരിശുദ്ധ കർമ്മല അമ്മേ, വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങളുടെ പിതാവായ മാർ തോമാശ്ലീഹായെ, സകല വിശുദ്ധരേ, ദൈവദാസിയായ എവുപ്രാസ്യമ്മയുടെ മഹത്തീകരണത്തിനുവേണ്ടി പരിശുദ്ധ ത്രിത്വത്തിനു മുൻപിൽ നിങ്ങൾ മാദ്ധ്യസ്ഥം വഹിക്കണമേ.

പിതാവായ ദൈവമേ ഞങ്ങളിപ്പോൾ അപേക്ഷിക്കുന്ന പ്രത്യേക അനുഗ്രഹം (..........) അങ്ങയുടെ മഹത്വത്തിനും ദൈവദാസി എവുപ്രാസ്യമ്മയുടെ നാമകരണത്തിനും ഉതകുന്നവിധം ഞങ്ങൾക്ക് നൽകേണമെന്ന് വിനയപൂർവ്വം അപേക്ഷിക്കുന്നു.

ആമ്മേൻ 3 ത്രിത്വ.

Trichur,
16-7-1989.

Imprimatur :
**+ Mar Joseph Kundukulam**
Bishop of Trichur

Sr. Nirmala C.M.C., Provincial Superior
Holy Trinity Convent, Kolazhy, Thrissur-10

www.malankaralibrary.com

# അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രിയും നേത്രചികത്സയുടെ ബിരുദാനന്തര കോഴ്സും

*ടോമി കണയം പ്ലാവൻ-ചങ്ങനാശ്ശേരി*



അങ്കമാലിയിൽ നേത്രചികിത്സയുടെ ബിരുദാന്തര കോഴ്സ് 1984-ൽ ആരംഭിച്ചപ്പോൾ അതിനെ തിരെ മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾ ആരംഭിച്ച സമരം അക്രമത്തിലേക്ക് നീങ്ങിയപ്പോൾ സർക്കാർ നൽകിയ അനുവാദം ചില സാങ്കേതിക തടസ്സങ്ങൾ ഉന്നയിച്ച് ഇല്ലാതാക്കി. വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളും രാഷ്ട്രീയ കക്ഷികളും ലിറ്റിൽ ഫ്ളവർ ആശുപത്രിക്ക് എതിരായിരുന്നു. കേരള ത്തിൽ സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞ 30 വർഷക്കാലം പുറകോട്ടടിച്ചതിന്റെ കാരണം ഈ സമീപനമായിരുന്നു. മറ്റു സംസ്ഥാനങ്ങൾ ഇതിൽ നിന്ന് മുതലെടുക്കുകയും നമ്മുടെ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിന് അവർക്ക് അവസരമൊരുക്കി കൊടുത്തു. "കുടിക്കാത്തവൻ കുടിച്ചപ്പോൾ കുടത്തോടെ" എന്നുപറഞ്ഞ തുപോലെ ഇപ്പോൾ ഭരണകക്ഷികൾ സ്വാശ്രയ കോളേജുകൾ ആരംഭിക്കുവാൻ സമ്മതിച്ചു. എന്നാൽ അവരുടെ സ്വാശ്രയ കോളേജുകളോടുള്ള സമീപനം പഴയതുതന്നെ എന്നതിന് തെളിവാണ് ഈയടുത്ത കാലത്ത് നടന്ന സംഭവവികാസങ്ങൾ. അങ്കമാലി പ്രശ്നം വന്നപ്പോൾ 1984 സെപ്റ്റംബർ ലക്കം എ.കെ.സി.സി. ബുള്ളറ്റിനിൽ പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിലെ പ്രസക്ത ഭാഗം താഴെ ചേർക്കുന്നു.

"ഇന്ത്യയിലെ ഏറ്റവും സുസജ്ജമായ നേത്രാശുപത്രിയാണ് അങ്കമാലി ലിറ്റിൽ ഫ്ളവർ ആശുപത്രി. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും എല്ലാ രാഷ്ട്രീയ കക്ഷികളിലുംപെട്ട, എല്ലാ ജാതിയിലും പെട്ട ആളുകൾ ഈ ആശുപത്രിയിൽ വന്ന് നേത്രരോഗ ചികിത്സ നടത്തുന്നുണ്ട്. സോഷ്യലിസ്റ്റുകളും, മാർക്സിസ്റ്റുകളും, ദേശസാൽക്കരവാദികളും എല്ലാം അതിൽപെടും. അങ്കമാലി ആശുപത്രിയിൽ ഇന്നുള്ള സൗകര്യം കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് നേത്രചികിത്സയുടെ ബുരുദാനന്തര കോഴ്സ് നടത്താൻ അധികൃതർ തയ്യാറായി. മറ്റുപല ആശുപത്രികളും ഇതിന് തയ്യാറായി. മെഡിക്കൽ കൗൺസിൽ വേണ്ടത്ര പഠനം നടത്തിയശേഷം അങ്കമാലി ആശുപത്രിയിൽ ബുരുദാനന്തര കോഴ്സ് നടത്തുവാൻ മാത്രം അനുവാദം നൽകി. കേരളാ ഗവൺമെൻരും അതിന് പച്ചക്കൊടികാട്ടി. ഇതിനെതിരെ മെഡിക്കൽ വിദ്യാർത്ഥികൾ ആരംഭിച്ച സമരം കേരളത്തിൽ വ്യാപകമായി പടർന്നു പിടിച്ചു. മിക്ക രാഷ്ട്രീയകക്ഷികളുടെയും വിദ്യാർത്ഥി യുവജനവിഭാഗങ്ങൾ സമരരംഗത്ത് എത്തി. മെഡിക്കൽ കോളേജുകൾ അടച്ചിടേണ്ടിയും വന്നു. ഗവൺമെന്റ് ചില സാങ്കേതിക തടസ്സങ്ങൾ പറഞ്ഞ് നേത്രചികിത്സാ ബുരുദാ

www.malankaralibrary.com

നന്തര കോഴ്സ് ആരംഭിക്കുവാനുള്ള സാഹചര്യം ഇല്ലാതാക്കുകയും ചെയ്തു.

തമിഴ്നാട്ടിലും കർണ്ണാടകത്തിലും ആന്ധ്രായിലും മെഡിക്കൽ കോളേജുകളും എൻജിനീയറിംഗ് കോളേജുകളും സ്വകാര്യമേഖലയിൽ ധാരാളം അനുവദിക്കുന്നുണ്ട്. അതിനെതിരെ പോരാടുവാൻ രാഷ്ട്രീയ പാർട്ടികളുടെ വിദ്യാർത്ഥി യുവജനവിഭാഗങ്ങളും തയ്യാറാകാതെ കേരളത്തിൽ മാത്രം പ്രതിഷേധശബ്ദം പുറപ്പെടുവിക്കുന്നതിന്റെ അർത്ഥം എന്താണ്. തൃശ്ശൂർ സ്വകാര്യ മേഖലയിൽ എങ്കിലും ഒരു മെഡിക്കൽ കോളേജ് അനുവദിക്കുവാൻ മെമ്മോറാണ്ടം സമർപ്പിച്ചവരും ഇന്ന് അങ്കമാലിയിൽ നേത്രചികിത്സാ ബിരുദാനന്തര കോഴ്സ് അനുവദിച്ചതിനെ എതിർക്കുന്നുണ്ടെന്നുള്ളതാണ് പരമാർത്ഥം.

ലോകത്തിലെ അന്ധരിൽ മൂന്നിൽ ഒന്നുഭാഗവും ഇന്ത്യയിലാണ്. ശരിയായ സാങ്കേതിക ജ്ഞാനവും സൗകര്യവും ഉണ്ടെങ്കിൽ ഇവിടുത്തെ അന്ധരിൽ ബഹുഭൂരിപക്ഷം പേർക്കും കാഴ്ച തിരിച്ചുകിട്ടും. എന്നാൽ നമ്മുടെ ആരോഗ്യ വകുപ്പിന് അതിനുള്ള ശേഷിയില്ല. ഈ സാഹചര്യത്തിൽ സ്വകാര്യമേഖലയെ ആശ്രയിക്കുക മാത്രമാണ് ഏക പോംവഴി.

അങ്കമാലി ആശുപത്രിയിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നേത്രാചികിത്സാരംഗത്ത് കുടുതൽ വിദഗ്ദന്മാരെ സൃഷ്ടിക്കുവാൻ ഗവൺമെന്റ് മുൻകൈയ്യെടുക്കണം. അപ്രകാരം ഒരു നിലപാടെടുക്കാൻ ഗവൺമെന്റിൽ ജനങ്ങൾ സമ്മർദ്ദം ചെലുത്തണം.

Best compliments from



Principal, Staff & Students
S. B. College
Changanassery
Phone : 0481 - 2420025

www.malankaralibrary.com

# വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയവർ

## A മാർ ജെയിംസ് കാളാശ്ശേരിയും ഷെവലിയർ തര്യത്കുഞ്ഞിത്തൊമ്മനും

*ഫാ. ജോർജ്ജ് ശ്രാമ്പിക്കൽ, എ.കെ.സി.സി., വർക്കിംഗ് കമ്മറ്റി മെമ്പർ*



വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി കേരളത്തിൽ കത്തോലിക്കർ നടത്തിയ ഉജ്ജ്വല പോരാട്ടങ്ങളിൽ ഒന്നായിരുന്ന സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരായി നടന്ന സമരം. ആ സമരത്തിന് ശക്തിപകർന്നുനൽകിയ രണ്ടുമഹാത്മക്കളാണ് മാർ ജെയിംസ് കാളാശ്ശേരി തിരുമേനിയും ഷെവലിയർ ഇലഞ്ഞിക്കൽ തര്യതുകുഞ്ഞിത്തൊമ്മനും

### 1) മാർ ജെയിംസ് കാളാശ്ശേരി

കൈനകരിയിലെ കാളാശ്ശേരി കുടുംബത്തിൽ 1892 ഏപ്രിൽ 30ന് ഭൂജാതനായി. കോളേജ് വിദ്യാഭ്യാസത്തിന്ശേഷം പുത്തൻപള്ളി സെമിനാരിയിൽ വൈദികപഠനം ആരംഭിച്ചു. റോമിലെ പ്രൊപ്പഗാന്ത കോളേജിൽ നിന്നും വൈദികപഠനം പൂർത്തിയാക്കി. 1919-ൽ വൈദികപട്ടം സ്വീകരിച്ചു. 1925ൽ കുര്യാളശ്ശേരി തിരുമേനിയുമൊന്നിച്ച് റോമിൽപോയി. കുര്യാളശ്ശേരി തിരുമേനി റോമിൽവെച്ച് ദിവംഗതനായി. മാർ കാളാശ്ശേരി തിരിച്ചുനാട്ടിലെത്തി. 1927 ഒക്ടോബർ 24ന് മെത്രാനായി തിരഞ്ഞെടുക്കപ്പെട്ട രൂപതയുടെ ഔദ്യോഗിക ജിഹ്വയായി വേദപ്രചാര മദ്ധ്യസ്ഥൻ ആരംഭിച്ചു. മദ്ധ്യസ്ഥനിൽ കാളാശ്ശേരി പിതാവ് നിരന്തരം ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. ക്രൈസ്തവവിരോധംവെച്ചുപുലർത്തി തിരുവിതാംകൂർ ദിവാനായി രാജഭരണം നടത്തിയ സർ സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂറിലെ പ്രൈവറ്റ് വിദ്യാലയങ്ങളിൽ മതപഠനം നിരോധിക്കുവാനും പ്രൈമറി വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാനും ശ്രമിച്ചു. തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ വൈദിക മേലദ്ധ്യക്ഷന്മാർ 1943 ജൂലൈ രണ്ടാംതീയതി ഒരു സംയുക്ത ഇടയലേഖനം പ്രസിദ്ധീകരിച്ചുകൊണ്ടാണ് വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടം ആരംഭിച്ചത്. മാർ ജെയിംസ് കാളാശ്ശേരിയുടെ 123-124 ഇടയലേഖനങ്ങളും അതിന് തിരുമേനി നൽകിയ

www.malankaralibrary.com

ധീരമായ മറുപടിയും അന്യത്രപ്രസിദ്ധീകരിച്ചിട്ടുണ്ട്. സി.പി.യുടെ സ്വേച്ഛാധിപത്യത്തെ കിടിലംകൊള്ളിക്കുവാൻ കാളാശ്ശേരി തിരുമേനിയുടെ നിശ്ചയദാർഢ്യത്തിനുകഴിഞ്ഞു. സമുദായം പ്രതിസന്ധികളെ നേരിടുമ്പോഴെല്ലാം കാളാശ്ശേരി തിരുമേനിയുടെ ധീരത നമുക്ക് വെളിച്ചം നൽകും. 1949 ഒക്ടോബർ 27ന് തിരുമേനി ദിവംഗതനായി.

## 2) ഷെവ. ഇലഞ്ഞിക്കൽ തര്യതു കുഞ്ഞുത്തൊമ്മൻ

സർ സി.പിയുടെ കിരാതഭരണത്തെ ധീരപൂർവ്വം നേരിട്ട പ്രതിഭാശാലിയായ കുഞ്ഞിത്തൊമ്മൻ 1882 ജൂലായ് 28ന് കോതമംഗലത്ത് ജനിച്ചു. നാലുദശാബ്ദക്കാലം തിരുവിതാംകൂറിലെയും തിരുകൊച്ചിയിലെയും നിയമസഭയിൽ അംഗമായിരുന്നുകൊണ്ട് ചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്. പൗരസമത്വവാദ പ്രക്ഷോഭണം, നിവർത്തനപ്രക്ഷോഭണം മുതലായവയ്ക്ക് കുഞ്ഞിത്തൊമ്മനോളം ത്യാഗം അനുഭവിച്ചവർ അധികമുണ്ടാവുകയില്ല. അഖില കേരള കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റായിരിക്കുമ്പോഴാണ് സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെയുള്ള സമരം നടന്നത്. ആ സമരം കത്തോലിക്കാ കോൺഗ്രസ്സ് ഏറ്റെടുക്കുകയും സമരത്തിന്റെ ചുമതല വഹിക്കുവാൻ 350 അംഗകമ്മിറ്റിയെ തെരഞ്ഞെടുക്കുകയും ചെയ്തു. വിദ്യാഭ്യാസ സ്വാതന്ത്ര്യത്തിൽ കൈകടത്തരുതെന്ന് കാണിച്ച് രണ്ടരലക്ഷത്തിലധികം ആളുകൾ ഒപ്പിട്ട ഒരു ഭീമഹർജി തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചു. കുഞ്ഞിത്തൊമ്മൻ അറസ്റ്റു ചെയ്യപ്പെട്ടു. ജയിൽ മോചിതനായി വന്ന കുഞ്ഞിത്തൊമ്മന് നൽകിയ സ്വീകരണത്തെപ്പറ്റിയെല്ലാം അന്യത്ര ചേർത്തിട്ടുണ്ട്. ജനകീയ മന്ത്രിസഭയുടെ കാലത്ത് പനമ്പിള്ളി കൊണ്ടുവന്ന വിദ്യാഭ്യാസ പദ്ധതിക്കെതിരായും കുഞ്ഞിത്തൊമ്മൻ സ്വരമുയർത്തി ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സ്വാത ന്ത്ര്യത്തിനുവേണ്ടി ഏറ്റവും കൂടുതൽ ത്യാഗം അനുഭവിച്ച കുഞ്ഞിത്തൊമ്മൻ 1955 ഒക്ടോബർ 8-ന് അന്തരിച്ചു.

കമ്മ്യൂണിസ്റ്റ് ഭരണകാലത്ത് നെല്ലിമറ്റത്തെ കത്തോലിക്കർ കുഞ്ഞിത്തൊമ്മന്റെ ഛായാചിത്രവും വഹിച്ചുകൊണ്ട് വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ പങ്കെടുത്തത് അക്കാലത്തെ പ്രധാനവാർത്തകളിൽ ഒന്നായിരുന്നു.

www.malankaralibrary.com



# B വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ വൈദീക മേലദ്ധ്യക്ഷൻമാർ

*ഇ. ജെ. ലൂക്കോസ്, Ex. MLA സ്റ്റേറ്റ് പ്രസിഡന്റ്, എ.ഐ.സി.യു.*

## 3) ആർച്ചു ബിഷപ്പ് മാർ ഇവാനിയോസ്

കേരളത്തിലെ പുനരൈക്യ പ്രസ്ഥാനത്തിന്റെ സൂത്രധാരനായിരുന്ന ആർച്ച് ബിഷപ്പ് മാർ ഇവാനിയോസ് 1882 സെപ്റ്റംബർ 8ന് മാവേലിക്കരയിൽ പണിക്കർ വീട്ടിൽ ഭൂജാതനായി. എം. എ. ഡിഗ്രി കരസ്ഥമാക്കിയശേഷം 1908–ൽ എം. ഡി. സെമിനാരി പ്രിൻസിപ്പലായി. അതേ വർഷം തന്നെ പരുമല സെമിനാരിയിൽവെച്ച് വൈദീകപട്ടം സ്വീകരിച്ചു. മെത്രാൻ കക്ഷിയുടെ ഉറപ്പുള്ള ആശ്രയവും സങ്കേതവും എം. എ. അച്ചനായ ഇവാനിയോസ് ആയിരുന്നു. 1919–ൽ ബഥന്യാശ്രമം ആരംഭിച്ചു. 1925–ന് നിരണത്തുവെച്ച് ബഥനിയുടെ മെത്രാനായി വാഴിക്കപ്പെട്ടു. 1930 സെപ്റ്റംബർ 30ന് കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. സർ സി. പി.യുടെ കിരാതഭരണത്തെയും പ്രൈമറി വിദ്യാലയ ദേശസാൽക്കരണ പദ്ധതിയേയും ശക്തിയായി എതിർക്കുകയും ഏകാധിപതിയായ സി. പി.യെ മുട്ടുകുത്തിക്കുകയും ചെയ്തു. 1953 ജൂലൈ 15–ന് മാർ ഇവാനിയോസ് ദിവംഗതനായി.

## 4) ആർച്ചുബിഷപ്പ് മാർ മാത്യു കാവുകാട്ട്

പുണ്യചരിതനായ മാർ മാത്യു കാവുകാട്ട് 1904 ജൂലൈ 17ന് പ്രവിത്താനത്ത് ഭൂജാതനായി. ബി. എ. വിദ്യാഭ്യാസനന്തരം വൈദീകപഠനത്തിലേർപ്പെടുകയും 1935–ൽ വൈദീക പദവിയിലേക്കുയർത്തപ്പെടുകയും ചെയ്തു. 1950 ജൂലൈ 25ന് മെത്രാൻ പദവിയിലേക്കുയർത്തപ്പെട്ട മാർ കാവുകാട്ട്, മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസപദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിന് നേതൃത്വം നൽകി. കത്തോലക്കാ വിദ്യാലയങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി മുന്നണിപ്പോരാളിയായി മാറിയ മാർ കാവുകാട്ട് കുടിയേറ്റ കർഷകരുടെ അവകാശ താല്പര്യ സംരക്ഷണത്തിനായും പ്രവർത്തിച്ചു. പ്രതിസന്ധികളിൽ പതറാതെ സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയം സന്ദേശവുമായി മുന്നോട്ടു നീങ്ങിയ തിരുമേനി 1969 ഒക്ടോബർ 9ന് ദിവംഗതനായി.

## 5) ബിഷപ്പ് മാർ ജോർജ്ജ് ആലപ്പാട്ട്

വിശാല തൃശ്ശൂർ രൂപതയുടെ മെത്രാനായി സേവനം അനുഷ്ഠിച്ച മാർ ജോർജ്ജ് ആലപ്പാട്ട് 1900–ാമാണ്ട് ഫെബ്രുവരി 11–ാം തീയതി കാരാഞ്ചറയൽ ഭൂജാതനായി. കോളേജ് വിദ്യാഭ്യാസനന്തരം റോമിലെ

www.malankaralibrary.com

*With best compliments*



**MALANKARA CATHOLIC BISHOP'S HOUSE**

SULTHAN BATHERY, WYNAD DT.
KERALA - 673592

www.malankaralibrary.com

പ്രൊപ്പഗാന്ത മഹാപാഠശാലയിൽ ചേർന്ന് വൈദീക പഠനം ആരംഭിച്ചു. ഏഴുവർഷത്തിനുശേഷം വൈദീകപദവിയിലേക്കുയർത്തപ്പെട്ടു. 1944-ൽ തൃശ്ശൂർ മെത്രാനായി നിയമിക്കപ്പെട്ടു. സർ സി. പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ തിരുവിതാംകൂറിൽ ആഞ്ഞടിച്ച പ്രക്ഷോഭണത്തിന് തിരുമേനി തൃശൂർനിന്നും നൽകിയ നേതൃത്വം പ്രത്യേകം എടുത്തുപറയേണ്ടതാണ്. 1957-ൽ മുണ്ടശ്ശേരി പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭണത്തിനും വിമോചന സമരത്തിനും സജീവമായ നേതൃത്വം നൽകി. 1973 നവംബർ 6-ന് ദിവംഗതനായി.

## 6) ബിഷപ്പ് മാർ തോമസ് തറയിൽ

കോട്ടയം രൂപതയ്ക്ക് ഒരു ഉറച്ച സാമ്പത്തിക അടിത്തറ പാകിയ മാർ തോമസ് തറയിൽ 1899 മെയ് 5ന് കൈപ്പുഴയിൽ ജനിച്ചു. കോട്ടയത്ത് മൈനർ സെമിനാരിയിൽ ആരംഭിച്ച് വൈദീകവിദ്യാഭ്യാസം 1926-ൽ റോമിൽ പൂർത്തിയാക്കി. 1945-ൽ മെത്രാൻ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട 1946-ൽ സർ സി. പി.യുടെ വിദ്യാലയ ദേശസാൽക്കരണ ശ്രമങ്ങളെ എതിർത്ത് പരാജയപ്പെടുത്തിയതിൽ നിർണ്ണായകമായ പങ്കുവഹിച്ച തിരുമേനി 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് വിദ്യാഭ്യാസ ബില്ലുമായി രംഗത്തുവന്നപ്പോഴും പതറാതെ ധീരമായി പോരാടി. 1972-ലെ കോളേജ് പ്രക്ഷോഭണത്തിലും തറയിൽ തിരുമേനി ധീരമായി പങ്കെടുത്തു. ദിവ്യകാരുണ്യ ഭക്തനായിരുന്ന തിരുമേനി ദിവ്യകാരുണ്യമാസം, പുനരൈക്യസഹായി എന്നീ രണ്ടുഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1970-ൽ തിരുസിംഹാസനസഹായി എന്ന സ്ഥാനം നൽകി മാർപ്പാപ്പ, തറയിൽ തിരുമേനിയെ ആദരിച്ചു. 1975 ജൂലൈ 26-ന് ഇഹലോകവാസം വെടിഞ്ഞു.

## 7) ബിഷപ്പ് മാർ മാത്യു പോത്തനാംമുഴി

മാർ മാത്യുപോത്തനാംമുഴി 1903 ഡിസംബർ 22ന് ആരക്കുഴ ഇടവകയിൽ ഭൂജാതനായി. 1932-ൽ കാൻഡിയൻവെച്ച് വൈദീകപട്ടം സ്വീക രിച്ചു. എറണാകുളം അതിരൂപതയുടെ വികാരി ജനറാളായി പ്രവർത്തിച്ചു. കോതമംഗലം രൂപതയുടെ പ്രഥമ മെത്രാനായി 1956-ൽ നിയമിക്കപ്പെട്ടു. വിമോചനസമരത്തിനും 1972-ലെ കോളേജു പ്രക്ഷോഭണത്തിനും സുധീര മായ നേതൃത്വം നൽകി. നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർ ത്തിയ മാർ പോത്തനാംമുഴി കുടിയേറ്റ കർഷകരുടെ അവകാശസംരക്ഷണത്തിനായി നടന്ന പോരാട്ടത്തിൽ സജീവമായ പിന്തുണനൽകി. അനിതര സാധാരണമായ പ്രതിഭാസമ്പത്തുകൊണ്ട് അനുഗ്രഹീതനായിരുന്നു മാർ മാത്യു പോത്തനാംമുഴി. 1982 ഫെബ്രുവരി 6-ാം തീയതി ദിവംഗതനായി.

www.malankaralibrary.com

### 8) ബിഷപ്പ് മാർ സെബാസ്റ്റ്യൻ വയലിൽ

പാലാരുപതയുടെ പ്രഥമ ബിഷപ്പായ മാർ സെബാസ്റ്റ്യൻ വയലിൽ 1906 ജനുവരി 28ന് ജനിച്ചു. വിദ്യാഭ്യാസ രംഗത്ത് വിലപ്പെട്ട സേവനം അനുഷ്ഠിച്ചുവരവേയാണ് പാലാ രുപത രുപീകരിക്കുന്നതും മെത്രാൻ സ്ഥാനത്തേക്ക് തിരുമേനിയെ തിരഞ്ഞെടുക്കുന്നതും. ന്യൂനപക്ഷാവകാശങ്ങളുടെ സംരക്ഷണത്തിനായി വലിയ ത്യാഗം അനുഭവിച്ച തിരുമേനി സർ സി. പി.യുടെ വിദ്യാഭ്യാസനയത്തിനെതിരെ ശബ്ദമുയർത്തി. കമ്മ്യുണിസ്റ്റ് ഭരണകാലത്ത് മുണ്ടശ്ശേരി ബില്ലിനെതിരെ ശ്രീചെങ്കൽവരായന്റെ നേതൃത്വത്തിൽ നടന്ന സമ്മേളനം, ക്രിസ്റ്റഫർ സേനയുടെ രുപീകരണം തിരുവനന്തപുരത്ത് നടന്നു. വിദ്യാഭ്യാസ ബില്ലുവിരുദ്ധ പ്രകടനം, വിമോചനസമരം, യുണിവേഴ്സിറ്റി ബില്ലിനെതിരെ (1972) ഡോ. ബുഹാരിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനം, ന്യൂനപക്ഷാവകാശ സംരക്ഷണ പ്രക്ഷോഭണം തുടങ്ങിയ ചരിത്രം സൃഷ്ടിച്ച സംഭവങ്ങളുടെ ശക്തികേന്ദ്രമായി പ്രവർത്തിച്ചത്, മാർ വയലിൽ തിരുമേനിയായിരുന്നു. വിമോചന സമരകാലത്ത് അങ്കമാലിയിൽ വെടിയേറ്റുമരിച്ച രക്തസാക്ഷികളുടെ ശവസംസ്ക്കാരം കഴിഞ്ഞതിനുശേഷം മാർ വയലിൽ നടത്തിയ പ്രസംഗം വികാരോജ്ജ്വലമായിരുന്നു. വിദ്യാഭ്യാസ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുവേണ്ടി മാർ വയലിൽ അനുഷ്ഠിച്ച സേവനങ്ങൾ ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുകയാണ്. 1986 നവംബർ 21-ാം തീയതി മാർ വയലിൽ നിര്യാതനായി.

### 9) കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ

ഭാരതീയവൽക്കരണത്തിന്റെ മാഹാചാര്യൻ എന്ന പേരിൽ അറിയപ്പെടുന്ന കാർഡിനൽ മാർ ജോസഫ് പാറേക്കാട്ടിൽ 1912 ഏപ്രിൽ 1-ാം തീയതി അങ്കമാലിക്കടുത്തുള്ള കിടങ്ങൂരിൽ ഭൂജാതനായി. കാൽവരി സെമിനാരിയിൽനിന്നും 1939 ആഗസ്റ്റ് 24ന് പൗരോഹിത്യം സ്വീകരിച്ചു. സത്യദീപം പത്രത്തിന്റെ പത്രാധിപരായി സേവനം അനുഷ്ഠിച്ച പാറേക്കാട്ടിൽ അച്ചനെ 1953-ൽ ബിഷപ്പായും 1956ൽ മെത്രപ്പോലീത്തയായും 1969-ൽ കാർഡിനൽ സ്ഥാനത്തേക്കും ഉയർത്തപ്പെട്ടു.

1957-ൽ മുണ്ടശ്ശേരി പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭണത്തിലും വിമോചന സമരത്തിനും ശക്തമായ നേതൃത്വം നൽകി. വിമോചന സമരകാലത്ത് അങ്കമാലിയിൽ വെടിയേറ്റു മരിച്ചവരുടെ ശവസംസ്ക്കാര കർമ്മത്തിന് നേതൃത്വം വഹിച്ച തിരുമേനി, ആ സമരത്തിന്റെ വിജയത്തിനുവേണ്ടി അഹോ രാത്രം പരിശ്രമിച്ചു. 1972-ലെ കോളേജ് പ്രക്ഷോഭണത്തിനും തിരുമേനി ശക്ത മായ നേതൃത്വം നൽകി. 1987 ഫെബ്രുവരി 20-ാം തീയതി ദിവംഗതനായി.

www.malankaralibrary.com

### 10) ബിഷപ്പ് ഡോ. ജെറോം ഫെർണാണ്ടസ്

ലളിതജീവിതവും ഉയർന്ന ചിന്തയുമായി സഭാഭരണം നടത്തിയ ജെറോം ഫെർണാണ്ടസ് തിരുമേനി 1901 സെപ്റ്റംബർ 8-ാം തീയതി തുപ്പാശ്ശേരി വീട്ടിൽ ജനിച്ചു. കൊല്ലം രൂപതയെ സമർത്ഥമായി ഭരിച്ച തിരുമേനി ന്യൂനപക്ഷാവകാശങ്ങളുടെ കാവൽ ഭടനായിരുന്നു. സി. പി.യുടെ വിദ്യാഭ്യാസ ദേശസാൽക്കരണ പദ്ധതിക്കെതിരായും 1957-ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരെയും വമ്പിച്ച ബഹുജനമുന്നേറ്റം നയിച്ച ജറോം തിരുമേനി 1972-ലെ കോളേജ് സമരത്തിലും നിർണ്ണായകമായ പങ്കുവഹിച്ചും നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ പടുത്തുയർത്തിയ തിരുമേനി ഒരു താപസ്സനെപ്പോലെയാണ് ജീവിതം നയിച്ചത്. കരിസ്മാറ്റിക് പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവായ തിരുമേനി 1992 ഫെബ്രുവരി 28ന് ദിവംഗതനായി.

### 11) ആർച്ച്ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ്

താൻ ഏറ്റെടുത്ത് പ്രവർത്തിച്ച മണ്ഡലങ്ങളിലെല്ലാം അസാമാന്യമായ വിജയം വരിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി 1916 ഫെബ്രുവരി 1-ന് കല്ലുപ്പാറ തങ്ങളത്തിൽ കുടുംബത്തിൽ ഭൂജാതനായി. 1932-ൽ കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെടുകയും ബഥനി

*With best compliments :-*

**Nirmala Matha Central School**

East Fort, Thrissur - 5





SERVANT OF GOD
MAR THOMAS KURIALACHERRY
FOUNDER OF
THE ADORATION CONVENT

www.malankaralibrary.com

ആശ്രമാംഗമായി തീരുകയും ചെയ്തു. 1944-ൽ വൈദീക പട്ടം സ്വീകരിച്ചു. 1946-ൽ ബി. എ. ഓണേഴ്സ് ഒന്നാംക്ലാസ്സിൽ പാസ്സായ അദ്ദേഹം മാർ ഇവാനിയോസ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൽ ആയി നിയമിക്കപ്പെട്ടു. 1952-ൽ തിരുവനന്തപുരം അതിരൂപതയുടെ സഹായ മെത്രാനായും മാർ ഇവാനിയോസിന്റെ നിര്യാണത്തെ തുടർന്ന് അതിരൂപതാ അദ്ധ്യക്ഷനായും നിയമിക്കപ്പെട്ടു.

മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിലും വിമോചന സമരത്തിനും ശക്തമായ നേതൃത്വം നൽകിയ തിരുമേനി, 1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിന്റെയും ശക്തനായ വക്താവായിരുന്നു. 1994 ഒക്ടോബർ 10-ന് ആർച്ച് ബിഷപ്പ് ദിവംഗതനായി.

## 12) ആർച്ചു ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം

അധർമ്മത്തിനെതിരെ സിംഹഗർജ്ജനം നടത്തി കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം തിരുത്തിയ മാർ ജോസഫ് കുണ്ടുകുളം 1917 സെപ്റ്റംബർ 26ന് പറപ്പൂരിൽ ഭൂജാതനായി. 1942 ഡിസംബർ 2ന് വൈദീകപട്ടം സ്വീകരിച്ച് സാമൂഹ്യസേവനരംഗത്ത് പ്രത്യേകം ശ്രദ്ധ ചെലുത്തിയ അദ്ദേഹത്തെ 1970-ൽ മെത്രാൻ സ്ഥാനത്തേക്കുയർത്തി. വിമോചനസമരകാലത്ത് കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരെയും 1972-ലെ കോളേജ് സമരകാലത്ത് കോൺഗ്രസ്സ് ഗവൺമെന്റിനെതിരെയും നടന്ന ജനകീയ പ്രക്ഷോഭണങ്ങൾക്ക് ധീരമായ നേതൃത്വം നൽകി. 1996-ൽ കേന്ദ്രസാമൂഹ്യ ക്ഷേമ ബോർഡ് ഉപദേശകസമിതിയംഗമായി ആർച്ച് ബിഷപ്പിനെ കേന്ദ്രഗവൺമെന്റ് നിയമിച്ചു. 1997-ൽ വിശ്രമജീവിതം ആരംഭിച്ച മാർ കുണ്ടുകുളം സാമൂഹ്യപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കവേ 1998 ഏപ്രിൽ 26-ാം തീയതി കെനിയയിൽവെച്ച് ദിവംഗതനായി.

*Best Wishes from*



**Society of Ladies of**
**Mary Immaculate**
**Nirmalalayam**
**West Fort, Thrissur**

www.malankaralibrary.com

# C വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ മോൺസിഞ്ഞോർമാർ

(അലൻ മാത്യു വാണിയപ്പുരയ്ക്കൽ, ജനറൽ സെക്രട്ടറി എ.കെ.സി.സി.)

## 13) മോൺ. എമ്മാനുവൽ മേച്ചേരിക്കുന്നേൽ



പാലാരൂപതയുടെ പ്രഥമ വികാരി ജനറാളായിരുന്ന പുണ്യപുരുഷനായിരുന്ന മോൺസിഞ്ഞോർ എമ്മാനുവൽ മേച്ചേരിക്കുന്നേൽ കാളികാവിൽ 1890 മെയ് 14ന് ഭുജാതനായി. വൈദിക പട്ടമേറ്റതിനുശേഷം പല ഇടവകകളിലും വികാരിയായി 1944-ൽ പാലാ വികാരിയായി. മതപഠനത്തിനുവേണ്ടി ആദ്യമായി ഒരു സിലബസ് ഏർപ്പെടുത്തിയത് അദ്ദേഹ മാണ്. പാലാ സെന്റ് തോമസ് കോളേജിന്റെ സ്ഥാപനത്തിനും വേണ്ടി ഭഗീരഥ പ്രയത്നം നടത്തി. സർ സി.പി.യുടെ കിരാത ഭരണത്തിനും പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനുമെതിരെ നടന്ന പ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകി. വിദ്യാഭ്യാസ പ്രക്ഷോഭണത്തിനോടനുബന്ധിച്ച് മൈലാപ്പൂരിലേക്ക് നടത്തിയ തീർത്ഥയാത്രയ്ക്ക് നേതൃത്വം നൽകി. 1951-ൽ ഡൊമസ്റ്റിക് പ്രിലേറ്റ് എന്ന പേപ്പൽ ബഹുമതി ലഭിച്ചു. 1952 ഫെബ്രുവരി 12ന് ദിവംഗതനായി.

## 14) മോൺ. എൽ. ജെ. ചിറ്റൂർ

കേരളം കണ്ട സമുദായ നേതാക്കളിൽ വൈദീകപക്ഷത്തുനിന്നും ഏറ്റം കൂടുതൽ കരുത്തും തന്ത്രവും കാട്ടിയ പ്രഗത്ഭനായ മോൺ. എൽ.ജെ. ചിറ്റൂർ കുമരകത്ത് 1907 ഡിസംബർ 31ന് ജനിച്ചു. വിവിധ കർമ്മരംഗങ്ങളിൽ പ്രസിദ്ധനായ ചിറ്റൂരച്ചൻ ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരി ജനറാളായി സേവനം അനുഷ്ഠിച്ചു. സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ ബഹുജനരോഷം ആളിക്കത്തിക്കുവാൻ ചിറ്റൂരച്ചന്റെ നാടുനീളെയുള്ള പ്രസംഗങ്ങൾ സഹായകരമായി. 1957ൽ അധികാരമേറ്റെടുത്ത കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് രൂപീകരിച്ച സിലബസ് കമ്മിറ്റിയുടെ രൂപീകരണത്തിലെ പക്ഷപാതം അദ്ദേഹം തുറന്നുകാട്ടി. പാഠപുസ്തകങ്ങളിൽ ഉണ്ടായ ഗുരുതരമായ ക്രമക്കേടുകൾ തുറന്നുകാട്ടുന്നതിനും കത്തോലിക്കാ കോൺഗ്രസ്സ് പ്രസിദ്ധീകരിച്ച 'പാഠപുസ്തകങ്ങളുടെ തനിനിറം' ബഹുജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും അദ്ദേഹത്തിന് സാധിച്ചു. 1959-ലെ വിമോചനസമരത്തിന്റെ ശക്തി സ്രോതസ്സ് ചിറ്റൂരച്ചനായിരുന്നു. സഭയും സമുദായവും വെല്ലുവിളി

www.malankaralibrary.com

കളെയും പ്രതിസന്ധികളെയും നേരിട്ടപ്പോഴെക്കെ അതിനെതിരെ ധീരമായ സ്വരമുയർത്തിയ ചിറ്റൂരച്ചൻ 1979 ജൂൺ 5-ാം തീയതി നിര്യാതനായി.

## 15) മോൺ. തോമസ് മുത്തേടൻ

ചാലക്കുടിക്കടുത്തുള്ള മേലൂരിൽ 1911 മാർച്ച് 19ന് ആണ് ജനനം. വൈദീകപട്ടമേറ്റതിനുശേഷം പ്രധാനമായും വിദ്യാഭ്യാസ മേഖലയിലാണ് അദ്ദേഹം പ്രവർത്തനം നടത്തിയത്. 1945ലെ സി.പി.യുടെ വിദ്യാഭ്യാസദേശ സാൽക്കരണനീക്കത്തെയും 1950-ലെ പനമ്പിള്ളിയുടെ വിദ്യാഭ്യാസ പദ്ധതിയെയും തന്റെ വിശകലനാത്മകമായ വാഗ്വൈഭവംകൊണ്ട് ജനങ്ങളെ പ്രബുദ്ധരാക്കാൻ തിരുവിതാംകൂർ മുഴുവൻ ചുറ്റിസഞ്ചരിച്ച പ്രഗത്ഭനായിരുന്നു മോൺ. മുത്തേടൻ. 75-ൽപരം ഗ്രന്ഥങ്ങൾ രചിച്ചു. മലയാളത്തിൽ ആദ്യമായി സമ്പൂർണ്ണ ബൈബിൾ പ്രസിദ്ധപ്പെടുത്തിയത് മുത്തേടനച്ചനാണ്. 1985 ഫെബ്രുവരി 12ന് ദിവംഗതനായി. കൊച്ചി രാജ്യക്കാരനായിരുന്നുവെങ്കിലും തിരുവിതാംകൂറിലെ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ സുധീരമായ നേതൃത്വം നൽകുവാൻ അദ്ദേഹം തയ്യാറായി.

KSE LIMITED

നിർമ്മാതാക്കൾ

കെ. എസ്. കാലിത്തീറ്റ
(പൊടി രൂപത്തിലും തിരി രൂപത്തിലും)

ജഴ്സി കൊപ്രാപ്പിണ്ണാക്ക്, കെ. എസ്. പാൽ
കെ. എസ്. പാൽ ഉൽപ്പന്നങ്ങൾ, വെസ്റ്റാ ഐസ്ക്രീം.

രജി. ഓഫീസ് : പി. ബി. നമ്പർ 20
ഇരിങ്ങാലക്കുട - 680 121
ഫോൺ 0480 - 2825376, 2825476, 2825576
ഫാക്സ് നമ്പർ : 0480 - 2825244

www.malankaralibrary.com

# D വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ വൈദികർ

ബേബിച്ചൻ ഏറത്തയിൽ, ട്രഷറർ, എ.കെ.സി.സി.

## 16) ഫാ. തോമസ് വെളുത്തേടത്ത്



തിരുവിതാംകൂറിൽ നടന്ന ഉത്തരവാദപ്രക്ഷോഭണത്തെ കലവറയില്ലാതെ സഹായിച്ച ഫാ. തോമസ് വെളുത്തേടത്ത് 1900-ൽ കുടവെച്ചൂർ ജനിച്ചു. വൈദീകനായതിനുശേഷം 1937-ൽ മലബാർ മെയിലിന്റെ പത്രാധിപർ, മാനേജർ, സത്യദീപം, മാർ ലൂയീസ് പ്രസ്സ് എന്നിവയുടെ മാനേജർ, എന്നീ നിലകളിലും പ്രവർത്തിച്ചു. തിരുവിതാംകൂറിലെ ഉത്തരവാദഭരണ പ്രക്ഷോഭണത്തിൻ കൊച്ചിയിൽനിന്നും പുറപ്പെടുന്ന മലബാർ മെയിൽ ആണ് പ്രധാനമായും സഹായിച്ചത്. സി.പി.യുടെ വിദ്യാലയദേശസാൽക്കരണ നീക്കങ്ങളെയും കൊച്ചിയിൽ ഏ. ആർ. മേനോന്റെ വിദ്യാലയദേശസാൽക്കരണ നീക്കങ്ങളെയും മലബാർ മെയിലിലൂടെ ശക്തമായി എതിർക്കാൻ ഫാ. തോമസ് വെളുത്തേടത്ത് ധീരത കാണിച്ചു. സർ സി. പി. ഭീഷണികൊണ്ടും അനുനയംകൊണ്ടും മലബാർ മെയിലിനെ സ്വാധീനിക്കാൻ ശ്രമിച്ചു. ആ്രശമം ഫലിച്ചില്ല. തൽഫലമായി മലബാർ മെയിൽ തിരുവിതാംകൂറിൽ നിരോധിച്ചു. മലബാർ മെയിലിലെ ലേഖനങ്ങൾ പ്രത്യേകം അച്ചടിച്ച് തിരുവിതാംകൂറിൽ രഹസ്യമായി എത്തിച്ചു. സമരാവേശം വളർത്താൻ ഫാ. വെളുത്തേടം ശ്രമിച്ചു. തിരു-കൊച്ചി പത്രാധിപസംഘം പ്രസിഡന്റ്, സാഹിത്യപരിഷത്ത് സമിതിയംഗം, എ.കെ.സി.സി.യുടെയും വിൻസെന്റ് ഡി പോൾ സംഖ്യത്തിന്റെയും ആദ്ധ്യാത്മികോപദേഷ്ടാവ് എന്ന നിലകളിൽ പ്രവർത്തിച്ച ഫാ. തോമസ് 1971 ഒക്ടോബർ 13ന് നിര്യാതനായി.

## 17) ഫാ. ലേത്തൂസ് സി.എം.ഐ.

നലംതികഞ്ഞ വാഗ്മി, കവി, ഗദ്യസാഹിത്യകാരൻ, പത്രാധിപർ, ആദ്ധ്യാത്മികനിയന്താവ്, ധ്യാനഗുരു എന്നീനിലകളിൽ പ്രശോഭിച്ചിരുന്ന ഫാ. ലേത്തൂസ് 1904 ജൂൺ 10ന് ചേന്നാട്ടുകുടുംബത്തിൽ ജനിച്ചു. സി.എം.ഐ. സഭയിൽ ചേർന്ന് 1937-ൽ വൈദികനായി ഫാ. ലേത്തൂസ് തേവരയിൽനിന്നും പ്രസിദ്ധീകരിച്ച കുടുംബദീപത്തിന്റെ പത്രാധിപരായി നിയമിതനായി. തിരുവിതാംകൂറിൽ നടന്ന ഉത്തരവാദഭരണത്തിനനുകൂലമായും സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെയും കുടുംബദീപത്തിലൂടെ ലേത്തൂസച്ചൻ ചെയ്ത സേവനങ്ങൾ വില പ്പെട്ടതാണ്. സി.പി. ലേത്തേുസച്ചന്റെ പേരിൽ നിരോധനാജ്ഞ പുറപ്പെടു വിച്ചു. വിശ്വാസസംരക്ഷണത്തിന് വേണ്ടി പ്രവർത്തിച്ചതിന്റെ

www.malankaralibrary.com

ഫലമായിരുന്നു ഇത്. അതിനാൽ അദ്ദേഹം വിശ്വാസ സംരക്ഷകൻ എന്നുകൂടി അറിയപ്പെടുന്നു.

കർമ്മലകുസുമം, കർമ്മല സന്ദേശം തുടങ്ങിയ മാസികകളുടെയും പത്രാധിപർകൂടിയായിരുന്നു അദ്ദേഹം. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1980 ജൂൺ 20ന് ദിവംഗതനായി.

## 18) ജി. സി. ടീലാർ

1907 ഏപ്രിൽ 23-ാം തീയതി കടത്തുരുത്തിയിൽ കടുന്തോട്ട് കുടുംബത്തിൽ ജനിച്ചു. 1934-ൽ വൈദികനായി. സർ സി.പി.യുടെ ഭരണകാലത്ത് കൊച്ചിയിൽനിന്നും പുറപ്പെട്ടിരുന്ന കുടുംബദീപം മലബാർ മെയിൻ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിൽകൂടി തൂലികാനാമം ഉപയോഗിച്ച് നിരവധി ലേഖനങ്ങൾ എഴുതി ജനകീയ പ്രക്ഷോഭണത്തിന് ശക്തി പകർന്നു. സി.പി.യുടെ വിദ്യാലയദേശസാൽക്കരണ പദ്ധതികളുടെ പൊള്ളത്തരം ബഹുജനദൃഷ്ടിയിൽ കൊണ്ടുവരുന്നതിന് അദ്ദേഹത്തിനു സാധിച്ചു. നിരവധി ഗ്രന്ഥങ്ങൾ രചിച്ച അദ്ദേഹം ഭാഷാഗവേഷണരംഗത്ത് നിസ്തുലമായ സേവനം അനുഷ്ഠിച്ചു. ടീലാർ ലി. പി. എന്ന പേരിൽ 23 അക്ഷരങ്ങളുള്ള ഒരു പുതിയ അക്ഷരമാല കണ്ടുപിടിച്ചു. 1983 മെയ് 13ന് ടീലാറച്ചൻ അന്തരിച്ചു.

## 19) ഫാ. കൊളംബിയോർ സി.എം.ഐ.

ഒന്നര ദശാബ്ദക്കാലം ദീപികയുടെ മാനേജിംഗ് എഡിറ്ററായി സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ഫാ. കൊളംബിയോർ കരൂർ കയത്തുംകരകുടുംബത്തിൽ 1918 നവംബർ 15ന് ഭൂജാതനായി. 1947-ൽ സി.എം.ഐ. വൈദീകനായി. തേവരയിൽനിന്നും പ്രസിദ്ധീകരിച്ച കുടുംബദീപം മാസിക ഉത്തരവാദഭരണ പ്രക്ഷോഭണത്തിലും വിദ്യാഭ്യാസ പ്രക്ഷോഭണത്തിലും സജീവമായ നേതൃത്വംനൽകി കുടുംബദീപം കർമ്മലകുസുമം മാസികകളുടെ പത്രാധിപസ്ഥാനം വഹിച്ചു. ദീപികയുടെ പത്രാധിപത്വം വഹിച്ചപ്പോൾ ജനാധിപത്യകക്ഷികളുടെ ഐക്യത്തിനും കർഷകതാല്പര്യ സംരക്ഷണത്തിനും ഫാ. കൊളംബിയോർ പ്രത്യേകം ശ്രദ്ധചെലുത്തി. 1972-ലെ കോളേജ് സമരത്തെ പിൻപിൽനിന്നു നയിച്ച പ്രബലശക്തി ഫാ. കൊളംബിയോർ ആയിരുന്നു. അതൊന്നും സാമാന്യജനത അറിയാൻ അദ്ദേഹം ആഗ്രഹിച്ചില്ല.

ഫാ. കൊളംബിയോർ സെന്റ് ജോസഫ് പ്രൊവിൻസിന്റെ പ്രൊവിൻഷ്യാൾ, എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി മെമ്പർ, കേരള സോഷ്യൽ കമ്മ്യൂണിക്കേഷൻ ചെയർമാൻ, പ്രസ്സ് അഡ്വൈസിംഗ് കമ്മിറ്റി മെമ്പർ എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിച്ചു. ഫാ. കൊളംബിയോർക്ക്

www.malankaralibrary.com

നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 1991 ജൂലൈ 21-ാം തീയതി അദ്ദേഹം ദിവംഗതനായി.

## ൨൦) ഫാ. ജേക്കബ് മണ്ണനാൽ

ന്യൂനപക്ഷാവകാശധ്വംസനത്തിനെതിരെയും സ്വകാര്യ വിദ്യാലയങ്ങളുടെ അവകാശങ്ങൾ നിഷേധിക്കുന്നതിനെതിരെയും ധീരമായി സ്വരമുയർത്തി വമ്പിച്ച ജനകീയമുന്നേറ്റത്തിന് നേതൃത്വം നൽകിയ ഫാ. ജേക്കബ് മണ്ണനാൽ 1915 മെയ് 11-ാം തീയതി കുരുവിനാൽ ജനിച്ചു. കേരളത്തിൽ കോർപ്പറേറ്റ് മാനേജുമെന്റ് സമ്പ്രദായം ആരംഭിച്ചത് ഫാ. മണ്ണനാൽ ആയിരുന്നു. വിദ്യാഭ്യാസരംഗത്ത് പല പ്രസ്ഥാനങ്ങളുടെയും നേതൃത്വം വഹിച്ച മണ്ണനാലച്ചനാണ് മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിന്റെ മുഖ്യശില്പി. ആ വിദ്യാഭ്യാസ പ്രക്ഷോഭണത്തെ വിമോചനസമരമായി മാറ്റിയെടുത്ത് കമ്മ്യൂണിസ്റ്റ് സർക്കാരിനെ താഴെയിറക്കാനും തന്ത്രങ്ങൾ ആവിഷ്ക്കരിച്ചത് മണ്ണനാൽ അച്ചൻതന്നെ. വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ പങ്കുചേരാൻ അറച്ചുനിന്ന രാഷ്ട്രീയ നേതാക്കളെ സമരത്തിന്റെ മുൻപന്തിയിലേക്കുകൊണ്ടുവന്നതും അദ്ദേഹം തന്നെ പാലാകേന്ദ്രമാക്കി രൂപീകരിച്ച ക്രിസ്റ്റഫർ സേനയുടെ രൂപീകരണത്തിലും മുഖ്യപങ്കുവഹിച്ചു. ഒരു വ്യാഴവട്ടക്കാലം വിദ്യാഭ്യാസമണ്ഡലത്തിൽ ഉയർന്നുവന്നിട്ടുള്ള എല്ലാ അഗ്നി പരീക്ഷണങ്ങളെയും നേരിടുവാൻ കഴിഞ്ഞ മണ്ണനാൽ ചാക്കോച്ചൻ 1996 ആഗസ്റ്റ് 27ന് ദിവംഗതനായി.

## 21) ഫാ. ജോസഫ് വടക്കൻ

മലയോര കർഷകപ്രക്ഷോഭണത്തിന്റെ മുന്നണിപോരാളിയും കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയുടെ സ്ഥാപകനും പ്രമുഖ സാമൂഹ്യവിപ്ളവ കാരിയുമായ ഫാ. ജോസഫ് വടക്കൻ 1919 ഒക്ടോബർ 1ന് തൊയ്ക്കാവിൽ ജനിച്ചു. അദ്ദേഹം സെമിനാരി വിദ്യാർത്ഥി ആയിരിക്കുമ്പോഴാണ് കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയും തൊഴിലാളി ദിനപത്രവും ആരംഭിച്ചത്. 1957-ൽ മുണ്ട ശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരെ നടന്ന പ്രക്ഷോഭണത്തിൽ സജീവ മായി പങ്കെടുക്കുകയും രാജ്യമാസകലം പ്രസംഗപര്യടനം നടത്തുകയും ശാന്തിസേന രൂപീകരിക്കുകയും ചെയ്തു.

പിന്നീട് കുടിയിറക്ക് വിരുദ്ധപ്രക്ഷോഭണങ്ങളിൽ പങ്കെടുത്തു. രാഷ്ട്രീയപാർട്ടി രൂപീകരിച്ച് കേരളഭരണത്തിൽ നിർണ്ണായക ശക്തിയായി മാറി. 1972-ൽ നടന്ന കോളേജു പ്രക്ഷോഭണത്തിൽ അദ്ദേഹം സർക്കാർ പക്ഷം ചേർന്നു. 2002 ഡിസംബർ 28-ന് അദ്ദേഹം അന്തരിച്ചു.

www.malankaralibrary.com

ആശംസകൾ....

**ചാസ് ഫർണിച്ചർ**

**P.B.No.20, H.O. CHRY, PHONE : 2411216**
പള്ളം - 243151, പള്ളിക്കൂട്ടുമ്മ-2702008
മാമ്മൂട്-2471861, കോട്ടയ്ക്കപ്പുറം-535457

**ഖാദി ഗ്രാമോദ്യോഗ് ഭവൻ**

ശാസ്ത്രി റോഡ്, കോട്ടയം-2561684
പാലസ് റോഡ്, ചങ്ങനാശ്ശേരി-2402345
സെൻട്രൽ ജംഗ്ഷൻ, അയർക്കുന്നം-2402735

**ചാസ് ട്രാവൽസ് (Air Bus)**

**P.B.No.20, H.O. Chry, Phone : 2411216, 2412345**

**ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ**

മല്ലപ്പള്ളി Ph. 2682118 (സൗജന്യ തൊഴിൽ പരിശീലന കേന്ദ്രം)
അഖിലേന്ത്യാ ഖാദിഗ്രാമവ്യവസായ കമ്മീഷന്റെ അംഗീകൃത സ്ഥാപനങ്ങൾ
**Promotted by: Changanacherry Social Service Society (CHASS)**
**Certified by KVIC, Govt. of India**

*With best compliments from*



**Provincial Superior & Community**

Adoration Provincialate
Christ Hall, Pala
Kottayam Dt. PIN: 686575

www.malankaralibrary.com

# E വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ ധീരവനിതകൾ



മാഗി ജോസ് മേനാംപറമ്പിൽ,
പ്രസിഡന്റ് എ.കെ.സി.സി.വനിതാഫോറം

## 22) ആനിമസ്ക്രീൻ

തിരുവിതാംകൂർ ജനതയ്ക്ക് ഒരിക്കലും വിസ്മരിക്കാനാവാത്ത നാമമാണ് ആനിമസ്ക്രീൻ. 1902 ജൂൺ 6-ാം തീയതിയാണ് ജനനം. എം. എ. പാസ്സായ തിനുശേഷം ആനിമസ്ക്രീൻ സിലോണിൽ ഏതാനും നാൾ അദ്ധ്യാപക ജോലി നോക്കി. തുടർന്ന് നിയമ ബിരുദമെടുത്തു. തിരുവിതാംകൂറിന്റെ ആരംഭംമുതൽ ഉത്തരവാദഭരണ പ്രക്ഷോഭണത്തിന്റെ മുന്നണിയിൽനിന്നു പോരാടിയ ആനിമസ്ക്രീൻ പലതവണ ജയിൽവാസം അനുഭവിക്കുകയുണ്ടായി. ആകെ അഞ്ചുവർഷം പത്തുമാസം ജയിലിൽ കിടന്നു നരകയാതന അനുഭവിച്ചു. സി.പി.യുടെ പോലീസ് അവരോട് കാണിച്ച ക്രൂരത ഭീകരമായിരുന്നു. സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ ധീരമായി പോരാടി സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം 1948-ൽ നിയമസഭാംഗമായും തുടർന്ന് ഇന്ത്യൻ ഭരണഘടനനിർമ്മാണ സമിതിയംഗമായും പ്രവർത്തിച്ചു. ഭരണഘടനയിൽ ഒപ്പുവച്ചവരുടെ കൂട്ടത്തിൽ മസ്ക്രീനും ഉണ്ടായിരുന്നു. തിരുകൊച്ചി നിയമ സഭയിൽ അവർ അംഗമായി, മന്ത്രിയായി. 1951-ൽ പാർലിമെന്റിലേക്ക് സ്വതന്ത്രയായി നിന്നു മത്സരിച്ചു ജയിച്ചു. പട്ടിണിയോടു പടവെട്ടി ജീവിത കാലം മുഴുവൻ രാജ്യസേവനം ചെയ്ത ആനിമസ്ക്രീൻ വിശ്രമജീവിതം നയിച്ചുവരവേ 1963 ജുലൈ 19-ാം തീയതി ദിവംഗതയായി. മന്ത്രിമാരോ നേതാക്കന്മാരോ അരും അവരുടെ മൃതദേഹം കാണുവാൻപോലും എത്തിയില്ല. സാധുക്കളായ ഏതാനും ആളുകളുടെ സാന്നിദ്ധ്യത്തിൽ മൃതദേഹം സംസ്ക്കരിച്ചു.

## 23) ശ്രീമതി അക്കാമ്മ ചെറിയാൻ

തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യസമരത്തിൽ ധീരതകൊണ്ട് ചരിത്രം സൃഷ്ടിച്ച ഒരു ധീരവനിതയാണ് അക്കാമ്മ ചെറിയാൻ. സമ്പന്ന മായ ഒരു കുടുംബത്തിൽ എല്ലാജീവിതസൗകര്യങ്ങളോടുംകൂടി വളർന്നു വന്ന അക്കാമ്മ ചെറിയാൻ, ഉന്നതവിദ്യാഭ്യാസം നേടി ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ്സായി ജോലി നോക്കി. സ്വാതന്ത്ര്യസമരം കൊടുംപിരികൊ

www.malankaralibrary.com

ണ്ടിരുന്ന സന്ദർഭമായിരുന്നു അത്. തന്റെ ജീവിതസൗകര്യങ്ങൾ എല്ലാം ഉപേക്ഷിച്ച് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ പദവിയും രാജിവച്ചു. 29-ാമത്തെ വയസ്സിൽ, സ്റ്റേറ്റ് കോൺഗ്രസ്സ് പ്രസിഡന്റുപദം ഏറ്റെടുത്തുകൊണ്ട് രാജകൊട്ടാരത്തിലേക്ക് അനേകായിരങ്ങളുടെ ജാഥ നയിച്ച അക്കാമ്മയുടെ ധീരതകണ്ട് സേഛാധിപതിയായ സർ സി.പി. രാമസ്വാമി അയ്യരും പട്ടാളമേധാവിയായ വാട്കിസും ഞെട്ടി. നിറതോക്കിന്റെ മുൻപിൽ അവൾ പതറാതെ നിന്നപ്പോൾ തോക്കുഉയർത്തിയ പട്ടാള മേധാവിയുടെ കൈകൾ വിറച്ചു. 1909 ഫെബ്രുവരി 15ന് കാഞ്ഞിരപ്പള്ളിയിൽ കരിപ്പാപ്പറമ്പിൽ കുടുംബത്തിൽ ജനിച്ചു. സ്വാതന്ത്ര്യസമരത്തിലും സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ നടന്ന സമരത്തിലും മുഖ്യപങ്കുവഹിച്ച് ജയിൽ വാസം അനുഷ്ഠിച്ച ശ്രീമതി അക്കാമ്മ ചെറിയാൻ 1982 മെയ് 5-ന് ദിവംഗതയായി.

## 24) ആനി തയ്യിൽ

1920 ഒക്ടോബർ 11ന് തൃശ്ശൂർ ജില്ലയിലെ വെങ്ങാലൂർ ഗ്രാമത്തിൽ ജനിച്ചു. ബി. എ. പാസ്സായതിനുശേഷം അദ്ധ്യാപികയായി ജോലിനോക്കി. തുടർന്ന് കൊച്ചി നിയമസഭയിലേക്ക് 1945ലും 48ലും നടന്ന തിരഞ്ഞെടുപ്പുകളിൽ വിജയിച്ചു. കൊച്ചിയിൽ ഏ. ആർ. മേനോന്റെ വിദ്യാഭ്യാസനയത്തിനെതിരായി നടന്ന പ്രക്ഷോഭണത്തിൽ പങ്കെടുത്തു. 1957-ൽ മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണത്തിലും മുഖ്യനേതൃത്വം വഹിച്ചു. ആത്മകഥയടക്കം 75-ൽപരം ഗ്രന്ഥങ്ങൾ രചിച്ച ആനിതയ്യിൽ സി.ബി.സി.ഐ. നാഷണൽ അഡൈ്വസറി കൗൺസിൽ വൈസ് പ്രസിഡന്റ്, എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി മെമ്പർ, സാഹിത്യ പരിഷത്തിന്റെ ജനറൽ സെക്രട്ടറി, സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് അംഗം എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചു. ഇന്ത്യാഗവൺമെന്റ് നിയമിച്ച മൈനോറട്ടി കമ്മീഷനിലും അവർ അംഗമായിരുന്നു. ബൈബിൾ പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ആനി ഒരു പ്രഭാഷിക എന്ന നിലയിൽ പരക്കെ അറിയപ്പെട്ടിരുന്നു. 1993 ഒക്ടോബർ 21ന് ആനിതയ്യിൽ നിര്യാതയായി.

*Best Wishes from*



A Well Wisher

# F വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയമുൻഗവർണ്ണർമാരും മന്ത്രിമാരും.

(അഡ്വ. സി. ജോസ് ഫിലിപ്പ്,
വൈസ് പ്രസിഡന്റ്, എ.കെ.സി.സി.)



## 25) ശ്രീ. എ. ജെ. ജോൺ

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കുചേർന്ന എ. ജെ. ജോൺ 1893 ജൂൺ 18ന് തലയോലപ്പറമ്പ് ആനാപ്പറമ്പ് വീട്ടിൽ ജനിച്ചു. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോൺ ആദ്യം ഇന്ത്യൻനാഷണൽ കോൺഗ്രസ്സിലും പിന്നീട് സ്റ്റേറ്റ് കോൺഗ്രസ്സിലും ചേർന്ന് പ്രവർത്തിച്ചു. നിവർത്തനപ്രക്ഷോഭണത്തിന് മുഖ്യനേതൃത്വം നൽകി. 1937-ൽ തിരുവിതാംകൂർ നിയമ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

നിവർത്തനപ്രക്ഷോഭണകാലത്തും ഉത്തരവാദഭരണ പ്രക്ഷോഭണകാലത്തും വിദ്യാഭ്യാസപ്രക്ഷോഭണ കാലത്തും സർ. സി. പി. സന്ധിസംഭാഷണങ്ങളെന്ന പേരിൽ സമരങ്ങൾ ശിഥിലമാക്കുന്നതിന് പല കുതന്ത്രങ്ങളും ഉപായങ്ങളും പ്രയോഗിച്ചിരുന്നു. ആ അവസരങ്ങളിൽ എല്ലാം സഹപ്രവർത്തകരെ അമ്പരിപ്പിക്കുമാറ് അവയെ എതിർത്ത ഒരാളായിരുന്നു ജോൺ. നിയമസഭാംഗം, മന്ത്രി എന്നിങ്ങനെ വിവിധനിലകളിൽ പ്രവർത്തിച്ച ജോൺ മദ്രാസ് ഗവർണ്ണറായി 1956-ൽ നിയമിതരായി.

സർ സി.പി. പലപ്രാവശ്യം ജോണിനെ അറസ്റ്റ്ചെയ്ത് ജയിലിൽ പാർപ്പിച്ചു. 1957 ഒക്ടോബർ ഒന്നിന് അദ്ദേഹം നിര്യാതനായി. മൈലാപ്പൂർ ഭദ്രാസന ദേവാലയത്തിൽ മൃതദേഹം സംസ്ക്കരിച്ചു.

## 26) സി. ആർ. ഇയ്യുണ്ണി

തികഞ്ഞ ആർജ്ജവശീലനും ഉൽപതിഷ്ണുവും ധീരനും ദേശാഭിമാനിയും രാഷ്ട്രീയനേതാവുമായിരുന്ന ശ്രീ. സി. ആർ. ഇയ്യുണ്ണി 1891 ഒക്ടോബർ 15ന് തൃശ്ശൂരിൽ ചാലക്കൽ കുടുംബത്തിൽ ജനിച്ചു. നിയമബിരുദമെടുത്തതിനുശേഷം എറണാകുളത്ത് അഭിഭാഷകനായി ഒദ്യോഗിക ജീവിതം ആരംഭിച്ചു. പിന്നീട് തൃശ്ശൂർക്ക് മാറി. അനേകം സ്ഥാപനങ്ങളുടെ സ്ഥാപക ഡയറക്ടർ, ലീഗൽ അഡൈ്വസർ, ഡയറക്ടർ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ചു. സത്യസന്ധതയായിരുന്നു അദ്ദേഹത്തിന്റെ മുഖമുദ്ര. മുൻസിപ്പൽ ചെയർമാൻ, നിയമസഭാംഗം എന്നീ നിലകളിൽ തിരഞ്ഞെടുക്കപ്പെട്ട ഇയ്യുണ്ണി പ്രജമണ്ഡലത്തിലെ സജീവ

www.malankaralibrary.com

പ്രവർത്ത കനായി. 1945-ൽ മന്ത്രിയായും തിരഞ്ഞെടുത്തു. കൊച്ചിയിൽ ഐ.ആർ. മേനോൻ പ്രൈവറ്റ് വിദ്യാലയങ്ങൾ ദേശസാൽക്കരിക്കാൻ തീരുമാനിച്ചപ്പോൾ അതിനെതിരായി നടന്ന സമരത്തിന് മുഖ്യനേതൃത്വം നൽകി. ക്വിറ്റ് ഇന്ത്യാസമരത്തിലും തൃശ്ശൂർ നടന്ന ഇലക്ട്രിക് സമരത്തിലും സജീവമായി പങ്കെടുത്തു. 1950-ൽ താൽക്കാലിക പാർലമെന്റ് രൂപീകരിച്ചപ്പോൾ അതിൽ അംഗമാകുവാനും 1952-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ മത്സരിച്ചു. വിജയിക്കാനും ഇയ്യുണ്ണിക്ക് സാധിച്ചു. 1961 ജനുവരി 21-ാം തീയതി ശ്രീ. ഇയ്യുണ്ണി ദിവംഗതനായി.

## 27) പി. റ്റി. ചാക്കോ

ഭാരതംകണ്ട ഏറ്റം സമർത്ഥനായ ആഭ്യന്തരമന്ത്രിയായിരുന്ന ശ്രീ. പി. റ്റി. ചാക്കോ. ഒരു സേനാധിപന്റെ ആജ്ഞാശക്തിയുണ്ടായിരുന്ന ചാക്കോ 1915 ഏപ്രിൽ 9ന് നെടുങ്കുന്നത്ത് പുതിയപറമ്പിൽ ഭവനത്തിൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ട ചാക്കോ കോൺഗ്രസ്സിന്റെ ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്ക പ്പെട്ടത് അദ്ദേഹം ജയിലിൽ ആയിരിക്കുമ്പോഴാണ്. സർ സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണ പദ്ധതിക്കെതിരായി നടന്ന സമരത്തോടുകുടി ക്രൈസ്തവരെ ഒന്നടങ്കം സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിൽ ഭാഗഭാക്കാക്കി തീർക്കണമെന്ന് ചാക്കോ ആഗ്രഹിച്ചു. ചാക്കോ ജയിലിൽ കിടന്നുകൊണ്ട് സി.പി.ക്ക് എഴുതിയ തുറന്നകത്ത് പുസ്തകരുപത്തിൽ പ്രസിദ്ധീകരിച്ചു. സാഹിത്യപ്രവർത്തക സഹകരണ സംഘവും എൻ. ബി. എസ്സും കെട്ടിപ്പൊക്കുന്നതിന് ശ്രമിച്ചു. നിയമസഭയിലേക്ക് 1948-ൽ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട ചാക്കോ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതിയിൽ അംഗമായിരുന്നു. പാർലമെന്റംഗമായിരുന്ന അദ്ദേഹം നെഹ്റുവുമായി ഉണ്ടായിരുന്ന അഭിപ്രായവ്യത്യാസത്തെ തുടർന്ന് രാജിവച്ചു. കോൺഗ്രസ്സിനെ വളർത്താൻ പദയാത്രകളും സെമിനാറുകളും കൺവെൻഷനുകളും ഒക്കെ നടത്തിയ ചാക്കോ 1957 പ്രതിപക്ഷ കക്ഷികളുടെ നേതാവായി മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന പ്രക്ഷോഭണ ത്തിന്റെ നേതൃത്വം ചാക്കോയ്ക്കായിരുന്നു. 1960-ൽ ആഭ്യന്തരമന്ത്രിയായി. 1964 ആഗസ്റ്റ് 1ന് നിര്യാതനായി.

## 28) സി. എ. ഔസേഫ്

ക്രൈസ്തവ സമുദായത്തിന്റെ അവകാശസംരക്ഷണത്തിനായി ധീരസമരംചെയ്ത, സമുദായത്തിന്റെ അഭിമാനഭാജനമായ സി. എ. ഔസേഫ് ചാലയ്ക്കൽ കുടുംബത്തിൽ 1890 മാർച്ച് 5ന് ജനിച്ചു. നിയമ

www.malankaralibrary.com

ബിരുദം എടുത്തതിനുശേഷം അഭിഭാഷകജോലി സ്വീകരിച്ചു. ക്രൈസ്തവ സമുദായത്തിന്റെ അവകാശസംരക്ഷണത്തിനുവേണ്ടി പോരാടുവാൻ ക്രിസ്ത്യൻ എന്നപത്രം ആരംഭിച്ചു. കൊച്ചിയിൽ ഏ. ആർ. മേനോന്റെ വിദ്യാഭ്യാസനയത്തിനെതിരെ പോരാടിയ ഔസേഫ് പലപ്രാവശ്യം കൊച്ചിനിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. കൊച്ചിയിലെ ആരോഗ്യ-വിദ്യാഭ്യാസമന്ത്രിയായി സേവനം അനുഷ്ഠിച്ചു. തിരുവിതാംകൂറിൽ ദുർഭരണം നടത്തിയ സർ സി.പി. രാമസ്വാമി അയ്യർക്കെതിരെ കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റായിരുന്ന സി. എ. ഔസേഫ് അവതരിപ്പിച്ച പ്രമേയങ്ങൾ തിരുവിതാംകുർ ചരിത്രത്തിലെ അതിപ്രധാനമായവയാണ്. 1957-ൽ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭണത്തിലും സി. എ. ഔസേഫ് മുഖ്യനേതൃത്വം നൽകി. 1970 ജൂലൈ 3ന് ദിവംഗതനായി.

## 29) കെ. എം. കോര

കുട്ടനാട്ടിലെ മാമ്പഴക്കരിയിലുള്ള കരുവേലിത്തുറ കുടുംബത്തിൽ 1901-ൽ ക്രിസ്മസ്ദിനത്തിലാണ് കോര ജനിച്ചത്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആദ്യകാലപ്രവർത്തകൻ, നിവർത്തനപ്രക്ഷോഭണത്തിന്റെ മുന്നണി പോരാളി നിയമസഭാംഗം മന്ത്രി, അഖണ്ഡ കേരളത്തിനുവേണ്ടി വാദിച്ച ദേശാഭിമാനി എന്നീ നിലകളിൽ പ്രകീർത്തിതനാണ് കോര. നീതിക്കുവേണ്ടി പടപൊരുതിയ കോര ശ്രീചിത്തിര സ്റ്റേറ്റ് കൗൺസിൽ അംഗത്വം രാജിച്ചു. യുവാക്കൾക്ക് ആവേശംപകർന്നുകൊടുത്ത കോര കത്തോലിക്കാ കോൺഗ്രസ്സ് പ്രവർത്തക സമിതിയിലും വിദ്യാഭ്യാസ അവകാശസംരക്ഷണ സമിതിയിലും അംഗമായിരുന്നുകൊണ്ട് വിദ്യാഭ്യാസ അവകാശ സംരക്ഷണ ത്തിനുവേണ്ടി പോരാടി. 1957-ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരെ നടന്ന സമരത്തിലും നേതൃത്വം നൽകി തിരുകൊച്ചിയിൽ മന്ത്രിയായും സേവനം അനുഷ്ഠിച്ചു. 1971 മെയ് 3-ന് ദിവംഗതനായി.

## 30) കെ. എം. ജോർജ്ജ്

വിനയാന്വിതനായ പുഞ്ചിരിയും കൂപ്പുകൈകളുമായി ജനഹൃദയങ്ങളിൽ നിറഞ്ഞുനിൽക്കുന്ന ജോർജ് 1918 ജനുവരി 8ന് ആവേലി പഞ്ചായത്തിൽ ജനിച്ചു. അദ്ധ്യാപകൻ, അഭിഭാഷകൻ, നിയമാസഭാംഗം, പത്രപ്രവർത്തകൻ, മന്ത്രി, കേരളാ കോൺഗ്രസ്സ് സ്ഥാപക ചെയർമാൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച ജോർജ്ജ് 1957-ലെ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെതിരെയും 1972-ലെ സർവ്വകലാശാല ബില്ലിനെതിരെയും നടന്ന പ്രക്ഷോഭണത്തിൽ സജീവമായി പങ്കുകൊണ്ടു.

www.malankaralibrary.com

# SISTERS OF MOUNT CALVARY



വിശുദ്ധ വിർജീനിയ ചെന്തുറിയോണെ ബ്രെച്ചെല്ലി ഇറ്റലിയിലെ ജനോവയിൽ സ്ഥാപിച്ചതാണ് സിസ്റ്റേഴ്സ് ഓഫ് മൗണ്ട് കാൽവരി സന്യാസിനി സമൂഹം. ആഫ്രിക്ക, അമേരിക്ക, ഇറ്റലി, ഇന്ത്യ എന്നീ ഭൂഖണ്ഡങ്ങളിൽ സഹിക്കുന്ന മനുഷ്യരാശിയുടെ വിവിധ കാൽവരികളിൽ സിസ്റ്റേഴ്സ് സേവനം ചെയ്യുന്നു. ചേരികളിലേക്ക്, വഴിയിറമ്പുകളിലേക്ക്, ഉടുവഴികളിലേക്ക്, ചന്തപ്പുരകളിലേക്ക്, ഗതികളുടെ ഇരുണ്ട താവളങ്ങളിലേക്ക് എവിടെയൊക്കെ മനുഷ്യത്വം ഇടിഞ്ഞുതകർന്നും ഇഴഞ്ഞുവലിഞ്ഞും ജീവിക്കുന്നുവോ, എവിടെയൊക്കെ മനുഷ്യചേതന സ്പന്ദിക്കുന്നുവോ അവിടെയൊക്കെ ക്രിസ്തുവിന്റെ സ്നേഹസന്ദേശവുമായി കടന്നുചെല്ലാൻ ദൈവപരിപാലനയിലുള്ള ഉറച്ച വിശ്വാസവും, ഉന്നതമായ ലക്ഷ്യബോധവും, വിശ്വാസവിശാലമായ കാഴ്ചപ്പാടും കൈമുതലായുള്ള സഹോദരിമാർക്ക് സ്വാഗതം

ഞങ്ങളുടെ വിലാസം : **Vocation Promotor**
St. Joseph's Convent, Cheroor P. O.
Thrissur - 680 008, Kerala State.



*With best compliments from...*



## C. M. I. Prior General & Community

Prior General House
Ernakulam

ന്യൂനപക്ഷാവകാശം സംരക്ഷിക്കപ്പെടുന്നതിനായി പടവെട്ടിയ ജോർജ്ജ് ഉത്തമ ക്രൈസ്തവജീവിതത്തിലൂടെ മതാത്മകജീവിതത്തെ സാമൂഹ്യവും രാഷ്ട്രീയവുമായ ജീവിതവുമായി സമഞ്ജസമായി സമന്വയിപ്പിച്ചു. 1976 ഡിസംബർ 11-ാം തീയതി മന്ത്രിയായിരിക്കെ കെ. എം. ജോർജ്ജ് നിര്യാതനായി.

## 31) റ്റി. എ. തൊമ്മൻ

മാതൃകാപരമായ പൊതുജീവിതംകൊണ്ട് ജനശ്രദ്ധയാകർഷിച്ച റ്റി. എ. തൊമ്മൻ 1907-ൽ അരുവിത്തുറ ഇടയാടി കുടുംബത്തിൽ ജനിച്ചു. നിയമബിരുദം നേടിയതിനുശേഷം പാലായിൽ അഭിഭാഷകനായി പ്രവർത്തിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിൽ നേതൃത്വം നൽകിയ തൊമ്മൻ സി. പി.യുടെ വിദ്യാലയദേശസാൽക്കരണത്തിനെതിരെ പോരാടി മുണ്ടശ്ശേരി പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭണത്തിലും ധീരമായ നേതൃത്വം നൽകി. പ്രമുഖ സഹകാരിയായിരുന്ന തൊമ്മൻ, കെ.പി.സി.സി. മെമ്പർ വർക്കിംഗ് കമ്മറ്റി മെമ്പർ, നിയമസഭാംഗം നിയമസഭയിലെ കോൺഗ്രസ്സ് കക്ഷിയുടെ ചീഫ് വിപ്പ് എന്നീ നിലകളിലും പിന്നീട് മന്ത്രിയായും പ്രവർത്തിച്ചു. 1984 ഏപ്രിൽ 11 ന് അദ്ദേഹം അന്തരിച്ചു.

## 32) പ്രൊഫ. കെ. എം. ചാണ്ടി

പ്രൊഫ. കെ. എം. ചാണ്ടി പാലായിൽ കിഴക്കേൽ കുടുംബത്തിൽ 1921 ആഗസ്റ്റ് 6-ാം തീയതി ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് സ്വാതന്ത്ര്യസമരത്തിൽ ഏർപ്പെട്ട ചാണ്ടി സി. പി.യുടെ വിദ്യാഭ്യാസദേശസാൽക്കരണത്തിനെതിരെ നടന്ന സമരത്തിന്റെ മുൻനിരയിൽനിന്ന് പ്രവർത്തിച്ചു. ചാണ്ടിക്കെതിരെ നിരോധനാജ്ഞ പുറപ്പെടുവിച്ചും വീട്ടുതടങ്കലിൽ പാർപ്പിച്ചും ജയിലിൽ അടച്ചും സി. പി. അദ്ദേഹത്തെ പീഡിപ്പിക്കുകയുണ്ടായി. സി.പി.യുടെ ദുർഭരണത്തിനെതിരെ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ മൈലാപ്പൂരിലേക്ക് നടത്തിയ തീർത്ഥയാത്രുടെ സൂത്രധാരനായിരുന്നു ചാണ്ടി.1948, 1952, 1954 എന്നീ വർഷങ്ങളിൽ നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ട ചാണ്ടി മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെതിരായി നടന്ന പ്രക്ഷോഭണത്തിലും സുധീരമായ നേതൃത്വം നൽകി. കോളേജ് അദ്ധ്യാപകൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി, പ്രസിഡന്റ്, റബർ ബോർഡ് ചെയർമാൻ, വിവിധ സംസ്ഥാനങ്ങളിലെ ഗവർണ്ണർ എന്നീ നിലകളിൽ പ്രവർത്തിച്ച ചാണ്ടി 1998 സെപ്റ്റംബർ 7ന് അന്തരിച്ചു.

www.malankaralibrary.com

# G വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ ജനപ്രതിനിധികൾ

*(അഡ്വ. ബിജു സെബാസ്റ്റ്യൻ, എ.കെ.സി.സി. വൈസ് പ്രസിഡന്റ്)*



## 33) ആർ. വി. തോമസ്

കറപുരളാത്ത പൊതുജീവിതത്തിന്റെ ഉടമയായ ആർ. വി. തോമസ് പാലായിൽ രാമപുരം കുടുംബത്തിൽ 1899-ൽ ജനിച്ചു. നിയമബിരുദം നേടിയതിനുശേഷം ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന സ്വാതന്ത്ര്യ സമരത്തിൽ ആർ. വി. തോമസ് പങ്കുചേർന്നു. 1934 തിരുവിതാകൂർ നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റുകോൺഗ്രസ്സിന്റെ സ്ഥാപക നേതാക്കളിലൊരാളായിരുന്ന ആർ. വി. കോൺഗ്രസ്സിന്റെ ഡിക്റ്റേറ്ററായി പ്രവർത്തിച്ചു. സി.പി.യുടെ വിദ്യാലയദേശസാൽക്കരണത്തിനെതിരെ നടന്ന സമരത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിനെ പങ്കെടുപ്പിക്കുവാൻ ആർ. വി. തോമസ് നടത്തിയ ശ്രമം വിജയിച്ചു. ആർ. വി. അറസ്റ്റുചെയ്ത് ജയിലിൽ അടയ്ക്കപ്പെട്ടു. സ്വാതന്ത്ര്യാനന്തരം നടന്ന നിയമസഭാതെരഞ്ഞെടുപ്പിൽ വിജയിച്ചത് ആർ. വി. നിയമസഭാ സ്പീക്കറായും ഇന്ത്യൻ ഭരണാഘടനാ നിർമ്മാണ സമിതിയിൽ അംഗമായും തിരുകൊച്ചി പബ്ലിക് സർവ്വീസ് കമ്മീഷൻ അംഗമായും പ്രവർത്തിച്ചു. 1955 ജനുവരി 22-ാം തീയതി അദ്ദേഹം അന്തരിച്ചു.

## 34) എ. സി. കുര്യാക്കോസ്

പൊതുപ്രവർത്തനരംഗത്ത് ത്യാഗപൂർവ്വമായ ജീവിതം നയിച്ച എ. സി. കുര്യാക്കോസ് പാലായിൽ അധികാരം കുടുംബത്തിൽ 1881-ൽ ജനിച്ചു. മീനച്ചിൽ താലൂക്കിന്റെ വിവധഭാഗങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത് കുര്യാക്കോസ് സാറാണ്. അദ്ധ്യാപകനായിട്ടാണ് ഔദ്യോഗിക ജീവിതം ആരംഭിച്ചത്. കത്തോലിക്കാ കോൺഗ്രസ്സിന്റെയും അതിന് മുന്നോടിയായി നടന്ന സാമുഹ്യ സമ്മേളനത്തിന്റെയും സജീവപ്രവർത്തകനായിരുന്നു. തിരുവിതാംകൂർ സംസ്ഥാന കത്തോലിക്കാ കോൺഗ്രസ്സിന്റെ സെക്രട്ടറിയായും ശ്രീമൂലം പ്രജാസഭയിലും, നിയമസഭയിലും അംഗമായും പ്രവർത്തിച്ചിട്ടുണ്ട്. നിവർത്തനപ്രക്ഷോഭണത്തിന്റെ സെക്രട്ടറിമാരിൽ ഒരാളായിരുന്നു സർ സി.പി.യുടെ വിദ്യാഭ്യാസ ദേശസാൽക്കരണ പദ്ധതിക്കെതിരെയും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ

www.malankaralibrary.com

പദ്ധതിക്കെതിരെയും നടന്ന പ്രക്ഷോഭണത്തിൽ കുര്യാക്കോസ് സജീവമായി പങ്കെടുത്തു. മുണ്ടശ്ശേരി പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭണത്തിന്റെ വിജയം കണ്ടെത്തുന്നതിന് മുൻപ് 1958 സെപ്റ്റംബർ 17ന് അദ്ദേഹം നിര്യാതനായി.

### 35) കെ. സി. ചാണ്ടി

സർ സി.പി. രാമസ്വാമി അയ്യരുടെ കിരാതഭരണത്തിനെതിരെ നടന്ന ജനകീയസമരത്തിന് ധീരമായ നേതൃത്വം നൽകിയ കെ. സി. ചാണ്ടി കോട്ടവാതുക്കൽ കുടുംബത്തിൽ 1904–ൽ ഭൂജാതനായി. തൃശ്ശിനാപ്പിള്ളിയിൽ നിന്നും കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കി തിരുവനന്തപുരം ലോ കോളേജിൽനിന്നും നിയമബിരുദവും സമ്പാദിച്ചു. കാൽനൂറ്റാണ്ടുകാലം അഭിഭാഷക വൃത്തിയിൽ ശോഭിച്ച ചാണ്ടി നിവർത്തന പ്രക്ഷോഭണത്തിലൂടെ പൊതുരംഗത്ത് പ്രവർത്തിച്ചു. ഉജ്ജ്വല വാഗ്മിയെന്ന നിലയിൽ പ്രശോഭിച്ചു. 1931–ൽ തിരുവിതാംകൂർ ലജിസ്ലേറ്റിവ് കൗൺസിലും 1943–ൽ നിയമ സഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. സർ സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണ നീക്കത്തെ ശക്തിയായി എതിർത്ത ചാണ്ടി മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരായും ധീരമായി പോരാടി. കത്തോലിക്കർ സാമുദായികമായി സംഘടിക്കണമെന്ന് വാദിച്ച ചാണ്ടി അഖിലകേരള കത്തോലിക്ക കോൺഗ്രസ്സ് പ്രസിഡന്റായിരിക്കവെ 1962 മാർച്ച് 1–ാം തീയതി അന്തരിച്ചു.

### 36) പി. ജെ. സെബാസ്റ്റ്യൻ

നിരവധി ബഹുജനപ്രക്ഷോഭണങ്ങളുടെ മുന്നണി പോരാളിയായിരുന്ന പി. ജെ. സെബാസ്റ്റൻ പുല്ലാംകുളം കുടുംബത്തിൽ 1898 ഫെബ്രുവരി 23ന് ജനിച്ചു. പ്രസംഗത്തിലും നാടകാഭിനയത്തിലും അസാമാന്യമായ കഴിവ് നേടിയ സെബാസ്റ്റ്യൻ അദ്ധ്യാപകനായി ജീവിതം ആരംഭിച്ചെങ്കിലും അഭിഭാഷകനായി മാറുകയാണുണ്ടായത്. ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റിയുടെ ചെയർമാനായിരുന്ന സെബാസ്റ്റ്യൻ നിവർത്തന പ്രക്ഷോഭണത്തിലും സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിലും സർ സി.പി.യുടെ കാലത്തെ വിദ്യാഭ്യാസപ്രക്ഷോഭണത്തിലും മുഖ്യനേതൃത്വം നൽകി. വിദ്യാഭ്യാസ പ്രക്ഷോഭണത്തിലും ഷെവ. കുഞ്ഞിത്തൊമ്മന്റെ അറസ്റ്റിലും പ്രതിഷേധിച്ചുകൊണ്ട് സെബാസ്റ്റ്യൻ നടത്തിയ പ്രസംഗത്തിന്റെ പേരിൽ സി. പി. അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. 1957–ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരായി ആരംഭിച്ച സമരത്തിന് നേതൃത്വം നൽകിയതും സെബാസ്റ്റ്യനായിരുന്നു. മുണ്ടശ്ശേരിയുടെ കാലത്ത് രൂപീകരിച്ച

www.malankaralibrary.com

*With best compliments from*

# C. M. I. PROVINCIAL HOUSE

Rajagiri, Kalamassery
Ernakulam Dt.

"Beloved Jesus, Sweet Jesus, let my heart be a lamp burning bright only for you"

Bl. Mother Mariam Thressia

*With best compliments from*



## Chf. Navajyothi
## Provincial Superior

**Provincial House**

Olarikkara P. O., Pullazhi
Thrissur - 680012

Phone : 0487-360044

www.malankaralibrary.com

പ്രൈവറ്റ് സ്കൂൾ റൈറ്റ്സ് ഡിഫൻസ് കമ്മിറ്റിയുടെ പ്രസിഡന്റും സെബാസ്റ്റ്യൻ തന്നെയായിരുന്നു. അക്കാലത്ത് എ.കെ.സി.സി. പ്രസിഡണ്ടുമായിരുന്നു. സെന്റ് വിൻസെന്റ് ഡി പോൾ സംഘ്യത്തിന്റെ സെൻട്രൽ കൗൺസിൽ പ്രസിഡന്റുമായിരുന്ന സെബാസ്റ്റ്യൻ 1973-ൽ ആത്മകഥയെഴുതി പ്രസിദ്ധീകരിച്ചു. 1973 നവംബർ 14ന് ദിവംഗതനായി.

## 37) മാത്യു മണിയങ്ങാടൻ

പ്രമുഖ രാഷ്ട്രീയപ്രവർത്തകനും ജനകീയ പ്രക്ഷോഭണങ്ങളുടെ മുന്നണിപ്പോരാളിയുമായിരുന്ന മാത്യു മണിയങ്ങാടൻ 1912 ഫെബ്രുവരി 12ന് കൊഴുവനാൽ മണിയങ്ങാടൻ കുടുംബത്തിൽ ജനിച്ചു. നിയമ ബിരുദംനേടി അഭിഭാഷകനായി കോട്ടയത്ത് പ്രവർത്തിക്കുമ്പോഴാണ് സർ സി. പി.യുടെ വിദ്യാലയദേശസാൽക്കരണ ശ്രമം നടന്നത്. സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണ ശ്രമത്തെ എതിർത്ത് പരാജയപ്പെടുത്തുവാൻ ശ്രമിച്ചത് അഖില കേരള കത്തോലിക്കാ കോൺഗ്രസ്സായിരുന്നു. കത്തോലിക്കാ കോൺഗ്രസ്സ് രൂപീകരിച്ച സമരസമിതിയുടെ കൺവീനർ മണിയങ്ങാടനായിരുന്നു. സ്വാതന്ത്ര്യം ലഭിച്ചപ്പോഴും അദ്ദേഹം ജയിലിൽ കിടക്കുകയാ യിരുന്നു. അധികാരവടംവലിക്ക് ഒരിക്കലും ശ്രമിക്കാതിരുന്ന മണിയങ്ങാടൻ ദലിത് ക്രൈസ്തവനേതാവായ പി. എം. മർക്കോസിനു വേണ്ടി നിയമസഭ സ്ഥാനാർത്ഥിത്വം പിൻവലിക്കപോലും ചെയ്തു. കുടിയേറ്റ കർഷകരുടെ ആപ്തമിത്രമായിരുന്ന മണിയങ്ങാടൻ. പാർലമെന്റ് അംഗം എന്ന നിലയിലും സേവനം അനുഷ്ഠിച്ചു. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരെ നടന്ന സമരത്തിലും അദ്ദേഹം സജീവ നേതൃത്വം നൽകി. 1975 നവംബർ 14ന് നിര്യാതനായി.

## 38) അഡ്വ. ജോസഫ് മാളിയേക്കൽ

പത്രാധിപർ അഭിഭാഷകൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച അഡ്വ. ജോസഫ് മാളിയേക്കൽ, കല്ലറയിലെ മാളിയേക്കൽ കുടുംബത്തിൽ ജനിച്ചു. ഉത്തരവാദഭരണ പ്രക്ഷോഭണത്തിലും സി.പി.യുടെ വിദ്യാലയദേശസാൽക്കരണ സംരംഭത്തിന് എതിരായി നടന്ന പ്രക്ഷോഭണത്തിലും സജീവമായ നേതൃത്വം നൽകി. കാളാശ്ശേരി മെത്രാൻ പുറപ്പെടുവിച്ച ഇടയലേഖനം സംബന്ധിച്ച് സി.പി.നൽകിയ നോട്ടീസിന് മറുപടി തയ്യാറാക്കുന്നതിനും അത് സി.പി.ക്ക് നൽകുന്നതിലും അദ്ദേഹം സജീവമായി പ്രവർത്തിച്ചു. സി. പി. യുടെ ഭരണത്തിനെതിരെ ഇന്ത്യയിലും വിദേശത്തുമുള്ള പത്രങ്ങളിൽ ലേഖനങ്ങൾ എഴുതി ബ്രിട്ടീഷ് ബ്രിട്ടീഷ് പാർലമെന്റങ്ങളെ വിവരം ധരിപ്പിച്ചത് ജോസഫ് മാളിയേക്കനായിരുന്നു. ഷെവ. തര്യതുകുഞ്ഞിത്തൊമ്മനോടൊപ്പം മാളിയേക്കനെയും സി. പി.

www.malankaralibrary.com

കൽത്തുറങ്കിലടച്ചു. പനമ്പിള്ളി പദ്ധതിക്കെതിരെയും മുണ്ടശ്ശേരി പദ്ധതിക്കെതിരെയും നടന്ന പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുത്ത ജോസഫ് മാളിയേക്കൽ പ്രജാസഭയിലും തിരു-കൊച്ചി നിയമസഭയിലും അംഗമായിരുന്നു. 1976 നവംബർ 25ന് നിര്യാതനായി.

## ൩൯) ചെറിയാൻ കാപ്പൻ

സർ സി. പി. രാമസ്വാമി അയ്യരുടെ വിദ്യാഭ്യാസ ദേശസാൽക്കരണ ശ്രമങ്ങൾക്കെതിരെ സമരംചെയ്ത് രാഷ്ട്രീയ രംഗത്തേക്കിറങ്ങിയ ചെറിയാൻ കാപ്പൻ 1913 മാർച്ച് 25ന് പാലായിൽ ജനിച്ചു. സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണ സമരത്തിനെതിരെ പോരാടാൻ എ.കെ.സി.സി. നിയമിച്ച സമരസമിതിയുടെ സെക്രട്ടറിയായിരുന്നു ചെറിയാൻ കാപ്പൻ. സമരത്തിലേർപ്പെട്ട കാപ്പനെ അറസ്റ്റുചെയ്ത് ജയിലിൽ പാർപ്പിച്ചു. ഭക്ഷ്യ ക്ഷാമം കൊടുംപിരികൊണ്ടപ്പോൾ വനഭൂമി കർഷകർക്ക് വിട്ടുകൊടുക്കണ മെന്ന് കാപ്പൻ ആവശ്യപ്പെട്ടു. അവസാനം ബലമായി വനഭൂമിയിൽ കയ്യേറി 1957-ൽ മുണ്ടശ്ശേരി വിദ്യാഭ്യാസ ബില്ലിനെതിരായി നടന്ന സമരത്തിന് നേതൃത്വം നൽകിയതും കാപ്പനായിരുന്നു. അന്ന് രുപീകരിച്ച ക്രിസ്റ്റഫർ സേനയുടെ ജനറൽ കൺവീനറും കാപ്പനായിരുന്നു. ക്രിസ്റ്റഫർ സേനയുടെ നേതൃത്വത്തിൽ തിരുവനന്തപുരത്ത് നടത്തിയ പ്രകടനം ഉജ്ജ്വലമാ യിരുന്നു. നിയമസഭാംഗമായും പാർലമെന്റംഗമായും പ്രവർത്തിച്ച കാപ്പൻ പ്രമുഖ സഹകാരി കുടിയായിരുന്നു. പാലാ മുൻസിപ്പൽ ചെയർമാനായും പ്രവർത്തിച്ചു. ഇന്നലെ, ഇന്ന് എന്ന പേരിൽ കാപ്പൻ ആത്മകഥ രചിച്ചു. 1982 നവംബർ 26ന് അന്തരിച്ചു.

## ൪൦) ജോസഫ് ചാഴികാടൻ

ഫലിതസാമ്രാട്ടായിരുന്ന ജോസഫ് ചാഴിക്കാടൻ 1892 മാർച്ച് 25-ാം തീയതി വെളിയന്നൂർ ഗ്രാമത്തിൽ ജനിച്ചു. അഭിഭാഷകനായി പൊതു ജീവിതം ആരംഭിച്ച ചാഴിക്കാടൻ ഉത്തരവാദഭരണപ്രക്ഷോഭണത്തിലും അതിന് മുൻപുനടന്ന നിവർത്തനപ്രക്ഷോഭണത്തിലും പങ്കെടുത്തു. ചാഴിക്കാടൻ സർ സി.പി. രാമസ്വാമി അയ്യർകൊണ്ടുവന്ന പ്രൈമറി വിദ്യാലയ ദേശസാൽക്കരണ പദ്ധതിക്കെതിരെ ശക്തമായി പോരാടി. സർ സി.പി.യുടെ ജല്പനങ്ങൾക്കും പ്രസ് റിലീസുകൾക്കും ഉടൻ മറുപടി നൽകാൻ ചാഴിക്കാടന് കഴിഞ്ഞു. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെ തിരെ നടന്ന സമരത്തിലും ചാഴിക്കാടൻ സജീവമായി പങ്കെടുത്തു. നിരവധി ഗ്രന്ഥങ്ങൾ രചിച്ച ചാഴിക്കാടൻ 1983 ഒക്ടോബർ 29ന്

www.malankaralibrary.com

## 41) ഷെവ. ഇ. പി. വർഗ്ഗീസ്

പ്രമുഖ സാമൂഹ്യപരിഷ്ക്കർത്താവായിരുന്ന ഷെവ. ഇ. പി. വർഗ്ഗീസ് 1898 മാർച്ച് 21ന് മാരാരിക്കുളത്ത് ഈരാചേരിൽ കുടുംബത്തിൽ ജനിച്ചു. പ്രമുഖ അഭിഭാഷകനായിരുന്ന വർഗ്ഗീസ് നിവർത്തനപ്രക്ഷോഭണത്തിന് ആരംഭംകുറിച്ച മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവിന് സമർപ്പിച്ചവരിൽ ഒരാളായിരുന്നു. സർ സി.പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കര സംരംഭങ്ങളെയും പനമ്പിള്ളി പദ്ധതിയെയും മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ പദ്ധതിയെയും 1972-ലെ സർവ്വകലാശാലാ ബില്ലിനെയും എതിർത്ത് പരാജയപ്പെടുത്തുവാൻ ശ്രമിച്ചു. താൻ ജീവിച്ച കാലഘട്ടത്തിൽ നടന്ന എല്ലാ വിദ്യാഭ്യാസപ്രക്ഷോഭണങ്ങളിലും സമുദായത്തിന്റെ താല്പര്യത്തിനുവേണ്ടി നിലകൊണ്ടു. നിയമസഭാംഗം, കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റ് എന്നിങ്ങനെ വിവിധ നിലകളിൽ പ്രവർത്തിച്ച വർഗ്ഗീസിന് 1982-ൽ ഷെവലിയർ സ്ഥാനം ലഭിച്ചു. 1986 ഫെബ്രുവരിയിൽ നിര്യാതനായി.

## 42) ഷെവ. ജോസഫ് വിതയത്തിൽ

മാതൃകാപരമായ ജീവിതംകൊണ്ട് കേരള ജനതയുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് അർഹനായി തീർന്ന ഷെവ. ജോസഫ് വിതയത്തിൽ 1899 ജൂലൈ 13-ാം തീയതി ജനിച്ചു നിവർത്തനപ്രക്ഷോഭണത്തിൽ നേതൃത്വം വഹിച്ച ജോസഫ് നിയമസഭാംഗമായും തിരഞ്ഞെടുത്തു. സി. പി.യുടെ വിദ്യാലയ ദേശസാൽക്കരണം നടക്കുന്ന കാലഘട്ടത്തിലും മുണ്ടശ്ശേരി വിദ്യാഭ്യാസ ബില്ലുമായി വന്നപ്പോഴും ജോസഫ് സർക്കാർ സർവ്വീസിൽ ആയിരുന്നുവെങ്കിലും ഈ സമരങ്ങൾക്ക് പിന്നണിയിൽനിന്ന് സഹകരിച്ചു. 1972-ലെ കോളേജ് പ്രക്ഷോഭണത്തിലും അദ്ദേഹം നേതൃത്വം നൽകി. ന്യൂനപക്ഷാവകാശം സംബന്ധിച്ച കേസ്സുകളാണ് വിതയത്തിൽ പ്രധാനമായും കൈകാര്യം ചെയ്തിരുന്നത്. ന്യൂനപക്ഷാവകാശങ്ങൾ ചോദ്യം ചെയ്യപ്പെട്ടപ്പോഴെല്ലാം അവയുടെ സംരക്ഷണത്തിനുവേണ്ടി ശബ്ദമുയർത്തിയിട്ടുണ്ട്. എ.കെ.സി.സി. പ്രസിഡന്റ് ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഷെവ. സ്ഥാനം നൽകി മാർപ്പാപ്പാ ആദരിച്ചു. നിരവധി പുരസ്ക്കാരങ്ങൾ നേടിയ വിതയത്തിൽ 1992 ജൂൺ 10-ാം തീയതി ദിവംഗതനായി.

## 43) എം. സി. അബ്രഹാം

മടങ്ങുർകരയിൽ മാക്കിൻ വീട്ടിൽ 1917-ൽ എം. സി. അബ്രഹാം ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണങ്ങളിൽ പങ്കെടുത്തു. സി. പി.യുടെ പ്രൈമറി വിദ്യാലയ ദേശസാൽക്കരണത്തിനെതിരെ നടന്ന സമരത്തിലും നേതൃത്വം നൽകി.

www.malankaralibrary.com

1957-ൽ നിമയസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. മുണ്ടശ്ശേരി നിയമസഭയിൽ അവതരിപ്പിച്ച വിദ്യാഭ്യാസ ബില്ലിന് ഏറ്റംകുടുതൽ ഭേദഗതികൾ അവതരിപ്പിച്ചത് അബ്രാഹമാണ്. കമ്മ്യൂണിസ്റ്റ് മന്ത്രിസഭയ്ക്കെതിരെ നടന്ന വിമോചന സമരത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിക്കുകയും ചെയ്തു. 1997 ഡിസംബർ 27-ന് അദ്ദേഹം അന്തരിച്ചു.

## 44) ജോർജ്ജ് ജോസഫ് പൊടിപാറ

കേരള രാഷ്ട്രീയത്തിൽ കൊടുങ്കാറ്റിന്റെ പ്രകമ്പനം സൃഷ്ടിച്ച ജോർജ്ജ് ജോസഫ് പൊടിപാറ 1926-ൽ മാന്നാനത്ത് ജനിച്ചു. നിയമബിരുദം നേടി. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ രാഷ്ട്രീയപ്രവർത്തനത്തിൽ ഏർപ്പെട്ട പൊടിപാറ സർ സി.പി.യുടെ വിദ്യാലയദേശസാൽക്കരണ സംരംഭത്തെ എതിർത്തു സമരംചെയ്തു. മുണ്ടശ്ശേരി പദ്ധതിക്കെതിരായി നടന്ന സമരത്തിൽ ആദ്യന്തം പങ്കെടുത്ത ഊർജ്ജസ്വലനായിരുന്നു പൊടിപാറ. 1967-72 കാലത്ത് മാന്നാനം കോളേജിൽ നടന്ന വിദ്യാർത്ഥി സമരം പരാജയപ്പെടുത്തുവാൻ മാനേജുമെന്റിനോടോപ്പംനിന്ന് അദ്ദേഹം പ്രവർത്തിച്ചു. 1957-1960ലും നടന്ന തിരഞ്ഞെടുപ്പിൽ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 1999 ജൂൺ 22ന് അന്തരിച്ചു.

*Best compliments from...*

**ഇൻഫാം കുത്തരി കമ്പനി ലിമിറ്റഡ്**

മഹാജൂബിലി കോംപ്ലക്സ്, മാർക്കററ് റോഡ്

**ചങ്ങനാശ്ശേരി**

ഫോൺ : 0481-2412609

**ഇൻഫാം റൈസ് ക്ലബ്ബ്**

❊ ഇൻഫാം വിശ്വസ്തത ❊


❊ ഇൻഫാം ഗുണമേന്മ ❊

❊ ഇൻഫാം കൂട്ടായ്മ ❊

www.malankaralibrary.com

# H വിദ്യാഭ്യാസ പ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ സമുദായ നേതാക്കൾ

*(എൻ. എം. ജോസ് നമ്പ്യാപറമ്പിൽ, വർക്കിംഗ് കമ്മറ്റി മെമ്പര് എ.കെ.സി.സി.)*



## 45) അബ്രഹാം അമ്പലത്തുങ്കൽ

മോനിപ്പള്ളിയിൽ 1897 ഒക്ടോബർ 10ന് അബ്രഹാം അമ്പലത്തുങ്കൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ പൗരസമത്വവാദ പ്രക്ഷോഭണത്തിൽ പങ്കുചേർന്നും. തുടർന്നു നടന്ന നിവർത്തനപ്രക്ഷോഭണത്തിലും നേതൃത്വം നൽകി. എ.കെ.സി.സി.യുടെ ആഫീസ് സെക്രട്ടറിയായും ക്നാനായ കത്തോലിക്കാ കോൺഗ്രസ്സ് സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. തിരുവിതാംകൂർ, കൊച്ചി, മലബാർപ്രദേശങ്ങളിൽ സുവിശേഷപ്രചരണത്തിനായി പല പ്രാവശ്യം സഞ്ചരിച്ചിട്ടുള്ള അദ്ദേഹം ഉത്തരവാദഭരണ പ്രക്ഷോഭണ ത്തിലും സി.പിയുടെ കാലത്തെ വിദ്യാലയ ദേശസാൽക്കരണത്തിനെ തിരായ നടന്ന പ്രക്ഷോഭണത്തിലും സജീവ നേതൃത്വം നൽകി. 1949 ഒക്ടോബർ 10ന് അദ്ദേഹം ദിവംഗതനായി.

## 46) സി. ജി. വർഗ്ഗീസ് കുന്നിൽ

കത്തോലിക്കാ കോൺഗ്രസ്സിന്റെ ജനറൽ സെക്രട്ടറിയായും ആക്ടിംഗ് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചിട്ടുള്ള വർഗ്ഗീസ് 1882-ൽ ആലപ്പുഴ ജനിച്ചു. അഭിഭാഷകനായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. സർ സി. പി.യുടെ വിദ്യാലയദേശസാൽക്കരണത്തിനെതിരെ നടന്ന സമരത്തിന് സുധീരമായ നേതൃത്വം നൽകിയ വർഗ്ഗീസ് വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ സജീവപ്രവർത്തകനായിരുന്നു. 1950 ജനുവരി 4ന് നിര്യാതനായി.

## 47) എ. ഒ. ജോസഫ്

പ്രമുഖ വിദ്യാഭ്യാസപ്രവർത്തകനായ എ.ഒ. ജോസഫ് 1898 ജുലൈ 16ന് പാലായിൽ അഞ്ചേരി കുടുംബത്തിൽ ജനിച്ചു. ബി.എ., എം.എ., പരീക്ഷകൾ പാസ്സായതിനുശേഷം അദ്ധ്യാപക ജോലിയിൽ പ്രവേശിച്ച എ. ഒ. ജോസഫ്, കോളേജ് പ്രൊഫസർ, പ്രിൻസിപ്പൽ എന്നീ നിലകളിലും പ്രവർത്തിച്ചു. സി. പി.യുടെ വിദ്യാലയദേശസാൽക്കരനീക്കത്തിനെതിരെ പോരാടിയ എ. ഒ. ജോസഫ് സാർ മുണ്ടശ്ശേരി പദ്ധതിക്കെതിരെയും

www.malankaralibrary.com

പോരാടി. പാലാ ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പലായിരിക്കവെ 1961 ജൂലൈ 31ന് അദ്ദേഹം അന്തരിച്ചു. എ.കെ.സി.സി. ജനറൽ സെക്രട്ടറിയായും അദ്ദേഹം സേവനം അനുഷ്ഠിച്ചു.

### 48) സിറിയക് കണ്ടത്തിൽ

നിവർത്തനപ്രക്ഷോഭണത്തിലും ഉത്തരവാദഭരണ പ്രക്ഷോഭണത്തിലും സി.പി.യുടെ വിദ്യാലയദേശസാൽക്കരണത്തിനെതിരായ പ്രക്ഷോഭണത്തിലും സജീവനേതൃത്വം നൽകി. സിറിയക് കണ്ടത്തിൽ ചെമ്പിൽ 1907 ജനുവരി 7-ാം തീയതി ജനിച്ചു. എ.കെ.സി.സി.യുടെ ഓർഗനൈസിംഗ് സെക്രട്ടറിയായി പൊതുപ്രവർത്തനം ആരംഭിച്ച സിറിയക് എ.കെ.സി.സി. ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ചു. സി. പി.യുടെ വിദ്യാഭ്യാസ പദ്ധതിക്കെതിരെ രണ്ടരലക്ഷംപേർ ഒപ്പിട്ട് സമർപ്പിച്ച മെമ്മോറിയൽ സിറിയകിന്റെ കഠിനാദ്ധ്വാനത്തിന്റെ ഫലമാണ്. സി. പി. വിളിച്ചുകൂട്ടിയ ചർച്ചകളിൽ പങ്കെടുക്കാൻപോലും തയ്യാറാകാതെ സമരത്തിന് നേതൃത്വം നൽകിയ സിറിയക് കണ്ടത്തിലിനെ സി. പി. വീട്ടുതടങ്കലിൽ പാർപ്പിച്ചു. നിരവധി സാമുഹിക സംഘടനകളിൽ നേതൃത്വം വഹിച്ച സിറിയക് നിരവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. 1962 സെപ്റ്റംബർ 24ന് അദ്ദേഹം നിര്യാതനായി.

### 49) എൻ. എക്സ്. ചെറിയാൻ

പ്രമുഖ അഭിഭാഷകനായിരുന്ന എൻ.എക്സ്. ചെറിയാൻ 1898 ഒക്ടോബർ 27ന് കാവാലത്ത് എട്ടുപറയിൽ കുടുംബത്തിൽ ജനിച്ചു. സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണങ്ങളിലും വിദ്യാഭ്യാസ പ്രക്ഷോഭണത്തിലും ധീരമായ നേതൃത്വം നൽകി. ഉത്തരവാദഭരണ പ്രക്ഷോഭണകാലത്ത് സി. പി. ജയിലിൽ അടച്ച സേനാംഗങ്ങളുടെ കുടുംബാംഗങ്ങൾ പട്ടണി കൂടാതെ കഴിഞ്ഞത് ചെറിയാന്റെ ശ്രമഫലമാണ്. വിദ്യാഭ്യാസ പ്രക്ഷോഭണം പ്രമാണിച്ച് ഏർപ്പെടുത്തിയ കാത്തലിക് എഡ്യുക്കേഷൻ കമ്മറ്റിയിലും അത് വികസിച്ച ക്രിസ്ത്യൻ കൗൺസിലിലും ചെറിയാൻ അംഗമായിരുന്നു.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം കോൺഗ്രസ്സ് അധികാരത്തിലേറിയപ്പോൾ സംഘടനയിൽ ഉന്നതസ്ഥാനങ്ങൾ അദ്ദേഹത്തിന് വാഗ്ദാനം ചെയ്തെങ്കിലും അതെല്ലാം അദ്ദേഹം തിരസ്ക്കരിച്ചു. ആ സ്വാതന്ത്ര്യസമര സേനാനി ചെറിയൊരു അംഗീകാരംപോലും തിരികെ പ്രതീക്ഷിച്ചില്ല. 1957-ൽകമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസനയത്തിനെതിരായി നടന്ന പ്രക്ഷോഭണത്തിലും അദ്ദേഹം സജീവമായി പങ്കെടുത്തു. എ.കെ.സി.സി. വൈസ്പ്രസിഡന്റായി സേവനം അനുഷ്ഠിച്ചു. 1963 ജൂൺ 12ന് അദ്ദേഹം നിര്യാതനായി.

www.malankaralibrary.com

### 50) ഷെവ. ടി. ജെ. മാത്യു തെള്ളി

കേരള ക്രൈസ്തവരുടെ ഏതുപ്രശ്നവും സ്വന്തം പ്രശ്നമായി കണക്കിലെടുത്ത് പ്രവർത്തിക്കുകയും അതിനുവേണ്ടി പടപൊരുതുകയും വിജയിക്കുകയും ചെയ്ത ടി. ജെ. മാത്യു 1883 ആഗസ്റ്റ് 5-ാം തീയതി പൂഞ്ഞാറ്റിൻ തെള്ളിയിൽ കുടുംബത്തിൽ ജനിച്ചു. വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ഒരു സമുദായ സംഘടന കെട്ടിപ്പെടുക്കുന്നതിന് ശ്രമിച്ച മാത്യു അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായും പിന്നീട് പ്രസിഡന്റായും സേവനം അനുഷ്ഠിച്ചു. കേരളത്തിലെ പ്രമുഖ അഭിഭാഷകനെന്ന നിലയിൽ അറിയപ്പെട്ട മാത്യുവിനെയാണ് യാക്കോബായ സമുദായക്കേസിൽ കത്തോലിക്കാഭാഗം വാദിക്കാൻ ചുമതലപ്പെടുത്തിയത് ടി. ജെ. മാത്യുവിനെയായിരുന്നു. സർ സി.പി.യുടെ വിദ്യാലയദേസസാൽക്കരനീക്കത്തിലും പനമ്പിള്ളി പദ്ധതിക്കെതിരായും മുണ്ടശ്ശേരി പദ്ധതിക്കെതിരായും ബുദ്ധിപരമായി പ്രവർത്തിക്കുന്നതിന് മാത്യുവിന് സാധിച്ചു. ഷെവലിയർ സ്ഥാനം നൽകി അദ്ദേഹത്തെ സഭ ആദരിച്ചു. 1966 ജനുവരി 7-ാം തീയതി ദിവംഗതനായി.

### 51) എൽ. സി. ഐസക്

എന്നും ആദർശം മുറുകെപ്പിടിച്ച് ജീവിച്ച എൽ.സി. ഐസക് കാവാലംഗ്രാമത്തിൽ ളാച്ചന്തറ കുടുംബത്തിൽ 1902 മെയ് 25ന് ജനിച്ചു. തിരുവിതാംകൂറിലെ ജനകീയ പ്രക്ഷോഭണങ്ങളെ സഹായിച്ചുകൊണ്ടിരുന്ന മലബാർ മെയിലിൽ പത്രാധിപരായി ഐസക് സേവനം ചെയ്തു. നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. എ.കെ.സി.സി. മുൻനിന്നു നടത്തിയ പൗരസമത്വവാദ പ്രക്ഷോഭണത്തിലും നിവർത്തനപ്രക്ഷോഭണത്തിലും നേതൃത്വം വഹിച്ചു. സി.പി.യുടെ വിദ്യാലയ ദേശസാൽക്കരണങ്ങളെയും പനമ്പിള്ളിയുടെ വിദ്യാഭ്യാസപദ്ധതിയെയും എതിർത്തു പരാജയപ്പെടുത്തുവാൻ നേതൃത്വം നൽകി. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരായും പ്രവർത്തിച്ചു. വിമോചനസമരത്തിന്റെ മുന്നണി പോരാളിയായി. സ്വാതന്ത്ര്യസമരത്തിൽ സജീവമായി പങ്കെടുത്ത ഐസക് സ്വാതന്ത്ര്യാനന്തരം അധികാര കസേരലക്ഷ്യമാക്കി കരുക്കൾ നീക്കിയില്ല. അംഗീകാരത്തിനും പ്രശസ്തിക്കുംവേണ്ടി പരക്കംപായാതെ സേവനം മുദ്രാവാക്യമായി സ്വീകരിച്ച ഐസക് 1968 മെയ് 3ന് ദിവംഗതനായി.

### 52) കെ. എം. ജോസഫ് (ദീപിക)

തുലികയ്ക്ക് പടവാളിനേക്കാൾ മൂർച്ചയുണ്ടെന്ന് തെളിയിച്ച പ്രമുഖപത്രപ്രവർത്തകനായിരുന്നു ശ്രീ. കെ. എം. ജോസഫ്. അഭിഭാഷക

www.malankaralibrary.com

നായി ഔദ്യോഗിക ജീവിതം ആരംഭിച്ച ജോസഫ് ദീപിക പത്രാധിപ സമിതിയിൽ ചേർന്നു. മുണ്ടശ്ശേരി പദ്ധതിക്കെതിരായി കത്തോലിക്കാ സമുദായവും ദീപികയും മുൻനിന്നു നടത്തിയ സമരമാണല്ലോ വിമോചന സമരമായി മാറിയത്. മുണ്ടശ്ശേരി പദ്ധതിക്കെതിരായി ജനരോഷം ആളിക്കത്തിക്കുവാൻ ജോസഫിന്റെ തൂലികയ്ക്കു സാധിച്ചു. വിമോചന സമരത്തിനുശേഷം അധികാരമേറ്റെടുത്ത ഐക്യമുന്നണി ഗവൺമെന്റ് കർഷക ദ്രോഹനടപടികൾ ആരംഭിച്ചപ്പോൾ അതിനെതിരെ ജനകീയ മുന്നേറ്റം ഉണ്ടാക്കുവാനും ജോസഫിന്റെ മുഖപ്രസംഗങ്ങളാണ് സഹായിച്ചത്. രാഷ്ട്രീയത്തിലെ അധാർമ്മികയ്ക്കെതിരെ വിരൽചൂണ്ടിയ കെ. എം. ജോസഫ് 1925 ഏപ്രിൽ 17ന് കോട്ടയ്ക്കപ്പുറം കരയിൽ കരുവേലിത്തറ കുടുംബത്തിൽ ജനിച്ചു. കേരളത്തിലെ കത്തോലിക്കാ ചിന്താഗതിയ്ക്ക് പുരോഗമനപരമായ പരിഷ്ക്കരണം വരുത്തുവാൻ നാവും തുലികയും ഉപയോഗിച്ച മഹാനെന്ന നിലയിൽ ജോസഫ് ശ്രദ്ധേയനായനാണ്. അദ്ദേഹം 1971 ഒക്ടോബർ 19-ാം തീയതി നിര്യാതനായി.

എ.കെ.സി.സി. ന്യൂനപക്ഷവർഷാചരണ
സ്പെഷ്യലിന് ആശംസകൾ !!

**മലബാർ മിഷനറി ബ്രദേഴ്സ്**
**എം. എം. ബി. ജനറലേറ്റ്**
തൃശ്ശൂർ - 680005

ഫോൺ : 0487-2333677
ഫാക്സ് : 0487-2333678



## 53) ജെയിംസ് കെ. സി. മണിമല

മലയാള സാഹിത്യരംഗത്ത് അതുല്യ ശോഭയോടെ വിരാജിച്ച ജയിംസ് 1923 സെപ്റ്റംബർ 15-ാം തീയതി വള്ളംചിറ ഗ്രാമത്തിൽ മാരൂർ ആയ വെള്ളപ്ലാംമുറി കുടുംബത്തിൽ ഭൂജാതനായി. നിരവധി ചെറുകഥകൾ എഴുതിയിട്ടുള്ള ജെയിംസ് പ്രതപ്രവർത്തകനായും അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു. 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പാഠപുസ്തക ങ്ങളിൽകൂടി സഭാവിരുദ്ധ ആശയങ്ങൾ പ്രചരിപ്പിക്കുവാൻ ശ്രമിച്ചപ്പോൾ പാഠപുസ്തകങ്ങളെപ്പററി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ എ.കെ.സി.സി. നിയമിച്ച കമ്മറ്റിയിൽ അദ്ദേഹം അംഗമായി. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ വിദ്യാഭ്യാസനയത്തിനെതിരായുള്ള സമരം ആരംഭിച്ചത് അതോടുകൂടി യാണ്. ഈ സമരത്തിൽ ജെയിംസ് മുഖ്യപങ്കുവഹിച്ചു. 1973 നവംബർ 1-ാം തീയതി നിര്യാതനായി.

## 54) ഉലഹന്നൻ തോപ്പിൽ

എ.കെ.സി.സിയുടെയും കേരള കാത്തലിക് ട്രസ്റ്റിന്റെയും ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച ഉലഹന്നൻ തോപ്പിൽ 1912 ജനുവരി 8ന് അയർക്കുന്നത്ത് ജനിച്ചു. രാഷ്ട്രീയ സാമുഹ്യരംഗങ്ങളിൽ സേവനം ചെയ്ത തോപ്പിൽ മദ്രാസ് മെയിൻ പത്രത്തിന്റെ തിരുവനന്തപുരം ലേഖക നായി നിയമിതനായി. സർ സി.പി.യുടെ കിരാതഭരണത്തെയും വിദ്യാഭ്യാസനയത്തെയും എതിർക്കുവാനുള്ള അവസരമായിട്ടാണ് ഈ ജോലി സ്വീകരിച്ചത്. സർ സി.പി.യുടെ ഒരു അസംബ്ലി പ്രസംഗം മദ്രാസ് മെയിലിൽ പ്രസിദ്ധപ്പെടുത്തിയതിൽ കുപിതനായ സി. പി., പത്ര മാനേജുമെന്റിൽ സ്വാധീനം ചെലുത്തി ഉലഹന്നൻ തോപ്പിലിനെ ആ സ്ഥാനത്തുനിന്നും നീക്കംചെയ്തു. തുടർന്ന് തോപ്പിലിനെ മദ്രാസിൽ കേന്ദ്രഓഫീസിൽ സബ്എഡിറ്ററായി നിയമിച്ചു. സി.പി.യുടെ പീഡനങ്ങൾക്ക് നിരവധി തവണ വിധേയനായ തോപ്പിൽ 1975 ആഗസ്റ്റ് 4ന് നിര്യാതനായി. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിന് കാത്തലിക് ട്രസ്റ്റ് കെട്ടിടത്തിൽ ഉലഹന്നാൻ തോപ്പിൽ മെമ്മോറിയൽ ഹാൾ നിർമ്മിച്ചിട്ടുണ്ട്.

## 55) എം. ഒ. ജോസഫ് നെടുങ്കുന്നം

പ്രമുഖ ചരിത്രകാരനായ ശ്രീ. എം. ഒ. ജോസഫ് നെടുങ്കുന്നത്ത് മരുതുപ്പറമ്പിൽ കുടുംബത്തിൽ 1911 ജൂൺ 26ന് ജനിച്ചു. അദ്ധ്യാപകൻ, പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ, ചരിത്രകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനായ എം. ഒ. ജോസഫ് നിവർത്തനപ്രക്ഷോഭ ണത്തിലും സ്റ്റേറ്റ് കോൺഗ്രസ്സ് പ്രക്ഷോഭണത്തിലും വിദ്യാഭ്യാസപ്രക്ഷോ


www.malankaralibrary.com

ഭണത്തിലും സജീവമായി പങ്കെടുത്തു. സി. പി.യുടെ വിദ്യാലയ ദേശസാൽക്കരണസംരംഭത്തെ എതിർത്ത ജോസഫ്കൊച്ചിയിൽ മന്ത്രി ഡോ. എ. ആർ. മേനോൻ ഹരിജനങ്ങൾക്ക് വിദ്യാഭ്യാസ, സൗകര്യങ്ങൾ നിഷേധിച്ചതിനെതിരെ സമരം ചെയ്യുകയും വഴങ്ങാതിരുന്ന മന്ത്രിയെ അവിശ്വാസപ്രമേയത്തിലൂടെ താഴെയിറക്കാൻ ശ്രമിക്കുകയും ചെയ്തു. എ.കെ.സി.സി. ജനറൽ സെക്രട്ടറി, ബുള്ളറ്റിൻ എഡിറ്റർ, എന്നീ നിലകളിലും കുടിയിറക്കുകൾക്കും മേൽച്ചാർത്തുകൾക്കുമെതിരായി നടന്ന കർഷക പ്രക്ഷോഭണത്തിലും എം. ഒ. സജീവമായി പങ്കെടുത്തു. നിരവധി അവാർഡുകൾ നേടിയ എം. ഒ. ജോസഫ് 1976 ഏപ്രിൽ 7-ാം തീയതി ദിവംഗതനായി.

### 56) കെ. ജെ. ജേക്കബ്

കത്തോലിക്കാ കോൺഗ്രസ്സ് വൈസ് പ്രസിഡന്റ്, പ്രമുഖനായ പത്രപ്രവർത്തകൻ എന്നിങ്ങനെ വിവിധനിലകളിൽ പ്രകീർത്തിതനായ കെ. ജെ. ജേക്കബ് 1911 ഫെബ്രുവരി 12ന് മാന്നാനത്ത് കൈനകരി കുടുംബത്തിൽ ജനിച്ചു. വിമോചനസമരകാലത്ത് സജീവമായി രംഗത്തുവന്നു. മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസ ബില്ലിനെതിരെ നിരവധി ലേഖനങ്ങൾ എഴുതി

*Best compliments from...*



**F.C.C. Provincial House**

**DEEPTHI BHAVAN**

**MANATHAWADY**

www.malankaralibrary.com

നിരവധി പ്രസംഗങ്ങൾ ചെയ്തു. അക്കാലത്ത്ജയിൽവാസവും അനുഭവിച്ചു. ബ്രസീൽ കുടിയേറ്റം എന്ന ആശയത്തിന്റെ ഉപജ്ഞാതാവായ ജേക്കബ് 1983 സെപ്റ്റംബർ 25ന് നിര്യാതനായി.

## 57) ബി. സി. വർഗ്ഗീസ്

കേരളം കണ്ട സോഷ്യലിസ്റ്റ് നേതാക്കളിൽ ഏറ്റവും പ്രമുഖനായിരുന്നു ബി. സി. വർഗ്ഗീസ് 1916-ൽ തൃശ്ശൂർ ജനിച്ചു. പി. എസ്സ്.പിയുടെ സംസ്ഥാന സെക്രട്ടറിയായിരുന്ന വർഗ്ഗീസിന് 1957-ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരെയും 1972-ലെ സർവ്വകലാശാലാ നിയമത്തിനെതിരെയും നടന്ന സമരത്തിലും വർഗ്ഗീസ് നിർണ്ണായകമായ പങ്കുവഹിച്ചു. 1972-ലെ സമരത്തെ തുടർന്നാണ് തൃശ്ശൂർ രൂപതയിൽ കാത്തലിക് യുണിയൻ ഓഫ് തൃശ്ശൂർ എന്ന സംഘടന രൂപീകരിച്ചത്. ആ സംഘടനയുടെ രൂപീകരണത്തിലും ഒരു ജനകീയ അടിത്തറയുള്ള പ്രസ്ഥാനമാക്കി വളർത്തുന്നതിനും ബി. സി. വർഗ്ഗീസിന് സാധിച്ചു. കേരളത്തിലെ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ശക്തനായ വക്താവ്, രാഷ്ട്രീയ നേതാവ്, പത്രപ്രവർത്തകൻ, അദ്ധ്യാപകൻ, വാഗ്മി, എഴുത്തുകാരൻ, എന്നീ നിലകളിലെല്ലാം പ്രശോഭിതനായ വർഗീസ് 1976 സെപ്റ്റംബർ 29-ന് അന്തരിച്ചു.

## 58) എം. എം. വർക്കി


ഉത്തരവാദപ്രക്ഷോഭണത്തിന് നേതൃത്വം നൽകിയ സ്റ്റേറ്റുകോൺഗ്രസ്സിന്റെ ചരിത്രം ശ്രീ. എം. എം. വർക്കിയുടെ ചരിത്രമാണ്. പൗരസമത്വവാദപ്രക്ഷോഭണത്തിലും നിവർത്തനപ്രക്ഷോഭണത്തിലും ശ്രീ. വർക്കിയോളം സജീവമായി പങ്കെടുത്ത മറ്റൊരു കേരളീയനുണ്ടാവുകയില്ല. സി.പി.യുടെ പ്രൈമറി വിദ്യാലയദേശസാൽക്കരണത്തിനെതിരെ നടന്ന പ്രക്ഷോഭണത്തിന്റെ ചാലകശക്തി എം. എം. വർക്കി തന്നെയായിരുന്നു. സ്റ്റേറ്റ് കോൺഗ്രസ്സിനെ വിദ്യാഭ്യാസ സമരത്തിൽ പങ്കുചേർക്കാൻ ശ്രമിച്ചവരിൽ പ്രമുഖനും അദ്ദേഹമായിരുന്നു. പത്രപ്രവർത്തകൻ, ഗ്രന്ഥകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ പ്രകീർത്തിതനായ എം. എം. വർക്കി 1898-ൽ മുക്കഞ്ചേരി യാക്കോബായ കുടുംബത്തിൽ ജനിച്ചു. കത്തോലിക്കാവിശ്വാസം സ്വീകരിച്ച വർക്കി, കത്തോലിക്കരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി നടന്ന സമരങ്ങളിൽ പ്രധാനപങ്കുവഹിച്ചു. 1986 നവംബർ 30ന് നിര്യാതനായി.

## 59) ഗ്രിഗറി കണ്ടങ്കരി

അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ ശബ്ദമായി കോൺഗ്രസ്സിനെ മാറ്റിയെടുക്കുന്നതിന് ദീർഘകാലം പ്രവർത്തിച്ച ഗ്രിഗറി കണ്ടങ്കരി 1901 ജനുവരി 15ന് ചങ്ങനാശ്ശേരിയിൽ ജനിച്ചു. കോൺഗ്രസ്സ് പ്രവർത്തന

www.malankaralibrary.com

*Best Wishes from*



# C.M.I. Provincial House

P.B. No. 648

Kottayam - 686001

## മിഷനറി സിസ്റ്റേഴ്സ് ഓഫ് മേരി ഇമ്മാക്കുലേറ്റ്

**എം. എസ്. എം. ഐ. ക്രിസ്തുജ്യോതി വൈസ് പ്രൊവിൻസ്, ബത്തേരി**

ത്യാഗവരനും, അജപാലകനും കേരള കരിസ്മാറ്റിക് നവീകരണത്തിന്റെ പ്രമുഖ നേതാക്കന്മാരിലൊരാളും, കുളത്തുവയൽ എൻ. ആർ. സി. കരിസ്മാറ്റിക് ധ്യാനകേന്ദ്രത്തിന്റെ ഡയറക്ടറുമായ ബഹു. സി. ജെ. വർക്കിയച്ചനാണ് വിമലമേരി മിഷനറി സഹോദരികളുടെ ഈ സമൂഹത്തിന്റെ സ്ഥാപക പിതാവ്. 1962 – ൽ തലശ്ശേരി രൂപതയിലെ കുളത്തുവയലിൽ സ്ഥാപിതമായ ഈ സന്യാസി സമൂഹം വചനപ്രഘോഷണത്തിനും ഭവന നവീകരണത്തിനും കൂടുതൽ പ്രാധാന്യം നൽകികൊണ്ട് ഇന്ത്യയിൽ കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, കാശ്മീർ എന്നീ സംസ്ഥാനങ്ങളിലും ജർമ്മനി, ഇറ്റലി, എന്നീ രാജ്യങ്ങളിലും സേവനമനുഷ്ഠിക്കുന്നു.

1988 ഒക്ടോബർ 15 – ന് പൊന്തിഫിക്കൽ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ട ഈ സമൂഹം കുടുംബപ്രേഷിതത്വം, വചനപ്രഘോഷണം എന്നിവയ്ക്കു പുറമെ ആതുര സേവനം, വിദ്യാഭ്യാസം, വൃദ്ധമന്ദിരം, അനാഥ സംരക്ഷണം, റേഡിയോ പ്രോഗ്രാം, ഇടവക പ്രവർത്തനങ്ങൾ, മുദ്രാലയ പ്രേഷിതത്വം എന്നിവ വഴിയും യേശുവിന്റെ രക്ഷാകര സ്നേഹം ജനഹൃദയങ്ങളിൽ പകർന്നുകൊടുക്കുവാൻ സജീവമായി പ്രവർത്തിക്കുന്നു. 2000 മെയ് 20ന് എം. എസ്. എം. ഐ. യുടെ ക്രിസ്തുജ്യോതി വൈസ് പ്രൊവിൻസ് മാനന്തവാടി രൂപതയിൽ ജന്മംകൊണ്ടു. ഇതിന്റെ ആസ്ഥാനം ബത്തേരിയാണ്.

**സി. ഇന്നസെന്റ്** (പ്രൊവിൻഷ്യൽ സുപ്പീരിയർ)

www.malankaralibrary.com

ങ്ങളിലും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും സജീവമായി പങ്കെടുത്തു. ഷെവലിയർ തര്യതുകുഞ്ഞുത്തൊമ്മന്റെ നേതൃത്വത്തിൽ കത്തോലിക്കാ കോൺഗ്രസ്സ് നടത്തിയ വിദ്യാഭ്യാസ പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുക്കുകയും ജയിൽശിക്ഷയനുഭവിക്കുകയും ചെയ്തു. കറപുരളാത്ത പൊതുജീവിതത്തിന്റെ ഉടമയായിരുന്ന ഗ്രിഗറി 1990 ഏപ്രിൽ 4-ാം തീയതി ആ സ്വാതന്ത്ര്യസമരഭടൻ നിര്യാതനായി.

## ൬൦) കെ. ജെ. ചാണ്ടി

കത്തോലിക്കാ കോൺഗ്രസ്സ് ജനറൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജെ. ചാണ്ടി 1917-ൽ കടപ്ലാമറ്റത്ത് കടിയംകുറ്റിയിൽ ജനിച്ചു. പാലാ മുൻസിപ്പാലിറ്റിയിൽ ദീർഘകാലം കൗൺസിലറായിരുന്ന ചാണ്ടി, മലയോര കർഷകപ്രക്ഷോഭണത്തിന്റെ മുന്നണി പോരാളിയായിരുന്നു 1957-ലെ മുണ്ടശ്ശേരി പദ്ധതിക്കെതിരായും 1972ലെ കോളേജുസമരത്തിലും ചാണ്ടി മുഖ്യപങ്കുവഹിച്ചു. ചാണ്ടി എ.കെ.സി.സി. ജനറൽ സെക്രട്ടറിയായിരുന്ന കാലത്താണ് 1972 സർവ്വകലാശാല ബില്ലിനെതിരായ സമരം ആരംഭിച്ചത്. പാലാ രൂപതാ പാസ്റ്ററൽ കൗൺസിലിൽ 21 വർഷക്കാലം അംഗമായിരുന്ന ശ്രീ. ചാണ്ടി 1995 മെയ് 18-ന് നിര്യാതനായി.

## ൬൧) അഡ്വ. ഇ. എം. ജോസഫ്

പ്രമുഖ അഭിഭാഷകനും സമുദായനേതാവുമായിരുന്ന അഡ്വ. ഇ.എം. ജോസഫ് 1922 ജനുവരി 24ന് കടനാട്ടിൽ ഇരുവേലിക്കുന്നിൽ ജനിച്ചു. 1957-ലെ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിനെതിരായ സമരം ആരംഭിക്കുന്നത് ജോസഫ് എ.കെ.സി.സി. ജനറൽ സെക്രട്ടറി ആയിരിക്കുന്ന കാലത്താണ്. സുപ്രസിദ്ധമായ 1972-ലെ കോളേജുസമരത്തിന് നേതൃത്വം നൽകിയത് അദ്ദേഹം കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡന്റായിരുന്നുകൊണ്ടാണ്. ഗവൺമെന്റുമായുണ്ടായി ഒത്തുതീർപ്പുവ്യവസ്ഥകളിൽ സമുദായത്തിനുവേണ്ടി ഒപ്പുവച്ചത് ശ്രീ. ജോസഫ് ആയിരുന്നു. ക്രൈസ്തവസമുദായത്തിന്റെ അവകാശതാല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി അക്ഷീണം യത്നിച്ച ജോസഫ് ആൾ ഇന്ത്യാ കാത്തലിക് യൂണിയൻ വൈസ്പ്രസിഡന്റ് നിയമകാര്യ സെക്രട്ടറി എന്നീനിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. 1998 സെപ്റ്റംബർ മാസത്തിൽ അൽമേഷിയ രോഗ ബാധിതനായ ജോസഫ് വീട്ടിൽനിന്നും ഇറങ്ങിയതാണ്. പിന്നീട് അദ്ദേഹത്തെ കണ്ടെത്തിയിട്ടില്ല.


www.malankaralibrary.com

*Best wishes from*


# COCHIN KALABHAVAN

Ernakulam North
Cochin - 12

Phone : 0484-2354522



*Best compliments from*



**A Well Wisher**

www.malankaralibrary.com

# കോടതിയോടുള്ള ബഹുമാനം

സ്വാശ്രയ മെഡിക്കൽ കോളേജിനനുകൂലമായ വിധി സുപ്രീംകോടതിയും ഹൈക്കോടതിയും പുറപ്പെടുവിച്ചപ്പോൾ, കുടുതൽ വിശദീകരണത്തിനായി സർക്കാർ സുപ്രീംകോടതിയെ സമീപിച്ചു. അക്കൂട്ടത്തിൽ മുഖ്യമന്ത്രിയും വിദ്യാഭ്യാസ മന്ത്രിയും പറഞ്ഞ വാക്കുകൾ കോടതിയെപ്പോലും ധിക്കരിക്കുന്നതായിരുന്നു. സുപ്രീം കോടതി സർക്കാരിന്റെ വാദങ്ങൾ അംഗീകരിച്ചില്ലെങ്കിൽ മാനേജുമെന്റിനെ നിലക്കു നിത്തുവാൻ നിയമം മാറ്റും. എന്നാണ് അവർ പ്രഖ്യാപിച്ചത്. കോടതിയോടുള്ള ബഹുമാനം കണ്ടാലും !

ലോറിയുടമകൾ സമരം നടത്തിയപ്പോൾ കോടതിയുടെ നിർദ്ദേശം വരുന്നതുവരെ സമരം നടത്തരുതെന്ന് മന്ത്രിമാർ ലോറിയുടമകളോട് അഭ്യർത്ഥിച്ചു. അവിടെ കോടതി തീർപ്പ് മന്ത്രിമാർക്ക് സ്വീകാര്യമാണ്.

ഈ രണ്ടു തട്ടിൽ കളി എന്തിന് ?

*Best Compliments from*

**ST. THOMAS HOSPITAL**

**Phone : 0481-2721797, 2721595**

*400 bedded Multi speciality Hospital*

**CHETHIPUZHA, CHANGANASSERY**

**St. Thomas College of Nursing**
Phone : 0481-2720947, 2401348

**St. Thomas School of Nursing**
Phone : 0481-2721594, 2721595

**St. Thomas Academy of Allied Health Sciences**
Phone : 0481-2721595, 2721597

*Courses offered :*

- Bachelor of Medical Laboratory Technology
- Bachelor Hospital Information Administration
- Bachelor Medical Imaging Technology

Owned by : ARCHDIOCESE OF CHANGANACHERRY Director

www.malankaralibrary.com

# ന്യൂനപക്ഷാവകാശങ്ങളും സമകാലീനപ്രശ്നങ്ങളും

— റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ —

ന്യുനപക്ഷാവകാശം, വിദ്യാഭ്യാസ സ്വാതന്ത്ര്യം സ്വാശ്രയ മെഡിക്കൽ കോളേജ് പ്രശ്നം, സുപ്രീം കോടതി വിധി തുടങ്ങിയ കാര്യങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്നതാണ് ഡോ. ജോസ് കൊച്ചുപറമ്പിൽ ചോദ്യോത്തര രുപേണ തയ്യാറാക്കിയ ഈ ലേഖനം. സമകാലീന പ്രശ്നങ്ങളെപ്പറ്റി മനസ്സിലാക്കാൻ ഉചിതമാണ് ഈ ലേഖനം.

അടുത്തകാലത്തായി സ്വാശ്രയ സ്ഥാപനങ്ങളും ഗവൺമെന്റുമായുള്ള പ്രശ്നങ്ങൾ വാർത്താമാധ്യമങ്ങളിൽ പ്രമുഖസ്ഥാനം പിടിച്ചിരിക്കുകയാണല്ലോ. ഇതോടനുബന്ധിച്ച് മാധ്യമങ്ങളിൽ കാണുന്ന സംവാദങ്ങളും വാർത്തകളും പലപ്പോഴും ഏകപക്ഷീയവും തെറ്റിദ്ധാരണാജനകവുമായിത്തീരുന്നുണ്ട്. ഇതോടൊപ്പം അവസരസമത്വം സാമൂഹികനീതി തുടങ്ങിയ ഉന്നതമുല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് അതിന്റെ മറവിൽ ന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന നിഗൂഢതന്ത്രങ്ങൾക്കും ഇന്ന് കേരളം സാക്ഷ്യം വഹിച്ചുകൊണ്ടാണിരിക്കുന്നത്. ന്യൂനപക്ഷവിഭാഗങ്ങളുടെയും പിന്തുണയോടെ അധികാരത്തിലേറിയവരാണ് പലപ്പോഴും ഇതിനുമുൻകൈയെടുക്കുന്നത് എന്നതാണ് ഇവിടുത്തെ വൈരുദ്ധ്യം. ഗവൺമെന്റ് സംവിധാനങ്ങളുടെയും വാർത്താമാധ്യമങ്ങളുടെയും സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ന്യുനപക്ഷങ്ങളെ ഭീഷണിപ്പെടുത്തിയും വെല്ലുവിളിച്ചും അവർക്കെതിരെ ജനവികാരങ്ങളുയർത്താനുള്ള ശ്രമങ്ങൾ മറനീക്കി പുറത്തുവന്നുകൊണ്ടിരിക്കുന്ന ഈ സാഹചാര്യത്തിൽ വസ്തുതകളുടെ നിജസ്ഥിതി മനസ്സിലാക്കി പ്രതികരിക്കാൻ സന്മനസ്സുള്ള എല്ലാ പൗരന്മാർക്കും പ്രത്യേകിച്ച്, ന്യുനപക്ഷ സമുഹാംഗങ്ങൾക്കും കടമയുണ്ട്. കാലഹരണപ്പെട്ട പ്രത്യയശാസ്ത്രങ്ങളുടെ നിലവറയിൽ കുടുങ്ങിയ രാഷ്ട്രീയനേതൃത്വവും അവരെ സ്വകാര്യലക്ഷങ്ങൾക്കുവേണ്ടി യഥേഷ്ടം പന്താടുന്ന സാമുദായിക ശക്തികളും പ്രത്യക്ഷമായും പരോക്ഷമായും ന്യൂനപക്ഷ പീഡനങ്ങൾക്ക് വഴിയൊരുക്കുന്നു എന്നതാണ് ഇന്നത്തെ അവസ്ഥ! ഈ സാഹചര്യത്തിൽ അടുത്തകാലത്ത് സ്വാശ്രയ സ്ഥാപനങ്ങൾ സംബന്ധിച്ച് മാനേജുമെന്റുകളും ഗവൺമെന്റുമായി ഉണ്ടായ പ്രശ്നങ്ങൾ ചോദ്യോത്തരരുപേണ വിശകലനം ചെയ്ത് സത്യാവസ്ഥ പുറത്തുകൊണ്ടുവരാനാണ് ഇവിടെ ശ്രമിക്കുന്നത്.

www.malankaralibrary.com

1. **സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ പ്രത്യേക സാഹചര്യമനുസരിച്ച് രൂപകല്പന ചെയ്ത ന്യൂനപക്ഷാവകാശങ്ങൾക്ക് ഇന്ന് പ്രസക്തി നഷ്ടപ്പെട്ടിട്ടില്ലേ?**

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷാപരവും മതസംസ്ക്കാരികവുമായ മൂല്യങ്ങൾ സംരക്ഷിക്കാനും പരിപോഷിക്കാനും ഇന്ത്യൻ ഭരണഘടന 30-ാം വകുപ്പു നൽകുന്ന പരിരക്ഷകളാണ് ന്യൂനപക്ഷാവകാശങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങൾക്ക് സംവരണമോ മറ്റ് ആനുകൂല്യങ്ങളോ വേണ്ടെന്നും പകരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്താനുള്ള സ്വാതന്ത്ര്യം മതിയെന്നുമുള്ള ക്രൈസ്തവ ന്യൂനപക്ഷപ്രതിനിധികളുടെ അഭ്യർത്ഥന മാനിച്ചുകൊണ്ടാണ് ഭരണഘടനാശില്പികൾ അവർക്കുവേണ്ടി ന്യൂനപക്ഷാവകാശങ്ങൾ എഴുതിച്ചേർത്തത്. ചിലന്യൂനപക്ഷ വിഭാഗങ്ങൾക്ക് ന്യൂനപക്ഷാവകാശങ്ങളോടൊപ്പംതന്നെ സംവരണവും ലഭിക്കുമ്പോൾ ക്രൈസ്തവർക്ക് ന്യൂനപക്ഷാവകാശം മാത്രമാണുഅളളത്. ഈ അവകാശങ്ങൾ നഷ്ടപ്പെട്ടാൽ ഭാരതത്തിലെ ക്രൈസ്തവരുടെ സ്ഥിതി വിഷമത്തിലാകും. മാറിമാറി വരുന്ന ഭരണകൂടങ്ങളുടെ താല്പര്യാനുസൃതം എളുപ്പം മാറ്റിമറിക്കപ്പെടാതിരിക്കാൻ ഈ അവകാശങ്ങൾ ഇന്ത്യൻ ഭരണഘടന മൗലികാവകാശങ്ങളിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നത് വളരെ ശ്രദ്ധേയമാണ്.

ന്യൂനപക്ഷവിഭാഗങ്ങളുടെ മക്കളെ അവരുടേതായ മതസാംസ്ക്കാരിക പശ്ചാത്തലത്തിൽ വളർത്താൻവേണ്ടി വിദ്യാലയങ്ങൾ സ്ഥാപിക്കാനും അവ നടത്താനും, അദ്ധ്യാപക നിയമനത്തിനും വിദ്യാർത്ഥി പ്രവേശനത്തിനുമുല്ള സമ്പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പുവരുത്താനും ഭരണഘടന നൽകുന്ന പരിരക്ഷയാണ് ഈ അവകാശങ്ങൾ. ഈ അവകാശങ്ങൾക്ക് ന്യൂനപക്ഷങ്ങൾ എന്ന വിഭാഗങ്ങൾ ഉള്ളിടത്തോളം കാലം പ്രസക്തിയുണ്ട്. പ്രത്യേകിച്ച് ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള സംഘടിത നീക്കങ്ങൾ - ചിലപ്പോൾ ഗുജറാത്തിൽ നടന്നതുപോലെ വംശശുദ്ധീകരണത്തോളമെത്തുന്ന നീക്കങ്ങൾ - ശക്തിപ്പെട്ടുവരുന്ന ഈ കാലഘട്ടത്തിൽ ഭരണഘടന ഉറപ്പുനൽകുന്ന ന്യൂനപക്ഷാവകാശങ്ങൾക്ക് പ്രത്യേക പ്രസക്തി തന്നെയുണ്ട്. ന്യൂനപക്ഷങ്ങളുടെ ഭാവി ഭൂരിപക്ഷത്തിന്റെ ദയാദാക്ഷിണ്യങ്ങളെ ആശ്രയിച്ചിരിക്കുന്നു. എന്നു പരസ്യമായി പ്രഖ്യാപിക്കുന്ന ശക്തികൾ രംഗത്തുവന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ന്യൂനപക്ഷാവകാശങ്ങൾ പരിരക്ഷിക്കേണ്ടത് എക്കാലത്തേക്കാളും ആവശ്യകമാണ്.

www.malankaralibrary.com

**2. എന്തിനാണ് ന്യൂനപക്ഷങ്ങൾക്ക് ഭൂരിപക്ഷത്തിനില്ലാത്ത പ്രത്യേക അവകാശങ്ങൾ; ഇത് അനീതിയല്ലേ?**

ന്യൂനപക്ഷാവകാശങ്ങൾ ഭൂരിപക്ഷങ്ങൾക്കില്ലാത്ത എന്തോ പ്രത്യേക ആനുകൂല്യമാണെന്ന് കരുതുന്നത് ശരിയല്ല. ഭൂരിപക്ഷസ്വാധീനത്തിൽ തങ്ങളുടെ അവകാശങ്ങൾ കവർന്നെടുക്കപ്പെടാതാരിക്കാനുള്ള പരിരക്ഷയാണ് ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നല്കിയിരിക്കുന്നത്. ഈ അവകാശങ്ങളുണ്ടെങ്കിലേ അവർക്കു നീതി ലഭ്യമാകൂ എന്നു കരുതിയാണ് ന്യൂനപക്ഷങ്ങൾക്ക് അവകാശം നല്കുന്നത്. വാസ്തവത്തിൽ ന്യൂനപക്ഷാവാകാശങ്ങളുടെ അന്തസത്ത മനുഷ്യാവകാശങ്ങളിലും സാമൂഹികനീതിയിലും മാനവസമത്വത്തിലുമാണ് അടങ്ങിയിരിക്കുന്നത്. മനുഷ്യരെല്ലാം ഏകപിതാവിന്റെ മക്കളാകയാൽ പരസ്പരം സഹോദരീസഹോദരന്മാരാണെന്ന ക്രൈസ്തവവിശ്വാസവും ഇതിന്റെ പിന്നിൽ ദർശിക്കാനാവും. രാഷ്ട്രത്തിനും നിയമത്തിനും മുമ്പിൽ എല്ലാ മനുഷ്യരും തുല്യരാണെന്ന വസ്തുത പാലിക്കപ്പെടാൻ ഭരണഘടന ചില പ്രത്യേക വിഭാഗങ്ങൾക്ക് പരിരക്ഷ നല്കിയിരിക്കുന്നുവെന്നുമാത്രം. ഒരുവിഭാഗം ജനങ്ങൾക്ക്, തങ്ങൾ രാജ്യത്ത് ന്യൂനപക്ഷങ്ങളാണെന്ന കാരണത്താൽ തങ്ങളുടെ മതസാംസ്കാരിക തനിമ സംരക്ഷിക്കാൻ കഴിയാതെ വന്നാൽ അത് തികഞ്ഞ അനീതിയും മനുഷ്യാവകാശലംഘനവുമാണ്. ഭൂരിപക്ഷത്തിന്റെ ദയാദാക്ഷിണ്യങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കുമനുസരിച്ച് അവരുടെ അവകാശങ്ങൾ പന്താടപ്പെടാതിരിക്കുന്നതിനാണ് ന്യൂനപക്ഷങ്ങൾക്ക് അവകാശങ്ങൾ ഉറപ്പുവരുത്തിയിരിക്കുന്നത്. ഭരണഘടനയും നിയമവാഴ്ചയും അംഗീകരിക്കുന്നവർ ഇത് മാനിച്ചേ തീരൂ.

ഭൂരിപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ മതസംസ്കാരങ്ങൾ പ്രബലമായതിനാൽ അവർക്കു പ്രത്യേക പരിരക്ഷ ആവശ്യമില്ല. എന്നാൽ ന്യൂനപക്ഷങ്ങൾ അങ്ങനെയല്ല. പ്രബല ഭാഷാ, മത സംസ്കാരങ്ങളുടെ പശ്ചാത്തലത്തിൽ തങ്ങളുടെ പ്രത്യേക സാംസ്കാരികമൂല്യങ്ങൾ പരിരക്ഷിക്കുവാൻ സഹായിക്കുന്ന സംവിധാനങ്ങൾ, പ്രത്യേകിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്താനും നടത്താനുമുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരിക്കണമെന്നാണ് ന്യൂനപക്ഷാവകാശങ്ങളിലൂടെ ഭരണഘടനാശില്പികൾ വിഭാവനം ചെയ്തിരിക്കുന്നത്. തന്നെയുമല്ല, ഈ സ്വാതന്ത്ര്യം മാറിവരുന്ന സർക്കാരുകളുടെയോ ഭൂരിപക്ഷങ്ങളുടെയോ ഇഷ്ടാനിഷ്ടങ്ങൾക്കനുസൃതമായി മാറ്റിമറിക്കാതിരിക്കാനാണ് ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന പ്രത്യേക പരിരക്ഷ

www.malankaralibrary.com

നല്കുന്നത്. ഇത് ന്യൂനപക്ഷങ്ങളോടുള്ള പ്രത്യേക ഔദാര്യമല്ല, കേവലനീതി മാത്രമാണ്.

**3. പിന്നെ എന്തുകൊണ്ടാണ് ഈ അവകാശങ്ങൾക്കെതിരെ നിരവധി കോടതി വ്യവഹാരങ്ങൾ ഉണ്ടായിട്ടുള്ളത്?**

ഭരണഘടന ഉറപ്പുനല്കുന്ന അവകാശങ്ങളെപ്പറ്റി പലപ്പോഴും ഭരണാധികാരികൾ തന്നെയോ മറ്റുള്ളവരോ യഥാവിധി മനസ്സിലാക്കുന്നതിൽ പരാജയപ്പെട്ടതുകൊണ്ടാണ് ന്യൂനപക്ഷങ്ങളെ സംബന്ധിച്ച നിരവധി കേസുകൾ ഉണ്ടായിട്ടുള്ളത്. ന്യൂനപക്ഷാവാകാശങ്ങളെ മനസ്സിലാക്കാനോ അംഗീകരിക്കാനോ തയ്യാറാകാത്ത സാഹചര്യം ഭാരതത്തിൽ നിലനില്ക്കുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇത്തരം കേസുകൾ. ഇവയുടെ ബാഹുല്യം തന്നെ ന്യൂനപക്ഷാവകാശങ്ങളുടെ പ്രസക്തി എടുത്തുകാട്ടുകയാണ് ചെയ്യുന്നത്. ഇത്തരം കേസുകളെ സംബന്ധിച്ച കോടതിവിധികളിൽ ബഹുഭൂരിപക്ഷവും ന്യൂനപക്ഷാവകാശങ്ങളെ ശരിവയ്ക്കുന്നതായിരുന്നുവെന്നത് നീതിന്യായകോടതികൾ ഭരണഘടനാദത്തമായ പരിരക്ഷകൾ സംരക്ഷിക്കാൻ ബദ്ധശ്രദ്ധരായിരുന്നുവെന്നതിന് തെളിവാണ്. കേരള എഡ്യുക്കേഷണൽ ബിൽ റഫറൻസ് കേസ് (1950): SCR 995, അഹമ്മദ്ബാദ് സെന്റ് സേവ്യേഴ്സ് കോളേജ് x ഗുജറാത്ത് സംസ്ഥാനകേസ് (1974): SCR 1389, ഡൽഹി സെന്റ് സ്റ്റീഫൻസ് x ഡൽഹി യുണിവേഴ്സിറ്റി കേസ് (1992): SCR 1650, ഏറ്റവുമൊടുവിൽ 2002 ഒക്ടോബർ 31 ലെ സുപ്രീംകോടതി പതിനൊന്നംഗ ബഞ്ചിന്റെ വിധി എന്നിവ ഇതിനുദാഹരണങ്ങളാണ്. ന്യൂനപക്ഷാവകാശങ്ങൾ കവർന്നെടുക്കാനുള്ള ശ്രമങ്ങൾ സ്വകാര്യവ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പലപ്പോഴും സംസ്ഥാനസർക്കാരുകളുടെയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇന്നും പലയിടങ്ങളിലും അതു തുടരുന്നുണ്ട്. ന്യൂനപക്ഷങ്ങളെ നിരന്തരം കോടതികയറ്റി അവരുടെ മനോവീര്യം കെടുത്താനുള്ള ശ്രമവും ഇന്നു നടക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ, നീതിന്യായകോടതികൾ ന്യൂനപക്ഷങ്ങളുടെ ഭരണഘടനാദത്തമായ അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ മുന്നോട്ടുവരുന്നുവെന്നുള്ളത് ന്യൂനപക്ഷങ്ങൾക്കും ഭരണഘടനാവ്യവസ്ഥകൾക്കനുസരിച്ച് രാജ്യം പുലരാനാഗ്രഹിക്കുന്ന ബഹുഭൂരിപക്ഷം ജനങ്ങൾക്കും ആശ്വാസം പകരുന്നു.

**4. കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജ് സംബന്ധിച്ച പ്രശ്നങ്ങളിൽ ന്യൂനപക്ഷാവകാശങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത് എന്തിനാണ്?**

വിരലിലെണ്ണാവുന്ന ഏതാനും സ്വാശ്രയ മെഡിക്കൽ കോളേജ്

www.malankaralibrary.com

മാനേജുമെന്റുകളെ മാത്രം ബാധിക്കുന്ന ഒറ്റപ്പെട്ട ഒരു പ്രശ്നമെന്ന നിലയ്ക്കല്ല, ന്യൂനപക്ഷങ്ങളുംകൂടി ഉൾപ്പെട്ട സ്വാശ്രയ മെഡിക്കൽകോളേജ് പ്രശ്നത്തെ കാണേണ്ടത്. ന്യൂനപക്ഷാവകാശങ്ങളുടെ പശ്ചാത്തലത്തിലും ന്യൂനപക്ഷങ്ങൾ നടത്തുന്ന ഇതര സ്വാശ്രയ എൻജിനീയറിംഗ് - നേഴ്സിംഗ് കോളേജുകൾ, റ്റി.റ്റി.സി., ബി.എഡ്. കോളേജുകൾ എന്നിവയെയുംകുടി ബാധിക്കുന്ന ഒന്നായി വേണം സ്വാശ്രയ മെഡിക്കൽകോളേജ് സംബന്ധിക്കുന്ന പ്രശ്നങ്ങളെയും കാണേണ്ടത്. ന്യൂനപക്ഷസ്ഥാപനങ്ങളെ സംബന്ധിച്ചുള്ള സുപ്രീംകോടതി പതിനൊന്നംഗ ബഞ്ചിന്റെ വിധി (31-10-2002), ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ സമ്പൂർണ്ണ സ്വാതന്ത്ര്യം ഉറപ്പു നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഈ അധികാരാവകാശങ്ങളുടെമേൽ കൈകടത്താനുള്ള ഏത് ശ്രമത്തെയും സർവ്വശക്തിയോടെ എതിർത്തില്ലെങ്കിൽ ന്യൂനപക്ഷങ്ങളുടെ മറ്റ് സ്ഥാപനങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന നിയന്ത്രണങ്ങളുമായി തല്പരകക്ഷികൾ മുന്നോട്ടു പോകും.

**5. സുപ്രീം കോടതി പതിനൊന്നംഗ ബഞ്ചിന്റെ വിധിതീർപ്പിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ സ്ഥാപനങ്ങൾക്ക് എന്തെല്ലാം അവകാശങ്ങളാണുള്ളത്?**

സർക്കാരിന്റെ യാതൊരുവിധ സാമ്പത്തികസഹായവുമില്ലാതെ സന്നദ്ധസംരംഭകർ മൂലധനം കണ്ടെത്തി സ്ഥലം, കെട്ടിടം, ലാബ്, ലൈബ്രറി തുടങ്ങിയ എല്ലാ അടിസ്ഥാനസൗകര്യങ്ങളുമൊരുക്കി, ഗവർമെന്റ് നിശ്ചയിക്കുന്ന യോഗ്യതയുള്ള അദ്ധ്യാപകരെ ശമ്പളം കൊടുത്ത് നിയമിച്ച് നടത്തിക്കൊണ്ടുപോകുന്നവയാണ് സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങൾ. ഇവ എയ്ഡഡ് സ്ഥാപനങ്ങളിൽനിന്നും വ്യത്യസ്തമാണ്. സർക്കാർ, അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കുന്നുവെന്ന കാരണത്താൽ എയ്ഡഡ് സ്ഥാപനങ്ങളുടെമേലുള്ള സർക്കാരിന്റെ കുറെയെല്ലാം നിയന്ത്രണങ്ങൾ മനസ്സിലാക്കാവുന്നതാണ്. എന്നാൽ വെറും ഒരു അനുവാദമൊഴിച്ച് സർക്കാരിന്റെ യാതൊരു സാമ്പത്തികസഹായവും ലഭിക്കാത്ത സ്വാശ്രയസ്ഥാപനങ്ങളിലെ പകുതി സീറ്റും സർക്കാർ അവകാശപ്പെടുന്നതിൽ ഒരു നീതീകരണവുമില്ല.

സ്വാശ്രയവിദ്യാഭ്യാസസ്ഥാപനങ്ങളുടെയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവകാശങ്ങൾ പുനർനിർണയം ചെയ്യുന്നതായിരുന്നു സുപ്രീംകോടതി പതിനൊന്നംഗ ബഞ്ചിന്റെ വിധി. ന്യൂന

www.malankaralibrary.com

പക്ഷസ്ഥാപനങ്ങളിലെ വിദ്യാർത്ഥിപ്രവേശനത്തിൽ 50% പൊതുമെറിറ്റിൽ വേണമെന്നുള്ള സുപ്രീംകോടതിയുടെതന്നെ സെന്റ് സ്റ്റീഫൻസ് കോളേജ് കേസിലെ വിധിതീർപ്പ് ഈ വിധി എടുത്തുകളഞ്ഞു. സ്വാശ്രയസ്ഥാപനങ്ങൾക്ക് നൂറു ശതമാനം സീറ്റുകളിലേയ്ക്കും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും കോടതി പരിപൂർണ്ണ സ്വാതന്ത്ര്യം നല്കി. ഇതിന്റെ പേരിൽ തലവരി ഈടാക്കി വാണിജ്യ താല്പര്യങ്ങൾക്ക് വശംവദരാകാതിരിക്കാൻവേണ്ടി സ്ഥാപനം നടത്തിക്കൊണ്ടുപോകാനുള്ള ഫീസ് വിദ്യാർത്ഥികളിൽനിന്നുതന്നെ ഈടാക്കാനും കോടതി അനുവദിച്ചു. വിദ്യാർത്ഥിപ്രവേശനത്തിൽ സുതാര്യത പുലർത്തുന്നപക്ഷം സർവ്വകലാശാലയോ സർക്കാരോ സ്വാശ്രയ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ ഇടപെടരുതെന്നും കോടതി വിധിച്ചു.

**6. ഈ കോടതിവിധിയുടെ പശ്ചാത്തലത്തിൽ കേരള സർക്കാരിന്റെ എന്തൊക്കെ ആവശ്യങ്ങൾക്കാണ് നിലനില്പില്ലാതെ പോകുന്നത്?**

ഒന്നാമതായി, 50 ശതമാനം സീറ്റുകൾ സർക്കാരിന്റേതാക്കിയത് മേല്പറഞ്ഞ കോടതിവിധിക്കെതിരാണ്. മാനേജുമെന്റുകൾ സർക്കാർക്വോട്ടായ്ക്കുവേണ്ടി സ്വമനസ്സാ സമ്മതിച്ച 25 ശതമാനം സീറ്റൊഴികെ ബാക്കി 75 ശതമാനം സീറ്റിനും മാനേജുമെന്റിനു പ്രവേശനം നല്കാമെന്ന ഏറ്റവും ഒടുവിലത്തെ കേരള ഹൈക്കോടതിവിധി (20-01-2003) സുപ്രീംകോടതി വിധിയുടെ അന്തസത്തയോടു ചേർന്നുപോകുന്നു. റിവിഷൻ ഹർജിയിൽ ഹൈക്കോടതി നല്കിയ വിധിയും (17-02-2003) സർക്കാരിന്റെ വ്യവസ്ഥകൾ അംഗീകരിക്കുന്നില്ല.

രണ്ടാമതായി, സർക്കാർ ക്വോട്ടായിലെ വാർഷിക ഫീസിന്റെ കാര്യമാണ്. സ്ഥാപനം നടത്തിക്കൊണ്ടുപോകാനാവശ്യമായ ഫീസ് സ്വാശ്രയ സ്ഥാപനങ്ങൾക്ക് വിദ്യാർത്ഥികളിൽനിന്നുതന്നെ ഈടാക്കാവുന്നതാണെന്ന സുപ്രീംകോടതിവിധിയുടെ നഗ്നമായ ലംഘനമാണ് സർക്കാർ ക്വോട്ടായിലെ ഫീസ് നിരക്കുനിർണ്ണയം. തന്നെയുമല്ല, സർക്കാർ മെഡിക്കൽകോളേജിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്ക് ഒന്നരലക്ഷം രൂപ ചെലവാകുമെന്ന് കോടതിയെ രേഖാമൂലം ബോധിപ്പിച്ച സർക്കാർ, സ്വാശ്രയമെഡിക്കൽ കോളേജിൽ ഫീസായി 28,750 രൂപ മതിയെന്നു നിശ്ചയിച്ചതും കടുത്ത അനീതിയാണ്. ഒരു മെഡിക്കൽ വിദ്യാർത്ഥിക്ക് വർഷം ഒന്നരലക്ഷം ചെലവു വരുമെന്ന കേരളസർക്കാരിന്റെ കണക്കുകൂട്ടൽതന്നെ തെറ്റാണെന്ന് റിപ്പോർട്ടുകൾ ചൂണ്ടിക്കാ

www.malankaralibrary.com

ട്ടുന്നു. കേന്ദ്രസർക്കാർ 2003 ഫെബ്രു. 26 ന് പാർലമെന്റിൽ നൽകിയ കണക്കനുസരിച്ച് (ചോ. നമ്പർ 1310) ഒരു വിദ്യാർത്ഥിക്കുവേണ്ടി സർക്കാർ 3.15 ലക്ഷം രൂപയാണ് ചെലവാക്കുന്നത് (ദീപിക p. 1, col. 1-2, 13-03-2003).

ഒരു വിദ്യാർത്ഥിക്ക് പഠിക്കാൻ മൊത്തം 22 ലക്ഷം രൂപ ചെലവു വരുമെന്നിരിക്കേ (ചോദ്യം 12 കാണുക) സർക്കാർ നിർദ്ദേശിക്കുന്ന 50 ശതമാനം വിദ്യാർത്ഥികൾ 1,43,750 രൂപ മാത്രം അടയ്ക്കുമ്പോൾ മാനേജ്മെന്റ് ക്വാട്ടായിൽ അഡ്മിഷൻ കിട്ടുന്നവരിൽ ഓരോരുത്തരും 4,40,000 രൂപ അടയ്ക്കേണ്ടതതായി വരും. ഇതു ന്യൂനപക്ഷത്തിനു നൽകുന്ന ശിക്ഷയല്ലാതെ മറ്റെന്താണ്. സർക്കാരിന് ജനങ്ങളുടെ നികുതിപ്പണത്തിൽനിന്നും ബാക്കി അധികമുള്ള തുക മുടക്കാൻ സാധിക്കും. മാനേജ്മെന്റുകൾ ഈ വലിയ തുക എവിടെനിന്ന് ഉണ്ടാക്കും? അതുകൊണ്ട് സ്വാശ്രയസ്ഥാപനങ്ങളിലെ സർക്കാർ പ്രവേശന ക്വോട്ടാ, അതിന്റെ ഫീസ് എന്നീ കാര്യങ്ങളിലുള്ള സർക്കാരിന്റെ നിലപാടുകൾക്ക് കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിലനില്പ്പില്ല.

**7. സ്വാശ്രയകോളേജ് പ്രശ്നം പരിഹരിക്കപ്പെടാത്തത് ചില മാനേജുമെന്റുകളുടെ പിടിവാശി മൂലമാണെന്ന പ്രചാരണം ശരിയാണോ?**

സ്വാശ്രയസ്ഥാപനങ്ങളെ സംബന്ധിച്ച സുപ്രീംകോടതി, ഹൈക്കോടതി വിധികളുടെ ഗുണഭോക്താക്കൾ ഏതാനും ന്യൂനപക്ഷ സ്വാശ്രയ സ്ഥാപനങ്ങൾ മാത്രമല്ല. ഭൂരിപക്ഷങ്ങളുടേതുൾപ്പെടെയുള്ള എല്ലാ സ്വാശ്രയ സ്ഥാപനങ്ങളുമാണ്. അതുകൊണ്ടാണ് ഹൈക്കോടതിവിധി വന്നയുടനെ നേരത്തെ സർക്കാർ നിലപാടുകൾക്കനുസൃതമായി നിലപാടെടുത്ത ഒരു ഭൂരിപക്ഷസ്ഥാപനം 75 ശതമാനം സീറ്റുകൾ ലഭ്യമാണെന്ന ഒരു പത്രപ്പരസ്യംതന്നെ ഇറക്കിയത്. അതെന്തായാലും, ന്യൂനപക്ഷസ്ഥാപനങ്ങൾ സുപ്രീം കോടതിവിധിയുടെ വെളിച്ചത്തിൽ തങ്ങളുടെ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടാൻ രംഗത്തിറങ്ങിയത് എങ്ങനെ പിടിവാശിയാകും? എങ്ങനെയും നിർബന്ധിച്ച് 50:50 ശതമാനം അനുപാതം സീറ്റുകൾ നിലനിർത്തുകയും ഇക്കാര്യത്തിൽ യാതൊരു ചർച്ചയ്ക്കും തയ്യാറാകാതിരിക്കുകയും കോടതിയിൽ തോറ്റാൽ നിയമനിർമ്മാണം നടത്തും എന്നു പറയുകയും ചെയ്യുന്നവരുടെ പിടിവാശിയാണ് പ്രശ്നങ്ങൾ തീരാതിരിക്കുന്നതിനും അർഹിക്കുന്ന വിദ്യാർത്ഥികളുടെതന്നെയും പ്രവേശനം വച്ചു താമസിപ്പിക്കുന്നതിനും കാരണമാകുന്നത്.

www.malankaralibrary.com

**8. സ്വാശ്രയ മാനേജുമെന്റുകൾ ഗവർമെന്റുമായുള്ള ധാരണ ലംഘിച്ചത് മര്യാദ കേടായി എന്ന പ്രസ്താവന ശരിയോ?**

സ്വാശ്രയ സ്ഥാപനങ്ങൾ നടത്താൻ ഗവർമെന്റ് അനുവാദം നല്കുമ്പോൾ ഒരു ധാരണാപത്രവും എഴുതി വാങ്ങിയിട്ടില്ല. സ്വാശ്രയ മാനേജുമെന്റുകളുമായോ ന്യൂനപക്ഷസ്ഥാപനങ്ങളുടെ പ്രതിനിധികളുമായോ യാതൊരു ചർച്ചയും നടത്താൻ സർക്കാർ തയ്യാറായിട്ടില്ല. ഇല്ലാത്ത ധാരണ ലംഘിച്ചു എന്നു പറയുന്നതല്ലേ കൂടുതൽ മര്യാദ കേട്? തന്നെയുമല്ല, സ്വാശ്രയ സ്ഥാപനങ്ങൾക്കു ഗവൺമെന്റ് അനുവാദം നല്കുമ്പോഴുള്ള സാഹചര്യമല്ല സുപ്രീം കോടതിവിധി അവകാശങ്ങൾ പുനർനിർണ്ണയം ചെയ്ത സാഹചര്യത്തിലുള്ളത്. അഥവാ, എന്തെങ്കിലും ധാരണ ഗവൺമെന്റിന്റെ മനസ്സിലുണ്ടായിരുന്നെങ്കിൽത്തന്നെ അന്ന് ഈ വിധി വന്നിട്ടില്ലാതിരുന്നതിനാൽ അതിൽകൂടുതൽ ചോദിക്കാൻ മാനേജുമെന്റിന് കഴിയുമായിരുന്നില്ല. എയ്ഡഡ് സ്ഥാപനങ്ങളിൽപോലും 50:50 ശതമാനം അനുപാതം ന്യൂനപക്ഷങ്ങൾക്ക് സ്വീകാര്യമല്ലാതിരുന്നതുകൊണ്ടാണ് അവർ സുപ്രീംകോടതിയിൽ അപ്പീൽ പോയത്. പരമോന്നത നീതിന്യായ കോടതി ഉറപ്പുനൽകുന്ന അവകാശങ്ങൾ ബലികഴിച്ചുകൊണ്ട് ഗവൺമെന്റു താല്പര്യങ്ങൾക്ക് വിധേയപ്പെടണമെന്ന് ഭരണഘടനാനുസൃതം സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയ ഒരു ജനാധിപത്യ സർക്കാരിനു എങ്ങനെ പറയാൻ കഴിയും? ഭരണഘടനാദത്തമായ അവകാശങ്ങൾ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി ഒരു പൗരൻ കോടതിയിൽ പോകുന്നതു ന്യായമല്ലേ?

**9. ഗവൺമെന്റ് പറയുന്ന 50 ശതമാനം സീറ്റ് ന്യായമല്ലേ? ഇന്നത്തെ കേരളസാമൂഹിക സാഹചര്യത്തിൽ പാവപ്പെട്ടവർക്കും മറ്റെല്ലാ വിഭാഗങ്ങൾക്കും കുറഞ്ഞ ഫീസിൽ പഠിക്കാൻ അവസരം നൽകുന്നത് സാമൂഹികനീതിക്ക് ചേർന്നതല്ലേ?**

പുറമേ ആകർഷകമായ ഈ വാദത്തിന്റെ പിന്നിലെ നിക്ഷിപ്ത താല്പര്യങ്ങൾ നാം കണ്ടില്ലെന്നു നടിക്കരുത്. ഒന്നാമതായി, ന്യൂനപക്ഷ സ്ഥാപനങ്ങളിലെ പ്രഥമപരിഗണന ന്യൂനപക്ഷങ്ങൾക്ക് തന്നെയാണ്. ന്യൂനപക്ഷങ്ങളിൽനിന്ന് പിരിവെടുത്തും കടമെടുത്തും പണം സമാഹരിച്ച് സ്ഥാപനങ്ങൾ പടുത്തുയർത്തുമ്പോൾ അവരുടെ ഭരണഘടനാദത്തമായ ആവശ്യങ്ങൾ ബലികഴിക്കപ്പെടരുത്. ന്യൂനപക്ഷങ്ങൾ വളരെ കുറവുള്ള ഡൽഹി, മഹാരാഷ്ട്ര തുടങ്ങിയ സ്ഥലങ്ങളിൽ 50 ശതമാനം സീറ്റുകൾതന്നെ ആവശ്യത്തിലേറെയാണ്. എന്നാൽ താര

www.malankaralibrary.com

തമ്യേന ന്യൂനപക്ഷങ്ങൾ കൂടുതലുള്ള (അവർ ഭൂരിപക്ഷമല്ല) കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ ന്യൂനപക്ഷങ്ങളിലെ അർഹരായ കുട്ടികൾക്ക് ന്യൂനപക്ഷസ്ഥാപനങ്ങളിൽത്തന്നെ അവസരങ്ങൾ നിഷേധിക്കപ്പെടുന്നത് ന്യൂനപക്ഷാവകാശങ്ങളുടെ ലംഘനമല്ലേ? എന്നാൽ കേരളത്തിലെ രണ്ട് ന്യൂനപക്ഷ സ്വാശ്രയമെഡിക്കൽകോളേജുകളിൽതന്നെ 45 - ഉം 38 - ഉം ശതമാനം വീതം സീറ്റുകൾ ന്യൂനപക്ഷേതര വിദ്യാർത്ഥികൾക്ക് ലഭിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾ നടത്തുന്ന എല്ലാ സ്ഥാപനങ്ങളിലും ന്യൂനപക്ഷേതര വിദ്യാർത്ഥികൾക്കും ഗണ്യമായ തോതിൽ സീറ്റുകൾ നൽകുന്നുണ്ടെന്നുള്ളത് ഏവർക്കുമറിയാവുന്നതാണ്.

ഇനിയുള്ളത്, സർക്കാർ നല്കുന്ന മെറിറ്റ് ലിസ്റ്റിലുള്ളവരുടെ കാര്യമാണ്. 100 ശതമാനം സീറ്റുകളും മാനേജുമെന്റിന് അവകാശപ്പെട്ടതാണെന്ന സുപ്രീംകോടതിവിധി നിലനില്ക്കെതന്നെ അവർ 25 ശതമാനം സീറ്റുകൾ സർക്കാർ മെറിറ്റ്ലിസ്റ്റിൽ ഉള്ളവർക്കുവേണ്ടി നീക്കിവച്ചിരിക്കുന്നുവെന്നത് ഈ സ്ഥാപനങ്ങളുടെ സാമൂഹിക പ്രതിബദ്ധതയെ എടുത്തുകാണിക്കുന്ന കാര്യമല്ലേ? ഇതും മുകളിൽ പറഞ്ഞ 40 ശതമാനവും ചേർന്ന് 65 ശതമാനം സീറ്റുകളും പൊതുവിഭാഗത്തിന് ലഭിക്കുന്നുണ്ടല്ലോ.

ഇനി സർക്കാർ മെറിറ്റ് ലിസ്റ്റിലെ തന്നെ സാമൂഹികനീതിയും പരിഗണിക്കേണ്ടതാണ്. സർക്കാർ മെറിറ്റിൽ പ്രവേശനം നേടുന്നവരിൽ ഒരു വലിയ ശതമാനവും വൻതുകകൾ ചെലവഴിച്ച് കോച്ചിംഗ് സെന്ററിൽ പഠിച്ച് പ്രവേശനപരീക്ഷ ജയിക്കുന്ന, നഗരങ്ങളിലുള്ള സമ്പന്ന വിഭാഗത്തിൽപെട്ടവരിൽനിന്നാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? സർക്കാർ മെറിറ്റ് ലിസ്റ്റും ആരോപണവിമുക്തമാണെന്നു പറയാൻ കഴിയുമോ? ഇങ്ങനെവരുന്ന സമ്പന്നവിഭാഗങ്ങളിൽനിന്നും സർക്കാർ നിശ്ചയിക്കുന്ന കുറഞ്ഞ ഫീസുമാത്രം ഈടാക്കി അതിന്റെ കുറവു നികത്താൻ മാനേജുമെന്റ് സീറ്റിൽ വരുന്ന സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നില്ക്കുന്നവരും ഗ്രാമങ്ങളിൽനിന്നുള്ള വരുമായ വിദ്യാർത്ഥികളെ പിഴിയുന്നത് അനീതിയല്ലേ? ഇങ്ങനെ വരുന്നത് അന്യായമാണെന്ന സുപ്രീംകോടതിവിധിയും വ്യക്തമാക്കിയിട്ടുണ്ടല്ലോ. വലിയ തുക ഫീസ് മുടക്കി മാനേജുമെന്റ്ലിസ്റ്റിലെ പാവപ്പെട്ട വിദ്യാർത്ഥികൾ എങ്ങനെ പഠിക്കും? ഒരു വിദ്യാർത്ഥിക്ക് ഒന്നരലക്ഷം രൂപാ ചെലവാകുമെന്ന് പറയുന്ന സർക്കാർ 8000 രൂപയാണ് സർക്കാർ

www.malankaralibrary.com

മെഡിക്കൽകോളേജിൽ ഫീസായി വാങ്ങുന്നത്. ബാക്കി തുക നികുതിദായകരുടെ പണത്തിൽനിന്നാണല്ലോ സർക്കാർ മുടക്കുന്നത്. പാവപ്പെട്ട നികുതിദായകരുടെ പണം കൈകാര്യം ചെയ്യുന്ന ഗവർമെന്റിന് എന്തുകൊണ്ട് സ്വാശ്രയസ്ഥാപനങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കും ഇതേ ആനുകൂല്യം നൽകിക്കൂടാ? ഇക്കാര്യത്തിൽ മാനേജുമെന്റുകൾ തങ്ങൾക്കാവുന്ന സഹായങ്ങൾ ചെയ്യാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാരിന്റെ മെറിറ്റ് ലിസ്റ്റിൽ സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നില്ക്കുന്നവർക്കു മുൻഗണന കൊടുക്കാനും അവർക്ക് സ്കോളർഷിപ്പുകളോ, വിദ്യാഭ്യാസലോണുകളോ ലഭ്യമാക്കാനും ശ്രമിക്കുന്നതല്ലേ സമ്പന്ന വിഭാഗങ്ങൾക്കുവേണ്ടി മെറിറ്റ് ലിസ്റ്റുമായി നെട്ടോട്ടമോടുന്നതിലും ന്യായമായിട്ടുള്ളത്? പാവപ്പെട്ടവർ ഉൾപ്പെടെയുള്ള നികുതിദായകരുടെ പണം കൈകാര്യം ചെയ്യുന്ന സർക്കാരിന് പാവപ്പെട്ട കുട്ടികളോടു ആത്മാർത്ഥതയുണ്ടെങ്കിൽ അവരുടെ പഠനച്ചെലവിന്റെ ഭാരം കൂടി മാനേജുമെന്റുകളുടെമേൽ കെട്ടിവയ്ക്കാതെ അവർക്കുവേണ്ടി ഫണ്ടു കണ്ടെത്താൻ സാധിക്കാവുന്നതേയുള്ളൂ.

**10. കേരളത്തിന്റെ സാമൂഹികസ്ഥിതി പരിഗണിച്ചുകൊണ്ട് 50% മെറിറ്റ് ലിസ്റ്റിൽ പ്രവേശനം നൽകണമെന്ന് പറയുന്നതെന്തുകൊണ്ട്?**

സ്വാശ്രയ സ്ഥാപനങ്ങൾ വിജയകരമായി നടത്തുന്ന മറ്റു സംസ്ഥാനങ്ങളിലില്ലാത്ത എന്ത് സാമൂഹിക സ്ഥിതിവിശേഷമാണ് കേരളത്തിലുള്ളത്? മഹാരാഷ്ട്രയിൽ 10 ശതമാനവും കർണാടകത്തിൽ 20-25 ശതമാനവും മാത്രവുമാണ് സർക്കാർ ക്വോട്ടായുള്ളത്. തമിഴ്നാട്ടിൽ, ന്യൂനപക്ഷസ്വാശ്രയസ്ഥാപനങ്ങളിൽ 30 ശതമാനവും മറ്റ് സ്വാശ്രയസ്ഥാപനങ്ങളിൽ 50 ശതമാനവുമാണ് ഗവർമെന്റ് ക്വോട്ടാ. വെല്ലൂർ ക്രിസ്ത്യൻ മെഡി. കോളേജ്, ബാംഗ്ലൂർ സെന്റ് ജോൺസ് മെഡി. കോളേജ് എന്നീ സ്വാശ്രയസ്ഥാപനങ്ങളിൽ 100 ശതമാനം സീറ്റിലും മാനേജ്മെന്റാണ് പ്രവേശനം നല്കുന്നത്. ഒറീസായിലാകട്ടെ, സ്വാശ്രയ മെഡിക്കൽകോളേജ് സംരംഭകർക്ക് സൗജന്യമായി ഭൂമി നല്കുകയും മൂന്നുവർഷത്തേക്ക് പത്തുകോടി രൂപാ വീതം ഗ്രാന്റു നല്കുകയും സർവ്വകലാശാലാ - മെഡിക്കൽ കൗൺസിൽ അംഗീകാരങ്ങൾ സംഘടിപ്പിച്ചുകൊടുക്കാമെന്ന വാഗ്ദാനം നടത്തുകയും ചെയ്യുന്നതായി റിപ്പോർട്ടുകളുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം, വിദ്യാഭ്യാസരംഗത്ത് നെടുനാളത്തെ പ്രവർത്തനപാരമ്പര്യമുള്ള ന്യൂനപക്ഷക്രൈസ്തവസ്ഥാപനങ്ങളിൽ എല്ലാ വിഭാഗങ്ങളിലുംപെട്ടവർക്കു പ്രവേശനം നൽകുന്നുണ്ട്.

www.malankaralibrary.com

കേരളത്തിലെ വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവ സ്ഥാപനങ്ങൾ നൽകിവരുന്ന സേവനങ്ങളുടെ ഫലം അനുഭവിക്കുകയും അവരെ ശ്ലാഘിക്കുകയും ചെയ്യാനാണ് ഇതര സമുദായങ്ങളും ശ്രമിച്ചിട്ടുള്ളത്. ഇങ്ങനെ സാമുദായിക സൗഹാർദ്ദം നിലനില്ക്കുന്ന അന്തരീക്ഷത്തിൽ 25 ശതമാനം സീറ്റുകൾകൂടി സർക്കാർ ക്വോട്ടായിൽ നല്കിയില്ലെങ്കിൽ സാമുദായിക സന്തുലിതാവസ്ഥ തകരുമെന്ന പ്രചാരണം ദുരുദ്ദേശ്യപരമാണ്.

സ്വാശ്രയമെഡിക്കൽകോളേജുപോലുള്ള സ്ഥാപനങ്ങൾ നടത്താനാവശ്യമായ സാമൂഹിക സാമ്പത്തിക സ്വാധീനമുള്ള പല സമുദായങ്ങളും ഈ രംഗത്തുനിന്നു മാറിനിന്നപ്പോൾ സർക്കാരിന്റെ "കേരളവികസന സ്വപ്നം" സാക്ഷാത്കരിക്കാൻ രംഗത്തിറങ്ങി, കടമെടുത്തും പിരിവെടുത്തും ദുഷ്പ്രചാരണങ്ങൾ സഹിച്ചും കോടതി കയറിയും സ്വാശ്രയസ്ഥാപനങ്ങൾ പടുത്തുയർത്താൻ മുന്നോട്ടുവന്നത് ന്യൂനപക്ഷമാനേജുമെന്റുകളാണെന്നോർക്കണം. (തങ്ങൾക്ക് 75 ശതമാനം സീറ്റുകൾ ലഭിച്ചാലും മെഡിക്കൽകോളേജുകൾ ലാഭകരമായി നടത്തിക്കൊണ്ടുപോകുവാൻ കഴിയില്ലെന്ന് ഒരു സമുദായ നേതാവ് പ്രഖ്യാപിച്ചതോർക്കുക). ഇങ്ങനെ പണം സ്വരൂപിച്ച് പല വിധത്തിലുള്ള പ്രതിബന്ധങ്ങളുമായി മല്ലടിച്ച് സ്ഥാപനങ്ങളുയർത്തുമ്പോൾ ഇത്തരം സ്ഥാപനങ്ങൾ നടത്താൻ സൗകര്യമുണ്ടായിട്ടും പണം മുടക്കാതെ മാറിനിന്നവരുടെ താളത്തിനൊത്ത് ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രവേശനശതമാനം മാറ്റിമറിക്കണമെന്ന് പറയുന്നതിൽ എന്ത് നീതിയാണുള്ളത്? ന്യൂനപക്ഷങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തുകയെന്നതാണ് സർക്കാരിന്റെ ഭരണഘടനാപരമായ കടമ. പക്ഷെ ഇവിടെ ന്യൂനപക്ഷങ്ങളുടെ ചെലവിൽ ഭൂരിപക്ഷങ്ങൾക്ക് വിദ്യാഭ്യാസം നൽകാനുള്ള ശ്രമമാണ് നടക്കുന്നത്.

**11. ഒരു സ്വാശ്രയസ്ഥാപനത്തിൽ അനർഹർക്ക് പ്രവേശനം നല്കിയെന്ന ആരോപണം ശരിയോ?**

അധികാരവും വാർത്താമാധ്യമങ്ങളുടെ പിന്തുണയും ഉള്ളവരുടെ ദുഷ്പ്രചാരണങ്ങളാണിവ. സ്വാശ്രയമാനേജുമെന്റുകൾക്ക് പ്രവേശനപരീക്ഷ നടത്താനും യോഗ്യരായ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുമുള്ള അധികാരം ഉണ്ടെന്നു കോടതി വ്യക്തമാക്കിയിട്ടുണ്ട്. പ്രവേശനപരീക്ഷയിൽ 52 ശതമാനം മുതൽ 88.09 ശതമാനം വരെ മാർക്കുള്ളവർക്ക് പ്രവേശനം നല്കി എന്ന പ്രസ്തുത സ്ഥാപനത്തിന്റെ

www.malankaralibrary.com

വാദം കോടതി അംഗീകരിച്ച സ്ഥിതിക്ക് ഇതേക്കുറിച്ച് കൂടുതൽ പറയേണ്ടതില്ലല്ലോ? പ്രവേശനപരീക്ഷ നടത്തി സുതാര്യമായ വിധത്തിൽവേണം പ്രവേശനം നല്കുവാനെന്നുള്ള സുപ്രീംകോടതിവിധി ന്യൂനപക്ഷങ്ങൾ ഗൗരവമായി എടുക്കേണ്ട കാര്യമാണ്. മനുഷ്യജീവൻ കൈകാര്യം ചെയ്യാനുള്ളവരെ അതിനനുസരിച്ചുള്ള ബുദ്ധിമാനമുള്ളവരിൽനിന്ന് തെരഞ്ഞെടുക്കണമെന്ന കാര്യത്തിൽ ആർക്കും രണ്ടു പക്ഷമില്ല.

**12. ചില സ്വാശ്രയ മാനേജുമെന്റുകൾ വിദ്യാഭ്യാസക്കച്ചവടം നടത്തുന്നുവെന്ന ആരോപണം ശരിയാണോ?**

വിദ്യാഭ്യാസ സേവനമേഖലയിൽ പരിചയം സിദ്ധിച്ചവരാണ് ന്യൂനപക്ഷ സ്വാശ്രയസ്ഥാപനങ്ങൾ നടത്തുന്നതിൽ ഭൂരിഭാഗവും. അടുത്ത കാലത്തുമാത്രം ഈ രംഗത്തേക്കു വരുന്നവരാണ് ഇവയെല്ലാം കച്ചവട താല്പര്യമായി മാത്രം കാണുന്നത്. മാനേജുമെന്റുസീറ്റുകളിൽ പ്രവേശനം ലഭിച്ചശേഷം ഇടയ്ക്കുവച്ച് പഠനം നിർത്തിപ്പോകാതിരിക്കാൻ രസീതു കൊടുത്ത് സെക്യൂരിറ്റി വാങ്ങുന്നതും കൂടുതൽ വർഷത്തേക്കുള്ള പണം ഒന്നിച്ചു വാങ്ങിയിട്ടുണ്ടെങ്കിൽ പിരിച്ച തുകയുടെ പലിശ ചേർത്ത് വിദ്യാർത്ഥികൾക്ക് തിരിച്ചുകൊടുക്കാനുള്ള നിശ്ചയദാർഢ്യം പ്രകടിപ്പിച്ചതും ഹൈക്കോടതി അംഗീകരിച്ചുവെന്നോർക്കണം.

പുഷ്പഗിരി മെഡിക്കൽ കോളേജ് 73 വിദ്യാർത്ഥികൾക്ക് അഡ്മിഷൻ നൽകി 874 ലക്ഷം രൂപ ഉണ്ടാക്കിയിരിക്കുന്നു എന്ന് പ്രചരിപ്പിക്കുന്നവർ വസ്തുതകൾ മനഃപൂർവ്വം മൂടിവയ്ക്കുകയാണ്. എം.ബി.ബി.എസ്.സി.ന് അഞ്ചു വർഷം പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി സർക്കാർ മൊത്തം 35 ലക്ഷത്തോളം രൂപ മുടക്കുന്നുവെന്നാണ് ആരോഗ്യവകുപ്പുമന്ത്രി തന്നെ അഭിപ്രായപ്പെട്ടത്. കൃത്യമായ കണക്കുകൂട്ടലിനുശേഷം പുഷ്പഗിരി മെഡിക്കൽ കോളേജ് 22 ലക്ഷം രൂപയാണ് ചെലവ് കണക്കാക്കിയത്. പുഷ്പഗിരി തന്നെ നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ അഞ്ചു വർഷത്തെ ഫീസിനത്തിൽത്തന്നെ 1606 ലക്ഷം രൂപ സമാഹരിക്കേണ്ടതാണ്. വിദ്യാഭ്യാസക്കച്ചവടമെന്ന് കൊട്ടിഘോഷിക്കുന്നവർ സെക്യൂരിറ്റി ഉൾപ്പെടെ പിരിച്ച 874 ലക്ഷം രൂപയാണ് ഉയർത്തിക്കാണിക്കുന്നതെന്ന് ഓർക്കുക.

ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെയും യു.ജി.സിയുടെയും നിബന്ധനകളെല്ലാം പൂർത്തിയാക്കത്തക്കവിധം സംവിധാനമൊരുക്കാൻ കഴിഞ്ഞില്ലെങ്കിൽ സ്വാശ്രയ മെഡിക്കൽ കോളേജ് നിന്നുപോകും. സൗകര്യങ്ങൾ ഒരുക്കാൻ വേണ്ടത് 180 കോടി രൂപയാണ്. കട

www.malankaralibrary.com

മെടുത്ത് സൗകര്യങ്ങൾ ഒരുക്കിയാൽ അതിന്റെ പലിശയിനത്തിൽ സമാഹരിക്കേണ്ടിവരുന്ന തുകകൂടിയെങ്കിലും കണക്കാക്കിയിട്ടുവേണ്ടേ വിദ്യാഭ്യാസക്കച്ചവടമെന്നാരോപിക്കാൻ?

വാസ്തവത്തിൽ, ഇന്ന് വിദ്യാഭ്യാസക്കച്ചവടം നടത്തുന്നത് ഗവർമെന്റും സർവ്വകലാശാലകളും തന്നെയാണ്. ഒരു സ്വാശ്രയകോളേജിൽ ഡിഗ്രി കോഴ്സുകൾ അനുവദിക്കുന്നതിനുതന്നെ വൻതുകകളാണ് ഈടാക്കുന്നത്. അതിനുപുറമേ ഓരോ വർഷവും വൻ തുകകളാണ് സ്വാശ്രയകോളേജുകളുടെമേൽ ചുമത്തിയിരിക്കുന്നത്. വെറും ഒരു അനുവാദത്തിനുമാത്രമാണ് ഈ വൻതുകകൾ ഈടാക്കുന്നത്. കേരളത്തിലെ പ്രമുഖ സർവ്വകലാശാലകൾ സ്വാശ്രയസ്ഥാപനങ്ങളിൽനിന്നും ഈടാക്കാൻ നിശ്ചയിച്ചിരിക്കുന്ന പുതിയ നിരക്കുകൾ ഇതാ.

| മഹാത്മാഗാന്ധി സർവ്വകലാശാല | | | |
|---|---|---|---|
| നമ്പർ | കോഴ്സ് | പ്രാരംഭഫീസ് | ഓരോ വർഷവും |
| 1. | മെഡിക്കൽ/ദന്തൽ | 10 ലക്ഷം | 5 ലക്ഷം |
| 2. | എൻജിനീയറിംഗ് | 5 ലക്ഷം | 2½ ലക്ഷം |
| 3. | MCA/MBA/ഫിസിക്കൽ എഡ്യു. | 1½ ലക്ഷം | 75000 |
| 4. | ആർട്ട് & സയൻസ് | 1 ലക്ഷം | 15000 (ഓരോ കോഴ്സിനും) |
| 5. | ബി.എഡ്. കോഴ്സുകൾ | 3 ലക്ഷം | ഫീസിന്റെ 10% |
| 6. | മൈക്രോബയോളജി/ ഐ.റ്റി./ഫാഷൻ ടെക്നോളജി/ ഫുഡ് ടെക്നോളജി/ട്രാവൽ &ടൂറിസം ഹോട്ടൽ മാനേജ്മെന്റ് | 2 ലക്ഷം | 1 ലക്ഷം |
| 7. | നിയമം | 1 ലക്ഷം | ½ ലക്ഷം |
| 8. | നഴ്സിംഗ്/ആയുർവേദ/ഫാർമസി/ പാരാമെഡിക്കൽ/ഹോമിയോ/ സിദ്ധ/ബയോ ടെക്നോളജി | 3 ലക്ഷം | 1½ ലക്ഷം |

www.malankaralibrary.com

| കേരള സർവ്വകലാശാല | | | |
|---|---|---|---|
| നമ്പർ | സ്ഥാപനം/കോഴ്സ് | പ്രാരംഭഫീസ് | ഓരോ വർഷവും |
| 1. | ആർട്സ് & സയൻസ് കോളേജ് | 1 ലക്ഷം | 20000 (ഒരു കോഴ്സ്) |
| 2. | ബി.എഡ്. കോളേജ് | 2 ലക്ഷം | 1 ലക്ഷം |
| 3. | ലോ കോളേജ് | 1 ലക്ഷം | ½ ലക്ഷം |
| 4. | MBA & MCA സ്ഥാപനങ്ങൾ | 1 ലക്ഷം | ½ ലക്ഷം |
| 5. | നഴ്സിംഗ് കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 6. | ആയുർവേദ കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 7. | ഫാർമസി കോളേജ് & മറ്റ് പാരാമെഡിക്കൽ കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 8. | ഹോമിയോ കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 9. | ഫിസിക്കൽ വിദ്യാഭ്യാസ കോളേജ് | 5 ലക്ഷം | ½ ലക്ഷം |
| 10. | സിദ്ധ കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 11. | മെഡിക്കൽ/ദന്തൽ കോളേജ് | 10 ലക്ഷം | 5 ലക്ഷം |
| 12. | എൻജിനീയറിംഗ് കോളേജ് | 5 ലക്ഷം | 2½ ലക്ഷം |
| 13. | MCA സ്ഥാപനങ്ങൾ | 1 ലക്ഷം | ½ ലക്ഷം |

ഇതിൽ എം.ജി. സർവ്വകലാശാലയിൽ ബി.എഡ്. കോഴ്സിന് രജിസ്ട്രേഷനും പരീക്ഷാനടത്തിപ്പിനും ചാർജ്ജ് ഈടാക്കുന്നതുകൂടാതെ എല്ലാവർഷവും വിദ്യാർത്ഥികളുടെ ട്യൂഷൻഫീസിന്റെ 10 ശതമാനംകൂടി വാങ്ങുന്നു. വെറുതെ ഒരു കോഴ്സ് അനുവദിക്കുന്നതിനുവേണ്ടി മാത്രം ഇത്ര വലിയ തുക സ്വാശ്രയസ്ഥാപനങ്ങളുടെമേൽ കെട്ടിവയ്ക്കുന്നവരല്ലേ യഥാർത്ഥ വിദ്യാഭ്യാസക്കച്ചവടക്കാർ?

വിദ്യാഭ്യാസം ഒരു സേവനമേഖലയായാണ് ക്രൈസ്തവർ മനസ്സിലാക്കിയിട്ടുള്ളത്. അവിടെ വാണിജ്യ താല്പര്യവുമായി വന്ന് പണം കൊയ്യാൻ ഉത്തരവാദിത്വമുള്ള ക്രൈസ്തവമാനേജുമെന്റുകൾക്ക്

www.malankaralibrary.com

സാധിക്കുകയില്ല. സമൂഹത്തിലെ എല്ലാത്തലങ്ങളിലുംതന്നെ, ജനകീയാസൂത്രണം മുതൽ പല സർക്കാർ വകുപ്പുകൾവരെ, പടർന്നുപന്തിലിച്ചിരിക്കുന്ന സാമ്പത്തിക ക്രമക്കേടുകളുടെ പശ്ചാത്തലത്തിൽ എല്ലാ നല്ല സംരംഭങ്ങളിലും സാമ്പത്തിക കുറ്റങ്ങൾ ആരോപിക്കാൻ സാദ്ധ്യതയുണ്ട്. സാമ്പത്തിക കാര്യങ്ങളിൽ സുതാര്യത ഉറപ്പുവരുത്താൻ മാനേജുമെന്റുകൾ ബദ്ധശ്രദ്ധരാകണമെന്ന് ഇത്തരം ആരോപണങ്ങൾ പഠിപ്പിക്കുന്നു. ആരോപണങ്ങൾക്കതീതരായല്ല, ദുരാരോപണങ്ങൾക്ക് പഴുതില്ലാത്തവിധം പ്രവർത്തിക്കാനാണ് മാനേജുമെന്റുകൾ തയ്യാറാകേണ്ടതെന്ന പാഠവും ഇത് നല്കുന്നു.

**13. മാനേജുമെന്റുകൾ സാമൂഹികപ്രതിബദ്ധത മറക്കുന്നു എന്ന പരാതിയിൽ കഴമ്പുണ്ടോ?**

പാവപ്പെട്ടവരിൽനിന്നുകൂടി നികുതി പിരിച്ച് നടത്തുന്ന ഗവൺമെന്റ് മെഡിക്കൽ കോളേജു സീറ്റുകളിലെ സിംഹഭാഗവും സമ്പന്നവിഭാഗം കൈയ്യടക്കിയിരിക്കുമ്പോൾ ഏതാനും സീറ്റുകൾ സാമ്പത്തിക, സാമൂഹിക പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യമായി നല്കാമെന്ന പുഷ്പഗിരി സ്വാശ്രയ മാനേജുമെന്റിന്റെ തീരുമാനം സ്വാഗതാർഹവും മാതൃകാപരവുമാണ്. സമൂഹത്തിലെ ദുർബലവിഭാഗങ്ങൾക്കും പാവപ്പെട്ടവർക്കും എന്നും അത്താണിയായിരുന്നു ക്രൈസ്തവന്യൂനപക്ഷ സ്ഥാപനങ്ങൾ. വമ്പിച്ച സാമ്പത്തികബാദ്ധ്യത ഏറ്റെടുത്തുനടത്തുന്ന ക്രൈസ്തവസ്ഥാപനങ്ങൾ പാവപ്പെട്ടവർക്ക് അനഭിഗമ്യമാകുന്നുവെന്ന പരാതികളുടെ മദ്ധ്യത്തിലും വേണ്ട സേവനത്തിനുവേണ്ടിയുള്ള എല്ലാ മാർഗ്ഗങ്ങളും തുറന്നിടാനും ക്രൈസ്തവ മാനേജുമെന്റുകൾ തയ്യാറാകേണ്ടതാണ്.

**14. സർക്കാർ വ്യവസ്ഥ മാനിക്കാത്ത മാനേജുമെന്റുകൾ N.O.C തിരിച്ചു നൽകി അയൽസംസ്ഥാനങ്ങളിലേയ്ക്കു പോകട്ടെ എന്ന അഭിപ്രായത്തെക്കുറിച്ച് എന്തു പറയുന്നു?**

സ്വാശ്രയ മെഡിക്കൽ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവാദത്തോടെ N.O.C. നൽകുന്നത് മെഡിക്കൽ കൗൺസിലാണ്. അത് തിരിയെ ഏല്പിക്കണമെന്ന് പറയുന്നത് ബാലിശമാണ്. ദശാബ്ദങ്ങളായി ഈ മണ്ണിൽ സേവനം ചെയ്യുന്നതിന്റെ പേരിൽ രാഷ്ട്രപതിയുടെവരെ പ്രശംസയ്ക്ക് പാത്രമായ ഇന്നാട്ടുകാരായ ഒരു സമൂഹത്തിന്റെ പ്രതിനിധികളോട് ഇങ്ങനെ പറയുന്നത് തികച്ചും അവഹേളനപരവും ധിക്കാരപരവുമാണ്. സ്വേച്ഛാധിപത്യ താല്പര്യങ്ങളുമായി

www.malankaralibrary.com

കഴിഞ്ഞുകുടുന്നവരുടെ ജനാധിപത്യമുഖംമുടി ഇത്തരം പ്രസ്താവന കളിലൂടെ അഴിഞ്ഞുവീഴുന്നു! പ്രകോപനംകൊണ്ടും ഭീഷണികൊണ്ടും ന്യൂനപക്ഷങ്ങളെ തങ്ങളുടെ വരുതിയിൽ കൊണ്ടുവരാനുള്ള ഗൂഢതന്ത്രങ്ങളുടെ ഭാഗമാണിത്. ന്യൂനപക്ഷങ്ങളെ സംരക്ഷിക്കാൻ കടപ്പെട്ട സർക്കാർ അവരിൽ അരക്ഷിതത്വം വളർത്തുകയാണ് ചെയ്യുന്നത്. സൈദ്ധാന്തിക പിടിവാശിക്കാരും അവരുടെ കാർബൺകോപ്പികളായ സോഷ്യലിസ്റ്റു വരട്ടുവാദക്കാരുമാണ് ഇന്ന് കേരളത്തെ അന്യസംസ്ഥാനങ്ങൾക്കുവേണ്ടി വ്യവസായിക സംരംഭകരെ സൃഷ്ടിക്കുന്ന സറൊഗേറ്റ് (surrogate) സംസ്ഥാനമാക്കി മാറ്റിയതെന്നോർക്കണം. റബ്ബർ, കശുവണ്ടി, എന്തിനധികം കറിപ്പൊടി ഫാക്ടറികൾവരെ അന്യസംസ്ഥാനങ്ങളിൽ ചെന്നെത്താൻ കാരണം ഇത്തരം പിടിവാശിക്കാരാണെന്നോർക്കണം. കൂടാതെ, അന്യസംസ്ഥാനങ്ങളിൽ സ്വാശ്രയസ്ഥാപനങ്ങൾ തുടങ്ങാൻ അനുവാദം കൊടുക്കുകയല്ലല്ലോ ഗവൺമെന്റിന്റെ ജോലി. ഒരുവശത്ത് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്നും വ്യവസായ സംരംഭകരെ മാടിവിളിക്കാൻ കോടികൾ മുടക്കിയും ജിം പോലുള്ള മാമാങ്കങ്ങൾ നടത്തുകയും സർക്കാർമെഡിക്കൽ കോളേജിനോടനുബന്ധിച്ച് സ്വകാര്യ സംരംഭകർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കുകൾ പണിത് ഫീസ് രോഗികളിൽനിന്ന് ഈടാക്കാനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുന്ന സർക്കാർ, തൊഴിലവസരവും വികസന സാദ്ധ്യതയും നല്കുന്ന തദ്ദേശ സേവനസംരംഭകരെ ആട്ടിയോടിക്കുന്നത് എന്തൊരു വൈരുദ്ധ്യമാണ്?

കഴിഞ്ഞ നിരവധി വർഷങ്ങളായി പ്രൊഫഷണൽ വിദ്യാഭ്യാസം തേടി ആയിരക്കണക്കിന് വിദ്യാർത്ഥികളാണ് ദുർവഹമായ ഫീസുംകൊടുത്ത് അന്യസംസ്ഥാനങ്ങളിൽ പഠിക്കാൻ പോയത്. പതിനായിരക്കണക്കിന് കോടികളാണ് ഇതിന്റെ പേരിൽ അന്യസംസ്ഥാനങ്ങളിലേയ്ക്ക് ഒഴുകിയത്. അന്നൊക്കെ പ്രൈവറ്റ് മാനേജുമെന്റുവിരുദ്ധതയുടെയും സ്റ്റേറ്റ് ആധിപത്യത്തിന്റെയും വരട്ടുവാദങ്ങളിൽ മുറുകെപ്പിടിച്ചിരുന്ന ഇടതു-വലതുപക്ഷ ഗവൺമെന്റുകളാണ് കേരളവികസനം മുരടിപ്പിച്ചത്. ഇവിടെനിന്നുകൊണ്ടുതന്നെ ത്യാഗപൂർവ്വം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കരിതേച്ചുകാണിക്കാനാണ് പലരും തുനിഞ്ഞത്.

കഴിഞ്ഞ സർക്കാർ തുടക്കം കുറിച്ച് ഈ സർക്കാർ മുന്നോട്ടുകൊണ്ടുപോയ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകൾ വഴിതന്നെ

www.malankaralibrary.com

2000 കോടിയുടെ മുതൽമുടക്കാണ് കേരളത്തിലുണ്ടായിട്ടുള്ളതെന്നോർക്കുക. സ്വാശ്രയമെഡിക്കൽ കോളേജ് സ്ഥാപനങ്ങളും മറ്റും കേരളത്തിന്റെ വികസനഭൂപടത്തിലെ രജതരേഖകളാണെന്നോർക്കണം. അവയോടുള്ള നിഷേധാത്മക മനോഭാവം കേരളവികസനത്തിൽ താല്പര്യമുള്ള ആർക്കും ഭൂഷണമല്ല.

**15. കേരളത്തിൽ ആവശ്യത്തിനു ഡോക്ടർമാരുള്ളപ്പോൾ ഭീമമായ മുതൽമുടക്കി സ്വാശ്രയസ്ഥാപനങ്ങൾ പണിയുന്നത് എന്തിനാണ്? സഭ പ്രാഥമികവിദ്യാഭ്യാസ - ആരോഗ്യരംഗത്തും മറ്റും പ്രവർത്തിച്ച് സാധാരണക്കാർക്ക് സേവനം ചെയ്താൽ പോരേ?**

കേരളത്തിലെ ജോലിസാദ്ധ്യതകളെ മാത്രം പരിഗണിച്ചുകൊണ്ടാണെങ്കിൽ ഇവിടെ ഇത്രയധികം മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും ആവശ്യമില്ലല്ലോ. എന്നാൽ, ഇന്നത്തെ ആഗോളവല്ക്കരിക്കപ്പെട്ട സാഹചര്യത്തിൽ കൂടുതൽ ആളുകൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസം കൊടുക്കുന്നതുവഴി കേരളത്തിന്റെതന്നെ വികസനമാണ് നടക്കുന്നത്. നേഴ്സിംഗ് വിദ്യാഭ്യാസംവഴി കേരളത്തിനുപുറത്തുപോയി എത്രയോപേർക്ക് ജോലിസാദ്ധ്യതയുണ്ടായി! ഈ വിഭാഗക്കാർതന്നെ 25000 കോടിയുടെ വിദേശനാണ്യം നേടിത്തരുന്നുണ്ടെന്ന് റിപ്പോർട്ടുകൾ കാണിക്കുന്നു. മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് 30000 അപേക്ഷകൾ ഉള്ളപ്പോൾ 900 സീറ്റുകളാണ് ഇവിടെയുണ്ടായിരുന്നത്. ഈ സാഹചര്യത്തിൽ, അർഹരായ വിദ്യാർത്ഥികൾക്ക് അവസരമൊരുക്കി അവർക്ക് ജീവിതമാർഗ്ഗം കാണിച്ചുകൊടുക്കാൻ സഹായിക്കുന്ന സംരംഭങ്ങൾ ആത്യന്തികമായി നമ്മുടെ സമൂഹത്തിന്റെതന്നെ നന്മയ്ക്കാണുപകരിക്കുന്നത് എന്നു നാം മനസ്സിലാക്കണം. തന്നെയുമല്ല, മെഡിക്കൽ കോളേജുപോലുള്ള സ്ഥാപനങ്ങളിലെ അനുഭവസമ്പത്തും ഗവേഷണപരിചയവുമുള്ള വിദഗ്ധ ഡോക്ടർമാരുടെയും മിടുക്കരായ വിദ്യാർത്ഥികളുടെയും സേവനം പൊതുആരോഗ്യരംഗത്തുതന്നെ ഒരു മുതൽക്കൂട്ടാണ്.

സഭയുടെ സേവനങ്ങൾ മറ്റാർക്കും കടന്നുചെല്ലാനാവാത്ത എല്ലാ രംഗങ്ങളിലും ഉണ്ട് എന്ന് ആർക്കാണ് വിസ്മരിക്കാനാവുക? എന്നാൽ ഇവ പ്രാഥമിക - ആതുരശുശ്രൂഷാ - വിദ്യാഭ്യാസരംഗങ്ങളിലും മറ്റും മാത്രം ഒതുങ്ങി നിന്നാൽ മതിയോ? മനുഷ്യശരീരത്തെ വെറുമൊരു യന്ത്രമായി കണക്കാക്കുകയും എല്ലാ ധാർമ്മിക മൂല്യങ്ങളും കാറ്റിൽപറത്തി ഗർഭഛിദ്രം, ദയാവധം, ക്ലോണിങ്ങ് തുടങ്ങി മനുഷ്യജീവനെതിരെ കേട്ടുകേൾവിപോലുമില്ലാത്ത അക്രമങ്ങൾ നടത്തുകയും ആതുരസേവനരംഗം വാണിജ്യവൽക്കരിക്കുകയും ചെയ്യുന്ന ഇന്നത്തെ

www.malankaralibrary.com

സാഹചര്യത്തിൽ ഉന്നതമായ മനുഷ്യദർശനവും ധാർമ്മികവീക്ഷണവും ജീവിതമൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്ന ക്രൈസ്തവസഭ ഈ രംഗത്തേക്കു കടന്നുവരുന്നത് ആതുരശുശ്രൂഷാരംഗത്ത് ഒരു മുതൽക്കൂട്ടു തന്നെയാണ്.

**16. മുൻകോടതിവിധികളെ വിമർശിക്കുന്നതിനെപ്പറ്റിയും സുപ്രീംകോടതിവിധിയും അനുകൂലമായില്ലെങ്കിൽ നിയമനിർമ്മാണം നടത്തി 50:50 ശതമാനം സ്ഥാപിക്കുമെന്ന ഗവൺമെന്റ് പ്രഖ്യാപനത്തെപ്പറ്റിയും എന്തു പറയുന്നു?**

ജനാധിപത്യത്തിലും ഭരണഘടനയിലും വിശ്വസിക്കുന്ന സാധാരണജനങ്ങൾ അവരുടെ ന്യായമായ അവകാശങ്ങൾ നടത്തിക്കിട്ടാൻ കോടതിയെ സമീപിക്കുന്നത് തെറ്റാണെന്നു പറയുന്നത് നീതിന്യായവ്യവസ്ഥിതിയിൽ വിശ്വാസമില്ലാത്തതുകൊണ്ടാണ്. തങ്ങളുടെ താല്പര്യങ്ങൾക്കെതിരായി കോടതിവിധികളുണ്ടാകുമ്പോൾ ഹാലിളകി കോടതിയെ വിമർശിക്കുന്നതും ഒരു ജനാധിപത്യരാഷ്ട്രത്തിലെ പ്രതിനിധികൾക്ക് ഭൂഷണമല്ല. സ്വേച്ഛാധിപത്യരാഷ്ട്രങ്ങളിൽ ആദ്യം കോടതികൾക്കാണല്ലോ മൂക്കുകയർ വീഴുന്നത്. തങ്ങളുടെ കളിപ്പാവകളായി കോടതികൾ മാറണമെന്ന് ആഗ്രഹിക്കുന്നവർ നീതിന്യായസംസ്ഥാപനത്തിനുവേണ്ടിയുള്ള സാധാരണക്കാരന്റെ അവസാന അത്താണിയെയാണ് തകിടംമറിക്കുന്നത്. ഇത്തരക്കാർ ജനാധിപത്യമുഖംമൂടിയണിഞ്ഞ സ്വേച്ഛാധിപതികളാണ്. നൂറു ശതമാനം സാക്ഷരത നേടിയെന്ന് അഭിമാനിക്കുന്ന ഒരു സംസ്ഥാനത്തിലെ നേതൃത്വം മൂന്നാം സഹസ്രാബ്ദത്തിന്റെ ആരംഭത്തിലും കോടതിവിധികളെ മറികടക്കാനുള്ള സൂത്രവിദ്യകൾ അന്വേഷിച്ചു നടക്കുന്ന കാഴ്ച കൗതുകകരമാണ്. സാമുദായികശക്തികളുടെ വോട്ടുവാങ്ങി അധികാരത്തിലേറി അവരുടെ ചട്ടുകമായിത്തീരുന്നതുകൊണ്ടാണ് തങ്ങൾക്ക് അനുകൂലമല്ലാത്ത പരമോന്നത നീതിന്യായകോടതിവിധികളെ വിമർശിക്കാനും കോടതിവിധികളെ മറികടന്നും നിയമനിർമ്മാണം നടത്താനും തയ്യാറാകുന്നത്. കോടതികളുടെ പരിഗണനയിലിരിക്കുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് നിരുത്തരവാദപരമായ പ്രസ്താവനകൾ നൽകുന്നതും നീതീകരിക്കാനാവില്ല.

**17. എന്താണ് ഇന്നത്തെ പ്രതിസന്ധിക്ക് പരിഹാരം?**

മറ്റു സംസ്ഥാനങ്ങൾ ചെയ്തതുപോലെ തുറന്ന ചർച്ചകളിലൂടെ പരിഹാരം കാണാനുള്ള പ്രശ്നങ്ങളേ ഇവിടെയുള്ളൂ. "ഇനി ചർച്ചയില്ല" എന്ന നിലപാടു മാറ്റിവച്ച് കോടതിവിധികൾ ഉറപ്പു നൽകുന്ന അവ

www.malankaralibrary.com

കാശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള നടപടികൾക്കാണ് സർക്കാർ തയ്യാറാകേണ്ടത്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും പ്രത്യേകിച്ച് പാവപ്പെട്ടവരെയും പിന്നോക്കക്കാരെയും പിന്തള്ളപ്പെട്ടവരെയും ഉദ്ധരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെങ്കിൽ സന്നദ്ധ സ്വാശ്രയ സംരംഭകരുമായി ചർച്ച നടത്താനും സാമ്പത്തിക സാമൂഹിക രംഗങ്ങളിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടത്ര സാമ്പത്തിക സഹായം ചെയ്യാനും തയ്യാറാകണം. സ്വാശ്രയ സംരംഭകരെ പ്രോത്സാഹിപ്പിക്കുക വഴി കേരളത്തിലെ സാമ്പത്തിക മുരടിപ്പ് മാറുകയും കേരളം പ്രൊഫഷണൽ ഉന്നതവിദ്യാഭ്യാസ രംഗത്ത് ആകർഷകകേന്ദ്രമായിത്തീരുകയും ചെയ്യും. ഇതിനുതയ്യാറാകാതെ ന്യൂനപക്ഷങ്ങളെയും മറ്റും അധികാരസ്ഥാനങ്ങളിലേയ്ക്കു കുതിച്ചുയരാനുള്ള ചവിട്ടുപടികളായി മാത്രം കാണുന്നവരെ തിരിച്ചറിയാൻ പ്രബുദ്ധരായ കേരള ജനതയ്ക്ക് സാധിക്കുമെന്നേനോർക്കണം.

---

## പുഷ്പഗിരിയുടെ നിയമപോരാട്ടം

സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളോടുള്ള സർക്കാർ നിലപാടിനെതിരെ ധീരമായ നടപടിയാണ് പുഷ്പഗിരി കോളേജധികൃതർ നടത്തിയത്. പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി സെക്രട്ടറി റവ. ഡോ. എബ്രഹാം കാക്കനാട്ട് ഈ കാര്യത്തിൽ സ്വീകരിച്ച നടപടിയെ എത്ര പ്രസംസിച്ചാലും അധികമാവുകയില്ല. ഇന്ത്യൻ ഭരണഘടന ന്യൂനപക്ഷങ്ങൾക്കനുവദിച്ചു തന്നിട്ടുള്ള അവകാശങ്ങൾ പലപ്പോഴും വിട്ടുവീഴ്ചയുടെ പേരിൽ പലതും ബലി കഴിക്കാൻ തയ്യാറായിട്ടുണ്ട്. ആ വിട്ടുവീഴ്ച കൂടുതൽ അപകടത്തിലേക്ക് നമ്മെ നയിക്കുമെന്ന് മനസ്സിലാക്കാൻ പലപ്പോഴും നമുക്ക് സാധിച്ചിട്ടില്ല.

ഭരണ ഘടന അനുവദിച്ചിട്ടുള്ള അവകാശങ്ങൾ സംരക്ഷിക്കുവാൻ കാക്കനാട്ടച്ചൻ സ്വീകരിച്ച നടപടികൾ ന്യൂനപക്ഷാവകാശ സംരക്ഷണ പോരാട്ടത്തിന്റെ ചരിത്രത്തിലെ സുപ്രധാന നാഴികകല്ലായിരിക്കും. സർക്കാർ പുഷ്പഗിരിയെ പലവിധത്തിൽ ദ്രോഹിക്കാൻ ശ്രമിച്ചു. അതിനെയെല്ലാം ധീരതയോടെ ചെറുക്കുവാൻ കാക്കനാട്ടച്ചൻ തയ്യാറായി. ഈ നടപടി സ്വീകരിച്ചതുമൂലം കാക്കനാട്ടച്ചൻ ന്യൂനപക്ഷങ്ങളുടെ പോരാളിയായി തീർന്നു. അദ്ദേഹത്തിന്റെ ധീരതക്കു മുൻപിൽ ശിരസ്സ് നമിക്കുകയും എല്ലാവിധ വിജങ്ങൾ ആശംസക്കുകയും ചെയ്യുന്നു.

*— എ.കെ.സി.സി. പ്രവർത്തകർ*

www.malankaralibrary.com

# ന്യൂനപക്ഷ സ്വാതന്ത്ര്യം ഭരണഘടനയിൽ



അഡ്വ. ജോസ് പി. ജോർജ്ജ്
എ.കെ.സി.സി. വർക്കിംഗ് കമ്മറ്റി മെമ്പർ

കന്യാകുമാരി തൊട്ട് കാശ്മീർ വരെയും കാണ്ടല തൊണ്ട് കോഹിമ വരെയും പരന്ന് കിടക്കുന്ന വിസ്തൃത രാജ്യമാണ് ഇന്ത്യ. നൂറുകോടി ജനങ്ങൾ അധിവസിക്കുന്ന ഈ രാജ്യത്ത്, വ്യത്യസ്ത മതങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, സംസ്ക്കാരങ്ങൾ, വേഷഭുഷാദികൾ, ഭക്ഷണ രീതികൾ, ഭാഷകൾ എന്നുവേണ്ട ജീവിതത്തിന്റെ എല്ലാ മേഖലകളിലും വിഭിന്നമായ ശൈലികൾ അവർ പിൻതുടരുന്നതായി കാണുവാൻ കഴിയും. എന്നിരുന്നാലും എല്ലാവിഭാഗം ജനങ്ങളേയും ക്രോഡീകരിച്ചുകൊണ്ട് രാഷ്ട്രത്തിന്റെ മുഖ്യധാരയിലേക്ക് അവരെ നയിച്ചുകൊണ്ടിരിക്കുന്ന പാരമ്പര്യമാണ് ഇന്നും നിലനിൽക്കുന്നത്. നാനാത്വത്തിൽ ഏകത്വവും, ഏകത്വത്തിൽ നാനാത്വവും എന്ന പ്രതിഭാസം ഇവിടെ പ്രസക്തമാകുന്നത് അതുകൊണ്ടാണ്.

ഭരണഘടനയുടെ ആമുഖത്തിൽ ഊന്നിപറയുന്ന ഇന്ത്യയിലെ ജനങ്ങളായ നാം ഇന്ത്യയെ പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യാനും അതിലെ പൗരന്മാർക്കെല്ലാം സാമുഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും ചിന്തയും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമന്വയവും സംപ്രാപ്തമാക്കുവാനും അവരുടെയെല്ലാവരുടെയുമിടയിൽ ഒരുപോലെ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും സുനിശ്ചിതമാക്കികൊണ്ട് സാഹോദര്യം പുലർത്താനും സഗൗരവം തീരുമാനിച്ചിരിക്കയാൽ ഇന്ത്യയുടെ ഭരണഘടനയെ സ്വീകരിക്കുകയും അധിനിയമം ചെയ്യുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.

എല്ലാ പൗരന്മാർക്കും ഒറ്റയ്ക്കും കൂട്ടായും ജനാധിപത്യത്തിന്റെ ഏറ്റം ഉത്തമങ്ങളായ ഫലങ്ങളും അടിസ്ഥാന സ്വാതന്ത്ര്യങ്ങളും ജീവിത പരിതസ്ഥിതികളും ഭരണഘടന വാഗ്ദത്തം ചെയ്യുന്നു. മതം, വർഗ്ഗം, ജാതി, സ്ത്രീപുരുഷഭേദം ജനനസ്ഥലം എന്നിവയുടെ പേരിൽ വിവേചനം കാണിക്കുന്നതിന്മേൽ നിരോധനം, പൊതുവായ തൊഴിൽ കാര്യങ്ങളിൽ അവസരസമത്വം, പ്രസംഗസ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം, ഒരുമിച്ചുകുടാൻ സ്വാതന്ത്ര്യം സംഘടനാ സ്വാതന്ത്ര്യം മുതലായവ സംബന്ധിച്ച് അവകാശ

www.malankaralibrary.com

ങ്ങൾ, സാംസ്ക്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ എന്നിവ ഭാരതീയ പൗരന്മാർക്കു മാത്രമുള്ളതാണ്. വ്യക്തിയുടെ സ്വാതന്ത്ര്യം തടസ്സപ്പെടുത്തുന്ന നിയമങ്ങൾ നിർമ്മിക്കാൻ നിയമസഭകൾക്ക് അധികാരമില്ല.

ഭരണക്രമത്തിന്റെ അടിത്തറയായി പൗരായത്തവും സാമൂഹികവുമായ സമത്വത്തെ സങ്കൽപിക്കുന്നു. പൊതുജീവിതത്തിൽ എല്ലാ പൗരന്മാർക്കും അവസരസമത്വം, മതം, വർണ്ണം, ജാതി, സ്ത്രീ പുരുഷഭേദം, ജനനസ്ഥലം എന്നിവയുടെ പേരിൽ ഏതു പൗരനെതിരായും വിവേചനം കാണിക്കുന്നതു നിരോധിച്ചിരിക്കുന്നു. അയിത്തവും തീണ്ടലും വർണ്ണവിവേചനവും മറ്റു സാമൂഹ്യ ദുരാചാരങ്ങളും നിർത്തലാക്കുവാൻ ഇതുമുലം കഴിഞ്ഞിട്ടുണ്ട്.

പൊതുസമാധാനം, സാന്മാർഗിക ആരോഗ്യം, മറ്റ് അത്യാവശ്യ വ്യവസ്ഥകൾ എന്നിവയ്ക്കു മാത്രം വിധേയരാക്കി മതപരമായ സ്വാതന്ത്ര്യം എല്ലാ വ്യക്തികൾക്കും ഇതുപ്രകാരം അന്ധഃകരണ സ്വാതന്ത്ര്യത്തിനും യഥേഷ്ടം മതം ആചരിക്കാനും പ്രചരിപ്പിക്കാനും അവകാശമുണ്ട്. ഓരോ മതവിഭാഗത്തിനും മതപരമായ കാര്യങ്ങൾ നടത്താനും മതപരവും ദാനധർമ്മപരവുമായ ആവശ്യങ്ങൾക്കു വസ്തുതകൾ കൈവശം വയ്ക്കാനും സമ്പാദിക്കാനും നടത്താനും നൽകിയ സ്വയം ഭരണാധികാരം വഴി ഈ അവകാശം കുടുതൽ ഉറപ്പുനൽകി. മതം രാഷ്ട്രീയമായ ആയുധമായും സാമുഹ്യ പ്രതിലോമകാരിതയുടെ നെടുങ്കോട്ടയായും ഉപയോഗിക്കാതിരിക്കാൻ പരിമിതികൾ ചുമത്തി. അതനുസരിച്ച് ഏതെങ്കിലും പ്രത്യേക മതത്തിന്റേയോ മതവിഭാഗത്തിന്റേയോ പരിചരണത്തിനോ നിലനിർത്തലിനോ ആയി നികുതി കൊടുക്കുവാൻ ആരേയും നിർബന്ധിക്കാൻ സാദ്ധ്യമല്ല.

സാംസ്ക്കാരികവും, വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ ന്യൂനപക്ഷങ്ങൾക്ക് സിദ്ധിക്കുന്നതിന് ആവശ്യമായ സംരക്ഷണം ഭരണഘടനയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഓരോ ന്യൂനപക്ഷത്തിനും സ്വന്തം മതം ആചരിക്കാനും സ്വന്തം സംസ്ക്കാരവും ലിപിയും ഭാഷയും സംരക്ഷിക്കാനുമുള്ള സ്വാതന്ത്ര്യം ഭരണഘടന കാത്തുസുക്ഷിക്കുന്നു. മതപരമോ ഭാഷാപരമോ ആയ എല്ലാ ന്യൂനപക്ഷങ്ങൾക്കും അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്താനും നടത്താനും അവകാശം നൽകി. ഇങ്ങനെയുള്ള സ്ഥാപനത്തിനെതിരായി സ്റ്റേറ്റ് ധനസഹായം നൽകുന്നതിൽ വിവേചനം പാടില്ല. സ്റ്റേറ്റ് നടത്തുന്നതോ ധനസഹായം നൽകുന്നതോ ആയ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതം, വർഗ്ഗം, ജാതി, ഭാഷ എന്നിവയുടെ പേരിൽ മാത്രം ഒരു പൗരനും പ്രവേശനം നിഷേധിക്കാൻ പാടില്ല.

www.malankaralibrary.com

എല്ലാ മതസ്ഥർക്കും സ്വാതന്ത്ര്യം സംബന്ധിച്ച അടിസ്ഥാനവകാശങ്ങൾ, പ്രസംഗ സ്വാതന്ത്ര്യം, അഭിപ്രായ സ്വാതന്ത്ര്യം സമാധാനപരമായി ഒന്നിച്ചുകൂടാൻ അവകാശം മതപ്രചരണം നടത്തുവാനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യം ഭരണഘടനയിൽ മൗലിക അവകാശങ്ങളായി നൽകിയിട്ടുണ്ട്.

മതസ്വാതന്ത്ര്യത്തെ ഹനിക്കുന്നവിധം, മൗലികാവകാശങ്ങൾ നിഷേധിക്കപ്പെടുമ്പോൾ അവ സ്ഥാപിച്ചു കിട്ടാൻ ആർക്കും കോടതിയെ അഭയം പ്രാപിക്കാം. സുപ്രീം കോടതിക്കു നിർദ്ദേശങ്ങളും ഉത്തരവുകളും റിട്ടുകളും മറ്റും പുറപ്പെടുവിച്ച് ആ അവകാശങ്ങൾ തിരിച്ചുകൊടുക്കാം. മതന്യൂനപക്ഷ അവകാശങ്ങളെ സംബന്ധിച്ച് സുപ്രീം കോടതി 2002 നവംബറിൽ പുറപ്പെടുവിച്ച പതിനൊന്നു ജഡ്ജിമാരുടെ വിധിന്യായം അവരുടെ വിദ്യാഭ്യാസപരമായ അവകാശങ്ങൾ അടിവരയിട്ട് അംഗീകരിച്ചിട്ടുള്ളതാകുന്നു.

കേരള സംസ്ഥാനത്ത് ഹയർ സെക്കന്ററി വിദ്യാലയങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ മതന്യൂനപക്ഷങ്ങൾക്ക് മതിയായ അംഗീകാരം ലഭിക്കുവാൻ വേണ്ടി, എ.ഐ.സി.യു.വും, എ.കെ.സി.സി.യും കൂടി 200-ൽ

*With best compliments from*

**Bethany Ashram Generalate**

**Kottayam-686010**

www.malankaralibrary.com

കേരള ഹൈക്കോടതിയിൽ നൽകിയ റിട്ട് ഹർജിയിൽ അനുകൂലമായ വിധി നേടിയെടുക്കുവാൻ കഴിയുകയുണ്ടായി. 1958 മുതൽ കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും ആയി വിദ്യാഭ്യാസ രംഗത്തും പല മാറ്റങ്ങൾക്കും വിധേയമായ തീരുമാനങ്ങൾ ഗവൺമെന്റുകൾ കൈക്കൊണ്ടിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം മതന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ കോടതിവിധികൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ളത് ഭരണഘടന വിഭാവന ചെയ്യുന്ന വിദ്യാഭ്യാസ അവകാശങ്ങൾ നിസ്തുലമായി നിലനിർത്തിക്കൊണ്ടാണ്.

മതമാറ്റപ്രശ്നം വിവാദമായി തീർന്ന ഒരു കാലഘട്ടമാണിത്. ശരിയായ അർത്ഥത്തിൽ മതം മാറുവാനുള്ള അവകാശം ഭരണഘടന ഓരോരുത്തർക്കും ഉറപ്പുനൽകുന്നു. ഭീഷണിയും, ബലാൽക്കാരവും, പ്രലോഭനവുമല്ല ഒരാളുടെ വിശ്വാസത്തിൽ മാറ്റം വരുത്തുന്നതിന് കാരണവും പ്രേരകവുമാവേണ്ടത്. ഒരാളുടെ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ അയാൾ സ്വമേധയാ നടത്തുന്ന മതംമാറ്റമേ സമൂഹത്തിന്റെ ദൃഷ്ടിയിൽ അർത്ഥപൂർണ്ണവും സാധുവുമാകുന്നുള്ളൂ. യഥാർത്ഥ മതംമാറ്റത്തിനു വിധേയനായ വ്യക്തിയുടെ ജീവിത ദർശനത്തിൽ തന്നെ മാറ്റം വരുത്തും. അത് അയാളുടെ ജീവിതത്തോടുള്ള സമീപനവും നിലപാടുകളും വ്യത്യസ്തമാക്കും. പണം തൊഴിൽ എന്നിവ വാഗ്ദാനം ചെയ്തുകൊണ്ടും മറ്റുപ്രലോഭനങ്ങളിലൂടെയും ഒരാളെ മതവും വിശ്വാസവും മാറ്റുവാൻ പ്രേരിപ്പിക്കുന്നത് അപകടകരവും സാമൂഹ്യസമാധാനത്തെ തകരാറിലാക്കുന്നതുമാണ്.

ഇതുപോലെ മതവിദ്വേഷം കുത്തിവെച്ചുള്ള പ്രചാരങ്ങളും, പ്രഭാഷണങ്ങളും യുവതലമുറക്കാരെ കൂടുതൽ മതതീവ്രവാദികളാക്കുവാനും അതുമൂലം അവരുടെ ഭാസുരമായ ഭാവിജീവിതം തകർന്നു തരിപ്പണമാകുവാനും കാരണമാകുന്നു. ഇന്ത്യയിലെ ചില ഭാഗങ്ങളിൽ ഇതിന്റെ തിക്താനുഭവങ്ങൾ അനുഭവത്തിലൂടെ നമ്മൾ കണ്ടുകഴിഞ്ഞു.

ഭാരതത്തിന്റെ ഉയർന്ന ധാർമ്മിക പാരമ്പര്യങ്ങൾക്കും സമാധാന വാഞ്ചയ്ക്കും ഇണങ്ങുംവിധം മതസ്വാതന്ത്ര്യവും ന്യൂനപക്ഷ അവകാശങ്ങളും സുരക്ഷിതമായി നിലനിർത്തുകയും, മതങ്ങൾ തമ്മിൽ നീതിപൂർവ്വകവും സൗഹാർദ്ദപരവുമായ ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുകയും, സംഘടിത മതങ്ങളുടെ അന്യോന്യമുള്ള വിശ്വാസങ്ങളിൽ ആദരം പ്രകടിപ്പിക്കുയും പരസ്പര തർക്കങ്ങൾ സഹിഷ്ണതയോടെ ഒതുക്കി തീർക്കുകയും ജാതിഭേദമെന്യേ എല്ലാവരിലും സാഹോദര്യം പുലർത്താനും ഭൂരിപക്ഷ ന്യൂനപക്ഷ മതമൈത്രിയിലൂടെ സമൂഹത്തിൽ സമാധാനവും ശാന്തിയും കൈവരിക്കുവാൻ നമ്മളോരോരുത്തരും ആത്മാർത്ഥമായി യത്നിക്കേണ്ടതാണ്.

www.malankaralibrary.com

MALANKARA
LIBRARY
www.malankaralibrary.com